# പൗലോസ് ശ്ലീഹായുടെ അജപാലന വീക്ഷണങ്ങൾ

(കോറിന്തോസുകാർക്കുള്ള ഒന്നാം ലേഖനത്തിന്റെ വെളിച്ചത്തിൽ)

ഡോ. ജോസ് വടക്കേടം

എഡിറ്റർ: മാർ ജോസഫ് പാംപ്ലാനി

**ALPHA INSTITUTE OF THEOLOGY AND SCIENCE**
Thalassery, Kerala, India - 670 101
Ph: 0490 2344727, 2343707
Web: www.alphathalassery.org, Email: alphits@gmail.com

# പൗലോസ് ശ്ലീഹായുടെ അജപാലന വീക്ഷണങ്ങൾ

**Title:** Paul as a Pastoral Theologian in Corinthian Correspondence
**Author:** Dr. Jose Vadakkedom
**Editor:** Mar Joseph Pamplany
**Published by:** The Director, Alpha Institute, Archdiocese of Tellicherry, Sandesa Bhavan, Tellicherry, 670 101, Kannur, Kerala
Ph: 0490 - 2344727, 2343707
**Published on:** 2019 July 3 (*St. Thomas Day*)
**Office Assistance:** Br. Paul Mundackal
Mrs. Jeshitha Vijesh
Mr. Nidhin Reji
Mrs. Vimmi N.K
**Design & Layout:** Midhun Thomas
**Printing:** Vimala Offset Press, Thalassery
**Copy Right:** © All rights reserved. No part of this publication may be reproduced, stored in or introduced into a retrieval system, or transmitted, in any form, or by any means, electronic, mechanical, photocopying, recording or otherwise without the prior written permission of the publisher



# ഉള്ളടക്കം

1. വി. പൗലോസ് ശ്ലീഹായുടെ അജപാലന വീക്ഷണങ്ങൾ: കോറിന്തോസുകാർക്ക് എഴുതിയ ഒന്നാം ലേഖനത്തിന്റെ പശ്ചാത്തലത്തിൽ ........................ 05
2. സഭയിലെ അനൈക്യം - അടിസ്ഥാന അജപാലന പ്രശ്നം ........................ 20
3. ക്രിസ്തീയ അജപാലന നേതൃത്വത്തിന്റെ പ്രത്യേകതകൾ (3:1- 23) ............... 37
4. ധാർമ്മിക പ്രശ്നങ്ങൾ (5:1- 6:20) .................................................................. 49
5. ക്രിസ്ത്യാനിയും കേസുകളും ....................................................................... 55
6. വിവാഹവും വിശുദ്ധിയും: അജപാലന ചിന്തകൾ (7:1- 40) ........................ 63
7. വിഗ്രഹാർപ്പിത ഭക്ഷണവും ഇതരമത സമ്പർക്കവും (8:1- 11:1) .................... 76
8. സ്ത്രീകളുടെ ശിരോവസ്ത്രം - സ്ത്രീ വിരുദ്ധതയോ സ്ത്രീപക്ഷമോ? (11:2- 14:39) ......................................................................... 90
9. കർത്താവിന്റെ അത്താഴം: അജപാലന ചിന്തകൾ (11:17 - 34) .................... 97
10. പരിശുദ്ധാത്മദാനങ്ങളുമായി ബന്ധപ്പെട്ട തെറ്റിദ്ധാരണകൾ ................... 106
11. സഭ ക്രിസ്തുവിന്റെ ശരീരം- അടിസ്ഥാന അജപാലന തത്വം .................. 115
12. സ്നേഹമാണ് അടിസ്ഥാന മാനദണ്ഡം (13:1- 13) ....................................... 121
13. വരദാനങ്ങളുടെ ഉപയോഗത്തിൽ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ ........................ 131
14. മരണാനന്തര ജീവിതം- അജപാലന നിർദ്ദേശങ്ങൾ .................................. 145
15. ഇടയനും ആടുകളും തമ്മിലുള്ള ആത്മബന്ധം (16:1- 24) ........................ 161

# 01

# വി. പൗലോസ് ശ്ലീഹായുടെ അജപാലന വീക്ഷണങ്ങൾ: കോറിന്തോസുകാർക്ക് എഴുതിയ ഒന്നാം ലേഖനത്തിന്റെ പശ്ചാത്തലത്തിൽ

## കോറിന്തോസും കോറിന്തോസുകാരും

തെക്കൻ അക്കായിയായെ ഗ്രീസിന്റെ ബാക്കി ഭാഗവുമായി ബന്ധിപ്പിക്കുന്ന ഇടനാഴിയിലെ ജനസാന്ദ്രമായ പട്ടണമായിരുന്നു കോറിന്തോസ്. എല്ലാ യാത്രയും അതു കരമാർഗ്ഗമായാലും കടൽ മാർഗ്ഗമായാലും തെക്കുവടക്കോ കിഴക്കുപടിഞ്ഞാറോ ആയാലും കോറിന്തോസിലൂടെയായിരുന്നു. കോറിന്തോസിന്റെ ഭൂമിശാസ്ത്ര പരമായ ഈ പ്രത്യേകത അതിനെ അക്കാലത്തെ പ്രസിദ്ധിയാർന്ന നഗരവും ജനനിബിഢമായ പ്രദേശവുമാക്കിതീർത്തു. പൗലോസിന്റെ കാലത്തു കോറിന്തോസിൽ സ്വതന്ത്രപൗരന്മാരായി 2,00,000 ആളുകളും 5,00,000 ത്തിനടുത്ത് അടിമകളും ഉണ്ടായിരുന്നു എന്നു മനസ്സിലാക്കുമ്പോൾ താരതമ്യ രൂപത്തിൽ കാണുന്നപക്ഷം കോറിന്തോസ് അക്കാലത്തെ ന്യൂയോർക്കോ, ലോസാഞ്ചൽസോ, മുംബൈയോ ആയിരുന്നു!

ബ്രഹ്മാണ്ഡങ്ങളായ അമ്പലങ്ങളുടെ മാർബിൾ തൂണുകളും തകർന്നുവീണ ഫലകങ്ങളും ഇക്കാലത്തെ കോറിന്തോസിൽ പഴമയുടെ ശേഷിപ്പുകളായി നിൽക്കുന്നു. 14000 കാണികൾക്ക് ഇരുന്ന് കളികാണാൻ കഴിയുന്നത്ര വിശാലമായ ഒരു സ്റ്റേഡിയവും അതിന്റെ പകുതിയോളമുള്ള മറ്റൊരു കളിക്കളവും കോറിന്തോസിന്റെ സാംസ്കാരിക പ്രൗഢിയുടെ പ്രതീകമാണ്. എല്ലാ രണ്ടു വർഷ

ത്തിലും അരങ്ങേറിയിരുന്ന ഇസ്ത്മിയൻ മത്സരക്കളികൾ ഒളിമ്പിക്സ് കഴിഞ്ഞാൽ ഏറ്റവും പ്രധാനപ്പെട്ടതായിരുന്നു.

പുരാതനകാലത്തെ ഗ്രീസിനെയും വൻകരയുടെ ഏറ്റവും തെക്കായി പരന്നു കിടന്ന പലോപൊണേസ് പ്രദേശത്തെയും തമ്മിൽ ബന്ധിപ്പിച്ചിരുന്ന ഇടുങ്ങിയ ഇടനാഴിപോലുള്ള ഭൂപ്രദേശമായിരുന്നു കോറിന്തോസ്. യാത്രയ്ക്കും ചരക്കുകടത്തിനും അധികമാളുകളും അക്കാലത്തു കടൽമാർഗ്ഗമാണ് ഉപയോഗിച്ചിരുന്നത്. ചെറിയ കപ്പലുകൾ സാധാരണയായി കരയോടടുത്താണ് യാത്ര ചെയ്തിരുന്നത്. കടലിലെ പാറക്കെട്ടുകളും ചെറുദ്വീപുകളും എപ്പോഴും യാത്രക്കാർക്ക് വലിയ ഭീഷണിയായിരുന്നു. ദുർഘടമായ കടൽ പാതയിലൂടെ മലേയമുനമ്പുചുറ്റി വരാൻ രണ്ടു മാസത്തോളം വേണ്ടിവരുമായിരുന്നു. അതിനാൽ എല്ലാവരുംതന്നെ കോറിന്തോസിന്റെ ഇരുവശങ്ങളിലുമുള്ള തുറമുഖങ്ങളിൽ കപ്പലടുപ്പിച്ച് സാധനങ്ങളും മറ്റും ഇറക്കി മറുഭാഗത്തെ തുറമുഖത്തെത്തിച്ച് യാത്രതുടരുകയായിരുന്നു പതിവ്. കരമാർഗ്ഗം ആറുകിലോമീറ്റർ യാത്ര ചെയ്താൽ ലാഭിക്കുന്നത് രണ്ടു മാസത്തെ അപകടം നിറഞ്ഞ യാത്ര! കിഴക്ക് സാരോൺ കടലിടുക്കിലെ കെങ്കറെ തുറമുഖവും പടിഞ്ഞാറ് കോറിന്തോസ് കടലിടുക്കിൽ സ്ഥിതിചെയ്ത ലാഹെയം തുറമുഖവും എപ്പോഴും തിരക്കേറിയ പണിസ്ഥലങ്ങളും കച്ചവടകേന്ദ്രങ്ങളുമായി മാറിയതങ്ങനെയാണ്. ഇവ രണ്ടും ചേർന്ന കോറിന്തോസ് പട്ടണം സമൃദ്ധിയിലേക്ക് കുതിച്ചതും ഇതുവഴിതന്നെ.

ആറുകിലോമീറ്റർ നീളം വരുന്ന ഭൂപ്രദേശത്ത് കപ്പൽ യാത്രക്കുപറ്റിയവിധം കനാൽ നിർമ്മിക്കാൻ ക്രിസ്തുവിനുമുമ്പ് 7-ാം നൂറ്റാണ്ടിൽ പെരിയാണ്ടർ എന്ന രാജാവ് ശ്രമിച്ചെങ്കിലും പരാജയപ്പെട്ടു. നൂറ്റാണ്ടുകൾ കഴിഞ്ഞ് നീറോ ചക്രവർത്തി പണിയാരംഭിച്ചുവെങ്കിലും അതും ലക്ഷ്യം കണ്ടില്ല.. ഇന്ന് അനേകം വൻകപ്പലുകൾ കടന്നുപോകുന്ന കോറിന്തോസ് കനാൽ നിർമ്മിക്കാൻ 1893 വരെ കാത്തിരിക്കേണ്ടി വന്നു!

ചെറുകപ്പലുകൾ മരച്ചക്രങ്ങളിൽ ഉരുട്ടിക്കൊണ്ടു പോകുകയോ, വലിയകപ്പലുകളിലെ ചരക്കുകൾ ഒന്നിൽ നിന്നിറക്കി മറുവശത്തെ തുറമുഖത്തെത്തിക്കുകയോ ആയിരുന്നു കോറിന്തോസിൽ ഒന്നാം നൂറ്റാണ്ടിലെ ശൈലി. ഈ ജോലിക്കായി അനേകം അടിമകൾ കോറിന്തോസിലുണ്ടായിരുന്നു. കപ്പലിലെ ചരക്കുകൾ നഗരവാസികളായ ജോലിക്കാർ മറുവശത്തെത്തിക്കാനെടുക്കുന്ന ദിവസങ്ങൾ കപ്പലിൽ വന്നിറങ്ങിയവർക്ക് ആഘോഷത്തിന്റേതാണ്. കയ്യിൽ ധാരാളം





പണം; വിനോദത്തിന് ധാരാളം അവസരങ്ങൾ, സുഭിക്ഷമായ ജീവിതശൈലി; പോരെങ്കിൽ വിവിധ നാടുകളിൽ നിന്നെത്തിയ വലിയ ആൾക്കൂട്ടത്തിൽ ആരാലും ശ്രദ്ധിക്കപ്പെടാതെ സ്വതന്ത്രമായി എന്തും ചെയ്യാനുള്ള സാധ്യതകൾ. ആഘോഷത്തിമിർപ്പിന് മറ്റൊന്നും ആവശ്യമായിരുന്നില്ല.

ഒരുവശത്ത് ഗ്രീക്കു സംസ്കാരത്തിന്റെ നേട്ടങ്ങൾ അനുഭവിച്ചിരുന്ന നഗരമാണ് കോറിന്തോസ്. ഉയർന്ന സാക്ഷരത, തത്ത്വശാസ്ത്രാഭിമുഖ്യങ്ങൾ, കളിക്കളങ്ങളും പ്രസംഗശാലകളും പഠനകേന്ദ്രങ്ങളും പങ്കിട്ട സാമൂഹികസമ്പർക്കങ്ങൾ. അനേകം ദേവീദേവന്മാരും അവരുടെ ആരാധനയ്ക്കായുള്ള ആലയങ്ങളും കോറിന്തോസിൽ ആത്മീയതയുടെ വേദിയൊരുക്കി. ഏറ്റവും പേരുകേട്ട ദേവത അഫ്രോഡൈറ്റ് ആയിരുന്നു. സ്നേഹത്തിന്റെയും സൗന്ദര്യത്തിന്റെയും ലൈംഗികതയുടെയും പ്രതീകം. ഈറോസ്, അർത്തെമിസ്, അപ്പോളോ, അഷ്ലെപിയൂസ് തുടങ്ങി പ്രധാനദേവന്മാരും ദേവതകളും കോറിന്തോസിലെ സാമൂഹികജീവിതത്തിന്റെ മാനങ്ങൾ നിശ്ചയിച്ചു. രതീദേവിയായ അഫ്രോഡൈറ്റിന്റെ ആലയത്തിൽ ആയിരം വേശ്യകൾ പാർത്തിരുന്നു എന്നും വേശ്യാവൃത്തിയിലേർപ്പെട്ട് ദേവതയെ പ്രീതിപ്പെടുത്തുന്ന ആരാധനാരീതി നിലനിന്നിരുന്നെന്നും ബി. സി. ഏഴാം നൂറ്റാണ്ടിൽ സ്ട്രാബോ എന്ന എഴുത്തുകാരൻ രേഖപ്പെടുത്തുന്നുണ്ട്. പൗലോസിന്റെ കാലത്തെ കോറിന്തോസിന്റെ ചിത്രം അതായിരുന്നു എന്ന് ഇതിനർത്ഥമില്ല.

ലൂസിയൂസ് മമ്മിയൂസ് എന്ന റോമൻ ഭരണാധിപൻ ബി.സി. 146 -ൽ കോറിന്തോസ് നഗരം നശിപ്പിച്ചു. നൂറ്റാണ്ടുകൾ നീണ്ടുനിന്ന പുരാതന കോറിന്തോസിന്റെ ചരിത്രം അവിടെ അവസാനിച്ചു എന്നു വേണം കരുതാൻ. ഒരു നൂറ്റാണ്ടു കഴിഞ്ഞു ബി.സി. 44-ൽ ജൂലിയസ് സീസർ കോറിന്തോസിനെ ഒരു റോമൻ കോളനിയാക്കി. തടവിൽനിന്ന് മോചിപ്പിക്കുന്ന റോമൻ പൗരന്മാരെ പാർപ്പിക്കാനായി നീക്കിവച്ച കോറിന്തോസ് ക്രമേണ റോമാക്കാരും ഗ്രീക്കുകാരും യഹൂദരും സ്വതന്ത്രരും അടിമകളും എല്ലാമുള്ള വലിയ നഗരമായി വളർന്നു. എല്ലാസംസ്കാരങ്ങളുടെയും നന്മയും തിന്മയും ഒരുപോലെ കോറിന്തോസിന്റെ ജീവിതത്തിന്റെ ഭാഗമായി.

കോറിന്തോസിലെ ധാർമ്മികജീവിതമായിരുന്നു ഏറ്റവും കുപ്രസിദ്ധമായത്. ധാരാളം പണം വ്യയം ചെയ്യപ്പെടുകയും വിവിധ നാടുകളിൽനിന്ന് ആയിരക്കണക്കിനാളുകൾ അനുദിനം വന്നുപോകുകയും ചെയ്യുന്ന ഒരു നഗരത്തിൽ ലൈംഗിക അധാർമ്മികത കൊടികുത്തിവാണതിൽ അത്ഭുതമില്ല. കോറിന്തോസുകാരനാകുക

എന്ന വാക്കിന് നിഘണ്ടുവിൽ 'വ്യഭിചാരവൃത്തിയിലേർപ്പെടുക' എന്നർത്ഥം വരാൻ മാത്രമായി എന്നു കാണുമ്പോൾ കോറിന്തോസിന്റെ ചരിത്രത്തിന്റെ ഒരു വശം വ്യക്തമാകും. 'കോറിന്തോസിനു പോകാൻ എല്ലാ ആണുങ്ങൾക്കും കഴിയില്ല' എന്നത് അവിടെ നടക്കുന്ന മത്സരക്കളികളെ സംബന്ധിച്ച ചൊല്ലായിരുന്നെങ്കിലും അധാർമ്മികതയുടെ ഒരു ചുവയും അതിൽ കലർന്നിരുന്നു എന്ന് വിലയിരുത്തുന്നവരുമുണ്ട്.

കോറിന്തോസ് നഗരത്തിന് സംരക്ഷണമെന്നോണം ഉയർന്നു നിന്ന ആക്രോകോറിന്ത് മലയിൽ പട്ടണത്തിലെ പ്രധാനദേവതയായ അഫ്രോഡൈറ്റിന്റെ ആരാധനാലയം തലയുയർത്തിനിന്നിരുന്നു. എങ്കിലും റോമൻ ദേവീദേവന്മാരും മറ്റു ഗ്രീക്കു ദേവീദേവന്മാരും ഓരോ ആരാധകന്റെയും സമൂഹത്തിന്റെയും താത്പര്യപ്രകാരം വണങ്ങപ്പെട്ടുപോന്നു. യഹൂദസിനഗോഗും കോറിന്തോസിൽ നിർണ്ണായക സ്വാധീനം ചെലുത്തിയിരുന്നു എന്നു കരുതാവുന്നതാണ്. സ്ട്രാബോയുടെ കാലത്തെ കോറിന്തോസും ഒന്നാം നൂറ്റാണ്ടിലെ കോറിന്തോസും ജീവിതശൈലിയിൽ ഒരുപോലെയായിരുന്നില്ല എന്ന് ഇതിൽനിന്ന് മനസ്സിലാക്കാം.

സുവിശേഷം പ്രഘോഷിക്കാൻ പൗലോസ് നിയോഗിക്കപ്പെട്ട കോറിന്തോസ്, എല്ലാത്തരത്തിലും നാഗരികതയുടെ പ്രതീകമായിരുന്നു. സമ്പന്നരും ദരിദ്രരും തിങ്ങിനിറഞ്ഞ പട്ടണം. ബൗദ്ധികമായി ശക്തരായവർ, ഭൗതിക സമ്പത്തിൽ നിറഞ്ഞു നിന്നവർ; ധാർമ്മിക തലത്തിൽ തകർന്നടിഞ്ഞുകൊണ്ടിരുന്നവർ; എല്ലാ മേഖലയിലും സ്വന്തം ഇഷ്ടാനിഷ്ടങ്ങൾ നേടാൻ എന്തു മാർഗ്ഗവും സ്വീകരിക്കാൻ മടിക്കാത്തവർ. അനുദിനം കോറിന്തോസിൽ വന്നുപോകുന്ന ജനങ്ങൾ ചുറ്റുമുള്ള പ്രദേശങ്ങളിലേക്ക് നന്മയും തിന്മയും കലർന്ന ഈ വായുവാണ് സംവഹിച്ചുകൊണ്ടുപോയത്. കോറിന്തോസിൽ പ്രഘോഷിക്കുന്ന സുവിശേഷവും ലോകാതിർത്തികൾവരെ പ്രസരിക്കും എന്ന് പൗലോസ് അപ്പസ്തോലൻ തിരിച്ചറിഞ്ഞതിൽ അത്ഭുതപ്പെടാനില്ല.

## കോറിന്തോസിലെ സഭയും പൗലോസ് ശ്ലീഹായും

അപ്പസ്തോലപ്രവർത്തനങ്ങളിലെ വിവരണത്തിനനുസരിച്ച് പൗലോസ് തന്റെ രണ്ടാം പ്രേഷിതയാത്രയുടെ അവസാനകാലത്താണ് കോറിന്തോസിലെത്തുന്നത്. ക്രിസ്തുവർഷം 50 കളുടെ ആരംഭത്തിലാണിത് (അപ്പ 18:1-18). ഫിലിപ്പിയ, തെസലോനിക്ക, ബെറോയ, എന്നിവിടങ്ങളിൽ സുവിശേഷപ്രഘോഷണം നടത്തുകയും സഭയ്ക്ക് ആരംഭം കുറിക്കുകയും ചെയ്തശേഷമാണ്





പൗലോസ് അക്കായിയാ പ്രദേശത്തിന്റെ തലസ്ഥാനമായ കോറിന്തോസിലെത്തുന്നത്. മേൽപറഞ്ഞ മൂന്നിടങ്ങളിലും യഹൂദരുടെ എതിർപ്പുകൾ നേരിടേണ്ടി വന്നതിന്റെ അനുഭവങ്ങളും ആഥൻസിൽ സംഭവിച്ച പരാജയങ്ങളും കോറിന്തോസിലെ തുടക്കത്തിന്, ദുർബലനും ഭയചകിതനുമായി മാത്രം (1 കോറി 2:3) സ്വയം പരിചയപ്പെടുത്താൻ തക്കവിധം അദ്ദേഹത്തെ തളർത്തിയിരുന്നിരിക്കണം. പൗലോസിന്റെ സഹപ്രവർത്തകരായിരുന്ന സീലാസും തിമോത്തെയോസും മക്കദോനിയായിൽ അല്പകാലംകൂടി തങ്ങിയതിനാൽ ഒറ്റയ്ക്കാണ് പൗലോസ് കോറിന്തോസിൽ ആരംഭം കുറിച്ചത്.

ക്ലാവൂദീയൂസ് ചക്രവർത്തിയുടെ വിളംബരമനുസരിച്ച് റോമിൽനിന്ന് പുറത്താക്കപ്പെട്ട് കോറിന്തോസിൽ എത്തിച്ചേർന്ന അക്വീലാ പ്രഷീല്ലാ ദമ്പതികളുമായി സഹകരിച്ച് കൂടാരപ്പണിചെയ്ത് ജീവിക്കുകയും സുവിശേഷപ്രഘോഷണം നടത്തുകയും ചെയ്ത പൗലോസ് ക്രമേണ തന്റെയടുത്ത് എത്തിച്ചേർന്ന സഹപ്രവർത്തകരായ സീലാസിന്റെയും തിമോത്തെയോസിന്റെയും സഹകരണത്തോടെ കൂടുതൽ ശക്തിയാർജ്ജിച്ചു. പ്രതിസന്ധികൾക്കു നടുവിലും തെസലോനിക്കക്കാർ വിശ്വാസത്തിൽ ഉറച്ചു നിൽക്കുന്നു എന്ന വാർത്ത കൂടുതൽ തീക്ഷ്ണതയോടെ സുവിശേഷശുശ്രൂഷ ചെയ്യുവാൻ ഈ അഞ്ചുപേർ സംഘത്തിനു ധൈര്യം നൽകി.

പക്ഷേ കോറിന്തോസിലെ സിനഗോഗിൽ പ്രസംഗിക്കാൻ അവസരം നിഷേധിക്കപ്പെട്ടതിനെത്തുടർന്ന് അതിനോടു ചേർന്നു താമസിച്ചിരുന്ന തിസിയൂസ് യുസ്തൂസ് എന്ന ദൈവഭക്തനായ വിജാതീയന്റെ വീട്ടിൽ താമസിച്ച് പ്രഘോഷണം തുടർന്നു. വിശ്വാസം സ്വീകരിച്ച ഇദ്ദേഹമാണ് പിന്നീട് ലേഖനങ്ങളിൽ ഗായിയൂസ് എന്നറിയപ്പെടുന്നത് എന്നു കരുതപ്പെടുന്നു (1 കോറി 1:14; റോമാ 16:23). സിനഗോഗധികാരിയായ ക്രിസ്പൂസും വിശ്വാസം സ്വീകരിച്ചതോടെ (അപ്പ 18:7-8; 1 കോറി 1:14) സുവിശേഷപ്രഘോഷണങ്ങൾ കൂടുതൽ ശക്തിപ്പെട്ടു. പൗലോസ് ഏകദേശം ഒന്നരവർഷം കോറിന്തോസിൽ താമസിച്ച് സഭയ്ക്ക് രൂപം കൊടുത്തു. ക്രിസ്പൂസിനെപ്പോലെതന്നെ സിനഗോഗധികാരിയായ സൊസ്തേനസും വിശ്വാസം സ്വീകരിച്ചിരിക്കാം എന്ന് അപ്പസ്തോലപ്രവർത്തനങ്ങളിലെ വിവരണങ്ങളിൽനിന്ന് സൂചന ലഭിക്കുന്നുണ്ട് (അപ്പ 18:17). യഹൂദർ തുടർന്നും പൗലോസിനെതിരേ സംഘടിതമായ ആക്രമണം നടത്തി (അപ്പ 18:12-17).

അതിലവർക്ക് വിജയിക്കാൻ കഴിഞ്ഞില്ലെങ്കിലും കോറിന്തോസിലെ സാഹചര്യങ്ങൾ പ്രതികൂലമായിരുന്നുവെന്ന് വ്യക്തമാക്കു

ന്നു. സഭാസ്ഥാപനം സംബന്ധിച്ച അപ്പസ്തോലപ്രവർത്തനങ്ങളിലെ വിവരണം ഇവിടെ അവസാനിക്കുന്നു.

കോറിന്തോസിൽനിന്ന് എഫേസോസിലേക്ക് പ്രേഷിതപ്രവർത്തനത്തിനായി പോയ പൗലോസ് കോറിന്തോസുകാരുമായി വ്യക്തികൾ മുഖേനയും കത്തുകൾ വഴിയും നിരന്തരസമ്പർക്കം പുലർത്തിയിരുന്നു. ഒന്നും രണ്ടും കോറിന്തോസ് ലേഖനങ്ങളിലെ പരാമർശനങ്ങളിൽനിന്ന് ഈ ഇടപെടലുകൾ വ്യക്തമാകുന്നു. കോറിന്തോസിലെ പ്രശ്നത്തെ മനസ്സിലാക്കിക്കൊണ്ട് പൗലോസ് അവർക്ക് കത്തെഴുതുന്നു (1 കോറി 5:9-11 കാണുക). ഈ കത്തു നമുക്ക് ലഭ്യമല്ല. എങ്കിലും ഇതിലെ ചില പരാമർശങ്ങൾക്ക് വിശദീകരണം 1 കോറി 5:9-11 ൽ കാണാം. ഇതിനോടനുബന്ധിച്ച ചില കാര്യങ്ങളിൽ വിശദീകരണം ആവശ്യപ്പെട്ട് കോറിന്തോസുകാർ ഒരു കത്ത് പൗലോസിനെഴുതുന്നു. കോറിന്തോസിൽനിന്നുള്ള മൂന്നു പ്രതിനിധികളായിരിക്കാം ഇതു പൗലോസിന്റെ അടുത്തെത്തിക്കുന്നത് (1 കോറി 7:1; 16:17-18). ഇതോടുചേർന്നുതന്നെ കോറിന്തോസിലെ സ്ഥിതിഗതികളെക്കുറിച്ച് പലരിൽനിന്നായി ചില കാര്യങ്ങൾ പൗലോസ് അറിയുന്നു (1 കോറി 1:11; 5:1; 11:18). ഇവയ്ക്കെല്ലാം മറുപടിയായാണ് ഒന്നാം കോറിന്തോസ് ലേഖനം എഴുതുന്നത്. കോറിന്തോസിൽനിന്നു വന്ന പ്രതിനിധിസംഘത്തിന്റെ കൈവശം ഈ ലേഖനം കോറിന്തോസിലെത്തിച്ചു. കോറിന്തോസിലെ പ്രശ്നങ്ങൾ സങ്കീർണ്ണമാവുകയാണ് എന്ന് മനസ്സിലാക്കിയ പൗലോസ് തിമോത്തെയോസിനെ അങ്ങോട്ടയയ്ക്കുന്നു (1 കോറി 4:17-19; 16:10-11). ആദ്യലേഖനത്തിലെ ചില പരാമർശങ്ങൾ (ഉദാ: 4:18-19; 9:3-4; 14:37-38) വ്യക്തമാക്കുന്നത് രണ്ടാം ലേഖനം 10-13 അദ്ധ്യായങ്ങളുടെ പശ്ചാത്തലമായ സാഹചര്യങ്ങൾ നേരത്തേതന്നെ കോറിന്തോസിൽ നിലനിന്നിരുന്നു എന്നാണ്.

എഫേസോസിലെ പ്രേഷിതശുശ്രൂഷക്കിടയിലാണ് ഒന്നാം കോറിന്തോസ് ലേഖനം എഴുതുന്നത്. തിമോത്തെയോസിനെ അയച്ചതും ഇക്കാലത്തുതന്നെ. അദ്ദേഹത്തിന്റെ സന്ദർശനം എന്തു ഫലമുണ്ടാക്കി എന്നു വ്യക്തമല്ല. അദ്ദേഹം തിരിച്ചുവന്ന് വാർത്തകൾ അറിയാൻ പൗലോസ് അതിയായി താത്പര്യം കാണിച്ചു (1 കോറി 16:11). അദ്ദേഹം തിരിച്ചെത്തിയശേഷമാണ് രണ്ടാം ലേഖനം എഴുതുന്നത് (2 കോറി 1:1).

തിമോത്തെയോസ് തിരിച്ചെത്തിയത് നല്ല വാർത്തയുമായി ആയിരുന്നില്ല എന്നത് വ്യക്തമാണ്. ഇത് മുൻകൂട്ടി അറിയിച്ചിരുന്ന





പൗലോസിന്റെ യാത്രാപദ്ധതി (1 കോറി 16:5-9) മാറ്റാൻ കാരണമായി. മക്കദോനിയാവഴി കോറിന്തോസിലെത്തി അവിടെനിന്ന് ജറുസലെമിലേക്ക് യാത്ര ചെയ്യുക എന്നതു മാറ്റി നേരേ കോറിന്തോസിലേക്ക് പൗലോസ് യാത്രയായി. കോറിന്തോസിൽനിന്ന് മക്കദോനിയായ്ക്കു പോകുകയും അവിടെനിന്ന് വീണ്ടും തിരിച്ച് കോറിന്തോസിലെത്തി ജറുസലെമിലേക്ക് പോകുകയും ചെയ്യുക എന്നതായിരുന്നു പൗലോസിന്റെ പരിപാടി (2 കോറി 1:15-16). എന്നാൽ അപ്രതീക്ഷിതമായ ഈ സന്ദർശനത്തിൽ പൗലോസിനു ശുഭകരമല്ലാത്ത ഏറ്റുമുട്ടലുകൾ നേരിടേണ്ടി വന്നു (2 കോറി 2:5; 7:12). തന്നെ എതിരിട്ട ഒരാളെ തടയാൻ സഭാംഗങ്ങൾ ശ്രദ്ധിച്ചില്ല (2 കോറി 2:3). ഇത് അപ്പസ്തോലൻ പ്രതീക്ഷിച്ചതല്ല. ഇതുമൂലം തന്റെ യാത്രാ പദ്ധതി വീണ്ടും മാറ്റി അദ്ദേഹം എഫേസോസിലേക്കു മടങ്ങി (2 കോറി 1:23; 2:1).

എഫേസോസിൽ തിരിച്ചെത്തിയ പൗലോസ് കടുപ്പത്തിൽ ഒരു കത്തെഴുതി. വേദനിപ്പിച്ച കത്ത് എന്നാണിതിനെ അപ്പസ്തോലൻ വിശേഷിപ്പിച്ചത് (2 കോറി 2:3-4; 7:8-16). ഈ കത്തു നമുക്ക് ലഭ്യമല്ല. ഇതിന്റെ ഭാഗമാണ് 2 കോറി 10:13 എന്നു ചില വ്യാഖ്യാതാക്കൾ കരുതുന്നുണ്ട്. ആരാണ് ഈ കത്ത് കോറിന്തോസിലെത്തിച്ചത് എന്നു വ്യക്തമല്ല. തീത്തോസായിരിക്കാം എന്നു കരുതുന്നു. കോറിന്തോസുകാരും പൗലോസും തമ്മിലുള്ള ഭിന്നതകൾ മാറ്റാൻ തീത്തോസ് ഇടപെട്ടു. അദ്ദേഹം കോറിന്തോസിൽ പോകുകയും കാര്യങ്ങൾ ക്രമീകരിക്കുകയും ചെയ്തശേഷം മടങ്ങി. മക്കദോനിയായിൽ എത്തിയ തീത്തോസ് പൗലോസിനെ കാണുകയും കോറിന്തോസുകാർ മാനസാന്തരപ്പെട്ടതും അനുരഞ്ജനപ്പെട്ടതും അറിയിക്കുകയും ചെയ്തു (2 കോറി 7:5-7:7,13:16). ഇതേത്തുടർന്ന് പൗലോസ് രണ്ടാം ലേഖനം (1-9 അദ്ധ്യായങ്ങൾ എന്ന് ചിലർ) എഴുതുകയും തീത്തോസിനെയും സുഹൃത്തുക്കളെയും കോറിന്തോസിലേക്ക് പറഞ്ഞുവിടുകയും വിശുദ്ധർക്കുള്ള ധനശേഖരണം പൂർത്തിയാക്കാൻ ചുമതലപ്പെടുത്തുകയും ചെയ്തു. മൂന്നാമതൊരു സന്ദർശനം കൂടി താൻ തീരുമാനിച്ചിട്ടുണ്ട് എന്ന് പൗലോസ് കത്തിലൂടെ വ്യക്തമാക്കുകയും ചെയ്യുന്നു (2 കോറി 12:14; 13:1).

### ഒന്നാം കോറിന്തോസ് ലേഖനം

പൗലോസിന്റെ ലേഖനങ്ങളുടെ പൊതുവായ ഘടന മനസ്സിലാക്കിയാൽ മാത്രമേ ഏതൊരു ലേഖനവും വ്യാഖ്യാനിക്കാൻ സാധിക്കൂ. കോറിന്തോസ് ലേഖനത്തിന്റെ അടിസ്ഥാനത്തിൽ പൊതുഘടന ചുരുക്കി പ്രതിപാദിക്കാം.

1. ആമുഖം (1:1-3): ആരെഴുതി, ആർക്കെഴുതി എന്നിവയും ആശംസാവാക്യവുമാണ് ആമുഖമായി കണക്കാക്കുന്നത്.

2. നന്ദി, പ്രാർത്ഥന (1:4-9): നന്ദിയും പ്രാർത്ഥനയും ചേർന്ന രണ്ടാംഭാഗം ദൈവത്തിനും കോറിന്തോസിലെ സഭയ്ക്കും നന്ദി പ്രകാശിപ്പിക്കുന്നു. തുടർന്നു അവർക്കുവേണ്ടി പ്രാർത്ഥിക്കുന്നു. ലേഖനത്തിലെ പ്രധാനവിഷയങ്ങൾ പരോക്ഷമായി ഇവിടെ സൂചിപ്പിക്കുന്നു.

3. സന്ദേശം (1:10-16:12): മറ്റുള്ളവരിൽനിന്ന് കേട്ടറിഞ്ഞ കാര്യങ്ങളും എഴുത്തിലൂടെ ലഭിച്ച കാര്യങ്ങളും ഇവിടെ ഒന്നൊന്നായി ചർച്ച ചെയ്യുന്നു. പ്രധാനമായും താഴെ ചേർക്കുംവിധം വിഷയങ്ങളെ ക്രമീകരിക്കാം.

1. സഭയുടെ ഐക്യം (1:10-4:21)
2. ധാർമ്മികത (5:1-6:20)
3. കുടുംബം (7:1:10)
4. സമൂഹജീവിതം (8:1-11:1)
5. സഭ ഒരുമിച്ചുചേരുമ്പോൾ (11:2-14:40)
6. മരണാനന്തര ജീവിതം (15:1-58)
7. സാധുക്കൾക്കായുള്ള ധർമ്മശേഖരണം (16:1-4)
8. യാത്രാ പദ്ധതികൾ (16:5-12).

4. സമാപനം (16:13-24): സമാപനഭാഗത്തു അന്തിമ ഉപദേശങ്ങളും വ്യക്തിപരമായ അഭിവാദനങ്ങളും കാണാം. ഒരു അനുഗ്രഹവാക്യത്തോടെ ലേഖനം അവസാനിപ്പിക്കുന്നു.

ലേഖനങ്ങളുടെ ആരംഭവും അവസാനവും എല്ലാ ലേഖനങ്ങളിലും ഏകദേശം ഒരുപോലെതന്നെയാണ്. സന്ദേശഭാഗം ഓരോ സഭയുടെയും സാഹചര്യങ്ങൾക്കും പ്രത്യേക വിഷയങ്ങൾക്കുമനുസരിച്ച് വ്യത്യാസപ്പെട്ടരിക്കും. ഒന്നാം കോറിന്തോസ് ലേഖനത്തിൽ പ്രതിപാദിച്ചിരിക്കുന്ന വിഷയങ്ങളെ പൗലോസ് സമീപിച്ച രീതി രണ്ടു തരത്തിലാണ് എന്നു ചിലർ വിലയിരുത്തുന്നു. കേട്ടറിഞ്ഞ കാര്യങ്ങളുടെ ചർച്ചകളിൽ പൗലോസ് കാർക്കശ്യത്തോടെ തന്റെ നിലപാടുകൾ സ്ഥാപിക്കുകയും കോറിന്തോസിലെ സാഹചര്യങ്ങളെ കഠിനമായ ഭാഷയിൽ അപലപിക്കുകയും ചെയ്യുന്നു. ഇക്കാര്യങ്ങളിൽ കോറിന്തോസുകാരുമായി യാതൊരു ചർച്ചയ്ക്കും പൗലോസ് തയ്യാറാകുന്നില്ല. തന്റെ നിലപാടുകൾ അനുസരിക്കാൻ കല്പിക്കുകയാണ് ചെയ്യുന്നത്. മറിച്ചുള്ള നിലപാടുകൾ യാതൊരു





വിധത്തിലും ചർച്ചയിൽ ഉൾപ്പെടുത്താൻ അപ്പസ്തോലൻ താത്പര്യപ്പെടുന്നില്ല.

കത്തുമുഖേന ചോദിച്ച കാര്യങ്ങളെ സംബന്ധിച്ച മറുപടികളിൽ കൂടുതൽ വിട്ടുവീഴ്ചയും കോറിന്തോസുകാരുടെ ഭാഗം കേൾക്കാനുള്ള താത്പര്യവും കാണാം. അവരുടെ നിലപാടുകൾ അപഗ്രഥിച്ചശേഷമാണ് പൗലോസ് തന്റെ തീരുമാനങ്ങൾ അറിയിക്കുന്നത്. കോറിന്തോസുകാർ എടുത്ത നിലപാടുകളും ഉയർത്തിയ മുദ്രാവാക്യങ്ങളും ഉദ്ധരിച്ചശേഷം അവയ്ക്ക് തിരുത്തലുകൾ നൽകുന്ന രീതിയാണ് ഇവിടെ പൊതുവേ സ്വീകരിച്ചിട്ടുള്ളത്.

കോറിന്തോസിലെ സഭയ്ക്ക് പുറമേനിന്ന് കാര്യമായ പ്രതിസന്ധികളൊന്നും ഇല്ലായിരുന്നു. പക്ഷേ ഉള്ളിലെ ഭിന്നതകൾ അതിരൂക്ഷമായിരുന്നു. കക്ഷിമത്സരങ്ങളും അഭിപ്രായ വ്യത്യാസങ്ങളും നേതാക്കളുടെ പക്ഷം പിടിച്ചുള്ള വിഭാഗീയതയും സഭയുടെ ഐക്യത്തെയും സ്നേഹത്തെയും തകർത്തു. വിവിധ കാരണങ്ങളാൽ പലപ്പോഴായി രൂപപ്പെട്ടതാണ് ഇത്തരം ആന്തരിക പ്രശ്നങ്ങളെല്ലാം. കോറിന്തോസിലെ സമൂഹത്തിന്റെ പ്രത്യേകതകൾ മനസ്സിലാക്കുമ്പോൾ സഭയിലെ സാഹചര്യങ്ങൾ അവയുടെ സ്വാഭാവിക പരിണാമം തന്നെയാണെന്നു കാണാം. സാമൂഹികവും ജാതീയവുമായ വ്യത്യാസങ്ങളും അകൽച്ചകളും കോറിന്തോസിലുണ്ടായിരുന്നു. പണക്കാരും പാവപ്പെട്ടവരും പരസ്പരം ബന്ധമില്ലാതെ വേർതിരിഞ്ഞു നിന്നിരുന്നു. വിജാതീയ ആരാധനകളിലും വിരുന്നുകളിലുംനിന്ന് വിട്ടുനിൽക്കുകയെന്നത് വിശ്വാസ സംരക്ഷണത്തിനാവശ്യമാണെന്ന് കോറിന്തോസുകാർക്കും തോന്നിയില്ല. തങ്ങളുടെ ആത്മീയവരങ്ങൾ തങ്ങളെ അസാധാരണക്കാരാക്കിയിരിക്കുന്നുവെന്നും ഇനിമേൽ ധാർമ്മികനിയമങ്ങളോ കുടുംബബന്ധങ്ങളോ ഒന്നും തങ്ങളെ ബാധിക്കില്ല എന്നും ചിലർ കരുതി. വിവാഹംപോലും ആവശ്യമില്ലായെന്ന് ചിലർ നിശ്ചയിച്ചു. മരിച്ചവർ ഉയിർക്കുക എന്നത് യുക്തിക്കു നിരക്കുന്നതല്ല എന്നു ചിലർ വാദിച്ചു. ഓരോരുത്തരും താന്താങ്ങളുടെ വഴിക്കു ചിന്തിക്കുകയും മറിച്ചു ചിന്തിക്കുന്നവരെ വിധിക്കുകയും പൊതുവായ ജീവിതക്രമങ്ങളെയും നിയമങ്ങളെയും ആചാരങ്ങളെയും പുച്ഛിക്കുകയും ചെയ്തു. അപ്പസ്തോലന്റെ അധികാരത്തെയും മറ്റുസഭകളുമായുള്ള കൂട്ടായ്മയേയുംപോലും ചില കോറിന്തോസുകാർ തിരസ്കരിച്ചു. ഇത്തരത്തിൽ വിശ്വാസ ജീവിതത്തിലും ധാർമ്മികതയിലും ആടിയുലഞ്ഞ ഒരു സഭയ്ക്കാണ് സഭയുടെ സ്ഥാപകനും പിതാവുമായ പൗലോസ് തന്റെ കരുതൽ വ്യക്തമാക്കിക്കൊണ്ട് ലേഖനങ്ങൾ എഴുതിയത്.

# കോറിന്തോസിലെ അജപാലന പ്രശ്നങ്ങൾ

## ആമുഖം (1:1-9)

ക്രിസ്തുവർഷം ആദ്യനൂറ്റാണ്ടിൽ നിലവിലിരുന്ന കത്തുകളുടെ പൊതുവായ ശൈലിതന്നെ തന്റെ രചനയിലും പൗലോസ് സ്വീകരിക്കുന്നു. ലേഖനകർത്താവിന്റെ പേര്, ആർക്കാണോ എഴുതുന്നത് അവരുടെ പേര് (പേരുകൾ), പ്രാർത്ഥന എന്നീ ക്രമീകരണം ഇവിടെയും കാണാം. അതേസമയം ഈ ക്രമീകരണത്തിന് ക്രൈസ്തവമായ ഒരു ഭാവം അദ്ദേഹം കൂട്ടിച്ചേർക്കുകയും ചെയ്തിരിക്കുന്നു (1:1-3).

തന്റെ പേരിനോട് പൗലോസ് ചേർക്കുന്ന വിശേഷണം ശ്രദ്ധേയമാണ്. '*യേശുക്രിസ്തുവിന്റെ അപ്പസ്തോലനാകാൻ വിളിക്കപ്പെട്ടവനാ*'ണ് താൻ എന്ന പ്രഖ്യാപനം വളരെ ശ്രദ്ധാർഹമാണ്. പൗലോസിന്റെ അപ്പസ്തോലസ്ഥാനം അംഗീകരിക്കാൻ കൂട്ടാക്കാത്ത ചിലർ കോറിന്തോസിലെ സമൂഹത്തിലുണ്ടെന്നറിഞ്ഞുകൊണ്ട് ലേഖനാരംഭത്തിൽത്തന്നെ ഇക്കാര്യം അടിവരയിട്ടുറപ്പിക്കാൻ പൗലോസ് ശ്രമിക്കുന്നു. ദൈവഹിതാനുസരണമാണ് ഈ വിളി എന്നതും പ്രാധാന്യമർഹിക്കുന്നു.

'വിളിക്കപ്പെട്ട' (റോമാ 1:1) എന്ന പരാമർശത്തിലൂടെ പൗലോസ് തന്റെ അപ്പസ്തോലശുശ്രൂഷയുടെ ദൈവീകമായ അടിസ്ഥാനത്തിലേക്കാണ് വിരൽചൂണ്ടുന്നത് (ഗലാ 1:1). *നമ്മുടെ സഹോദരൻ സൊസ്തേനെസ്സും* എന്നതിലെ വിശേഷണങ്ങളും ശ്രദ്ധിക്കേണ്ടതാണ്. നമ്മുടെ സഹോദരൻ എന്നതിൽനിന്ന് സഭയുടെ മുഴുവൻ എന്നു കണക്കാക്കാവുന്നതാണ്. സഭാംഗങ്ങൾക്ക് അദ്ദേഹത്തെ അറിയാമായിരുന്നിരിക്കണം. സഭയോട് അദ്ദേഹത്തിനു എന്തു ബന്ധമായിരുന്നു എന്നതു വ്യക്തമല്ല. സിനഗോഗധികാരിയായ ഒരു സൊസ്തേനെസ്സിനെക്കുറിച്ച് അപ്പ 18:17 ൽ പ്രതിപാദിക്കുന്നുണ്ട്. എന്നാൽ ഇവർ രണ്ടും ഒരാൾതന്നെ ആയിക്കൊള്ളണമെന്നില്ല. സൊസ്തേനെസ്സ് എന്ന പേര് അക്കാലത്തു സാധാരണമായിരുന്നു. അതിനാൽ ഇവിടെ പ്രതിപാദിക്കപ്പെടുന്നയാൾ വിശ്വാസം സ്വീകരിക്കാനിടയായ സിനഗോഗധികാരിയോ, കോറിന്തോസുകാർക്കു പരിചയം ഉണ്ടായിരുന്നതോ ആ സഭയോട് ഏതെങ്കിലും വിധത്തിൽ ബന്ധമുണ്ടായിരുന്നതോ ആയ ഒരാളാകാം. കത്തെഴുത്തിൽ പൗലോസിനെ സഹായിച്ചയാളാകാനും ഇടയില്ലാത്തതല്ല.

*കോറിന്തോസിലുള്ള ദൈവത്തിന്റെ സഭയ്ക്കാണ്* പൗലോസ്





ഈ ലേഖനം എഴുതുന്നത്. സഭ എന്നതിന് 'എക്ലേസിയ' എന്ന ഗ്രീക്കുവാക്കാണ് ഉപയോഗിച്ചിരിക്കുന്നത്. ഒരുമിച്ചു കൂട്ടപ്പെട്ട ജന സമൂഹം എന്നാണിതിനർത്ഥം. ഇവിടെ ഇത് ദൈവത്തിന്റെ സഭയാണ്. പഴയനിയമത്തിൽ ദൈവം തിരഞ്ഞെടുത്ത ജനത്തെ സൂചിപ്പിക്കാൻ 'എക്ലേസിയ' എന്ന പദം ഉപയോഗിച്ചിരുന്നു. വെറും ഒരു വിളിച്ചു കൂട്ടപ്പെട്ട സമൂഹമല്ല ഇത്. ഇത് ദൈവത്തിന്റെ സഭയാണ്. ഈ സഭയെ തുടർന്നും ചില വിശേഷണങ്ങളോടെയാണ് അപ്പസ്തോലൻ അവതരിപ്പിക്കുന്നത്. '*യേശുക്രിസ്തുവിൽ വിശുദ്ധരായവർക്കും വിശുദ്ധരാകാൻ വിളിക്കപ്പെട്ടവർക്കും*' എന്ന വാക്കുകൾ സഭാംഗങ്ങളുടെ അടിസ്ഥാനസ്വഭാവത്തെ സൂചിപ്പിക്കുന്നു. വിശുദ്ധർ എന്നത് ഇക്കാലത്തു നാം മനസ്സിലാക്കുന്നവിധമാകാനിടയില്ല. അക്കാലത്തു പരിഗണിച്ചിരുന്നത് ദൈവത്തിനും ആരാധനയ്ക്കുമായി മാറ്റിനിർത്തപ്പെട്ടത്, വേർതിരിച്ചത് എന്ന അർത്ഥത്തിലാണ്. ധാർമ്മികമായ ജീവിതവിശുദ്ധി ഇവിടെ പരിഗണിക്കപ്പെടുന്നേയില്ല എന്നിതിനർത്ഥമില്ല.

തുടർന്നു വരുന്ന വിശേഷണങ്ങൾ ലേഖനം ആരെയെല്ലാം ഉദ്ദേശിച്ചാണ് എഴുതുന്നത് എന്നതിന് അതിവിശാലമായ മാനം നൽകുന്നു. നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ നാമം എല്ലായിടത്തും വിളിച്ചപേക്ഷിക്കുന്ന എല്ലാവർക്കും എന്ന സംബോധനയിലൂടെ ലോകത്തെല്ലായിടത്തും എല്ലാക്കാലങ്ങളിലും വിശ്വാസം പ്രഖ്യാപിക്കുന്ന എല്ലാവരെയും അപ്പസ്തോലൻ ഇവിടെ ഉൾപ്പെടുത്തുന്നു എന്നു കണക്കാക്കാവുന്നതാണ്. *യേശുക്രിസ്തുവിന്റെ നാമം വിളിച്ചപേക്ഷിക്കുക എന്നത്* യേശുവിന് ദൈവികസ്ഥാനം നൽകുന്നതുതന്നെയാണ്. പഴയനിയമജനത *യഹോവയുടെ നാമം* വിളിച്ചപേക്ഷിച്ചിരുന്നു (ജോയേൽ 2:32). ഇതിനു തുല്യമാണ് ഇവിടെ യേശുക്രിസ്തുവിന്റെ നാമം. '*നമ്മുടെ കർത്താവായ*' എന്നതു അടിസ്ഥാന ക്രൈസ്തവവിശ്വാസപ്രഖ്യാപനമാണ്. യേശുവിനെ കർത്താവും ദൈവവുമായി ഏറ്റുപറയുകയാണ് രക്ഷയ്ക്കടിസ്ഥാനം. *എല്ലായിടത്തും* എന്നതിൽനിന്ന് വിശ്വാസികളുടെ എല്ലാ സമൂഹങ്ങളെയും അപ്പസ്തോലൻ ഇവിടെ തന്റെ വായനക്കാരായി കണക്കാക്കുന്നു എന്നനുമാനിക്കാം.

സഭാസമൂഹത്തിന് അപ്പസ്തോലൻ ആശംസിക്കുന്നത് രണ്ടു കാര്യങ്ങളാണ്. *കൃപയും സമാധാനവും.* ഇവയുടെ ഉറവിടത്തെക്കുറിച്ചുള്ള പരാമർശം ശ്രദ്ധേയമാണ്. *പിതാവായ ദൈവത്തിൽനിന്നും കർത്താവായ യേശുക്രിസ്തുവിൽനിന്നും.* ദൈവം ഔദാര്യപൂർവ്വം തരുന്ന ദാനമാണ് കൃപ എന്നാണിതുകൊണ്ടർത്ഥ

മാക്കുന്നത്. ക്രിസ്തുവിലൂടെയാണ് ഈ ദാനം നല്കപ്പെട്ടിരിക്കുന്നത്. ഗ്രീക്കുഭാഷയിലെ 'കാരിസ്' എന്ന വാക്കാണ് നാം കൃപ എന്ന് ഭാഷാന്തരം ചെയ്തിരിക്കുന്നത്. കാരിസിനോട് ബന്ധപ്പെട്ടതാണ് കാരിസം, കരിസ്മ, കരിസ്മാറ്റിക് തുടങ്ങിയ പദങ്ങളെല്ലാം. ക്രിസ്തുവിലൂടെ പിതാവായ ദൈവം ലോകത്തിനു നൽകുകയും തന്റെ സഹന-മരണോത്ഥാനങ്ങളിലൂടെ യാഥാർത്ഥ്യമാക്കുകയും പരിശുദ്ധാത്മാവിന്റെ ആഗമനംവഴി പൂർത്തിയാക്കപ്പെടുകയും ചെയ്ത വലിയ യാഥാർത്ഥ്യമാണ് കൃപ. പരിശുദ്ധാത്മാവെന്ന ദാനം തന്നെയാണത് എന്നും കൃപയെ വിലയിരുത്താം. പിതാവായ ദൈവത്തിൽനിന്നും കർത്താവായ യേശുക്രിസ്തുവിൽനിന്നുമാണ് പരിശുദ്ധാത്മദാനം ലോകത്തിന് ലഭിച്ചത്. വിശ്വാസികൾക്ക് അപ്പസ്തോലൻ ആശംസിക്കുന്നത് ഈ കൃപയുടെ നിറവാണ്.

സമാധാനാശംസ യഹൂദരുടെ ജീവിതത്തിലെ സാധാരണമായ കാര്യമായിരുന്നു. ആധുനികകാലത്തു സമാധാനമെന്നതുകൊണ്ട് അർത്ഥമാക്കുന്നതിനേക്കാൾ വളരെ കൂടുതൽ കാര്യങ്ങൾ യഹൂദരുടെ സമാധാനാശംസയിലുണ്ട്. കേവലം യുദ്ധമില്ലാത്ത അവസ്ഥയോ ഭയത്തിന്റെ അഭാവമോ മാത്രമല്ലത്. തന്റെ സഹോദരനു സമാധാനം ആശംസിക്കുന്നയാൾ അയാളുടെ നന്മയും ഉന്നതിയും സമൃദ്ധിയുമെല്ലാം അഭിലഷിക്കുന്നു. ഭൗതികമായ സമൃദ്ധിയും ഇവിടെ പ്രസക്തമാണെങ്കിലും ആധ്യാത്മികസമൃദ്ധിക്കാണ് പ്രാമുഖ്യം.

പുതിയനിയമത്തിലെ എല്ലാ ലേഖനങ്ങളിലുംതന്നെ കണ്ടെത്തുന്ന ആശംസാവചനമാണിത്. അപൂർവ്വം ചിലപ്പോൾ കൃപയ്ക്കും സമാധാനത്തിനുമൊപ്പം കാരുണ്യം കൂടി ചേർത്തിരിക്കുന്നു. ലേഖനാവസാനത്തിലും സമാനമായ ആശംസാവാക്യം കണ്ടെത്താം. കൃപയും സമാധാനവും ഒരുമിച്ചുപോകുന്നു എന്നതുമാത്രമല്ല ഇവയുടെ ഉറവിടമായി പിതാവായ ദൈവത്തെയും കർത്താവായ യേശുക്രിസ്തുവിനെയും കണ്ടിരിക്കുന്നു എന്നതും ശ്രദ്ധിക്കേണ്ടതാണ്. പിതാവായ ദൈവവും യേശുക്രിസ്തുവും ഇവിടെ ഒരേപോലെയാണ് കണക്കാക്കപ്പെടുന്നത്. ആർക്കെങ്കിലും ഒരാൾക്ക് ഏറ്റക്കുറച്ചിലുകളോ പ്രത്യേകതകളോ ആരോപിക്കപ്പെടുന്നില്ല എന്നതും ശ്രദ്ധേയമാണ്.

**നന്ദി പ്രകടനം (1:4-9):** പൗലോസിന്റെ എല്ലാ ലേഖനങ്ങളിലുംതന്നെ നന്ദിപ്രകടനം ആദ്യഭാഗത്തായി ചേർത്തിരിക്കുന്നു. കോറിന്തോസിലെ സഭാംഗങ്ങളുടെ മികവിലും പൗലോസിനോടുള്ള അവരുടെ പെരുമാറ്റത്തിലും അവർക്കു നന്ദി പറയുകയല്ല





അപ്പസ്തോലൻ ഇവിടെ ചെയ്യുന്നത്. ദൈവം സഭയിൽ ചെയ്ത മഹത്കാര്യങ്ങളാണ് നന്ദിയുടെ അടിസ്ഥാനം. എന്തെല്ലാം കുറവുകൾ സഭയുടെ ഭാഗത്തുനിന്നുണ്ടായാലും വിശ്വാസം സ്വീകരിക്കാത്തവരായ ഇതര കോറിന്തോസുകാരെക്കാൾ ഏറെ ഭിന്നമായ ജീവിതമാണ് വിശ്വാസികൾ നയിക്കുന്നത് എന്നത് വ്യക്തമായിരുന്നു.

മാനുഷികമോ ഭൗതികമാത്രമോ ആയ നേട്ടങ്ങൾ വലിയകാര്യമായി അപ്പസ്തോലൻ കണക്കാക്കുന്നില്ല (1 കോറി 1:4-5). ക്രിസ്ത്യാനികൾ സ്വയം ചെയ്ത കാര്യങ്ങളല്ല, യേശുക്രിസ്തുവിൽ അവർക്കു കൈവന്ന കൃപയാണ് പ്രധാനം. ക്രിസ്തു അവരിൽ നിർവഹിച്ചതും ഇപ്പോൾ നിർവഹിക്കുന്നതുമായ കാര്യങ്ങളാണിവിടെ പരാമർശിക്കുന്നത്. പ്രധാനമായും രണ്ടുകാര്യങ്ങൾ അപ്പസ്തോലൻ എടുത്തുപറയുന്നു. *വചനവും വിജ്ഞാനവും.* സത്യം ഗ്രഹിക്കുകയും അതു പ്രഘോഷിക്കുകയും ചെയ്യാനുള്ള കൃപയാണ് കോറിന്തോസുകാർക്കു ലഭിച്ചത്. അവർ അതു ഫലപ്രദമായി ഉപയോഗപ്പെടുത്തുകയും ചെയ്തു.

കോറിന്തോസുകാർ തങ്ങളിൽത്തന്നെ അഭിമാനിച്ചിരുന്ന രണ്ടു കാര്യങ്ങളെയാണ് അപ്പസ്തോലൻ പ്രത്യേകം എടുത്തുപറഞ്ഞ് ദൈവത്തെ സ്തുതിക്കുന്നത്. ലേഖനങ്ങളിൽ 'നന്ദി-പ്രാർത്ഥന' എന്നിവ ഒരുമിച്ചു ചേർത്തിരിക്കുന്നു. അത്തരം ഭാഗങ്ങളിൽ പതിവുള്ളതുപോലെ, തുടർന്ന് ലേഖന ഭാഗത്തു ചർച്ചചെയ്യാൻ പോകുന്ന പ്രധാനവിഷയങ്ങളെ സംബന്ധിച്ച സൂചന നൽകുന്നതുകൂടി ഇവിടെ കാണാം. കോറിന്തോസുകാരുടെ സഭയിലെ വിവിധ വരങ്ങളെയും അവ അവരുടെ ജീവിതത്തിൽ വരുത്തിയ സ്വാധീനങ്ങളെയുംപറ്റിയുള്ള സുദീർഘമായ ചർച്ചയ്ക്ക് ഇത്തരത്തിൽ ആമുഖമിടുകയാണിവിടെ. ഇവ രണ്ടും (വചനവും വിജ്ഞാനവും) പിന്നീട് ഒരുമിച്ചു ചേർത്ത് അദ്ദേഹം ചർച്ചചെയ്യുകയും (1 കോറി 12:8) ഇക്കാര്യത്തിൽ ആവശ്യമായ തിരുത്തലുകൾ നൽകുകയും ചെയ്യുന്നു.

*ക്രിസ്തുവിനെക്കുറിച്ചുള്ള സാക്ഷ്യം* എന്നതു പ്രാധാന്യമർഹിക്കുന്നു (1 കോറി 1:6-7). ഞങ്ങളുടെ സാക്ഷ്യം എന്നാണ് മൂലഗ്രന്ഥത്തിൽ. സുവിശേഷ സാക്ഷ്യത്തിന്റെ ഉറവിടത്തിലേക്കാണിതു വിരൽ ചൂണ്ടുന്നത്. സുവിശേഷം എന്നാൽ ദൈവം പ്രവർത്തിച്ചവയുടെ സദ്വാർത്തയാണ്. അപ്പസ്തോലന്മാരുടെ സാക്ഷ്യത്തിലൂടെയാണിത് കൈമാറ്റം ചെയ്യപ്പെടുന്നത്. സുവിശേഷ കൈമാറ്റത്തിലെ സഭയുടെ സ്ഥാനം ഇതു വ്യക്തമാക്കുന്നു. ഈ കൈമാറ്റമാണ് സുവിശേഷ സന്ദേശത്തിലെ 'പാരമ്പര്യം'. എനിക്ക് കർത്താവിൽനിന്ന് ലഭിച്ചതും ഞാൻ നിങ്ങളെ ഭരമേൽപ്പിച്ചതുമായ കാര്യം (1 കോറി

11:23) എന്ന് പിന്നീട് ഇതേ അർത്ഥത്തിൽ നാം വായിക്കുന്നുണ്ട്.

'സാക്ഷ്യം നൽകുക' എന്നതു കേവലം വാക്കുകൾകൊണ്ടു വെളിപ്പെടുത്തുക മാത്രമല്ല. 'നിങ്ങൾ എനിക്ക് സാക്ഷികളാകുവിൻ' (അപ്പ 1:8) എന്നാണ് കർത്താവ് ശിഷ്യസമൂഹത്തോട് ആവശ്യപ്പെട്ടത്. തങ്ങളുടെ പ്രബോധനംകൊണ്ടും ജീവിതംകൊണ്ടും അവസാനം ജീവൻ നൽകിയും അപ്പസ്തോലന്മാർ സുവിശേഷത്തിനു സാക്ഷികളായി.

ക്രിസ്തുവിനെക്കുറിച്ചുള്ള സാക്ഷ്യം കോറിന്തോസിൽ ഉറപ്പിക്കപ്പെട്ടു. കോറിന്തോസുകാരുടെ സംസാരവും (പ്രഭാഷണം) ജ്ഞാനവും ഈ സാക്ഷ്യത്തിന്റെ ഫലദായകത്വത്തിന്റെ ഉറപ്പാണ്. തൽഫലമായി കോറിന്തോസിൽ യാതൊരു *ആത്മീയദാനത്തിനും* കുറവില്ല. 'കരിസ്മ' എന്ന വാക്കാണ് ആത്മീയദാനം എന്നിവിടെ ഭാഷാന്തരം ചെയ്തിട്ടുള്ളത്. രക്ഷ എന്ന അർത്ഥത്തിലും (റോമ 5:15) ദൈവം നൽകുന്ന എല്ലാവിധ നന്മകളും എന്ന അർത്ഥത്തിലും (റോമ 11:29) ദൈവാരൂപിയുടെ അനിതരസാധാരണമായ വരങ്ങൾ എന്ന അർത്ഥത്തിലും (1 കോറി 12:4) ഈ പദം അപ്പസ്തോലൻ ഉപയോഗിക്കുന്നുണ്ട്. എല്ലാവിധ ആത്മീയനന്മകളും എന്ന പൊതുവായ അർത്ഥത്തിൽ ഇവിടെ മനസ്സിലാക്കുകയാവും കൂടുതൽ അനുയോജ്യം.

യേശുക്രിസ്തുവിന്റെ *വെളിപാട് കാത്തിരിക്കുന്ന* നിങ്ങൾക്ക് എന്നത് ഇവിടെ അപ്രതീക്ഷിതമാണ്. പരിശുദ്ധാത്മാവിന്റെ വരദാനങ്ങളുടെ സജീവവും ശക്തവുമായ അനുഭവം അന്ത്യദിനത്തിലെ പൂർണ്ണമായ ദൈവാനുഭവത്തിലേക്കുള്ള ചിന്തയുണർത്തുന്നതാണ് (റോമ 8,23 എഫേ 1:13-14). അന്ത്യദിനത്തിൽ പൂർണ്ണമായ അറിവിലേക്ക് ദൈവം അവരെ നയിക്കും (2 തെസ 1:7; 1 യോഹ 3:2). ഈ പ്രത്യാശ വിശ്വാസികൾക്ക് തങ്ങളുടെ സഹനങ്ങളിൽ ശക്തിപകരുന്നതുകൂടിയാണ്.

യേശുക്രിസ്തു തന്റെ ആത്മാവിന്റെ വരദാനങ്ങളാൽ സുവിശേഷപ്രഘോഷണത്തിൽ ഉറപ്പിച്ചവർ കുറ്റമറ്റവരായിരിക്കേണ്ടതിനായി അവിടുന്ന് അവരെ പരിപാലിക്കും എന്ന വാഗ്ദാനം ഇവിടെ കാണാം. മുമ്പു സൂചിപ്പിച്ചതുപോലെ യേശുക്രിസ്തുവിന്റെയും ഓരോ വിശ്വാസിയുടെയും ഉയിർപ്പിനെ സംബന്ധിച്ച് ലേഖനത്തിൽ തുടർന്നുവരാൻ പോകുന്ന ചർച്ചയിലേക്കുള്ള സൂചനയായി ഈ വാക്യത്തെയും കാണാവുന്നതാണ്. കർത്താവിന്റെ മഹത്വപൂർണ്ണമായ പ്രത്യാഗമനമാണ് സുവിശേഷത്തിന്റെ ഒരു പ്രധാന പ്രഖ്യാപനം. പഴയനിയമ ജനത കർത്താവിന്റെ ആഗമനം കാത്തുകഴിഞ്ഞിരുന്നു (ആമോ 5:18). പുതിയനിയമത്തിൽ ക്രിസ്തുവിന്റെ മഹത്വപൂർണ്ണമായ വരവാണ് ഇതിനു സമാനമായിട്ടുള്ളത്. ദൈവം നൽകുന്ന പൂർണ്ണമായ രക്ഷയുടെ കാത്തിരിപ്പാണിവിടെ രണ്ടിടത്തും.





*ദൈവം വിശ്വസ്തനാണ്* എന്നവസാനിക്കുന്ന 9-ാം വാക്യം പ്രധാനമാണ്. ദൈവം കോറിന്തോസുകാരെ തന്റെ കൂട്ടായ്മയിലേക്ക് വിളിച്ചു. വിളിച്ച ദൈവം വിശ്വസ്തനാണ്. ക്രിസ്തുവിനോടുകൂടിയും ക്രിസ്തുവിലുമാണ് അവരുടെ കൂട്ടായ്മ. എല്ലാവിധത്തിലുമുള്ള ഭിന്നതകൾക്കും വിഭാഗീയ ചിന്തകൾക്കും എതിരാണ് ഈ സഹവാസം. തുടർന്നുവരുന്ന പ്രധാന ചർച്ചാവിഷയത്തിന്റെ പശ്ചാത്തലമൊരുക്കുകയാണിവിടെ. താൻ അപ്പസ്തോലനായിരിക്കുന്നത് ദൈവം വിളിച്ചതുമൂലമാണ് എന്ന് തന്നെക്കുറിച്ചുതന്നെ ആദ്യവാചകത്തിൽ പൗലോസ് സ്ഥാപിച്ചിരിക്കുന്നു. തന്റെ വിളിപോലെ തന്നെ ഇവിടെ ഓരോ വിശ്വാസിയുടെയും കാര്യത്തിലും ദൈവത്തിന്റെ വിളിയാണ് അടിസ്ഥാനം. ദൈവം നാമോരുത്തരെയും വിളിച്ചതിനാലാണ് നാം ക്രിസ്ത്യാനികളായിരിക്കുന്നത്. അതേസമയം യേശുക്രിസ്തുവുമായുള്ള വ്യക്തിപരമായ കൂട്ടായ്മയും അതുവഴി സഭയോട് മുഴുവനുമുള്ള സഹവാസവും ക്രൈസ്തവജീവിതത്തിൽ ഓരോ വിശ്വാസിയുടെയും ഭാഗത്തുനിന്നുണ്ടാകണം.

ഈ വാക്യങ്ങളിൽ പൗലോസ് രക്ഷകന്റെ പേര് വലിയ താൽപര്യപൂർവ്വം ആവർത്തിക്കുന്നത് യാദൃശ്ചികമല്ല. ഈ വാക്യങ്ങളിൽ 9 തവണ യേശുക്രിസ്തു എന്ന നാമം ആവർത്തിച്ചിരിക്കുന്നു. അടുത്ത വാക്യത്തിലും ഇത് വീണ്ടും ഉപയോഗിക്കുന്നു. ക്രിസ്തുവാണ് രക്ഷയുടെയും ക്രൈസ്തവജീവിതത്തിന്റെയും കേന്ദ്രം. ഇക്കാര്യം അടിവരയിട്ടുറപ്പിക്കാനാവാം ഏറെ സ്നേഹത്തോടെ യേശുനാമം താൽപര്യപൂർവ്വം ആവർത്തിക്കുന്നത്.

# 02

## സഭയിലെ അനൈക്യം – അടിസ്ഥാന അജപാലന പ്രശ്നം

**ആമുഖം (1:10–4:21)**

എല്ലാ സഭാസമൂഹങ്ങളിലെയും അടിസ്ഥാന പ്രശ്നങ്ങളിൽ പ്രാമുഖ്യം നേടുന്നത് സഭയിലെ അനൈക്യമാണ്. നിക്ഷിപ്ത താല്പര്യങ്ങളുള്ള വ്യക്തികളും പ്രസ്ഥാനങ്ങളും സഭാഗാത്രത്തിൽ വിഭാഗീയതയുടെ വിത്തു വിതയ്ക്കുന്ന പ്രവണത സ്ഥലകാലാതീതമായി സഭയിൽ വർദ്ധമാനമാകുന്നുണ്ട്. സഭയുടെ അസ്തിത്വത്തെതന്നെ അപകടത്തിലാക്കുന്ന അനൈക്യത്തിന്റെ അരൂപിയെ അജപാലനപരമായി എങ്ങനെ നേരിടാം എന്നതാണ് ഈ വചനഭാഗം നൽകുന്ന പാഠം.

കോറിന്തോസുകാർക്കുള്ള ലേഖനങ്ങളുടെ പശ്ചാത്തലമായി നിൽക്കുന്ന പ്രധാനകാര്യം കോറിന്തോസുകാർക്കിടയിലുണ്ടായിരുന്ന ഭിന്നതയാണ്. സഭ ഐക്യത്തിൽ ജീവിക്കേണ്ടതിന്റെ ആവശ്യകത സംശയലേശമന്യേ പഠിപ്പിക്കുന്നത് സഭയിൽ നിലനിന്നിരുന്ന അനൈക്യത്തിന്റെ തിന്മയെ പിഴുതുമാറ്റുന്നതിനാണ്. കോറിന്തോസുകാർക്കുള്ള രണ്ടുലേഖനങ്ങളിലും നിഴലിക്കുന്ന പ്രധാന പശ്ചാത്തലം അനൈക്യത്തിന്റെയും മത്സരത്തിന്റെയും അതുവഴിയുള്ള സ്നേഹരാഹിത്യത്തിന്റേതുമാണ്.

**സഭയിലെ ഭിന്നത (1:10–17)**

യേശുക്രിസ്തുവിന്റെ സഹവാസത്തിലേക്ക് വിളിക്കപ്പെട്ട സമൂഹമാണെങ്കിലും ഭിന്നത ശക്തി പ്രാപിച്ചിരിക്കുന്നതിന്റെ പശ്ചാത്തലത്തിലാണ് കോറിന്തോസ് ലേഖനത്തിന്റെ ആദ്യവിഷയം ചർച്ച





ചെയ്യപ്പെടുന്നത്. നേരത്തേ സൂചിപ്പിച്ച (1:9) കൂട്ടായ്മയ്ക്കു വിരുദ്ധമായ സാഹചര്യമാണ് സഭയിലുണ്ടായിരിക്കുന്നത്. പത്താം വാക്യത്തിന്റെ തുടക്കം മൂലഭാഷയിൽ ഈ സൂചന തരുന്നതാണ്. തർജ്ജമകളിൽ പലപ്പോഴും ഇതു നിലനിർത്തിയിട്ടില്ല. *പക്ഷേ, എന്നാൽ*, എന്നിങ്ങനെയുള്ള പ്രാരംഭവാക്കുകൂടി ചേർക്കുന്നപക്ഷം ഇതു കൂടുതൽ വ്യക്തമാണ്.

വളരെ മൃദുവായ രീതിയിലുള്ള അഭ്യർത്ഥനയാണ് പൗലോസ് നടത്തുന്നത്. 'സഹോദരരേ' എന്ന അഭിസംബോധന പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. സഹോദരരേ എന്ന വാക്ക് 39 തവണ കോറിന്തോസുകാർക്കുള്ള ഒന്നാം ലേഖനത്തിൽ ഉപയോഗിച്ചിരിക്കുന്നു (റോമാലേഖനവും 1 തെസലോനിക്കാ ലേഖനവും 19 തവണവീതം ഇതുപയോഗിച്ചിട്ടുണ്ട്) *നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ നാമത്തിലാണ്* പൗലോസ് സഭയോട് അഭ്യർത്ഥിക്കുന്നത്. തന്റെ അപ്പസ്തോലികാധികാരത്തിന്റെ പേരിലല്ല, കർത്താവായ യേശുവിന്റെ സഹവാസത്തിന്റെ ബന്ധത്തിലാണ് ഈ അഭ്യർത്ഥന.

നാലുകാര്യങ്ങളാണ് പൗലോസ് ഇവിടെ എടുത്തുപറയുന്നത്: സ്വരച്ചേർച്ച, ഐക്യം, ഏകമനസ്സ്, ഏകാഭിപ്രായം. *സ്വരച്ചേർച്ച*, ഏകസ്വരം ഉണ്ടാകുക എന്നത് ഐക്യത്തിന്റെ പ്രധാനലക്ഷണമാണ്. ഓരോരുത്തരും മറ്റുള്ളവരുടെ പക്ഷംചേർന്ന് ഭിന്നമായ നിലപാടെടുക്കുകയും താന്താങ്ങളുടെ കക്ഷികളുടെ താത്പര്യങ്ങൾക്കുവേണ്ടി സംസാരിക്കുകയും ചെയ്യുമ്പോഴാണ് സ്വരച്ചേർച്ചയില്ലാതാകുന്നത്, ഭിന്നതകൾ രൂപപ്പെടുന്നത്. കോറിന്തോസിലെ സഭയിൽ ആഴമായ ഭിന്നത രൂപപ്പെട്ടിരുന്നു. ഈ സാഹചര്യത്തിലാണ് ഐക്യത്തിനായി അപ്പസ്തോലൻ ആഹ്വാനം ചെയ്യുന്നത്. ഐക്യപ്പെടുക എന്നതിന് ഇവിടെ ഉപയോഗിച്ചിരിക്കുന്ന ക്രിയ അർത്ഥമാക്കുന്നത് ഒരു കാര്യം അതിന്റെ ആദ്യസാഹചര്യത്തിലാക്കുക എന്നതാണ്. വലകൾ കേടുപോക്കുന്നതിനെക്കുറിച്ചു പറയുമ്പോൾ മത്തായി സുവിശേഷകൻ ഈ വാക്ക് ഉപയോഗിക്കുന്നുണ്ട് (മത്താ 4:21). തെസലോനിക്കാക്കാരുടെ വിശ്വാസത്തിലെ കുറവു പരിഹരിക്കാൻ ആവശ്യമായതു ചെയ്യുന്നതിന് ഈ വാക്ക് ഉപയോഗിക്കുന്നു (1 തെസ 3:10). കോറിന്തോസിലെ സഭയുടെ സാഹചര്യം അടിയന്തിരമായ കേടുപോക്കൽ ആവശ്യമായിരിക്കുന്നവിധമായിരിക്കുന്നു. *ഏകമനസ്സും ഏകാഭിപ്രായവും* ചേർന്നുപോകുന്നു. ഒന്ന് മാനസികനിലപാടാണ്; ഈ നിലപാടിന്റെ അടിസ്ഥാനത്തിലുടലെടുക്കുന്ന അഭിപ്രായമാണ് രണ്ടാമത്തേത്. ഈ വാക്യത്തെ (1:10) ലേഖനത്തിന്റെ മുഴുവൻ വിഷയാവതരണവാക്യമായി ചിലർ കണക്കാക്കാറുണ്ട്.

ആദ്യ നാലദ്ധ്യായത്തിന്റെ വ്യക്തമായ വിഷയം സഭയുടെ ഐക്യമാണ്. അതിനാൽ ഈ നാലദ്ധ്യായത്തിന്റെ വിഷയാവതരണം ഇവിടെ വ്യക്തമാണ്.

സഭയിലെ ഭിന്നതയെ മറനീക്കി അവതരിപ്പിക്കുകയാണ് തുടർന്നുള്ള വാക്യങ്ങളിൽ. സഭാംഗങ്ങളുടെ ഇടയിൽ തർക്കങ്ങൾ ഉണ്ട് എന്ന് പൗലോസിന് അറിവുകിട്ടിയതിന്റെ അടിസ്ഥാനത്തിലാണ് സഭയുടെ ഐക്യം കാക്കാനായി വ്യക്തമായ ദൈവശാസ്ത്ര നിലപാടുകൾതന്നെ അവതരിപ്പിക്കാൻ പൗലോസ് മുതിരുന്നത്. ക്ലോയേയുടെ ബന്ധുക്കൾ വഴിയാണ് ഈ വിവരം പൗലോസ് അറിയുന്നത്. പൗലോസിന്റെ പ്രേഷിതയാത്രക്കിടയിൽ അദ്ദേഹം പരിചയപ്പെട്ട ആളായിരിക്കാം ക്ലോയെ എന്നു കരുതപ്പെടുന്നു. സഭയുടെ നന്മ കാംക്ഷിക്കുകയും പൗലോസിനോടു സൗഹൃദം വച്ചു പുലർത്തുകയും ചെയ്യുന്നയാളാണ് ക്ലോയെ എന്നു കരുതപ്പെടുന്നു. ക്ലോയെയെക്കുറിച്ച് കൂടുതൽ വിവരങ്ങൾ നമുക്ക് ലഭ്യമല്ല. എഫേസോസിലോ കോറിന്തോസിലോ സ്വാധീനമുള്ള, വ്യാപാര സംബന്ധമായ തൊഴിൽ ചെയ്യുന്ന കുലീനയായ ഒരു ക്രൈസ്തവ സ്ത്രീയാണ് ക്ലോയെ എന്നാണ് പൊതുവേ കണക്കാക്കപ്പെടുന്നത്. തൊഴിൽ സംബന്ധമായി വിവിധവ്യക്തികളോടു ക്ലോയെയ്ക്കു ബന്ധമുണ്ടായിരുന്നിരിക്കണം. ഇത്തരത്തിലായിരിക്കാം കോറിന്തോസിലെ കാര്യങ്ങൾ അവർ അറിഞ്ഞതും അതു പൗലോസിനെ അറിയിക്കാൻ തീരുമാനിച്ചതും. ക്ലോയെയുടെ ബന്ധുക്കൾ എന്നതിനേക്കാൾ ക്ലോയെയുടെ ആളുകൾ എന്നവിധമുള്ള പരിഭാഷയാണ് അർത്ഥം പൂർണ്ണമായി ഉൾക്കൊള്ളുന്നത്.

നാലു കക്ഷികളിലായി ഭിന്നിച്ചുനിൽക്കുന്ന കോറിന്തോസിലെ സഭയുടെ ചിത്രമാണിവിടെ. ഓരോ കൂട്ടരും ചില മുദ്രാവാക്യങ്ങളുയർത്തുന്നു. പൗലോസിന്റെയും അപ്പോളോസിന്റെയും കേപ്പായുടെയും ക്രിസ്തുവിന്റെയും പേരിലാണ് ഈ മുദ്രാവാക്യങ്ങൾ. കോറിന്തോസിലെ സഭാസമൂഹവുമായി ഇവയ്ക്കുള്ള ബന്ധം വ്യക്തമല്ല. വ്യക്തികൾ എന്നതിനേക്കാൾ അവരുടെ പ്രബോധനത്തിന്റെ ഉള്ളടക്കവും ശൈലിയുമായിരിക്കാം ഭിന്നതകൾക്കടിസ്ഥാനമായത്.

അപ്പോളോസ് ആദിമസഭയിലെ പ്രഗത്ഭനായ ഒരു പ്രഘോഷകനായിരുന്നു (അപ്പ18: 24-28). പൗലോസിനുശേഷവും കോറിന്തോസിൽ അപ്പോളോസ് പൗലോസിന്റെ ആവശ്യപ്രകാരം ശുശ്രൂഷ നിർവഹിച്ചു എന്ന് അനുമാനിക്കാം (16:12). പൗലോസും അപ്പോളോസും തമ്മിൽ ആശയപരമായ ഭിന്നത ഉണ്ടായിരുന്നതായി തെളി





വില്ല. പത്രോസിന്റെ കക്ഷി എന്നതുകൊണ്ട് എന്താണർത്ഥമാക്കുന്നത് എന്നതു കൂടുതൽ സങ്കീർണ്ണമാണ്. കേപ്പാ എന്നതു പത്രോസ് എന്നതിന്റെ അറമായ രൂപമാണ്. കേപ്പാ കോറിന്തോസിൽ സുവിശേഷപ്രഘോഷണം നടത്തിയിരിക്കാനിടയില്ല. യഹൂദപാരമ്പര്യങ്ങളും നിയമവും അനുസരിക്കണം എന്ന് നിർബന്ധിക്കുന്ന ഒരു വിഭാഗം തങ്ങൾ കേപ്പായുടെ നിലപാടുകാരാണ് എന്ന് സ്വയം അവകാശപ്പെട്ടതാകാൻ ന്യായമുണ്ട്.

ക്രിസ്തുപക്ഷം ഏതെന്നു മനസ്സിലാക്കുക കൂടുതൽ സങ്കീർണ്ണമാണ്. മറ്റു മൂന്നുപക്ഷത്തിലും ഉൾപ്പെടാതെ, ക്രിസ്തുമാത്രമാണ് തങ്ങളുടെ നേതാവും പ്രഘോഷകനും എന്ന് സ്ഥാപിച്ചവരാകാം ഇക്കൂട്ടർ. 'ഞാൻ ക്രിസ്തുവിന്റേതാണ്' എന്ന വാക്യം അപ്പസ്തോലന്റെതന്നെയോ, പിൽക്കാലത്തെ ഒരു പകർത്തിയെഴുത്തുകാരന്റെയോ, കോറിന്തോസ് ലേഖനത്തിന്റെ എഴുത്തുകാരനായ പൗലോസിന്റെ സഹായിയുടെയോ ആത്മഗതമാകാം എന്നുപോലും കണക്കാക്കുന്നവരുണ്ട്. മേൽപ്പറഞ്ഞ വിവിധ കക്ഷികളെ സംബന്ധിച്ച അഭിപ്രായങ്ങളെല്ലാം കേവലം ഭാവനാത്മകമായ നിഗമനങ്ങൾ മാത്രമാണ്. പൗലോസ്തന്നെ തുടർന്നുവരുന്ന ഭാഗങ്ങളിൽ ഇക്കാര്യം പരാമർശിക്കുമ്പോൾ (3:5-6:4-6) താൻ ഉദാഹരണമെന്നോണം (സർവ്വസമ്മതരായ) ചിലരുടെ പേരുകൾ ഉപയോഗിച്ചതാണ് എന്നു രേഖപ്പെടുത്തുന്നു. ഭിന്നതയ്ക്കു പിന്നിലെ യഥാർത്ഥ നേതാക്കന്മാരെ പരാമർശിക്കാതെ തന്മയത്വത്തോടെ ഇടപെടുന്ന പൗലോസിന്റെ ശൈലിയാണിതെന്നും കണക്കാക്കാവുന്നതാണ്.

**പൗലോസാണോ പ്രധാനം? (1:13-17):** കോറിന്തോസിലെ സഭ കക്ഷിമത്സരങ്ങളുടെയും വ്യക്തിപൂജയുടെയും പിടിയിലായിരുന്നു. ഈ സാഹചര്യത്തിലാണ് ലേഖനാരംഭത്തിൽതന്നെ തന്റെ നിലപാട് സംശയലേശമന്യേ അപ്പസ്തോലൻ വ്യക്തമാക്കുന്നത്. സഭയിൽ ഭിന്നിപ്പുണ്ടാക്കുക എന്നാൽ, അത് ഏതുകാരണത്താലായാലും, ക്രിസ്തു വിഭജിക്കപ്പെട്ടിരിക്കുന്നു എന്നുതന്നെയാണ്. ഏതാനും ശക്തമായ ചോദ്യങ്ങൾ പൗലോസ് കോറിന്തോസുകാർക്കുമുമ്പിൽ ഉയർത്തുകയാണ്. ആദ്യചോദ്യമാണ് ഏറ്റവും അടിസ്ഥാനമായത്. ക്രിസ്തു വിഭജിക്കപ്പെടുക എന്നത് അസാധ്യമാണ്. ക്രിസ്തു അവിഭാജ്യമാണ്. അത് സഭയുടെ സത്ത തന്നെയാണ്. സഭ ക്രിസ്തുവിന്റെ ശരീരമാണ്. സഭയിൽ ഭിന്നതയുണ്ടെന്നു വന്നാൽ ക്രിസ്തുവിനെ ഒരോരുത്തർ വെട്ടിനുറുക്കി ഭാഗിച്ചെടുക്കുന്നതിനു തുല്യമാണ്!

തുടർന്നു വരുന്ന ചോദ്യങ്ങൾ പൗലോസിനോടു ബന്ധപ്പെടു

ത്തിയുള്ളവയാണ്. *നിങ്ങൾക്കുവേണ്ടി ക്രൂശിക്കപ്പെട്ടത്* എന്ന സൂചന വിശ്വാസത്തിന്റെയും രക്ഷയുടെയും അടിസ്ഥാനം ക്രിസ്തുവിന്റെ കുരിശുമരണമാണ് എന്ന് ഉറപ്പിച്ചുപറയുകയാണ്. കുരിശിൽ മരിച്ച് രക്ഷ പ്രദാനം ചെയ്തത് ഏതെങ്കിലും പ്രബോധകരോ നേതാക്കളോ അല്ല. *പൗലോസാണോ* എന്ന ചോദ്യത്തിൽ മറ്റെല്ലാ നേതാക്കന്മാരെയും ഉൾപ്പെടുത്തിയിരിക്കുന്നു. കോറിന്തോസുകാർ ജ്ഞാനത്തിനും അറിവിനും പ്രാമുഖ്യം കൊടുത്തുകൊണ്ട് ക്രിസ്തുവിന്റെ കുരിശിനെ വിലകുറച്ചു കണ്ടു എന്നു കരുതാവുന്നതാണ്. മഹത്വത്തിന്റെ ഒരു ദൈവശാസ്ത്രത്തിന്റെ മേൽക്കൈ ഇവിടെ ദൃശ്യമാണ്.

മൂന്നാമത്തെ ചോദ്യം മാമ്മോദീസായെ സംബന്ധിച്ചാണ്. ഇവിടെയും പൗലോസ് സ്വന്തം പേര് പറഞ്ഞിരിക്കുന്നത് ഉദാഹരണമെന്നോണമാണ്. കോറിന്തോസുകാർ തങ്ങൾ സ്വീകരിച്ച ജ്ഞാനസ്നാനത്തിന്റെ അർത്ഥമെന്താണെന്നു ഇനിയും ഗ്രഹിച്ചിട്ടില്ല. പൗലോസിന്റെയോ മറ്റേതെങ്കിലും വ്യക്തിയുടെയോ നാമത്തിലല്ല, ഉത്ഥിതനായ യേശുക്രിസ്തുവിന്റെ നാമത്തിലാണ് അവർ ജ്ഞാനസ്നാനം സ്വീകരിച്ചത്. ഈ ജ്ഞാനസ്നാനമാകട്ടെ ക്രിസ്തുവിലേക്കുള്ള സ്നാനമാണ്. നാമം എന്നത് വ്യക്തിത്വത്തെ മുഴുവൻ സൂചിപ്പിക്കാൻ ഉപയോഗിച്ചിരുന്ന പദമാണ്. ക്രിസ്തുവിലേക്കു സ്നാനം സ്വീകരിക്കുക എന്നാൽ അവിടുത്തെ കൂട്ടായ്മയിലേക്കും സഹവർത്തിത്വത്തിലേക്കും പ്രവേശിക്കുക എന്നുതന്നെയാണ്. അവിടുത്തെ ശരീരമാകുന്ന സഭയുടെ അവയവങ്ങളാകുകയാണ് അതിലൂടെ നടക്കുന്നത്. അക്കാരണത്താൽതന്നെ ക്രിസ്തുവിൽ സ്നാനം സ്വീകരിച്ചവർ ഏകശരീരമാണ്. ഭിന്നിച്ചു നിൽക്കുന്ന കക്ഷികളാകാൻ സഭയ്ക്കു കഴിയുകയില്ല. അത്തരം കക്ഷികളുള്ളിടത്തു സഭയില്ല.

തുടർന്നുള്ള വാക്യങ്ങളിൽ (14:16) താൻ താരതമ്യേന വളരെ കുറച്ചാളുകളെ മാത്രമേ സ്നാനപ്പെടുത്തിയിട്ടുള്ളൂ എന്നതിന് പൗലോസ് ദൈവത്തിന് നന്ദി പറയുന്നു. സിനഗോഗധികാരിയായിരുന്ന ക്രിസ്പൂസ് (അപ്പ 18:8) പൗലോസിന് ആതിഥ്യം നൽകിയ ഗായിയൂസ് (റോമ 16:23) എന്നിവർക്കും സ്തെഫാനോസിന്റെ കുടുംബത്തിനും മാത്രമാണ് പൗലോസ് ജ്ഞാനസ്നാനം നൽകിയിട്ടുള്ളത്. ഇവർ സമൂഹത്തിൽ പ്രധാനപ്പെട്ടവരായിരുന്നതിനാലാണ് പൗലോസ് ഇവരെ സ്നാനപ്പെടുത്തിയത് എന്നു കരുതാനാവില്ല. പൗലോസ് തന്റെ ഓർമ്മയിൽ വന്നവരുടെ പേരുകൾ ഇവിടെ പറയുക മാത്രമാണ് ചെയ്തത് എന്നു കരുതാൻ ന്യായമുണ്ട്. താൻ ആരെയും മന:പൂർവ്വം ജ്ഞാനസ്നാനപ്പെടുത്താതിരുന്നതല്ല.





ദൈവം തന്നെ ഭരമേൽപ്പിച്ച ശുശ്രൂഷ സുവിശേഷ പ്രഘോഷണമായിരുന്നു എന്നു വ്യക്തമാക്കുകയാണ് ഇവിടെ പൗലോസിന്റെ ലക്ഷ്യം.

മാമ്മോദീസ നൽകുകയോ മറ്റേതെങ്കിലും കൂദാശകൾ നൽകുകയോ ചെയ്യുന്ന വ്യക്തികൾ അവരിൽത്തന്നെ പ്രധാനമല്ല. അവർ ദൈവം അവരെ ഭരമേൽപ്പിച്ചിട്ടുള്ള ശുശ്രൂഷ നിർവഹിക്കുകമാത്രമാണ് ചെയ്യുന്നത്. കൂദാശകൾ പരികർമ്മം ചെയ്യുന്നവരോട് പ്രത്യേക അടുപ്പവും ബന്ധവും തോന്നിയെന്നിരിക്കാം. എങ്കിലും അവർ തങ്ങളുടെ ശുശ്രൂഷകളിലൂടെ വിശ്വാസികളെ തങ്ങളിലേക്കല്ല, ക്രിസ്തുവിലേക്കാണ് ചേർക്കേണ്ടത്.

പൗലോസിന് ദൈവം നൽകിയ ശുശ്രൂഷ സുവിശേഷപ്രസംഗത്തിനുള്ളതാണ്. സുവിശേഷം അപ്പസ്തോലവിളിയുടെ അടിസ്ഥാനലക്ഷ്യമായി അവതരിപ്പിച്ചിരിക്കുന്നത് സുവിശേഷപ്രസംഗമാണ് (മർക്കോ 3:14). ദൈവം ക്രിസ്തുവിലൂടെ നിർവ്വഹിച്ച രക്ഷാകരരഹസ്യങ്ങളുടെ സാക്ഷികളാകാൻ പ്രത്യേകവരം ലഭിച്ചവരാണ് അപ്പസ്തോലന്മാർ. അവരുടെ മുഖ്യദൗത്യം ഈ രഹസ്യങ്ങൾ പ്രഘോഷിക്കുക എന്നതുതന്നെയാണ്.

കോറിന്തോസിൽ ചിലരെങ്കിലും മാനുഷികവിജ്ഞാനത്തിനും ഗ്രീക്കുദാർശനിക പ്രബോധനങ്ങൾക്കും പ്രസംഗപാടവത്തിനും വലിയ മുൻതൂക്കം കൊടുത്തിരുന്നു. ഈ പശ്ചാത്തലത്തിലാണ് മാനുഷികസിദ്ധികളോടെയുള്ള പ്രസംഗത്തിന് താൻ വലിയ വില കൽപിക്കുന്നില്ല എന്ന് പൗലോസ് പ്രഖ്യാപിക്കുന്നത്. അത്തരം പ്രസംഗങ്ങൾവഴി കേൾവിക്കാർ പ്രസംഗകനിലേക്ക് ആകർഷിക്കപ്പെടുകയാണ് സ്വാഭാവികമായും സംഭവിക്കുക. അത് ക്രിസ്തുവിന്റെ കുരിശിന് പ്രാധാന്യം കൊടുക്കില്ല. കുരിശിനെക്കുറിച്ച് പ്രസംഗിക്കുന്നവരാകട്ടെ പ്രസംഗചാതുര്യത്തിനല്ല, ക്രിസ്തുവിലൂടെ, ദൈവം പ്രവർത്തിച്ച അത്ഭുതകരമായ രക്ഷാകരയാഥാർത്ഥ്യങ്ങൾക്ക് പ്രാധാന്യം നൽകുന്നു. പ്രസംഗചാതുര്യവും പ്രസംഗകനെ കേന്ദ്രീകരിച്ചുള്ള പ്രഘോഷണവും കുരിശിന്റെ സന്ദേശത്തിന് എതിരായ ഫലമാണ് ചെയ്യുന്നത്.

**സുവിശേഷത്തിന്റെ ഭോഷത്തം (1:18-2:5)**

കേവലം ലൗകികമായി മാത്രം ക്രിസ്തീയതയെ മനസ്സിലാക്കുന്നതാണ് ഭിന്നതയ്ക്കു കാരണമാകുന്നത് എന്നാണ് പൗലോസ് ശ്ലീഹാ ചൂണ്ടിക്കാട്ടുന്നത്. സുവിശേഷത്തിന്റെ അന്തസ്സത്ത സഹനവും പരാജയവും കുരിശും സ്വീകരിക്കാനുള്ള സന്നദ്ധതയാണ്.

പരസ്പരം പോരാടി വിജയിക്കുന്നതിലല്ല അപരനെ വിജയിപ്പിക്കാൻ സ്വയം തോറ്റുകൊടുക്കുന്ന "ഭോഷത്ത"മാണ് സുവിശേഷം. ഈ സത്യം മറക്കുന്നതാണ് ഭിന്നതകൾക്ക് നിദാനമാകുന്നത്. ഭിന്നത പരിഹരിക്കണമെങ്കിൽ സുവിശേഷത്തിന്റെ ഭോഷത്തം ഗ്രഹിക്കണമെന്ന സത്യമാണ് അപ്പസ്തോലൻ പങ്കുവയ്ക്കുന്നത്.

കുരിശിന്റെ വചനം പൗലോസിന്റെ പ്രഘോഷണത്തിന്റെ ഉള്ളടക്കം തന്നെയാണ്. ഉള്ളടക്കത്തോടൊപ്പം അത് അവതരിപ്പിക്കുന്ന രീതിയും ഇവിടെ പരിഗണിക്കുന്നു. പൗലോസിന്റെ കാഴ്ചപ്പാടിൽ രണ്ടുതരത്തിലുള്ള മനുഷ്യരാണുള്ളത്. നശിച്ചുകൊണ്ടിരിക്കുന്നവരും രക്ഷയുടെ വഴിയിൽ ചരിക്കുന്നവരും. നശിച്ചുകൊണ്ടിരിക്കുന്നവർ എന്നതിന് ബാഹ്യമോ ശാരീരികമോ ആയ നാശം എന്ന ധ്വനിയില്ല. ദൈവവുമായുള്ള സഹവാസം, കൂട്ടായ്മ നഷ്ടപ്പെട്ടവർ എന്നാണ് ഇതർത്ഥമാക്കുന്നത്.

കുരിശിന്റെ വചനം മാനുഷികവിജ്ഞാനത്തിന്റെ വാക്കുകളുമായാണിവിടെ വേർതിരിച്ചുകാണുന്നത്. നശിച്ചുകൊണ്ടിരിക്കുന്നവർക്ക് കുരിശിന്റെ സന്ദേശം വെറും ഭോഷത്തമാണ്. രക്ഷയിലേക്കു വന്നിരിക്കുന്നവർക്കാകട്ടെ അവരുടെ ജീവിതശൈലിമൂലം ആത്മീയകാര്യങ്ങൾ വിലമതിക്കാൻ കഴിയുന്നു. അവർ സുവിശേഷത്തിന്റെ മഹത്വം കണ്ടെത്തുന്നു. എന്നാൽ നാശത്തിന്റെ പാതയിലുള്ളവർ സുവിശേഷം കാണാനും കേൾക്കാനും കഴിയാത്തവിധം അന്ധരും ബധിരരുമാണ്.

സുവിശേഷം കേവലം നവീനമായ ഒരു പ്രബോധനമോ ആകർഷകമായ ഒരു വിജ്ഞാനമോ അല്ല. അതു ദൈവത്തിന്റെ ശക്തിയാണ്. രക്ഷ യാന്ത്രികമായി നേടിയെടുക്കുന്നതോ അന്ത്യദിനത്തിൽ മാത്രം സ്വീകരിക്കാനുള്ളതോ അല്ല. ക്രിസ്തുവിലൂടെ ദൈവം നൽകിയ വലിയ സമ്മാനത്തോട് പ്രതികരിക്കലാണത്. അനുദിനം ക്രിസ്തുവിനുചേർന്നവിധം ജീവിച്ചുകൊണ്ടാണ് ഈ പ്രതികരണം യാഥാർത്ഥ്യമാക്കേണ്ടത്. അനുദിനം ആഴപ്പെട്ടുകൊണ്ടിരിക്കുന്ന, ക്രിസ്തുവുമായുള്ള ആഴമായ ബന്ധത്തിലാണ് രക്ഷയുടെ അനുഭവം. സുവിശേഷം ദൈവത്തിന്റെ ശക്തി പ്രകടമാക്കുകയും സംലഭ്യമാക്കുകയും ചെയ്യുന്നു. അത് വിശ്വാസം ജനിപ്പിക്കുന്നു; മാനസാന്തരവും, ജ്ഞാനവും, നീതിയും, വിശുദ്ധിയും, രക്ഷയും നൽകുന്നു.

കോറിന്തോസുകാർ ലോകത്തിന്റെ ജ്ഞാനത്തിൽ മഹത്വവും സ്വാതന്ത്ര്യവും തികഞ്ഞവരാണ്. ഗ്രീക്കുതത്ത്വചിന്തയായിരുന്നു





കോറിന്തോസിലെ മേൽനിരയുടെ അഭിമാനം. തത്ത്വചിന്തക്കൊപ്പം പ്രസംഗവൈഭവവും അതിൽത്തന്നെ വലിയ മൂല്യമായി കരുതിയിരുന്നു. ഈ പശ്ചാത്തലത്തിലാണ് അപ്പസ്തോലന്റെ പ്രബോധനം. ലോകത്തിന്റെ ജ്ഞാനമല്ല കുരിശിന്റെ ഭോഷത്തമാണ് പ്രധാനമായുള്ളത്. യഹൂദരെ സംബന്ധിച്ചും യേശുവിന്റെ കുരിശ് അസ്വീകാര്യമായിരുന്നു. തങ്ങളെ രാഷ്ട്രീയപരമായും സാമൂഹ്യപരമായും മോചിപ്പിക്കുവാൻ വരുന്ന മിശിഹായെയാണ് യഹൂദർ പ്രതീക്ഷിച്ചുകൊണ്ടിരുന്നത്.

ഏശയ്യാ പ്രവാചകന്റെ ഒരു വചനം ഉദ്ധരിച്ചുകൊണ്ട് പൗലോസ് തന്റെ നിലപാട് കൂടുതൽ ഉറപ്പിക്കുന്നു (ഏശ 29:14). ദൈവത്തിന്റെ പദ്ധതികൾ മനുഷ്യന്റെ കണക്കുകൂട്ടലുകൾക്കെതിരാണ് (സങ്കീ 33:10). തങ്ങളുടെ വഴികൾ ശരിയാണെന്ന ഉറപ്പാണ് മനുഷ്യന്. പക്ഷേ ദൈവത്തിന്റെ പദ്ധതികളോടു ചേർന്നുപോകാത്ത മനുഷ്യപദ്ധതികൾ വിജയം കണ്ടെത്തില്ല. ദൈവത്തിന്റെ പദ്ധതിയാണ് യേശുവിന്റെ അനുസരണാപൂർണ്ണമായ ബലിയർപ്പണത്തിലൂടെ നടപ്പായത്. അതിലൂടെ മനുഷ്യവർഗ്ഗത്തെ രക്ഷിക്കുക എന്നതായിരുന്നു ദൈവത്തിന്റെ പദ്ധതി.

സുവിശേഷം പ്രത്യക്ഷത്തിൽ ഭോഷത്തമാണ്. കുരിശും മരണവും പരാജയമാണ്. വിജയത്തിന്റെ ഭേരി കാൽവരിയിൽ കേൾക്കാനാവില്ല. ബലഹീനതയുടെ കരച്ചിലാണ് കുരിശിൽനിന്നുയർന്നത്. സാധാരണ മനുഷ്യന് ദൈവത്തെക്കുറിച്ചുള്ള കാഴ്ചപ്പാടുമായി ഒത്തുനോക്കിയാൽ കുരിശ് അർത്ഥശൂന്യമാണ്. യഹൂദരുടെ പ്രതീക്ഷകൾക്കും ഗ്രീക്കുകാരുടെ കണക്കുകൂട്ടലുകൾക്കും അർത്ഥശൂന്യമെന്നു തോന്നുന്ന ക്രൂശിക്കപ്പെട്ട ക്രിസ്തുവിനെയാണ് അപ്പസ്തോലന്മാർ പ്രഘോഷിപ്പിക്കുന്നത്. ക്രൂശിക്കപ്പെട്ട ക്രിസ്തു എന്നത് കഴിഞ്ഞുപോയ ഒരു യാഥാർത്ഥ്യമായല്ല ഇപ്പോഴും തുടരുന്ന ഒന്നായാണ് അപ്പസ്തോലൻ അവതരിപ്പിക്കുന്നത്. ക്രൂശിതന്റെ രക്ഷാകരസാന്നിദ്ധ്യം ഇന്നും തുടരുന്നു.

യഹൂദരും വിജാതീയരും എന്ന് ഇരുഭാഗത്തെക്കുറിച്ച് പറയുന്ന അപ്പസ്തോലൻ സകലരും മിശിഹായെ തിരസ്കരിച്ചു എന്ന് കാണുന്നില്ല. വിളിക്കപ്പെട്ടവർ, അവർ ഏതു തരക്കാരായാലും ക്രൂശിതനെ ദൈവത്തിന്റെ ശക്തിയും ജ്ഞാനവുമായി സ്വീകരിക്കുന്നു. വിളി ദൈവത്തിന്റെ ഭാഗത്തുനിന്നുള്ള ഔദാര്യമാണ്. ആ വിളിയോടു പ്രതികരിക്കുക എന്നത് മനുഷ്യന്റെ സ്വതന്ത്രമായ തീരുമാനവും. ദൈവത്തിന്റെ വിളിയും മനുഷ്യന്റെ പ്രതികരണവും ഇവിടെ പ്രധാനമാണ്. ഉടമ്പടിയിലെ ബന്ധമാണ് ഇവിടെ. ദൈവം നടത്തുന്ന

ഉടമ്പടിയാണ് മനുഷ്യനു ലഭിക്കുന്ന വിളി. ഉടമ്പടിയുടെ നിബന്ധനകൾ പാലിച്ച് വിളിയോട് ഓരോരുത്തരും പ്രത്യുത്തരിക്കുമ്പോൾ രക്ഷ യാഥാർത്ഥ്യമാകുന്നു.

ദൈവത്തിന്റെ ഭോഷത്തം എന്ന് ഇവിടെ (1 കോറി 1:25) ചേർത്തിരിക്കുന്ന പദം മറ്റുവാകൃങ്ങളിൽനിന്ന് ഭിന്നമായി ഭോഷത്തമായ വസ്തു എന്നാണ്. കുരിശിലേക്കാണ് പൗലോസിന്റെ ശ്രദ്ധ. കുരിശിലെ ദൈവം ബലഹീനതയാണ്. ദൈവത്തിന്റെ ഇല്ലായ്മ, നിസ്സാരത, കുരിശിലെ മരണത്തോളം ചെറുതാകൽ - അതാണ് യഥാർത്ഥ ശക്തി. അതാണ് യഥാർത്ഥ ജ്ഞാനം. കക്ഷി മത്സരങ്ങളിൽ ഭിന്നിച്ചുനിൽക്കുന്ന കോറിന്തോസിലെ സഭയ്ക്ക് ഐക്യത്തിലെത്താൻ ഒരേയൊരു മാർഗ്ഗമേയുള്ളൂ. സ്വയം ഒന്നുമല്ലാതായിത്തീർന്ന ക്രൂശിതനിലേക്ക്, തോറ്റുകൊടുക്കലിന്റെയും നഷ്ടപ്പെടുത്തലിന്റെയും ചിഹ്നമായ കുരിശിലേക്ക് ശ്രദ്ധതിരിക്കുക.

**വിശ്വാസികൾ വിശേഷപ്പെട്ടവരല്ല (1:26-31):** ദൈവത്തിന്റെ വിളിയുടെയും തെരഞ്ഞെടുപ്പിന്റെയും സ്വഭാവം മേൽപ്രസ്താവിച്ചവ വ്യക്തമാക്കാൻ പോന്നതാണ്. ദൈവത്തിന്റെ ശക്തി അത്ഭുതങ്ങൾ പ്രവർത്തിക്കുന്നത് ഏറ്റവും നിസ്സാരവും അവഗണിക്കപ്പെട്ടതുമായതിലാണ്.

ആദിമസഭയുടെ പശ്ചാത്തലത്തിൽ വീക്ഷിക്കുമ്പോൾ ക്രിസ്ത്യാനികളിൽ ഏറിയപങ്കും സാധാരണക്കാരും സമൂഹത്തിലെ താഴ്ന്ന തട്ടുകളിൽ ഉള്ളവരുമായിരുന്നു. ദൈവം തന്റെ മഹത്വപൂർണ്ണമായ ഇടപെടലുകൾക്കായി തിരഞ്ഞെടുത്തത് യാതൊന്നും അവകാശപ്പെടാൻ ഇല്ലാത്തവരെയായിരുന്നു. ***നിങ്ങളിൽ അധികമില്ല***. ജ്ഞാനികളും കുടുംബമഹിമകളുള്ളവരും സമൂഹത്തിൽ വലിയ സ്ഥാനമുണ്ടായിരുന്നവരും ആരുമില്ലായിരുന്നു എന്നിവിടെ സൂചനയില്ല. സഭാസമൂഹത്തിലെ ചിലർ സമൂഹത്തിൽ സ്വാധീനവും കുടുംബമഹിമകളും മറ്റും ഉണ്ടായിരുന്നവരായിരുന്നു എന്നതിന് ചില സൂചനകൾ ഉണ്ട്. എങ്കിലും ഭൂരിപക്ഷം സഭാംഗങ്ങളും സാധാരണക്കാരും അറിവുകുറഞ്ഞവരുമായിരുന്നു. സ്വാധീനമുള്ളവരും പ്രശസ്തകുടുംബങ്ങളിൽ നിന്നുള്ളവരുമാണ് സാധാരണഗതിയിൽ സമൂഹത്തിലെ പ്രധാനികൾ. എന്നാൽ മനുഷ്യരെ ലോകത്തിൽ ശ്രേഷ്ഠരായി കരുതാനുള്ള അടിസ്ഥാനങ്ങളായ അറിവ്, സ്വാധീനം, പദവി തുടങ്ങിയവയൊന്നുമല്ല ദൈവത്തിലേക്കും രക്ഷയിലേക്കും നയിക്കുന്നത്.

ലോകദൃഷ്ടിയിൽ നിസ്സാരമായവയെയും അവഗണിക്കപ്പെട്ടവയെയും ഇല്ലായ്മയെത്തന്നെയും ദൈവം തെരഞ്ഞെടുത്തത്





ദൈവത്തിന്റെ മഹനീയമായ പ്രവൃത്തിയുടെ വൈഭവം പ്രകടമാക്കാനാണ്. ദൈവത്തിന്റെ പ്രവൃത്തി സൃഷ്ടിതന്നെയാണ്. ഇല്ലായ്മയെയും ബലഹീനതയെയും ദൈവം മഹത്തരമാക്കുന്നു. കോറിന്തോസിലെ സഭയിൽ നിലനിന്നിരുന്ന കക്ഷിമത്സരങ്ങളും അറിവിന്റെയും ജ്ഞാനത്തിന്റെയും പേരിലുള്ള അഹങ്കാരങ്ങളും ദൈവിക പ്രവർത്തനത്തിനുമുമ്പിൽ സമ്പൂർണ്ണമായും ഫലശൂന്യവും ഇല്ലായ്മതന്നെയുമായിത്തീരുന്നു. ദൈവം ഇപ്രകാരം പ്രവർത്തിക്കുന്നത് എല്ലാവരിലുംനിന്ന് അഭിമാനത്തിന്റെ സർവ്വസാധ്യതകളും ദൂരീകരിക്കുന്നതിനാണ്. മറ്റുള്ളവരുടെ മുമ്പിൽ നമുക്ക് എന്തൊക്കെ നേട്ടങ്ങളുണ്ടെങ്കിലും നാം എന്തെല്ലാം പ്രവർത്തിക്കുമെങ്കിലും ദൈവസന്നിധിയിൽ നമുക്ക് അഭിമാനിക്കാൻ, സ്വന്തം മേന്മയായി ഉയർത്തിക്കാണിക്കാൻ യാതൊന്നുമില്ല.

തുടർന്നുള്ള രണ്ട് വാകൃങ്ങളിൽ (1:30-31) ക്രിസ്തുവിലൂടെ ലഭ്യമായ ഭാവാത്മക നേട്ടങ്ങളെ പൗലോസ് വ്യക്തമാക്കുന്നു. രക്ഷയുടെ പാതയിലൂടെ ചരിക്കുന്നവർ 'അവനിൽ നിന്നാണ്.' അവരുടെ ജീവിതത്തിന്റെ *ഉറവിടം* ക്രിസ്തുവാണ്. വിശ്വാസിയുടെ ജീവിതം ക്രിസ്തുവുമായി അഗാധമായി ബന്ധപ്പെട്ടിരിക്കുന്നു. തികച്ചും വൈയക്തികമായ ഒരു ആത്മബന്ധമാണിത്.

യേശുക്രിസ്തുവിനെ നമുക്ക് ജ്ഞാനവും നീതിയും വിശുദ്ധീകരണവും പരിത്രാണവും ആക്കിയിരിക്കുന്നു. യാതൊരു ദൃഷ്ടിയും തങ്ങളിൽത്തന്നെ ദുരഭിമാനം കൊള്ളാതിരിക്കാൻ യേശുക്രിസ്തുവിന്റെ കുരിശ് ഏറ്റവും വലിയ ജ്ഞാനത്തിന്റെ അടിസ്ഥാനമായി ദൈവം ക്രമീകരിച്ചു. ദുരഭിമാനികളായിത്തീർന്ന കോറിന്തോസുകാർക്കുള്ള പ്രധാന സന്ദേശം പൗലോസ് ഇവിടെ നൽകുന്നു.

***ദൈവത്തിന്റെ ജ്ഞാനം*** എന്നത് യഹൂദചിന്തയിൽ വ്യക്തി തന്നെയാണ് (സുഭാ 8:22-31; കൊളോ 2:2-3). ജ്ഞാനം ഒരു വ്യക്തിയാണ്; സത്യം ഒരു വ്യക്തിയാണ്; സുവിശേഷം ഒരു വ്യക്തിയാണ് - യേശുക്രിസ്തു (യോഹ 14:6). ഈ വാകൃങ്ങളിൽ പറഞ്ഞിരിക്കുന്ന നാലുകാര്യങ്ങളും തന്റെ പുത്രനിലൂടെ ദൈവപിതാവിന്റെ പ്രവൃത്തിയും സാന്നിദ്ധ്യവുമാണ്. നീതി എന്നതുകൊണ്ടർത്ഥമാക്കുന്നത് ക്രിസ്തുവിലൂടെ യാഥാർത്ഥ്യമായ നവീനമായ ദൈവമനുഷ്യബന്ധമാണ്. ദൈവവും അവിടുത്തെ ഏറ്റവും ഉയർന്ന സൃഷ്ടിയായ മനുഷ്യനും തമ്മിൽ നിലനിൽക്കുന്ന പരസ്പരബന്ധത്തിന്റെ പ്രവർത്തനമാണ് നീതീകരണം. ദൈവത്തിന്റെ ഉടമ്പടിയാണ് ഈ നവബന്ധത്തിന്റെ അടിസ്ഥാനം. ആദത്തിന്റെ പാപംവഴി നഷ്ടമായ ഈ ബന്ധം യേശുവിലൂടെയും അവിടുത്തെ അരൂപിയുടെ പ്രവർത്ത

നത്തിലൂടെയും പുനഃർസൃഷ്ടിക്കപ്പെട്ടു.

ദൈവം നീതിമാനും നന്മപ്രവർത്തിക്കുന്നവനും പരിശുദ്ധനുമാണ്. തന്റെ സ്വഭാവസവിശേഷതകൾ തന്റെ ഉദാത്തസൃഷ്ടിയായ മനുഷ്യനും ഉണ്ടായിരിക്കണം എന്ന് ദൈവം ആഗ്രഹിക്കുന്നു. രക്ഷിക്കപ്പെട്ട മാനവവംശം ഒരു പുതുസൃഷ്ടിയായിത്തീർന്നിരിക്കുന്നു. ഈ പുതിയ അസ്തിത്വം ദൈവികമായ ഒരു പുത്തൻ ജീവിത ശൈലി മനുഷ്യനു നൽകിയിരിക്കുന്നു. ദൈവത്തോടും സഹസൃഷ്ടികളോടുമുള്ള ബന്ധത്തിൽ ഈ നവചൈതന്യം പ്രകടമാക്കുകയാണ് രക്ഷിക്കപ്പെട്ടവരുടെ ധർമ്മം. ദൈവികകൃപയാൽ ഇതിനു മനുഷ്യനു കഴിയുന്നു.

യേശുവിന്റെ സദ്‌വാർത്ത (സുവിശേഷം) പാപത്തിന്റെ പിടിയിലായ മനുഷ്യന്, ദൈവവുമായി ആദ്യമുണ്ടായിരുന്ന സഹവാസം സാധ്യമാക്കിയിരിക്കുന്നു എന്നതാണ്. പിതാവിന്റെ സ്നേഹവും കരുണയും കൃപയുമാണ് ഇത് സാധ്യമാക്കിയത്. പുത്രന്റെ ജീവിതവും മരണവും ഉത്ഥാനവും അങ്ങനെ സുവിശേഷമായി. അരൂപിയുടെ സാന്നിധ്യവും സുവിശേഷത്തിനായുള്ള പ്രചോദനവും ഈ പുതുജീവിതം യഥാർത്ഥ്യമാക്കുന്നു. നീതീകരണം ദൈവത്തിന്റെ സ്വതന്ത്രദാനമാണ്; അതേസമയം അത് ദൈവികജീവിതശൈലി ഒരാൾക്കു നല്കുകയും ചെയ്യുന്നു.

നീതീകരണം ലഭിക്കാൻ നാം യേശുവിനെ സ്വീകരിക്കണം; സുവിശേഷത്തിൽ വിശ്വസിക്കണം, ക്രിസ്തുവിനെപ്പോലെ ജീവിക്കാൻ യത്നിക്കണം. ഇതിലൂടെ ഒരാളുടെ വിശുദ്ധീകരണം സാദ്ധ്യമാകുന്നു. വിശുദ്ധീകരണം എന്നതുകൊണ്ട് ദൈവത്തിനായി മാറ്റി നിർത്തപ്പെട്ട അവസ്ഥയെയാണ് സൂചിപ്പിക്കുന്നത്. യേശുക്രിസ്തുവിലൂടെ ഓരോ വിശ്വാസിയും ദൈവത്തിനായും ദൈവികപദ്ധതികളുടെ നടത്തിപ്പിനായും ഈ ലോകത്തിൽ വേർതിരിക്കപ്പെടുകയും മാറ്റിനിർത്തപ്പെടുകയും ചെയ്യുന്നു.

പരിത്രാണം എന്നാൽ വീണ്ടെടുപ്പ് എന്നാണർത്ഥമാക്കുന്നത്. ശത്രുകരങ്ങളിൽനിന്ന് പിഴയടച്ചു തിരിച്ചു വാങ്ങുന്നതാണ് വീണ്ടെടുപ്പ്. പകരം നൽകി തിരിച്ചെടുക്കുന്നതും വീണ്ടെടുപ്പാണ്. യേശു ആർക്കെങ്കിലും വിലനൽകി മനുഷ്യവർഗ്ഗത്തെ തിരിച്ചെടുത്തു എന്നല്ല ഈ വാക്യത്തിന്റ അർത്ഥം. തന്നെത്തന്നെ പകരം നൽകിയാണ് യേശു വീണ്ടെടുക്കുന്നത്. ദൈവഹിതത്തിന് എതിരായി നിന്ന് പാപത്തിൽ നിപതിച്ച മനുഷ്യനെ വീണ്ടും അയാളുടെ ആദ്യാവസ്ഥയിലേക്ക് തിരികെകൊണ്ടുവരാൻ യേശു തന്നെത്തന്നെ പകരമെന്നോണം ദൈവഹിതത്തിനായി സമർപ്പിക്കുന്നു. യേശു





വിന്റെ ഈ സമർപ്പണംവഴി യേശുവിനോടു സഭയിലൂടെ സത്താപരമായി ഒന്നുചേരുന്നവരെല്ലാം ദൈവഹിതം അനുവർത്തിക്കുന്ന പുതിയ സൃഷ്ടികളായി മാറുന്നു.

യേശുവിന്റെ മനുഷ്യാവതാരവും രക്ഷാകരമായ ആത്മദാനവുംവഴി മുഴുവൻ പ്രപഞ്ചത്തെയും യേശു തന്നോടു ചേർത്തു. യേശുവിനോടൊത്തു തങ്ങളുടെ ജീവിതം ക്രമപ്പെടുത്തുന്ന ഏതൊരാളും യേശുവിലൂടെ യാഥാർത്ഥ്യമായ വീണ്ടെടുപ്പിന്റെ ഫലമനുഭവിക്കുന്നു. വീണ്ടെടുപ്പിന്റെ പൂർണ്ണത അന്ത്യദിനത്തിലെ ഉയിർപ്പിലാണ് യാഥാർത്ഥ്യമാകുന്നത്. ശരീരങ്ങളുടെ ഉയിർപ്പും ത്രിയേക ദൈവത്തോടുള്ള ആത്മബന്ധത്തിലെ സഹവാസവും നടക്കുമ്പോഴാണ് പരിത്രാണകർമ്മം പൂർത്തിയാകുന്നത്.

തങ്ങളുടെ കഴിവുകളിലും തങ്ങൾക്കു ലഭിച്ച വരങ്ങളുടെ സമൃദ്ധിയിലും ദുരഭിമാനിച്ച കോറിന്തോസുകാർക്ക് യുക്തമായ ഉപദേശമാണ് പൗലോസ് നൽകുന്നത്. വ്യക്തികളുടെയും കക്ഷികളുടെയും പേരിൽ സഭ ഭിന്നിപ്പിക്കപ്പെടുന്നതുകൊണ്ടുള്ള വേദനയാണ് അപ്പസ്തോലന്റെ ഈ വാക്കുകൾക്കു പിന്നിൽ. ദൈവം നാമോരുരുത്തരിലും ചൊരിഞ്ഞ അവർണ്ണനീയമായ ദാനങ്ങളിലല്ലാതെ മറ്റൊന്നിലും ക്രിസ്ത്യാനിക്ക് അഭിമാനിക്കാനില്ല. മഹത്വത്തിന്റെയും നേട്ടങ്ങളുടെയും സന്ദേശമല്ല, അപമാനത്തിന്റെയും മരണത്തിന്റെയും സുവിശേഷമാണ് സഭയുടെ അടിത്തറ. മഹത്വപ്രതീകങ്ങളാക്കി രൂപപ്പെടുത്തപ്പെട്ട കുരിശുകളല്ല, മരണത്തിന്റെ രക്തം ചിന്തുന്ന ക്രൂശിതനാണ് സഭയുടെ ഏകമുഖമുദ്ര.

**ക്രൂശിതനാണ് സർവ്വസ്വവും (2:1-5):** രണ്ടാമത്തെ അദ്ധ്യായം ആരംഭിക്കുന്നത്, മുമ്പ് പറഞ്ഞതിന്റെ തുടർച്ചയായാണ്. ദൈവാവിഷ്കരണവും മനുഷ്യന്റെ കണ്ടുപിടുത്തങ്ങളും എപ്രകാരം വേറിട്ടു നിൽക്കുന്നു എന്ന വിഷയത്തിൽത്തന്നെയാണ് പൗലോസ് ഊന്നൽ കൊടുക്കുന്നത്. തന്റെ പ്രഘോഷണം സുവിശേഷത്തിന്റെ നിറം ചേർക്കാത്ത പ്രഖ്യാപനമായിരുന്നു. ലളിതവും മായമില്ലാത്തതുമായിരുന്നതിനാൽ അതു ദൈവശക്തിയുടെ ഫലങ്ങൾ പുറപ്പെടുവിച്ചു.

കോറിന്തോസുകാർക്ക് തങ്ങൾക്കുള്ള അറിവിനെ സംബന്ധിച്ച് അവകാശവാദങ്ങളൊന്നുമില്ലാത്തുപോലെ അതു ലഭിച്ച വഴിയെക്കുറിച്ചും വലിപ്പങ്ങളൊന്നും അവകാശപ്പെടാനില്ല. കുരിശിന്റെ ഭോഷത്തത്തെക്കുറിച്ച് താൻ പ്രഖ്യാപിച്ചതു (1:18-25) കൂടുതൽ ആഴത്തിൽ പൗലോസ് വിശദീകരിക്കുന്നു (2:1-16).

കോറിന്തോസിൽ പൗലോസ് വചനപ്രഘോഷണം നടത്തിയതും പിൽക്കാലത്തു ചിലർ വാക്‌വിലാസത്തോടെ സുവിശേഷം പഠി

പ്പിച്ചതും താരതമ്യപ്പെടുത്തുന്നു. *ദൈവത്തെപ്പറ്റി സാക്ഷ്യപ്പെടുത്തിയത്* എന്നത് ശ്രദ്ധേയമാണ്. ദൈവികരഹസ്യം എന്നു മനസ്സിലാക്കുന്നപക്ഷം യഹൂദരും ഗ്രീക്കുകാരും എപ്രകാരം ക്രിസ്തുവിൽ ഏകശരീരമായി (സഭ) വിളിക്കപ്പെട്ടിരിക്കുന്നു എന്നതിന് ഊന്നൽ കൊടുക്കുന്നു എന്നു കരുതാം. സാക്ഷ്യം എന്ന പാഠഭേദം സ്വീകരിക്കുന്നപക്ഷം സുവിശേഷം എന്നതിന്റെ പര്യായംതന്നെയാണത്.

പ്രഘോഷണത്തിന്റെ ഉള്ളടക്കത്തെയല്ല, പ്രഘോഷണം നടത്തിയ രീതിയെ സംബന്ധിച്ചാണ് ഇവിടെ ചർച്ച. സുവിശേഷപ്രഘോഷണം പ്രബോധനത്തിനായി നടത്തുന്ന പ്രസംഗമല്ല. വളരെ ആകർഷകമായ വാക്കുകളിലും സുന്ദരമായ ശൈലിയിലും ഇത്തരം പ്രബോധനം നടത്താനായെന്നിരിക്കും. സുവിശേഷപ്രഘോഷണം ദൈവം യേശുക്രിസ്തുവിലൂടെ നമുക്ക് രക്ഷപ്രദാനം ചെയ്യാൻ ചെയ്തകാര്യങ്ങളെക്കുറിച്ചുള്ള സാക്ഷ്യമാണ്. വാക്കുകളുടെ ശക്തിയല്ല അരൂപിയുടെ നിറവാണിവിടെ പ്രധാനം. പ്രഘോഷകന്റെ വ്യക്തിപ്രഭാവമല്ല, ക്രൂശിതന്റെ ഹൃദയസ്പന്ദനങ്ങളാണിവിടെ കേൾവിക്കാരിൽ മാറ്റങ്ങൾ വരുത്തുന്നത്.

പൗലോസ് കോറിന്തോസിലായിരുന്നപ്പോൾ സാക്ഷ്യം നൽകിയതു ക്രൂശിതനായ യേശുക്രിസ്തുവിനെക്കുറിച്ചു മാത്രമാണ്. ക്രൂശിതനായ എന്നതിലെ വ്യാകരണതത്ത്വം ശ്രദ്ധേയമാണ്. 'ക്രൂശിക്കപ്പെട്ടവനായ' എന്നാണിവിടെ. യേശു ഇപ്പോഴും ക്രൂശിക്കപ്പെട്ടവനായാണിരിക്കുന്നത്. നാം അവനെ കാണുമ്പോൾ അവന്റെ മുറിവുകൾ ശ്രദ്ധിക്കേണ്ടതാണ്. ആ മുറിവുകളാണ് അവന്റെ മഹത്വത്തിന്റെ പതാക (1:23). കർമ്മണിപ്രയോഗത്തിലെ ദൈവപദ്ധതിയുടെ സൂചനയും പ്രധാനമാണ്. ക്രൂശുമരണം മാനവരക്ഷയ്ക്കായുള്ള ദൈവപദ്ധതിയായിരുന്നു (അപ്പ 2:23-3; 18:4-28; 13:29; ഏശ 53:10). മനുഷ്യന്റെ പാപവും ദൈവനിഷേധവും യേശുവിന്റെ കുരിശിലെ ബലിയർപ്പണം ആവശ്യമാക്കിത്തീർത്തു (റോമ 5:14; 14:15; 18:19). മനുഷ്യവർഗ്ഗത്തിന്റെ പാപപരിഹാരാർത്ഥമുള്ള ക്രിസ്തുവിന്റെ മരണത്തെ സംബന്ധിച്ച സന്ദേശമാണ് പൗലോസിന്റെ ദൈവശാസ്ത്രത്തിന്റെ കേന്ദ്രം.

സഹിക്കുകയും ശപിക്കപ്പെട്ടവനെപ്പോലെ വധിക്കപ്പെടുകയും ചെയ്യുന്ന 'ദൈവത്തിന്റെ അഭിഷിക്തൻ' യഹൂദമനസ്സിന് ഉൾക്കൊള്ളാൻ കഴിയുമായിരുന്ന ഒന്നല്ല. ക്രിസ്തു ഏവർക്കുംവേണ്ടി ക്രൂശിക്കപ്പെട്ടു എന്നത് ദൈവത്തിന്റെ രഹസ്യമാണ്. മനുഷ്യബുദ്ധിക്ക് അജ്ഞാതവും അഗ്രാഹ്യവുമായ സത്യം (കൊളോ 1:26-28, 2:2-4).

കോറിന്തോസുകാരോട് സുവിശേഷ രഹസ്യം പ്രഘോഷിച്ച





പ്പോൾ താൻ ദുർബലനും ഭയചകിതനുമായിരുന്നു എന്ന് പൗലോസ് ഓർമ്മിക്കുന്നു. മാത്രവുമല്ല, തന്റെ പ്രസംഗവും വചനവും വാഗ്‌വിലാസത്തോടെയുള്ളതുമായിരുന്നില്ല. പൗലോസ് ദുർബലനാകാൻ കാരണമെന്തെന്ന് നമുക്ക് വ്യക്തമല്ല. ഫിലിപ്പിയായിലും തെസ്സലോനിക്കായിലും ബെറൊയായിലും സംഭവിച്ച ശാരീരിക പീഡനങ്ങൾ ഇതിനു കാരണമാകാം (അപ്പ 16-18). ആഥൻസിൽ തന്റെ പ്രസംഗരീതി സ്വീകരിക്കപ്പെടാതിരുന്നതും അദ്ദേഹത്തെ തളർത്തിയിരിക്കാം (അപ്പ 17:22-34). പൗലോസിന്റെ ശാരീരികവൈകല്യം (2 കൊറി 12:7-9) അദ്ദേഹത്തെ തളർത്തിയിരിക്കാം. കണ്ണിന്റെ രോഗമായിരുന്നു അദ്ദേഹത്തിന്റെ 'മുള്ള്' എന്നുചിലർ കണക്കാക്കുന്നുണ്ട്. ഇവയ്ക്കെല്ലാം ഉപരിയായി വിശ്വാസക്കുറവും ഇതരരുടെ നിരുത്സാഹപ്പെടുത്തലും അദ്ദേഹത്തെ ദുർബലനും ഭയചകിതനുമാക്കിയിരിക്കാം (അപ്പ 18:9-10, 23:11; 27:23). എന്നാൽ ഈ കുറവുകളൊന്നുമല്ല പൗലോസിന്റെ പ്രസംഗത്തിന് വിജയമോ പരാജയമോ നൽകിയത്; സുവിശേഷത്തിന്റെ പ്രസക്തിയും ആത്മാവിന്റെ ശക്തിയുമാണ്.

പൗലോസിന്റെ സുവിശേഷസാക്ഷ്യത്തിന്റെ ആധികാരതയും സ്വീകാര്യതയും വാഗ്വിലാസമായിരുന്നില്ല; മറിച്ച്, അത് ആത്മാവിന്റെയും ശക്തിയുടെയും വെളിപ്പെടുത്തലായിരുന്നു എന്നതാണ്. കോറിന്തോസുകാരുടെ വിശ്വാസം മാനുഷികവിജ്ഞാനമാകാതിരിക്കാനായിരുന്നു അത്.

സുവിശേഷപ്രഘോഷകന്റെ ജീവിതവും വിശ്വാസസമൂഹത്തിന്റെ വിശ്വാസാടിസ്ഥാനവും ഇവിടെ ഒന്നാകുന്നു. കോറിന്തോസിലായിരുന്നപ്പോൾ ക്രൂശിതനെക്കുറിച്ചല്ലാതെ മറ്റൊന്നിനെക്കുറിച്ചും അറിയേണ്ടതില്ല എന്ന് പൗലോസ് തീരുമാനിക്കുന്നു. ലൗകികവിജ്ഞാനം ആർജിക്കാൻ പൗലോസിന് സാധ്യതകൾ ഉണ്ടായിരുന്നു എന്നതു തീർച്ചയാണ്. എന്നാൽ ക്രൂശിതനെക്കുറിച്ചുള്ള അറിവിൽ ആഴപ്പെടുകവഴി കുരിശിന്റെ ഭോഷത്തം എന്ന അത്യുദാത്തമായ വിജ്ഞാനം തന്റെ സഹോദരങ്ങൾക്കു പങ്കുവയ്ക്കാൻ കഴിയും എന്ന് പൗലോസിന് ബോധ്യമുണ്ടായിരുന്നു. മാനുഷികമായ പരിമിതികളും ദൗർബല്യങ്ങളും ഈ പങ്കുവയ്ക്കലിന്റെ ശക്തി കുറയ്ക്കുകയല്ല, വർദ്ധിപ്പിക്കുകതന്നെയാണ് ചെയ്തത്.

**വെളിപ്പെടുത്തപ്പെട്ട സന്ദേശം (2:6-16)**

ലൗകികവിജ്ഞാനവും സുവിശേഷവും പരസ്പരവിരുദ്ധമാണെന്ന് സ്ഥാപിച്ച പൗലോസ് തുടർന്ന് സുവിശേഷമാണ് യഥാർത്ഥ ജ്ഞാനം എന്ന് വ്യക്തമാക്കുന്നു. ലോകത്തിലെ ജ്ഞാനി

കളും ശക്തരും സുവിശേഷസന്ദേശത്തെയും സന്ദേശവാഹക രെയും അപമാനിച്ചു. എന്നാൽ യഥാർത്ഥമായ ജ്ഞാനം ക്രൂശിത ന്റേതാണ്. ക്രിസ്തുവിന്റെ കുരിശുമരണത്തിലൂടെ ദൈവത്തിന്റെ രക്ഷാകരപദ്ധതി യാഥാർത്ഥ്യമാക്കിത്തീർത്തതാണ് എല്ലാറ്റിലും മൂല്യവത്തായ അറിവ്.

മൂന്നുവിഷയങ്ങൾ ഇവിടെ വിശദീകരിക്കുന്നു. (1). സുവിശേഷം മാനുഷികവിജ്ഞാനമല്ല (2:6-9), (2:6-9); (2). സുവിശേഷത്തിന്റെ പ്രബോധകൻ ദൈവാത്മാവാണ് (2:10-13); (3). ആത്മാവ് നൽകുന്ന വിവേചനം (2:14-16).

*'പക്വമതികളോട് ഞങ്ങൾ വിജ്ഞാനം പ്രസംഗിക്കുന്നു'* എന്ന തിൽ (2:6) രണ്ടുകാര്യങ്ങൾ ശ്രദ്ധിക്കപ്പെടേണ്ടതാണ്. ഒന്നാമതായി 'ഞങ്ങൾ' എന്നതിന് പൗലോസ് കൊടുത്തിരിക്കുന്ന ശ്രദ്ധയാണ്. വ്യക്തികളുടെ പേരിൽ കക്ഷിതിരിഞ്ഞ് മത്സരിക്കുന്ന കോറിന്തോ സിൽ നേതാക്കൾ ഒരുമിച്ചാണ് എന്ന സൂചന ഇതുനൽകുന്നു. സുവി ശേഷ സന്ദേശത്തിന്റെ കാര്യത്തിൽ വ്യക്തി വ്യത്യാസങ്ങളില്ല. പ്രഘോഷകരെ വ്യത്യസ്തരായി കാണുന്നത് കേൾവിക്കാരുടെ പക്വ തയില്ലായ്മ മൂലമാണ്. നിങ്ങൾ കക്ഷിമത്സരത്തിൽ ഭിന്നിച്ചുനിൽക്കു മ്പോൾ പക്വതയില്ലാത്തവരാണ് എന്ന സൂചന ഇവിടെയുണ്ട്. പക്വ മതികൾ എന്ന് ഭാഷാന്തരപ്പെടുത്തിയിരിക്കുന്ന വാക്ക് ശ്രദ്ധേയമാ ണ്. ലക്ഷ്യത്തിലെത്തിയവർ എന്നാണിതിന്റെ അടിസ്ഥാന അർത്ഥം. കുരിശിന്റെ സന്ദേശം സ്വീകരിച്ചവർ ലക്ഷ്യത്തിലെത്തിയിരിക്കുന്നു. നേരേമറിച്ച് ഈ ലോകത്തിന്റെ അറിവിലും വിശ്വാസത്തിലും ഇനിയും കഴിയുന്നവർ ലക്ഷ്യത്തിൽ എത്തുന്നില്ല. ദൈവം നൽകു ന്നവ, അവ ലോകദൃഷ്ടിയിൽ ഭോഷത്തമെന്നു തോന്നി യാൽപോലും, സ്വീകരിക്കുകയാണ് യഥാർത്ഥ പക്വത. അതുമാത്രമേ ജീവിതത്തിന് ലക്ഷ്യം നൽകുകയുള്ളൂ.

ഈ ലോകത്തിന്റെ നാശോന്മുഖമായ അധികാരികളുടെ വിജ്ഞാനം എന്നതിലെ 'അധികാരികൾ' എന്നതാരെ ഉദ്ദേശിച്ചാണ് ഇവിടെ പറഞ്ഞിരിക്കുന്നത് എന്ന ചോദ്യമുദിക്കാവുന്നതാണ്. പൈശാചിക ശക്തികളെയാണിവിടെ സൂചിപ്പിക്കുന്നത് എന്ന് ചിലർ വാദിക്കുന്നുണ്ടെങ്കിലും വിഷയത്തിന്റെ പൊതുവായ സ്വഭാവം പരി ഗണിക്കുമ്പോൾ അതിനുള്ള സാധ്യത കുറവാണ്. ഇവിടുത്തെ ചർച്ചാവിഷയം സുവിശേഷത്തിലൂടെ അവതരിപ്പിക്കുന്ന ദൈവിക ജ്ഞാനവും ക്ഷയോന്മുഖമായ ലോകജ്ഞാനവുമാണ്.

സുവിശേഷപ്രഘോഷകൻ പ്രസംഗിക്കുന്ന ദൈവത്തിന്റെ





വിജ്ഞാനം രഹസ്യവും നിഗൂഢവുമാണ്. ക്രിസ്തുവിലൂടെ വെളി വാക്കപ്പെട്ട സുവിശേഷമാണത്. ലോകത്തിന്റെ വിജ്ഞാനത്തിന് ഗ്രഹിക്കാൻ കഴിയാത്ത യാഥാർത്ഥ്യമെന്നതിനാലാണ് രഹസ്യമെന്ന് അതിനെ വിശേഷിപ്പിക്കുന്നത്. ദൈവം ഇത് നമുക്ക് വെളിപ്പെടു ത്തിയിരിക്കുന്നു. തന്റെ ആത്മാവ് മുഖേനയാണ് ദൈവം ഇത് വെളി വാക്കുന്നത്. യുഗങ്ങൾക്കുമുമ്പേതന്നെ ദൈവം നിശ്ചയിച്ചകാര്യ മാണിത്. ദൈവത്തിന്റെ പരമാധികാരത്തെ പൗലോസ് ഇവിടെ ഊന്നിപ്പറയുന്നു. യുഗാരംഭത്തിനുമുമ്പേ ദൈവം നിശ്ചയിച്ച പദ്ധ തിയാണ് നമ്മുടെ മഹത്ത്വത്തിനായുള്ള സുവിശേഷം.

ദൈവത്തിന്റെ രഹസ്യങ്ങൾ വെളിപാടിലൂടെയാണ് വ്യക്തമാ ക്കപ്പെടുന്നത്. 8-10 വാക്യങ്ങളിൽ പരിശുദ്ധത്രിത്വത്തെ സംബന്ധിച്ച പഠനത്തിന്റെ ചില അടിസ്ഥാനങ്ങൾ കണ്ടെത്താം. ക്രൂശിക്കപ്പെട്ട മഹത്വത്തിന്റെ കർത്താവ്, ദൈവം, ദൈവത്തിന്റെ ആത്മാവ് എന്നി ങ്ങനെ ത്രിത്വത്തിലെ മൂന്നാളുകളെക്കുറിച്ച് ഇവിടെ പരാമർശി ച്ചിരിക്കുന്നു.

ദൈവികപദ്ധതികൾ വെളിപ്പെടുത്തപ്പെട്ടിരിക്കുന്നത് ലൗകിക ജ്ഞാനികൾക്കല്ല, നിസ്സാരരായ ക്രിസ്ത്യാനികൾക്കാണ്. ഇവ വെളി പ്പെടുത്തപ്പെട്ടവയാണെന്നതിനാൽ സ്വീകരിച്ചവർക്ക് അഭിമാനത്തി നുവകയില്ല. ദൈവത്തിന്റെ ആഴമായ രഹസ്യങ്ങൾ ദൈവാത്മാവി നുമാത്രമേ ഗ്രഹിക്കാനും വെളിപ്പെടുത്താനും കഴിയൂ. ദൈവത്തിന്റെ രഹസ്യങ്ങൾ എപ്രകാരമാണ് ദൈവാത്മാവ് വെളിപ്പെടുത്തുന്നത് എന്നു വ്യക്തമാക്കാൻ മനുഷ്യനും അവന്റെ ആത്മാവും തമ്മിലുള്ള ബന്ധത്തിന്റെ ഉദാഹരണം ഉപയോഗിച്ചിരിക്കുന്നു. ഒരാളുടെ ചിന്ത കളും, അയാളുടെ മനസ്സിലുള്ളവയും അയാളുടെ ആത്മാവിനു മാത്രമേ അറിയൂ. അതുപോലെതന്നെ ദൈവികപദ്ധതികൾ ദൈവാ ത്മാവിനേ അറിയൂ; ദൈവാത്മാവിനേ അതു മറ്റുള്ളവർക്കു വെളി പ്പെടുത്തിക്കൊടുക്കാൻ കഴിയൂ.

ക്രിസ്ത്യാനിയുടെ ബോധ്യങ്ങൾ വിശ്വാസാടിസ്ഥാനത്തിലുള്ള ബോധ്യങ്ങളാണ്. വിശ്വാസമാണ് അതിനടിസ്ഥാനമെന്നതുകൊണ്ട് അതിന് ആധികാരികത കുറയുന്നില്ല. ദൈവം ദാനമായി നല്കിയി രിക്കുന്ന വിശ്വാസത്തിലാണ് ഈ അറിവ് ഉറപ്പിക്കപ്പെട്ടിരിക്കുന്ന ത്. സുവിശേഷപ്രബോധകൻ മറ്റുള്ളവർക്കു കൈമാറുന്നത് ആത്മാ വു നൽകുന്ന ഈ ജ്ഞാനമാണ്. ആത്മീയ സത്യങ്ങൾ ആത്മാവി നാൽ നയിക്കപ്പെടുന്നവർക്കായി നൽകുകയാണ് പ്രഘോഷകരുടെ ജോലി. ആത്മാവിനാൽ നയിക്കപ്പെടുന്നവരെയാണ് പക്വമതികൾ എന്ന് പൗലോസ് മുമ്പു വിശേഷിപ്പിച്ചത്.

വിവേചനത്തിന്റെ ആവശ്യകതയാണ് 2:14-16 വാക്യങ്ങളിൽ വ്യക്തമാക്കുന്നത്. ലൗകിക മനുഷ്യരും ആത്മീയ മനുഷ്യരും ദൈവിക വിജ്ഞാനം ഗ്രഹിക്കുന്നകാര്യത്തിൽ ഭിന്നരാണ്. ലൗകിക മനുഷ്യനെന്നാൽ ദൈവാത്മാവിനാൽ നയിക്കപ്പെടാത്ത, പ്രകൃതിയുടെ വാസനകൾക്കനുസരിച്ചു ജീവിക്കുന്നയാളെന്നർത്ഥം. ദൈവാത്മാവിനാൽ നയിക്കപ്പെടാത്തയാൾക്ക് ആത്മാവിന്റെ കാര്യങ്ങൾ സ്വീകരിക്കാൻ കഴിയില്ല. അയാൾ അവ തിരസ്കരിക്കുന്നു. അവരെ സംബന്ധിച്ച് ആത്മാവിന്റെ കാര്യങ്ങൾ ഭോഷത്തമാണ്. ഈ ലോകത്തിന്റെ കാഴ്ചപ്പാടിലൂടെ മാത്രം കാണുന്നവർക്ക്, പരിശുദ്ധാത്മാവിനെ സ്വീകരിക്കാത്തവർക്ക്, ആത്മീയകാര്യങ്ങളെ വിലയിരുത്താൻ കഴിയില്ല. എന്നാൽ ആത്മീയരാകട്ടെ ആത്മാവിന്റെ സഹായത്താൽ എല്ലാക്കാര്യങ്ങളും വിവേചിച്ചറിയുന്നു. ലൗകികമനുഷ്യന്റെ കഴിവില്ലായ്മയെക്കുറിച്ചാണിവിടെ പരാമർശം. ആത്മീയകാര്യങ്ങൾ സ്വീകരിക്കാൻ കഴിയാത്തത് അയാൾക്ക് അതിനുള്ള സാധ്യതകൾ ഇല്ലാത്തതിനാലാണ്. ആത്മീയ മനുഷ്യനാകട്ടെ ഈ സാധ്യത ദൈവാത്മാവ് ദാനമായി നൽകിയിരിക്കുന്നു. ദൈവാത്മാവിനാൽ നയിക്കപ്പെടാതെ ജീവിക്കുന്നവർക്ക് അവർ എത്രതന്നെ ബുദ്ധിശാലികളായാലും ആത്മീയകാര്യങ്ങളിൽ കെട്ടുകഥകളും ഭാവനകളും അർദ്ധസത്യങ്ങളും മാത്രമേ കണ്ടെത്താനാവൂ.

ദൈവികകാര്യങ്ങൾ വിവേചിച്ചറിയാൻ കഴിയുന്ന, ദൈവാത്മാവിനാൽ നയിക്കപ്പെടുന്ന 'ഞങ്ങൾ' ക്രിസ്തുവിന്റെ മനസ്സറിയുന്നു. ഞങ്ങൾ എന്നതിൽ എല്ലാ പ്രബോധകരെയും പൗലോസ് ഉൾപ്പെടുത്തുന്നു. പൗലോസും പത്രോസും അപ്പോളോയുമെല്ലാം ഇത്തരത്തിൽ ഏകമനസ്സോടും ഏകാത്മാവോടുംകൂടിയാണ് സുവിശേഷശുശ്രൂഷ ചെയ്യുന്നത്. ആത്മാവിനാൽ നയിക്കപ്പെടുന്ന ആത്മീയ മനുഷ്യർ തങ്ങളെത്തന്നെ ഉയർത്തിക്കാട്ടി കക്ഷിമത്സരങ്ങൾ സൃഷ്ടിക്കില്ല. അത്തരം ചിന്തകൾ ലോകത്തിന്റെ കാഴ്ചപ്പാടുള്ളവരുടേതാണ്. അത് ക്രൂശിതന്റെ സന്ദേശത്തിന് വിരുദ്ധമാണ്.



# 03

## ക്രിസ്തീയ അജപാലന നേതൃത്വത്തിന്റെ പ്രത്യേകതകൾ (3:1– 23)

അജപാലന പ്രതിസന്ധികൾക്കു കാരണമാകുന്ന മറ്റൊരു സുപ്രധാന വിഷയം ക്രിസ്തീയ നേതൃത്വത്തിന്റെ വീഴ്ചകളും പരിമിതികളുമാണെന്ന് ശ്ലീഹാ ചൂണ്ടിക്കാട്ടുന്നുണ്ട്. നേതൃത്വത്തിന്റെ സ്വാർത്ഥ ലക്ഷ്യങ്ങളും വിഭാഗീയ ചിന്തകളും "ആൾദൈവ" മനോഭാവങ്ങളും വിശ്വാസികളുടെയിടയിൽ ഭിന്നത പടർത്താൻ കാരണമാണ്.

മൂന്നാം അദ്ധ്യായത്തിൽ പൗലോസ് മുൻ അദ്ധ്യായത്തിലെ ചർച്ച തുടരുകയാണ്. പക്വമതികളാകാത്ത കോറിന്തോസിലെ വിശ്വാസികളെ അവരുടെ പോരായ്മകളെക്കുറിച്ചു കൂടുതൽ അറിവുള്ളവരാക്കുകയാണിവിടെ. മൂന്നു ഗ്രൂപ്പുകളിലായി കോറിന്തോസുകാരെ പൗലോസ് കാണുന്നു. 1. ലൗകിക മനുഷ്യർ 2. ആത്മീയ മനുഷ്യർ 3. ക്രിസ്തുവിൽ ശിശുക്കൾ. കോറിന്തോസിലെ നേതാക്കന്മാരെയല്ല സമൂഹത്തെ മുഴുവനാണ് ഇവിടെ അഭിസംബോധനചെയ്യുന്നത്. സഹോദരരേ എന്നു വിളിച്ചാണ് പൗലോസ് അവരെ ഉപദേശിച്ചു തുടങ്ങുന്നത്. ജഡികമനുഷ്യർ എന്നതു കേവലം ലൗകികർ എന്നതിനേക്കാൾ അർത്ഥവ്യാപ്തിയുള്ള

താണ്. ആത്മീയർ ആത്മാവിനാൽ നിർമ്മിക്കപ്പെട്ടവരാണ്. ജഡികർ ജഡത്താൽ നിർമ്മിക്കപ്പെട്ടവരും. ഇവർ വിശ്വാസത്തിന്റെ മേഖലയിൽ ശിശുക്കളാണ്. അതിൽത്തന്നെ ഇത് ഒരു തെറ്റായി അപ്പസ്തോലൻ കാണുന്നില്ല.

ശിശുക്കളായിരുന്നതിനാൽ അതിനുചേർന്ന പ്രബോധനമാണ് വിശ്വാസികൾക്ക് അവരുടെ ആരംഭകാലത്തു നൽകിയത്. ലളിതമായ പ്രബോധനങ്ങളാണവർക്കുകൊടുത്തത്. അവർ ആ അവസ്ഥയിൽനിന്ന് വളർന്നില്ല എന്നതാണ് ഇവിടെ വിഷയം. തുടർന്നുവരുന്ന വാക്കുകളിൽ ജഡികർ, അഥവാ ശിശുക്കൾ എന്നതിൽനിന്ന് 'ലൗകികർ' എന്നതിലേക്കുള്ള മാറ്റം നമുക്ക് കാണാം. ഗ്രീക്കിൽ സാർക്കിനോസ്, എന്നതാണ് ആദ്യമുപയോഗിച്ചിരിക്കുന്നത് (3:1). 'ഈനോസ്' എന്ന് ചേർത്ത് പറയുമ്പോൾ ജഡം കൊണ്ടുള്ളത് എന്നാണ് മനസ്സിലാക്കുന്നത്. എന്നാൽ നാലാം വാക്യത്തിൽ 'സാർക്കിക്കോസ്' എന്ന വാക്കാണ്. ജഡത്തിന്റെ സ്വഭാവം കാണിക്കുന്നവർ എന്നർത്ഥം. എന്തുകൊണ്ടാണ് അവർ ജഡികരായിരിക്കുന്നത്? ... 

ഇപ്പോഴും കഴിയുന്നത്? അവരുടെ ഇടയിൽ അസൂയയും തർക്കവും നിലനിൽക്കുന്നു. അസൂയയും തർക്കവുംമൂലമാണ് കക്ഷിതിരിഞ്ഞുള്ള നിലപാടുകൾ കോറിന്തോസിൽ രൂപപ്പെടാൻ ഇടവന്നത്. യേശുവിനെ നാഥനും കർത്താവുമായി സ്വീകരിച്ചു എന്നവകാശപ്പെടുന്നെങ്കിലും യേശു തങ്ങളുടെ നാഥനാണ് എന്നനിലയിലല്ല അവരുടെ ജീവിതം. ഈ വാക്കുകളുടെ പശ്ചാത്തലത്തിൽ നമ്മുടെ ഇന്നത്തെ ക്രൈസ്തവജീവിതത്തെ വിലയിരുത്തേണ്ടതാണ്. സഭയിലെ ഭിന്നിപ്പുകൾ ക്രൈസ്തവരും വെറും ലൗകികരാണ് എന്നതിന്റെ വ്യക്തമായ തെളിവാണ്. ക്രൈസ്തവരായതുവഴി അവർ ആത്മീയരും പക്വമതികളും ആകേണ്ടതായിരുന്നു. എന്നാൽ ഇപ്പോഴുമവർ ജഡത്തിന്റേതാണ്.

തന്റെയും അപ്പോളോസിന്റെയും പേരുകൾ മാത്രമാണ് പൗലോസ് ഇവിടെ ഉപയോഗിക്കുന്നത്. പൗലോസിനോട് വളരെ അടുപ്പമുള്ളയാളായിരുന്നു അപ്പോളോസ് (4:6). ഈ പരാമർശത്തിൽ നിന്നുകൊണ്ട് ഇടയശുശ്രൂഷകരുടെ സ്ഥാനമെന്തെന്നു വ്യക്തമാക്കുന്നു. വിശ്വാസികൾ മറ്റുള്ളവരെ ശുശ്രൂഷിക്കാനായി, സേവിക്കാനായി വിളിക്കപ്പെട്ടവരാണ്. ക്രിസ്തുവിനെപ്പോലെതന്നെ അവർ ആയിത്തീരേണ്ടതാണ്. ഇത് ഈ ജീവിതത്തിൽത്തന്നെ ആരംഭിക്കണം; മരണശേഷം മോക്ഷം പ്രാപിക്കൽ മാത്രമല്ല രക്ഷ എന്നതിനർത്ഥം. ഇപ്പോൾത്തന്നെ 'രക്ഷിക്കപ്പെട്ടവരായി' ജീവിക്കേണ്ടവർ. എന്നാൽ കോറിന്തോസിലെ വിശ്വാസികളിൽ ഏറിയപങ്കും





ദൈവരാജ്യത്തിന്റെ ശക്തിയിലല്ല, ഭൗതികശക്തിയിലാണ് തങ്ങളുടെ കരുത്ത് കണ്ടെത്തുന്നത്. ഇത് യഥാർത്ഥത്തിൽ ശക്തിയല്ല, ശക്തിഹീനതയാണ്.

*അപ്പോളോസ് ആരാണ്? പൗലോസ് ആരാണ്?* എന്നീ ചോദ്യങ്ങൾ ഗ്രീക്കുമൂലത്തിലെ ധ്വനി വ്യക്തമാക്കുന്നതു അപ്പോളോസ് 'എന്ത്?' പൗലോസ് 'എന്ത്?' എന്നവിധമാണ്. വ്യക്തികളിലേക്കു അൽപവും ശ്രദ്ധ പോകാൻ അപ്പസ്തോലൻ വഴികൊടുക്കുന്നില്ല. വ്യക്തികളില്ല, ദൈവം അവരെ ഏൽപിച്ച ശുശ്രൂഷകളിലാണ് ശ്രദ്ധ പതിയേണ്ടത്. അവർ സേവകർ മാത്രം. ശുശ്രൂഷകർ എന്നതിന് 'ഡിയാക്കൊണോയി' എന്ന ഗ്രീക്കുവാക്കാണിവിടെ. ഡീക്കൻ എന്ന വാക്ക് ഈ ഗ്രീക്കുപദത്തിൽ നിന്നാണ്. ഭക്ഷണമേശയിൽ ശുശ്രൂഷചെയ്യുന്നയാളാണ് ഡിയാക്കോണോസ്. ഏറ്റവും താഴ്ന്ന നിലയിലുള്ള സേവനമാണിവിടെ അർത്ഥമാക്കുന്നത്. പുതിയനിയമത്തിൽ ഓരോ ക്രിസ്ത്യാനിയുടെയും ശുശ്രൂഷയെ ദ്യോതിപ്പിക്കാൻ ഉപയോഗിക്കുന്ന പദമിതാണ്. പ്രധാനമായും ദൈവത്തിനർപ്പിക്കുന്ന ശുശ്രൂഷയായാണിതിനെ കാണുന്നത്. ദൈവമാണ് യഥാർത്ഥത്തിൽ പ്രവർത്തിക്കുന്നത്. പൗലോസും അപ്പോളോസുമെല്ലാം ദൈവത്തിന്റെ പ്രവൃത്തിയിൽ അവിടുത്തെ സേവകരായി ജോലി ചെയ്യുന്നവർ മാത്രം. അവർ ദൈവത്തിന്റെ ഉപകരണങ്ങൾ മാത്രമാണ്.

കർത്താവ് ഓരോരുത്തർക്കും നിശ്ചയിച്ചുകൊടുത്ത ജോലിക്കനുസൃതം തങ്ങളുടെ ശുശ്രൂഷ നിർവഹിച്ചവരാണ് പൗലോസും അപ്പോളോസുമെല്ലാം. അവർ വഴിയാണ് കോറിന്തോസുകാർ വിശ്വസിച്ചത്. എന്നാൽ അവർ കേവലം ഉപകരണങ്ങൾ മാത്രമാണ്. ദൈവമാണ് രക്ഷയിലേക്കു ക്ഷണിച്ചതും രക്ഷ സാധ്യമാക്കിയതും. ആർക്കും രക്ഷ സ്വന്തം നേട്ടത്താൽ കിട്ടിയതാണെന്നോ മറ്റാരെങ്കിലും തങ്ങൾക്കു നൽകിയതാണെന്നോ പറയാനാവില്ല. അത് ഒരാളുടെ കുടുംബത്തിന്റെയോ, ദേശത്തിന്റെയോ വ്യക്തിപരമായ സിദ്ധികളുടെയോ നേട്ടമല്ല. ഉടമ്പടിയുടെ ദൈവം നമുക്ക് നൽകിയ കൃപാദാനമാണത്. ആ കൃപാദാനത്തോട് നാമോരോരുത്തരുടെയും ക്രിയാത്മകമായ പ്രതികരണവും കൂടിയാകുമ്പോഴാണ് രക്ഷയുടെ അനുഭവമാകുന്നത്. അനുതാപം, വിശ്വാസം, അനുസരണം, സേവനം, നിലനിൽപ് ഇവയെല്ലാം ചേരുന്നതാണ് വിശ്വാസിയുടെ പ്രതികരണം. നാം ക്രിസ്ത്യാനികളാകുന്നത് ക്രിസ്തുവിനെ നാഥനും കർത്താവുമായി സ്വീകരിച്ചുകൊണ്ടും, സുവിശേഷത്തിൽ വിശ്വസിച്ചുകൊണ്ടും, ക്രിസ്തുവിനു ചേർന്നവിധം നടന്നുകൊണ്ടുമാണ്.

കോറിന്തോസുകാർ ഇതിൽ ആദ്യത്തെ രണ്ടുകാര്യവും ചെയ്തെങ്കിലും മൂന്നാമത്തെ കാര്യം ശ്രദ്ധിച്ചില്ല. പക്വതയാർന്നവരാകാൻ ഇവ മൂന്നും ആവശ്യമാണ്.

ശുശ്രൂഷകരുടെ ധർമ്മം വ്യക്തമാക്കാൻ അപ്പസ്തോലൻ രണ്ടു പ്രതീകങ്ങൾ തുടർന്നുപയോഗിക്കുന്നു. ആദ്യത്തെ പ്രതീകം കൃഷിയുടെതാണ്. ഒരാൾ നട്ടു; മറ്റെയാൾ നനച്ചു. ഓരോരുത്തരുടെയും ജോലി അത്ര പ്രധാനമല്ല. തങ്ങളെ ഏൽപിച്ചത് അവരവർ ചെയ്യുന്നു. ദൈവമാണ് വളർത്തിയത്. ഇക്കാര്യമാണിവിടെ പ്രധാനം. ജോലിക്കാർ ഒരുപോലെയാണ്. അവരവർ ചെയ്യുന്ന ജോലിക്കനുസൃതം ദൈവം അവർക്കു പ്രതിഫലം നൽകുന്നു. കോറിന്തോസുകാർ തൊഴിലാളികൾക്കായിരുന്നില്ല ദൈവത്തിനായിരുന്നു പ്രാമുഖ്യം കൊടുക്കേണ്ടിയിരുന്നത്. എങ്കിലും നടുന്നവനും നനയ്ക്കുന്നവനും പരസ്പരം ബന്ധപ്പെട്ടാണ് പ്രവർത്തിക്കുന്നത്. അവർ തമ്മിൽ മത്സരമോ അസൂയയോ പാടില്ല. അങ്ങനെയായാൽ ചെടിയുടെ വളർച്ച നടക്കില്ല. കോറിന്തോസിലെ സഭയെ ദൈവം കൃപാദാനങ്ങളാൽ വളർത്തിയതു തൊഴിലാളികളുടെ കൂട്ടായ പ്രവർത്തനത്തിന്റെ ഫലമായാണ്. എന്നാൽ ഓരോരുത്തരുടെയും വിജയത്തിനനുസരിച്ചല്ല, ജോലിക്കനുസരിച്ചാണ് ദൈവം പ്രതിഫലം നൽകുന്നത്. ശുശ്രൂഷകർ തങ്ങളുടെ ജോലിയുടെ വിജയപരാജയങ്ങളെക്കുറിച്ച് വ്യഗ്രതപ്പെടേണ്ടതില്ല. ദൈവം ഏല്പിച്ച ജോലി ആത്മാർത്ഥതയോടെ ചെയ്യുകയേ വേണ്ടൂ.

ഈ ആശയം കൂടുതൽ വ്യക്തമാക്കിക്കൊണ്ടാണ് രണ്ടാമത്തെ ഉപമ പറയുന്നത്. ഈ ഉപമയിലേക്കു വരുന്നതിനുമുമ്പ് ഉപയോഗിച്ചിരിക്കുന്ന മൂന്നു വാക്കുകൾ പ്രാധാന്യമർഹിക്കുന്നു. കൂട്ടുവേലക്കാർ, വയൽ, വീട് എന്നിവയാണവ (3:9). വാക്യഘടനയിൽ ക്രമമനുസരിച്ച് ഇവ മൂന്നിനും ദൈവത്തിന്റെ എന്ന വിശേഷണം ഉപയോഗിച്ചിരിക്കുന്നത് പ്രാധാന്യം നല്കാനാണ്. ശുശ്രൂഷകർ ദൈവത്തിന്റെ കൂട്ടുവേലക്കാരാണ്, കൂടെക്കൂടി ജോലി ചെയ്യുന്നവർ. യഥാർത്ഥ ജോലിക്കാരൻ ദൈവമാണ്. ഇതു ദൈവത്തിന്റെ ജോലിയുമാണ്. ദൈവത്തിന്റെ ജോലിയിൽ ദൈവത്തോടുകൂടി ജോലി ചെയ്യുക മാത്രമാണ് ഓരോ ശുശ്രൂഷകനും. നാം നമ്മുടെ ജോലി ചെയ്യുകയും അതിൽ സഹായിക്കാൻ ദൈവത്തെ കൂട്ടിനു വിളിക്കുകയുമല്ല. ദൈവം തന്റെ ജോലി ചെയ്യുന്നു. അതിൽ പങ്കുചേരാൻ നാമോരുത്തരേയും ഔദാര്യത്തോടെ ക്ഷണിച്ചിരിക്കുന്നു. ദൈവത്തിന്റെ കൂട്ടുവേലക്കാരായിരിക്കുക എന്നതു വലിയ കൃപയുടെ അനുഭവവും അനുഗ്രഹവുമാണ്.





സഭ 'ദൈവത്തിന്റെ വയലാണ്' ദൈവത്തിന്റെ തോട്ടം എന്നും അർത്ഥം വരാവുന്ന വാക്കാണ് ഇവിടെ ഉപയോഗിച്ചിരിക്കുന്നത്. ദൈവത്തിന്റെ ആദിയിലെ പദ്ധതിയിലേക്ക്, ഏദൻ തോട്ടത്തിലേക്ക് വിരൽ ചൂണ്ടാവുന്ന സൂചനകളിവിടെ കാണാം. സഭ ദൈവത്തിന്റെ സൃഷ്ടികർമ്മത്തിലെ പദ്ധതിയിലേക്ക്, പാപത്തിനുമുമ്പുള്ള ദൈവമനുഷ്യകൂട്ടായ്മയിലേക്ക് എത്തിനിൽക്കുന്നു. 'ദൈവത്തിന്റെ വീട്' എന്നതും ഏറെ അർത്ഥവ്യാപ്തിയുള്ളതാണ്. കെട്ടിടം എന്നോ, കെട്ടിടം പണിയെന്നോ ഇവിടെ അർത്ഥം വരാം. ദൈവഭവനം എന്നത് പൗലോസ് മറ്റുസ്ഥലങ്ങളിലും ഉപയോഗിക്കുന്ന പ്രതീകമാണ്. പഴയനിയമത്തിലും ദൈവജനത്തെ ദൈവഭവനമെന്നു വിശേഷിപ്പിക്കുന്നുണ്ട്.

തുടർന്നുള്ള വാക്യങ്ങളിൽ വീടിനെ സംബന്ധിച്ച പ്രതീകം കൂടുതൽ വ്യക്തമാക്കിയിരിക്കുന്നു. വീടിന്റെ അടിസ്ഥാനം ക്രിസ്തുതന്നെയാണ്. ഓരോരുത്തരും ഈ അടിസ്ഥാനത്തിൽ താന്താങ്ങളുടെ വസ്തുക്കൾ ഉപയോഗിച്ചു ഭവനം പണി നടത്തുന്നു. നിർമ്മാണ വസ്തുക്കളുടെ ഗുണമേന്മയും മൂല്യവും ഏറെ പ്രധാനമാണ്.

പൗലോസ് തന്റെ ശുശ്രൂഷയെ ആധികാരികമായി സ്ഥാപിക്കുകയാണിവിടെ. തന്റെ അപ്പസ്തോലശുശ്രൂഷ ദൈവപദ്ധതിയാണ്. ശുശ്രൂഷകന്റെ വ്യക്തിപരമായ പ്രാധാന്യമല്ല ദൈവപദ്ധതിയാണ് പ്രധാനം എന്ന് സൂചിപ്പിക്കുകയാണിവിടെ. 'വിദഗ്ദ്ധശിൽപിയെപ്പോലെ' എന്ന് പരിഭാഷപ്പെടുത്തിയിരിക്കുന്ന പദം 'സോഫോസ് ആർക്കിതെക്തോൻ' എന്നാണ്. ജ്ഞാനത്തെയാണ് ആദ്യ പദം അർത്ഥമാക്കുന്നത്. *ആർക്കിതെക്തോൻ* ശിൽപി എന്നതിനേക്കാൾ പണിയുടെ മേൽനോട്ടം നോക്കിനടത്തുന്നവനാണ്. പൗലോസ് കോറിന്തോസാകുന്ന സൗധത്തിന്റെ അടിസ്ഥാനമിട്ടു. ശേഷമുള്ളവരെല്ലാം ഈ അടിസ്ഥാന രൂപകൽപനയ്ക്കനുസൃതമാണ് പണിയുന്നത്. പൗലോസ് ഇട്ട അടിസ്ഥാനം 'യേശുക്രിസ്തുവെന്ന അടിസ്ഥാനമാണ് (3:11). ക്രിസ്തുവില്ലാത്ത ക്രിസ്തുമതം അടിസ്ഥാനമില്ലാത്ത കെട്ടിടമാണ്. സാമൂഹികപ്രവർത്തനവും മനുഷ്യസേവനവുമെല്ലാം നല്ലതാണെങ്കിലും അതൊന്നും സഭയ്ക്കു പകരമാവില്ല. സഭ അടിസ്ഥാനപരമായി ക്രിസ്തുവും അവിടുത്തെ രക്ഷയുടെ സുവിശേഷവുമാണ്.

ഓരോ ജോലിക്കാരും ദൈവത്തിന് കണക്കുകൊടുക്കേണ്ടിവരും. കാരണം അയാൾ സ്വന്തം ജോലിയല്ല ദൈവത്തിന്റെ ജോലിയാണ് ചെയ്യുന്നത്. 'കർത്താവിന്റെ ദിനത്തിൽ' ഓരോരുത്തരുടെയും പണിയുടെ മേന്മ വ്യക്തമാക്കപ്പെടും. ദൈവം വിധി നടപ്പാക്കുന്ന

ദിനമാണ് കർത്താവിന്റെ ദിനം എന്നതുകൊണ്ട് പഴയനിയമത്തിൽ അർത്ഥമാക്കിയിരുന്നത്. യേശുവിന്റെ രണ്ടാമത്തെ ആഗമനത്തെ ഇവിടെ സൂചിപ്പിക്കുന്നു. ഓരോരുത്തരും താന്താങ്ങളുടെ പ്രതിഫലം സ്വീകരിക്കുന്ന വിധിയുടെ നിമിഷമാണത്. യാതൊരാൾക്കും തങ്ങളുടെ ശുശ്രൂഷയെക്കുറിച്ച് അഭിമാനം കൊള്ളാനില്ല എന്ന് പൗലോസ് വ്യക്തമാക്കുന്നു. സഭാസൗധം നിലനിൽക്കുമോ ഇല്ലയോ എന്നത് അതിനു നല്കിയ വിലയെ ആശ്രയിച്ചിരിക്കും.

വിലയുള്ള വസ്തുക്കൾ ഉപയോഗിച്ചു പണിതവ പരീക്ഷണങ്ങളെ അതിജീവിച്ച് നിലനിൽക്കും. കേവലം അലങ്കാരത്തിനും പരസ്യത്തിനും താത്കാലിക നേട്ടത്തിനും മാത്രമായി വിലകുറഞ്ഞ വസ്തുക്കൾകൊണ്ട് പണിതതാണെങ്കിൽ, നല്ല വിലകൊടുക്കാത്ത പണികളാണെങ്കിൽ, സഭ നിലനിൽക്കില്ല. വലിയ നഷ്ടം സഹിക്കേണ്ടിവന്നാലും അത്തരം ജോലി ചെയ്തവർ രക്ഷിക്കപ്പെടും എന്നത് ശ്രദ്ധേയമാണ്. രക്ഷയുടെ അടിസ്ഥാനം തങ്ങളുടെ ജോലിയുടെ വിജയപരാജയങ്ങളല്ല, ദൈവത്തിന്റെ കൃപയും തെരഞ്ഞെടുപ്പുമാണ്, ഓരോരുത്തരുടെയും വിലപിടിച്ച സമർപ്പണംവഴിയാണ് സാധിക്കുന്നത്.

കോറിന്തോസുകാരുടെ സഭയിലെ ഭിന്നിപ്പുകളുടെയും അനൈക്യത്തിന്റെയും പശ്ചാത്തലത്തിൽ തുടർന്നുള്ള ചോദ്യങ്ങൾ പ്രസക്തമാണ്. സഭയാണ് ദൈവത്തിന്റെ ആലയം. ആത്മാർത്ഥമല്ലാത്ത പ്രവർത്തനംവഴി, വിലകുറഞ്ഞ വസ്തുക്കൾകൊണ്ട് കെട്ടിടം പണിത് പരീക്ഷണദിനത്തിൽ സഭയ്ക്കു മുഴുവൻ നാശം വരുത്തിവയ്ക്കുന്നവിധമുള്ള പ്രവർത്തനശൈലി ശിക്ഷ വിളിച്ചുവരുത്തും. കാരണം യാതൊരാൾക്കും തന്നിഷ്ടംപോലെ പ്രവർത്തിക്കാൻ അവകാശമില്ല. തന്റെ സ്വന്തം ജോലിയല്ല നാം ചെയ്യുന്നത്. അതു ദൈവത്തിന്റെ ജോലിയാണ്. ദൈവം നിശ്ചയിച്ചവിധം വേണം ഓരോരുത്തരും പ്രവർത്തിക്കാൻ.

കോറിന്തോസിലെ സഭയിലെ ഭിന്നതയുടെ പശ്ചാത്തലത്തിൽ സഭയുടെതന്നെ അർത്ഥത്തിലേക്കും അടിസ്ഥാനത്തിലേക്കും ശ്രദ്ധക്ഷണിച്ചുകൊണ്ട് പൗലോസ് യഥാർത്ഥ ജ്ഞാനത്തെ സംബന്ധിച്ച ചർച്ച അവസാനിപ്പിക്കുന്നു (18:23). ആരും 'ആത്മവഞ്ചന' ചെയ്യാതിരിക്കട്ടെ എന്ന ഉപദേശം കോറിന്തോസിൽ ഓരോരുത്തരേയും ഉദ്ദേശിച്ചു തന്നെയാണ്. ഇല്ലാത്ത മഹിമകൾ ഉണ്ടെന്നവിധമുള്ള പെരുമാറ്റമാണ് ഇവിടെ ആത്മവഞ്ചന കൊണ്ടർത്ഥമാക്കുന്നത്. സഭയിൽ ഇത്തരം പെരുമാറ്റം നിലനിൽക്കുന്നു. ചില നേതാക്കന്മാരോടും ചില ഗ്രൂപ്പുകളോടും പക്ഷം പിടിച്ച് വഴിതെറ്റിപ്പോയിരിക്കുകയാണവർ. തങ്ങൾ ജ്ഞാനികളാണെന്നാണ് കോറിന്തോസിലെ പല നേതാക്കളും കരുതുന്നത്. ഓരോ വിഭാഗത്തിന്റെ വക്താക്കളായി സ്വയം ജ്ഞാനികളെന്ന് വിചാരിക്കുന്നു. എന്നാൽ അവർ സ്വയം അബദ്ധത്തിൽ കഴിയുകയാണ്.



പൗലോസ് ശ്ലീഹായുടെ അജപാലന വീക്ഷണങ്ങൾ

യഥാർത്ഥ ജ്ഞാനം ദൈവത്തിൽനിന്നു വരുന്നതാണ്. ലോകത്തിന്റെ കാഴ്ചപ്പാടിലെ ജ്ഞാനം ദൈവപദ്ധതികളോടു താരതമ്യപ്പെടുത്തിയാൽ ഒന്നുമല്ല. തങ്ങളുടെ ആത്മീയ സിദ്ധികളിലും അറിവിലും ബുദ്ധിവൈഭവത്തിലും സാമൂഹിക നിലയിലും തങ്ങൾ മറ്റുള്ളവരേക്കാൾ ശ്രേഷ്ഠരാണ് എന്നു കരുതിയിരുന്നവർ സഭയിലുണ്ടായിരുന്നു. ഇത്തരക്കാർ യഥാർത്ഥജ്ഞാനം എന്തെന്നു തിരിച്ചറിഞ്ഞ് കുരിശിന്റെ ഭോഷത്തം സ്വന്തമാക്കുമ്പോൾ മാത്രമേ യഥാർത്ഥ ജ്ഞാനികളാകൂ. വിശുദ്ധഗ്രന്ഥത്തിൽനിന്ന് രണ്ടുവചനങ്ങൾ ഉദ്ധരിച്ച് (ജോബ് 5:13; സങ്കീ 94:11) ഇതു വ്യക്തമാക്കുന്നു.

വ്യക്തികളുടെ പേരിൽ അഭിമാനം കൊള്ളുകയും അതിന്റെ അടിസ്ഥാനത്തിൽ സഭയിൽ ഭിന്നതകൾ സൃഷ്ടിക്കുകയും വിവിധകക്ഷികളായിത്തിരിഞ്ഞ് പരസ്പരം മത്സരിക്കുകയും ചെയ്യുന്ന കോറിന്തോസിലെ സഭാസമൂഹം അടിസ്ഥാനപരമായ മാനസാന്തരത്തിന് വിധേയമായേ പറ്റൂ. വ്യക്തികളിലും ആശയങ്ങളിലും തങ്ങിനിൽക്കാതെ അതിനപ്പുറത്തേക്ക് പോകാൻ അപ്പസ്തോലൻ ആവശ്യപ്പെടുന്നു. ക്രിസ്തുവിൽ എല്ലാ നേട്ടങ്ങളും സ്വന്തമായവരാണ് വിശ്വാസികൾ. വ്യക്തികളിലും പ്രസ്ഥാനങ്ങളിലും കുടുങ്ങി വിഭാഗീയതയുടെ അടിമകളാകുമ്പോൾ യഥാർത്ഥ ഉറവിടത്തിലേക്ക് ചെന്നുപറ്റാൻ കഴിയാതെ മാർഗ്ഗത്തിൽ തടഞ്ഞു നിൽക്കുകയാണവർ. യഥാർത്ഥ ഉറവിടം ക്രിസ്തുവാണ്. സഭാസമൂഹം ക്രിസ്തുവിന്റേതാണ്. ക്രിസ്തുവിൽവരെ ചെന്നുനിൽക്കുന്ന സഭാപാരമ്പര്യമാണ് ആവശ്യം. ക്രിസ്തുവിലെത്താതെ പാതിവഴിയിൽ ചെന്നുനിന്ന് അവകാശവാദങ്ങളുന്നയിച്ചും അറിവും അനുഭവങ്ങളും അവകാശപ്പെട്ടും ഭിന്നിപ്പുകൾ സൃഷ്ടിക്കുന്നവർ ക്രിസ്തുവിൽ എത്തിച്ചേരുന്നില്ല; ക്രിസ്തുവിലൂടെ ദൈവം യഥാർത്ഥ്യമാക്കിയ രക്ഷാകരപദ്ധതിയിൽ ഭാഗഭാക്കുകളാകുന്നില്ല. സഭയിലെ ഭിന്നതകളുടെയും യഥാർത്ഥ ക്രൈസ്തവ സാക്ഷ്യം നൽകാൻ കഴിയാത്തതിന്റെയും കാരണം വ്യക്തികളിലും പാരമ്പര്യങ്ങളിലും ഉടക്കി ഇത്തരത്തിൽ പാതിവഴിയിൽ നിന്നുപോകുന്നതാണ്.

### അപ്പസ്തോലന്മാർ (4:1-21)

കോറിന്തോസിലെ വിഭാഗീയതയുടെ അടിസ്ഥാനകാരണം അപഗ്രഥിച്ച് മാനസാന്തരത്തിന്റെ ആവശ്യകതയെ സൂചിപ്പിച്ചശേഷം

അപ്പസ്തോല ശുശ്രൂഷയുടെ യഥാർത്ഥ സ്വഭാവത്തെയും (4:1-5) കോറിന്തോസിലെ നേതാക്കന്മാരും ക്രിസ്തുവിന്റെ അപ്പസ്തോലന്മാരും തമ്മിലുള്ള വ്യത്യാസത്തെയും (4:6-13) വ്യക്തമാക്കുന്നു. തുടർന്നുള്ള വചനങ്ങളിൽ (4:14-21) തന്റെ അപ്പസ്തോലിക അധികാരത്തെക്കുറിച്ച് ഊന്നിപ്പറഞ്ഞ് താൻ കോറിന്തോസിലേക്ക് വീണ്ടും വരുന്നുവെന്നും അപ്പോൾ ഭിന്നതകൾ ഇല്ലാത്ത ഒരു സമൂഹത്തെ പ്രതീക്ഷിക്കുന്നു എന്നും പൗലോസ് കോറിന്തോസുകാർക്ക് എഴുതുന്നു.

**ദൈവരഹസ്യങ്ങളുടെ കാര്യസ്ഥർ (4:1-5)**

നേതൃത്വത്തെക്കുറിച്ച് വിശ്വാസികൾക്ക് വ്യക്തമായ അറിവ് ആവശ്യമാണ്. ദൈവരാജ്യത്തിലെ നേതൃത്വം ദാസന്റെ ശുശ്രൂഷയാണ്; കാര്യസ്ഥന്റെ കൃത്യനിർവഹണമാണ്. ദൈവം നിശ്ചയിക്കുന്ന നേതാക്കൾ സഭയ്ക്ക് അവിടുന്ന് നല്കുന്ന സമ്മാനങ്ങളാണ്. അതേസമയം അവർ യജമാനന്മാരല്ല, ദാസന്മാരാണ്. സഭാംഗങ്ങളുടെ ശുശ്രൂഷയെ സംബന്ധിച്ച് പരാമർശിക്കുമ്പോൾ കോറിന്തോസ് ലേഖനങ്ങളിൽ വിവിധവാക്കുകൾ പൗലോസ് ഉപയോഗിക്കുന്നു. ഭക്ഷണമേശയിൽ ശുശ്രൂഷചെയ്യുന്നതിനെ സൂചിപ്പിക്കുന്ന ഡിയാക്കോണിയയാണ് ഇതിൽ പ്രധാനം (1കോറി 3:5; 16:15; 2 കോറി 3:6; 6:4-11; 15:23; 3:7; 4:1; 5:18; 6:3; 8:4-9; 1:13; 11:8) ജോലിക്കാരൻ, അടിമ, സഹപ്രവർത്തകൻ, സഹായകൻ തുടങ്ങിയവയും ഇത്തരത്തിലാണ് മനസിലാക്കുന്നത്. പൗലോസ് ക്രൈസ്തവ ശുശ്രൂഷയെ എപ്രകാരമാണ് മനസ്സിലാക്കുന്നതെന്ന് വ്യക്തമാക്കുന്നതാണ് ഇവയെല്ലാം. വിശ്വാസികൾ ക്രിസ്തുവിന്റേതാണ്. ക്രിസ്തു മറ്റുള്ളവർക്ക് ശുശ്രൂഷ ചെയ്തതുപോലെ (മർക്കോ 10:45) വിശ്വാസികൾ മറ്റുള്ളവർക്ക് ദാസ്യവേല ചെയ്യണം. സഭയിലെ നേതൃത്വം ദാസ്യശുശ്രൂഷയാണ്. അഹങ്കാരത്തോടെ, സ്വന്തമഹത്വം ഉയർത്തിക്കാട്ടുന്ന, വിഭാഗീയതക്കിടവരുത്തുന്ന നേതൃശൈലി യേശുവിന്റെ ശുശ്രൂഷാശൈലി എന്തെന്നു ഗ്രഹിക്കാത്തതാണ്.

കാര്യസ്ഥനെപ്പോലെയാണ് സഭയിലെ ശുശ്രൂഷകൻ വർത്തിക്കേണ്ടത്. ഉത്തരവാദിത്വവും വിശ്വാസ്യതയും കാര്യസ്ഥർക്കുകൂടിയേ തീരൂ. ദൈവം തന്റെ കാര്യസ്ഥരെ പരിശോധിക്കുകയും വിധിക്കുകയും ചെയ്യും. 'നിങ്ങൾ മുൻകൂട്ടി വിധി പ്രസ്താവിക്കരുത്' എന്നത് കോറിന്തോസിലെ പശ്ചാത്തലത്തിലാണ് മനസ്സിലാക്കേണ്ടത്. നേതാക്കന്മാരുടെ പിൻബലത്തിൽ കക്ഷിമത്സരങ്ങളിൽ ഉൾപ്പെട്ടിരുന്ന കോറിന്തോസുകാർ പൗലോസിനെതിരേ നിലപാടെടുത്തിരുന്നു എന്നു ന്യായമായും കരുതാവുന്നതാണ്. തുടർന്നുവരുന്ന ചർച്ചകൾ ഇക്കാര്യം കുറേക്കൂടി വ്യക്തമാക്കുന്നു. (4:6-13). പൗലോസ് തന്റെ ആധികാരികതയും ആത്മാർത്ഥതയും കർത്താവിന്റെ വിധിനിർണ്ണയത്തിനായി സമർപ്പിക്കുന്നു. ദൈവം ഓരോ ശുശ്രൂഷകരെയും വിധിക്കുമ്പോൾ അവരുടെ പ്രവൃത്തികളും അതിന്റെ വിജയപരാജയങ്ങളും മാത്രമല്ല പരിഗണിക്കുന്നത്. ദൈവം ഓരോരുത്തരുടെയും മനോഭാവങ്ങളും ലക്ഷ്യങ്ങളുംകൂടി വിലയിരുത്തുന്നു.





**പൗലോസിന്റെ മാതൃക (4:6-13)**

ലേഖനാരംഭത്തിൽ നാലു ഗ്രൂപ്പുകളെയും നേതാക്കന്മാരെയും സംബന്ധിച്ചു പറഞ്ഞിരുന്നെങ്കിലും തുടർന്നുള്ള അധ്യായങ്ങളിൽ പൗലോസും അപ്പോളോസും മാത്രമേ പരാമർശിക്കപ്പെടുന്നുള്ളൂ. ഇവിടെ (4:6) പൗലോസും അപ്പോളോസും ഉദാഹരണങ്ങൾ എന്ന വിധമാണ്. യഥാർത്ഥത്തിൽ ഓരോ ഗ്രൂപ്പും ചില നേതാക്കന്മാരെ ഉയർത്തിക്കാട്ടിയിരുന്നു എന്നു കരുതാം. പൗലോസ് പേരെടുത്തു പറയുന്നവരാരും ഈ നേതാക്കന്മാരാകണമെന്നില്ല. *കേപ്പായുടെ, ക്രിസ്തുവിന്റെ* തുടങ്ങിയവയും ഇവിടെ സൂചിപ്പിക്കുന്നതുപോലെ കേവലം ഉദാഹരണമാണ്, ഭാവനയാണ് എന്നും കരുതാവുന്നതാണ്. യഥാർത്ഥവ്യക്തികൾ സഭാസമൂഹത്തിലെ മറ്റുചിലരാണ്. സഭാംഗങ്ങൾക്ക് സ്വാഭാവികമായും ഇവരെ വ്യക്തമായി അറിയാം. പൗലോസ് ഇവരുടെ പേരുകൾ നേരിട്ടുപറയാതെ ഏവർക്കും സ്വീകാര്യമായ, അപ്പസ്തോലരുടെ പേരുകൾ യഥാർത്ഥ വിഘടിത നേതാക്കൾക്കുനേരേ വിരൽചൂണ്ടി ഇവിടെ ഉപയോഗിച്ചിരിക്കുന്നു എന്നു കരുതാനും ന്യായമുണ്ട്. 'നിങ്ങളെ പ്രതിയാണ്' (4:6) എന്നതു ഈ യാഥാർത്ഥ്യത്തിൽ മനസ്സിലാക്കാം. യഥാർത്ഥ നേതാക്കളുടെ പേര് പറയാത്തത് ബോധപൂർവ്വമാകാം.

നേതാക്കന്മാരായ അപ്പസ്തോലന്മാരിൽനിന്ന് കോറിന്തോസുകാർ പഠിക്കേണ്ട പാഠം എളിമയും കൂട്ടായ പ്രവർത്തനവുമാണ്. അഹങ്കാരവും കക്ഷിമത്സരങ്ങളും വെടിഞ്ഞ്, സ്വന്തം കാര്യം നോക്കാതെ, സഭയുടെ മേന്മയ്ക്കായി പ്രവർത്തിക്കാൻ അപ്പസ്തോലൻ ആവശ്യപ്പെടുന്നു. *നിനക്ക് എന്തു പ്രത്യേക മഹാത്മ്യമാണ് ഉള്ളത്* എന്നു തുടങ്ങുന്ന തുടർന്നുള്ള ചോദ്യങ്ങളിൽ ഏകവചനമാണ് ഉപയോഗിച്ചിരിക്കുന്നത്. ഏതെങ്കിലും ഒരാളെ പ്രത്യേകം ലക്ഷ്യം വച്ചാണ് ഈ ചോദ്യങ്ങൾ എന്നു കരുതാനാവില്ല. പ്രസംഗശൈലിയിലുള്ള ചോദ്യങ്ങളാണിവ. ദാനമായി ലഭിച്ചവ സ്വന്തമായി അവകാശപ്പെടാനില്ല. മുമ്പ്, എല്ലാം നിങ്ങളുടെ സ്വന്തമാണ്

എന്ന് പൗലോസ് പറയുന്നു (3:22). അവിടെയും അഭിമാനിക്കേണ്ട എന്നുതന്നെയായിരുന്നു പഠനം. ഇവിടെ 'നിന്റെ' എന്നതു വ്യക്തി പരമാണ്. നേരത്തേ പറഞ്ഞവ സഭയുടേത് എന്ന തരത്തിലാണ് മനസ്സിലാക്കേണ്ടത്. ഏതെങ്കിലും വ്യക്തികൾക്ക് എന്തെങ്കിലും വിശേഷഗുണങ്ങൾ ഉണ്ടെങ്കിൽത്തന്നെ അത് ദൈവത്തിന്റെ ദാന മാണ്; അഹംഭാവം ഉണ്ടാകാനുള്ളതല്ല.

സ്വന്തം സമൃദ്ധിയിലും കഴിവുകളിലും വിജയങ്ങളിലും ദുരഭി മാനംകൊണ്ട് തങ്ങൾ വന്ന വഴികളെയും ദൈവകൃപയേയും മറ ന്നു കളഞ്ഞ കോറിന്തോസുകാരുടെ ചിത്രമാണ് പൗലോസ് തുടർന്ന് വരച്ചുകാട്ടുന്നത്. ഭക്ഷിച്ചു സംതൃപ്തരായവർ എന്നതിനുപയോ ഗിക്കുന്ന വാക്കിൽനിന്നാണ് 'എല്ലാം തികഞ്ഞവർ' എന്നതു വരു ന്നത്. സമ്പന്നരാണ്; അധികാരം തങ്ങളുടെ കൈയിലാണ്; തങ്ങൾക്ക് എല്ലാമുണ്ട് എന്നെല്ലാം ഒരു സഭ ചിന്തിച്ചുതുടങ്ങുമ്പോൾ യഥാർത്ഥ അടിത്തറയിൽനിന്ന് വിട്ടുമാറുകയാണ് ചെയ്യുന്നത്. തങ്ങൾ സംതൃപ്തരാണെന്ന മട്ടിൽ അഭിമാനിക്കാതെ നീതിക്കു വേണ്ടി വിശക്കുകയും ദാഹിക്കുകയും ചെയ്യുക എന്നതാണ് ദൈവ രാജ്യത്തിനായി വിളിക്കപ്പെട്ടവർക്കുണ്ടായിരിക്കേണ്ട സ്വഭാവ സ വിശേഷത. എല്ലാം തികഞ്ഞവരാണെന്നുള്ളത് തികച്ചും ഭൗതിക മായ ചിന്തയാണ്; ദൈവാരൂപിയുടെ പ്രചോദനമല്ല.

തുടർന്നുള്ള വാക്യങ്ങളിൽ (4:9-13) അപ്പസ്തോലന്മാർ അനുഭ വിക്കുന്ന കഷ്ടപ്പാടുകളുടെ പട്ടികതന്നെ പൗലോസ് അവതരിപ്പി ക്കുന്നു. അപ്പസ്തോലന്മാരെ ദൈവം ഏറ്റവും അവസാനത്തെ ആളു കളാക്കിത്തീർക്കുന്നു. എല്ലാവരേയും കാഴ്ചവസ്തുക്കളെപ്പോലെ ആക്കിയിരിക്കുന്നു. അടിമകളുടെയും ദാസന്മാരുടെയും സ്ഥാനമാ ണവർക്ക്. അധികാരത്തിന്റെയും സ്വന്തം മേന്മകളുടേതുമായ ഒന്നും അവർക്ക് ദൈവം നൽകിയിട്ടില്ല. പൗലോസ് ഇതിനെക്കുറിച്ച് ഇവിടെ പരാതിപ്പെടുകയല്ല. അപ്പസ്തോലന്മാർ ക്രിസ്തുവിനു വേണ്ടി 'ഭോഷന്മാർ' ആക്കപ്പെട്ടിരിക്കുകയാണ്. ബലഹീനതകളും കുറവുകളും വിശപ്പും ദാഹവും നഗ്നതയുമെല്ലാമാണ് ക്രിസ്തുശി ഷ്യന് അവകാശമായുള്ളത്. ഇതിലാണ് അയാൾ അഭിമാനിക്കേ ണ്ടതും. ക്രിസ്തുവിന്റെ കുരിശിന്റെ ഭോഷത്തം അർത്ഥപൂർണ്ണമാ കുന്നത് ഈ ഇല്ലായ്മയിലാണ്. യേശുവിനു ലഭിച്ച അതേ സ്വീകാ ര്യതയാണ് അവിടുത്തെ ശിഷ്യർക്കുള്ളത്. ലോകത്തിന്റെ ചപ്പും ചവറുംപോലെ ഏറ്റവും നിസ്സാരവും അവഗണിക്കപ്പെട്ടതും വെറു ക്കപ്പെട്ടതുമായി കണക്കാക്കപ്പെടുകയാണ് ക്രിസ്തുശിഷ്യന്റെ അവ കാശം. സഭയിലെ നേതാക്കന്മാരെ മാത്രം ഉദ്ദേശിച്ചല്ല ഇവിടെ പ്രതീ





കങ്ങൾ പറഞ്ഞിരിക്കുന്നത്. എങ്കിലും അപ്പസ്തോലന്മാരുമായി താരതമ്യം ചെയ്തുപറയുന്നതിനാൽ നേതാക്കന്മാരുടെ കാര്യമാണ് പൗലോസിന്റെ പ്രധാനശ്രദ്ധ എന്നതു വ്യക്തമാണ്. യേശുവിന്റെ പീഡാസഹനങ്ങളോടും അപമാനങ്ങളോടും പൂർണ്ണമായി താദാത്മ്യപ്പെട്ടുള്ള ജീവിതമാണ് അപ്പസ്തോലന്മാരുടേത്. അതാണ് യഥാർത്ഥത്തിലുള്ള ക്രിസ്തീയ നേതൃത്വം. കോറിന്തോസുകാർ തങ്ങളുടെ മഹത്വം കണ്ടതും നേതാക്കളെ വിലയിരുത്തിയതും കേവലം ഭൗതികമായ കഴിവുകളുടെയും നേട്ടങ്ങളുടെയും അടി സ്ഥാനത്തിലാണ്. കോറിന്തോസിലെ സഭയ്ക്കു സംഭവിച്ച ഏറ്റവും വലിയ പരാജയവും അതുതന്നെ.

**തിരുത്തലുകൾ (4:14-21)**

ഭിന്നതകൾ അവസാനിപ്പിക്കാനുള്ള വിവിധ മാർഗ്ഗങ്ങൾ ഉപദേ ശിച്ചശേഷം തികച്ചും വ്യക്തിപരമായ ചില വസ്തുതകൾ ശ്ലീഹാ 4:14-21 ൽ പങ്കുവയ്ക്കുകയാണ്. കോറിന്തോസിലെ സമൂഹവുമായി തനിക്കുള്ള വ്യക്തിബന്ധം ഉപയോഗിച്ചുകൊണ്ട് സമൂഹത്തെ കൂട്ടാ യ്മയിലേയ്ക്കു തിരിച്ചുകൊണ്ടുവരാനുള്ള ശ്രമമാണ് അപ്പസ്തോ ലൻ ഇവിടെ നടത്തുന്നത്.

നിങ്ങളെ ലജ്ജിപ്പിക്കാനല്ല' (4:14-21) എന്ന ആമുഖത്തോടെ ആരം ഭിക്കുന്ന ഈ ഭാഗം 1-4 അദ്ധ്യായങ്ങളോടു ചേർന്നുപോകുന്ന താണോ എന്ന് ചിലർ സംശയം പ്രകടിപ്പിച്ചിട്ടുണ്ട്. പൗലോസ് കോറി ന്തോസിലെ പ്രശ്നങ്ങൾ കേട്ടറിഞ്ഞതിന്റെ വെളിച്ചത്തിൽ അവരെ സന്ദർശിക്കാനും ചില തിരുത്തലുകൾ നൽകാനും തീരുമാനിച്ചി ട്ടുണ്ട് എന്നും അതു ഉടനെ ഉണ്ടാകുമെന്നും മുന്നറിയിപ്പു നൽകു ന്നു.

പൗലോസ് ലേഖനത്തിലൂടെ ചില തിരുത്തലുകൾ നൽകുക യാണ്. ഒരു അപ്പന്റെയും അമ്മയുടെയും സ്ഥാനത്ത് അദ്ദേഹം തന്നെ കാണുന്നു എന്ന് അദ്ദേഹത്തിന്റെ വാക്കുകളിൽ വ്യക്തമാണ്. താൻ കോറിന്തോസുകാർക്ക് അപ്പനാണ് എന്ന് വ്യക്തമാക്കുന്നതാണ് 'ഉപ ദേശിക്കാനാണ്' എന്ന വാക്ക്. ഓർമ്മപ്പെടുത്താൻ എന്നാണ് ഇവിടെ ഉപയോഗിച്ചിരിക്കുന്ന ഗ്രീക്കുപദത്തിന്റെ പ്രഥമ അർത്ഥം. മാത്രവു മല്ല, അവർക്ക് പതിനായിരം അദ്ധ്യാപകർ ഉണ്ടെങ്കിലും ഒരു അപ്പ ത്തിൽനിന്ന് അവരെ ജനിപ്പിച്ചത് പൗലോസാണ്. സുവിശേഷപ്ര ഘോഷണംവഴി വിശ്വാസത്തിലേക്ക് ഒരാളെ കൊണ്ടുവരുമ്പോൾ പിതൃപുത്രബന്ധമായി കണക്കാക്കാവുന്നതാണ് (ഫിലെ 10; 1 കോറി 9:2). മക്കൾ പിതാവിനെപ്പോലെയാകണം. അതിനാൽ *നിങ്ങൾ എന്നെ അനുകരിക്കുന്നവരാകുവിൻ* എന്ന് അപ്പസ്തോലന് പറയാൻ

കഴിയും. തന്നെ നേതാവായി അംഗീകരിച്ച് തന്റെ പിന്നാലെ വരിക എന്നിവിടെ അർത്ഥമാക്കുന്നില്ല. പൗലോസിനെ അനുകരിക്കുകയെന്നാൽ ക്രിസ്തുവിനെ അനുകരിക്കുകയെന്നുതന്നെയാണ്. കാരണം പൗലോസ് പൂർണ്ണമായി ക്രിസ്തുവിനെ അനുകരിക്കുന്നു. തന്നെ അനുകരിക്കാൻ വിശ്വാസികളോട് അഹ്വാനം ചെയ്യുന്നത് പൗലോസിന്റെ ആധികാരികതയുടെ തെളിവാണ്. തന്നോടു കക്ഷിചേർന്നു തന്റെ ഗ്രൂപ്പിൽ വരാനല്ല, താൻ ക്രിസ്തുവിനെ അനുകരിക്കുന്നതുപോലെ ജീവിക്കാനാണ് ഇവിടെ അഹ്വാനം ചെയ്യുന്നത്.

ക്രിസ്തുവിന്റെ വഴിയെ നടക്കുന്ന പൗലോസിന്റെ പ്രബോധനവും ജീവിതവും കോറിന്തോസുകാരെ അനുസ്മരിപ്പിക്കാൻ പൗലോസ് തന്റെ വിശ്വസ്തസഹചാരിയും പ്രിയശിഷ്യനുമായ തിമോത്തിയോസിനെ കോറിന്തോസിലേക്കു അയക്കുന്നു. സഭയിലെ ഭിന്നതകൾ ഇല്ലാതാക്കാൻ ചെയ്ത ഇക്കാര്യം വിഭാഗീയത തുടച്ചുമാറ്റുന്നതിൽ വിജയിച്ചില്ല എന്നാണ് പൗലോസിന്റെ രണ്ടാം ലേഖനവും മറ്റും സൂചിപ്പിക്കുന്നത്. അതുപോലെതന്നെ പൗലോസ് ആലോചിച്ചുവച്ചിരുന്ന കോറിന്തോസ് സന്ദർശനവും യഥാകാലം നടന്നില്ല എന്നുവേണം കരുതാൻ. പൗലോസ് കോറിന്തോസിൽ സന്ദർശനം നടത്തില്ല എന്ന് ഔദ്ധത്യത്തോടെ കരുതുന്ന ചിലരെ താക്കീതുചെയ്യാനും അദ്ദേഹം ശ്രമിക്കുന്നു. ഇവർ വിവിധ ഗ്രൂപ്പുകളുടെ നേതാക്കന്മാരായിരുന്നോ ഏതെങ്കിലും ഗ്രൂപ്പുതന്നെ ആയിരുന്നുവോ എന്നു വ്യക്തമല്ല. അഹംഭാവത്തോടെയുള്ള ഈ നിലപാട് കോറിന്തോസിലെ സഭയുടെ അടിസ്ഥാനപ്രശ്നം തന്നെയായിരുന്നു.

ദൈവരാജ്യം അഹംഭാവം നിറഞ്ഞ വാക്കുകളിലല്ല, ആത്മാവിന്റെ ശക്തിയിലാണ് എന്ന് അവരെ ഓർമ്മപ്പെടുത്താനും അപ്പസ്തോലൻ ശ്രമിക്കുന്നു. ഈ ഭാഗത്തിന്റെ അന്തിമവാക്യമായി പ്രസംഗശൈലിയിൽ പൗലോസ് ചോദിക്കുന്ന ചോദ്യം വളരെ ഹൃദയഹാരിയാണ്. വടിയുമായി വരണോ, അതോ സ്നേഹത്തോടും സൗമ്യതയോടും കൂടി വരണോ എന്ന ചോദ്യം ഒരു അമ്മയുടെ മനോഭാവത്തോടെയുള്ളതാണ്. തെറ്റുചെയ്ത്, കുസൃതികാട്ടിനിൽക്കുന്ന കുഞ്ഞിനോട് അമ്മ ഇത്തരത്തിലാണ് ഇടപെടാറ്. ശിക്ഷിക്കാനല്ല, സ്നേഹപൂർവ്വം തിരുത്താനാണ് ഈ ചോദ്യം. പൗലോസ് വിശ്വാസത്തിൽ തന്റെ പ്രിയമക്കളായ കോറിന്തോസുകാരോട് ഒരു അപ്പനെപ്പോലെയും (4:15-16) അമ്മയെപ്പോലെയും ഇടപെടുന്ന ശൈലി സഭയുടെ നേതൃത്വത്തിലേക്കു വരുന്ന ഏതൊരാൾക്കും അനുകരിക്കാവുന്നതും അനുകരിക്കേണ്ടതുമായ നേതൃത്വവഴിയാണ്.



04

# ധാർമ്മിക പ്രശ്നങ്ങൾ (5:1– 6:20)

കോറിന്തോസിലെ സഭാസമൂഹത്തിൽ നിലനിന്നിരുന്ന ചില ധാർമ്മിക പ്രശ്നങ്ങൾക്കുള്ള അജപാലനപരമായ പരിഹാര മാർഗ്ഗങ്ങളാണ് 5-6 അധ്യായങ്ങളുടെ ഉള്ളടക്കം. ഭോഗാസക്തി, വ്യഭിചാരം, അഗമ്യഗമനം തുടങ്ങിയ തിന്മകളെ എപ്രകാരമാണ് അജപാലനപരമായി നേരിടാൻ കഴിയുന്നത് എന്ന് അപ്പസ്തോലൻ ഇവിടെ വ്യക്തമാക്കുന്നുണ്ട്.

സഭയിൽ ധാർമ്മികതിരുത്തലുകൾ നടത്തുന്നതു സംബന്ധിച്ച് വിവിധ തിരുവചനങ്ങൾ പുതിയനിയമത്തിൽ കാണാം (1 കോറി 5:2; 7:13; 2 കോറി 2:5-7; 2 തെസ 3:14-15; 1 തിമോ 1:20; തീത്തോ 3:10). സഭയിൽ തിരുത്തലുകൾ നൽകുന്നതിന് മൂന്ന് ലക്ഷ്യങ്ങളാണ് പ്രധാനമായും ഉള്ളത്. ഒന്ന്: പ്രാദേശികസഭയുടെ സത്പേരും നന്മയും തകരാതെ നിലനിർത്തുക. രണ്ട് : സഭാംഗങ്ങളെ അവർ തങ്ങളുടെ ഉടമ്പടി ജീവിതത്തിൽനിന്ന് മാറിപ്പോകാനിടവന്നിട്ടുണ്ടെങ്കിൽ വീണ്ടും തിരിച്ചുവരാൻ സഹായിക്കുക (2 കോറി 2:5-11, 2 തെസ 3:14-15). മൂന്ന് : മറ്റു സഹോദരർ പാപത്തിൽ പതിക്കാൻ ഇടവരുത്താതിരിക്കുക (1 തിമോ 5:20).

തിരുത്തലിന് മൂന്നു സാദ്ധ്യതകളാണുള്ളത്. ഒന്ന്: വ്യക്തിപരമായി വിഷയം ചർച്ച ചെയ്യുക; വിജയിക്കാത്ത പക്ഷം അത്തരം വ്യക്തികളുമായി ബന്ധങ്ങൾ ഉണ്ടാകാതിരിക്കുക (മത്താ 18:15; ഗലാ 6:1; 2 തെസ 3:14–15; തീത്തോ 3:10). രണ്ട്: ചെറിയ കൂട്ടായ്മയിൽ വിഷയം അവതരിപ്പിച്ച് തിരുത്താൻ ശ്രമിക്കുക (മത്താ 18:16) മൂന്ന്: സഭയുടെ പൊതു കൂട്ടായ്മയിൽ തിരുത്താൻ ശ്രമിക്കുക (മത്താ 18:16); സാധിക്കാത്തപക്ഷം കൂട്ടായ്മയിൽനിന്ന് പുറത്താക്കുക (മത്താ 18:17; 1 കോറി 5:1; 1 തിമോ 1:20). ഇവിടെയെല്ലാം തിരുത്തലിന്റെ ലക്ഷ്യം അനുതപിച്ച് തിരിച്ചുവരികയും പഴയസ്ഥിതിയിലെത്തുകയുമാണ്; ഒറ്റപ്പെടുത്തലും ശിക്ഷയുമല്ല (2 കോറി 2:6–8).

അധാർമ്മികമായ രണ്ടുസാഹചര്യങ്ങൾ പ്രത്യേകമായി എടുത്തു പറഞ്ഞു നിയതമായ തിരുത്തലുകൾ നിർദ്ദേശിക്കുകയാണ് അപ്പസ്തോലൻ ഇവിടെ ചെയ്യുന്നത്. ഈ വിഷയങ്ങളുടെ വെളിച്ചത്തിൽ പൊതുവായ ചില തത്വങ്ങൾ അവതരിപ്പിക്കുകയും ചെയ്യുന്നു.

**അസന്മാർഗ്ഗികതക്കെതിരേ (5:1–8)**

'വിജാതീയരുടെ ഇടയിൽപ്പോലും ഇല്ലാത്തതരം' ഒരു കാര്യമാണ് കോറിന്തോസിലെ സഭയിൽ എന്ന പരാമർശത്തിലൂടെയാണ് ഈ വിവരണം ആരംഭിക്കുന്നത്. യഹൂദനിയമം ലൈംഗികകാര്യങ്ങളിൽ ഉയർന്ന മാനദണ്ഡം പുലർത്തുന്നതായിരുന്നു (ലേവ്യ 18:8; 20:11; നിയ 22:30; 27:20). യഹൂദരുടെ ഇടയിൽ മാത്രമല്ല ഇതര വർഗ്ഗക്കാരുടെ ഇടയിലും പിതാവിന്റെ ഭാര്യയോടൊത്തു കഴിയുന്നത് ഹീനമായാണ് കരുതിയിരുന്നത്. 'നിങ്ങളുടെ ഇടയിലുണ്ടെന്നു കേൾക്കുന്നു' എന്നത് ശ്രദ്ധേയമാണ്. പൗലോസ് വ്യക്തിപരമായി ഈ വിഷയം കേട്ടിരിക്കുന്നു എന്നോ, കോറിന്തോസിലെ സഭയിലും മറ്റു സഭകളിലും ഇത് അറിഞ്ഞിരിക്കുന്നു എന്നോ ഇതിനെ മനസ്സിലാക്കാവുന്നതാണ്. പൗലോസിന്റെ അറിവാണിവിടെ സൂചിപ്പിക്കുന്നതെങ്കിൽ കോറിന്തോസിലെ ആരെങ്കിലും അദ്ദേഹത്തോടു പറഞ്ഞതാകാം. സഭയിലെ ഭിന്നതയെ സംബന്ധിച്ച് ക്ലോയേയുടെ ബന്ധുക്കളാണ് പൗലോസിനെ അറിയിച്ചത് (1:11). ഇതുപോലെ ആരെങ്കിലും ഇക്കാര്യവും അദ്ദേഹത്തോടു പറഞ്ഞിരിക്കാം. പൗലോസിനെ കാണാൻ ചെന്ന മൂവർസംഘം (1 കോറി 16:17) ഇക്കാര്യവും അദ്ദേഹത്തോടു പറഞ്ഞിരിക്കാം എന്നുകരുതാൻ ന്യായമുണ്ട്. എങ്കിലും ആരിൽനിന്നാണ് താൻ ഇക്കാര്യങ്ങൾ അറിഞ്ഞത് എന്നു വെളിപ്പെടുത്താൻ അദ്ദേഹം ആഗ്രഹിക്കാത്തതിനാലാവാം 'കേൾക്കുന്നു' എന്ന് പൊതുവിൽ പറഞ്ഞിരിക്കുന്നത്.

*സ്വന്തം പിതാവിന്റെ ഭാര്യയുമായി അവിഹിതവേഴ്ചയിൽ കഴി*





*യുന്നു* എന്നതിൽ തിന്മയുടെ ഗൗരവം വ്യക്തമാണ്. വിവാഹിതനെന്നപോലെ കഴിയുന്നതായിരിക്കാമിത്. നിയമമോ സാമൂഹിക ആചാരമോ അനുവദിക്കാത്ത കാര്യമാണത് എന്നതു വ്യക്തമാണ്. 'പിതാവിന്റെ ഭാര്യ' സ്വന്തം അമ്മയല്ല എന്നത് വ്യക്തമാണ്. അങ്ങനെയായിരുന്നെങ്കിൽ സ്വന്തം പിതാവിന്റെ ഭാര്യ എന്നതിനു പകരം സ്വന്തം അമ്മയുടെ എന്നു പറയുമായിരുന്നു. മാത്രവുമല്ല, അമ്മയും മകനും ഒരുമിച്ചു താമസിക്കുന്നത് ഒരു സംസ്കാരത്തിലും ഒരു ജനതകൾക്കിടയിലും അവിഹിതവേഴ്ചയായി വിലയിരുത്താറില്ല. അമ്മയ്ക്കും മകനും അത്തരം ഒരു ജീവിതം ആർക്കും ചിന്തിക്കാൻപോലും കഴിയുന്നതല്ല. പിതാവിന്റെ ഭാര്യ എന്നതുകൊണ്ട് പിതാവിന്റെ രണ്ടാംഭാര്യ (തന്റെ അമ്മയല്ലാത്ത മറ്റൊരു ഭാര്യ) എന്നാണ് പൊതുവേ മനസ്സിലാക്കുന്നത്. പിതാവു മരിച്ചുപോയിരിക്കാമെന്നോ, ഭാര്യയുമായി വിവാഹബന്ധം വേർപെടുത്തിയിരിക്കാമെന്നോ കരുതാവുന്നതുമാണ്. മേൽപറഞ്ഞ ഏതു സാഹചര്യമാണെങ്കിലും പുത്രന് അവരോടുള്ള ബന്ധം ഇല്ലാതാകുന്നില്ല. സ്ത്രീയെക്കുറിച്ച് ഇവിടെ പരാമർശമില്ലാത്തതുകൊണ്ട് സ്ത്രീ വിശ്വാസിയായിരിക്കണമെന്നില്ല എന്നാണ് പൊതുവേ കരുതപ്പെടുന്നത്.

ഇവിടെ ഇയാളുടെ പ്രവൃത്തി തെറ്റാണ് എന്നതിനും ശിക്ഷാർഹമാണെന്നതിനും ആർക്കും തർക്കമില്ല. അയാളുടെ പ്രവൃത്തിയെ എന്നതിനേക്കാൾ ഇക്കാര്യത്തിൽ കോറിന്തോസുകാരെടുത്ത നിലപാടിനെയാണ് പൗലോസ് ചോദ്യം ചെയ്യുന്നത്. ഇത്തരം ഹീനമായ പ്രവൃത്തിചെയ്തയാളെ ശിക്ഷിച്ചില്ലെന്നു മാത്രമല്ല സഭാസമൂഹം *അഹങ്കരിക്കുന്നു*. സമൂഹം തങ്ങളുടെ ഒരു അംഗം നാശത്തിലേക്ക് പോയതറിഞ്ഞു വിലപിക്കുകയായിരുന്നു വേണ്ടത്. ഒരാൾ മരിക്കുമ്പോഴാണ് വിലപിക്കുന്നത്. ആത്മീയമായ മരണമാണ് ഇവിടെ സംഭവിച്ചിട്ടുള്ളത്. പക്ഷേ സഭാസമൂഹം അതു കാര്യമാക്കുന്നതേയില്ല. കോറിന്തോസുകാരുടെ അഹങ്കാരത്തെക്കുറിച്ച് ലേഖനത്തിൽ പല പരാമർശങ്ങളും പൗലോസ് നടത്തുന്നുണ്ട് (4:6; 18:19; 5:2; 8:1; 13:4). ഇത്തരം തിന്മയിൽ കഴിയുന്ന വ്യക്തി ഒരുപക്ഷേ കോറിന്തോസിലെ സ്വാധീനമുള്ള ഒരു സഭാംഗമായിരുന്നിരിക്കാം. അയാൾ അങ്ങനെയാണെങ്കിലും അയാൾക്ക് ഒരു കുറവുമില്ലല്ലോ എന്നുപറഞ്ഞു സഭാംഗങ്ങൾ സ്വയം അഭിമാനിച്ചിരിക്കാം. സഭയുടെ ഈ ഭാവത്തെത്തന്നെയാണ് പൗലോസ് ഇവിടെ കഠിനമായ ഭാഷയിൽ തിരുത്തുന്നത്. സഭാംഗങ്ങളിലൊരാൾ തെറ്റിന്റെ വഴിയിലാണെന്നു മനസ്സിലായാൽ അയാളുടെ കൂടെക്കൂടുകപോലുമരുത് എന്ന നിലപാടാണ് അപ്പസ്തോലൻ പിന്നീട് അവരെ അറിയിക്കുന്നത്.

തെറ്റുചെയ്ത ആളുകളുടെയും സഭാസമൂഹത്തിന്റെയും തെറ്റുകൾ ഒരുമിച്ചു പരിഗണിച്ചു സഭയ്ക്കുമുഴുവൻ വേണ്ട നിർദ്ദേശം കൊടുക്കുകയാണിവിടെ. ഇപ്രകാരം പ്രവർത്തിച്ചയാളെ സഭയുടെ കൂട്ടായ്മയിൽനിന്ന് പൂർണ്ണമായും ഒഴിവാക്കാനുള്ള കർശനമായ ഉത്തരവാണ് പൗലോസ് ഇവിടെ നൽകുന്നത്.

തുടർന്നുവരുന്ന വാക്യങ്ങളിൽ പൗലോസുതന്നെ ഈ പ്രവൃത്തി ചെയ്തയാൾക്കെതിരേ വിധി പ്രസ്താവിക്കുന്നു. പൗലോസ് സഭാസമൂഹത്തിൽ ആത്മീയമായി സന്നിഹിതനായി ഈ വിധിപ്രസ്താവന നടത്തുന്നു. ഭൗതികമായ, ശാരീരികമായ സാന്നിദ്ധ്യം മാത്രമല്ല സഭാനേതൃത്വത്തിലുള്ളവർക്ക് സഭയുടെമേൽ ഉള്ളത്. ശാരീരികമായി സന്നിഹിതരല്ലെങ്കിൽപ്പോലും അവരുടെ ആത്മീയസാന്നിദ്ധ്യം ശക്തമാണ്. ഇത് കേവലം വ്യക്തിയുടെ കഴിവല്ല. *നമ്മുടെ കർത്താവായ യേശുവിന്റെ നാമത്തിലും അവന്റെ അധികാരത്തിലുമാണ്* പൗലോസിന്റെ ആത്മീയസാന്നിദ്ധ്യം. ഇത് സഭാസമൂഹം ഒരുമിച്ചുകൂടുമ്പോൾ സഭയ്ക്ക് അനുഭവവേദ്യമാകേണ്ട സാന്നിധ്യമാണ്. ഉത്ഥിതനായ ക്രിസ്തുവിന്റെ സാന്നിദ്ധ്യം അവിടെയുണ്ട്. അതുപോലെ അപ്പസ്തോലന്റെ ആത്മീയസാന്നിദ്ധ്യവും സഭ സമ്മേളിക്കുന്നിടത്തുണ്ട്.

ഈ തെറ്റു ചെയ്തയാളെ, അയാളുടെ അധമവികാരങ്ങൾ ഇല്ലായ്മചെയ്യുന്നതിനായാണ് ശിക്ഷിക്കുന്നത്. അയാൾ നശിച്ച് പോകണം എന്നു പൗലോസ് ആഗ്രഹിക്കുന്നില്ല. ക്രിസ്തുവിന്റെ രക്തത്താൽ സഭയിലേക്കു വന്ന വിശ്വാസിയാണയാൾ. തിന്മയുടെ പിടിയിലകപ്പെട്ട് അയാൾ പാപത്തിൽ നിപതിച്ചുവെങ്കിലും അയാൾ അനുതപിച്ച് അധമവികാരങ്ങളെ അമർച്ചചെയ്തു വീണ്ടും വിശ്വാസജീവിതത്തിലേക്ക് തിരിച്ചുവരണം എന്നുതന്നെയാണ് സഭയുടെ ആഗ്രഹം. അപ്രകാരം അയാളുടെ ആത്മാവ് അന്ത്യവിധിയിൽ രക്ഷ പ്രാപിക്കാൻ ഇടയാകണം എന്നതാണ് ഈ ശിക്ഷയുടെ ലക്ഷ്യം.

അയാളെ പിശാചിനു ഏൽപിച്ചുകൊടുക്കുക എന്നതാണ് അയാൾക്കുള്ള ശിക്ഷ. എന്താണ് ഈ ശിക്ഷ എന്ന് പൂർണ്ണമായി മനസ്സിലാക്കാൻ എളുപ്പമല്ല. സഭാസമൂഹത്തിൽനിന്ന് ബഹിഷ്കരിക്കുക എന്നതാണിത് എന്ന് പൊതുവേ കണക്കാക്കപ്പെടുന്നു. സഭ ക്രിസ്തുവിന്റേതും സഭയ്ക്കുപുറമേയുള്ളതെല്ലാം പിശാചിന്റേതും എന്ന ചിന്ത ഇക്കാലത്തു നിലനിന്നിരുന്നു എന്നു അനുമാനിക്കാവുന്നതാണ് (യോഹ 12:31; 16:11; 1 യോഹ 5:19; എഫേ 2:12). സഭയിൽനിന്ന് ബഹിഷ്കൃതനാകുമ്പോൾ അയാൾ സ്വാഭാവികമായും സഭയ്ക്കു പുറത്താകുന്നു; പിശാചിന്റെ അധികാര പരിധിയിലാകുന്നു. ഒരു വിശ്വാസിയെ ഇപ്രകാരം പിശാചിന് ഏൽപിച്ചുകൊടുക്കാമോ എന്ന ചോദ്യം സ്വാഭാവികമാണ്. ക്രിസ്തുവിനു നിരക്കാത്ത തെറ്റു ചെയ്യുകവഴി അയാൾ സ്വയം സഭയിൽനിന്ന് പുറത്തായിക്കഴിഞ്ഞു. സഭാസമൂഹം ഇവിടെ ഇക്കാര്യം സ്ഥിരീകരിക്കുകയും നടപ്പാക്കുകയും മാത്രമേ ചെയ്യുന്നുള്ളൂ. അയാൾ സ്വയം പിശാചിനു തന്നെത്തന്നെ സമർപ്പിച്ചതുവഴി ക്രിസ്തുവിന്റെ ബന്ധം വിച്ഛേദിച്ചുകളഞ്ഞിരിക്കുന്നു. ഇത് സഭാസമൂഹത്തിലെ ഇതര വ്യക്തികളെയും ബോധ്യപ്പെടുത്തുക മാത്രമാണിവിടെ നടക്കുന്നത്. സഭയിൽനിന്ന് ചില കഠിനപാപികളെ ഔദ്യോഗികമായി പുറത്താക്കുന്ന ക്രമം പിൽക്കാലത്തും സഭയിൽ ഉണ്ടായിരുന്നു. ഇന്നും അത് സഭയുടെ ശിക്ഷാനടപടികളിൽ ഉൾപ്പെടുന്നു. ഒരു വ്യക്തി നശിച്ചുപോകാനല്ല, മാനസാന്തരപ്പെട്ടു പ്രായശ്ചിത്തം ചെയ്തു തിരിച്ചുവരണമെന്നാഗ്രഹിച്ചാണ് ഈ ശിക്ഷ നടപ്പാക്കുന്നത്. മറ്റു സഭാംഗങ്ങൾ അയാളോടുള്ള സംസർഗംവഴി തെറ്റിൽ നിപതിക്കാതിരിക്കാനുള്ള മുൻകരുതലായിക്കൂടിയാണ് ഇപ്രകാരം ചെയ്യുന്നത്.

അയാളെ പിശാചിന് ഏൽപിച്ചുകൊടുക്കുക എന്നതാണ് ശിക്ഷ. 'ഏൽപിച്ചു കൊടുക്കുക' എന്നത് ശിക്ഷിക്കപ്പെടുന്നതിനായി അധികാരിക്ക് എൽപിക്കുന്നതിന് ഉപയോഗിക്കുന്ന പ്രത്യേക പദമാണ് (മത്താ 4:12; 5:25; 10:4-17; 18:34; 20:19; 26:15; 27:2; 18:26; റോമാ 1:24; 26 :28). ശാരീരികമായ പീഡനങ്ങളാണ് ഇതിന്റെ സ്വാഭാവികഫലം. ലോകത്തിൽ തിന്മകൾ സംഭവിക്കുന്നത് പിശാചിന്റെ പ്രവർത്തനഫലമാണെന്ന് കരുതപ്പെട്ടിരുന്നു (1കോറി 12:7; 1 തെസ 2:18). പഴയനിയമ പശ്ചാത്തലത്തിൽ സമാനമായ ഒരു ചിന്ത കണ്ടെത്താം. ജോബിനെ ദൈവം പിശാചിന് ഏൽപിച്ചുകൊടുക്കുന്നു (ജോബ് 2:6 മുതൽ). ജോബിനെ ശിക്ഷിക്കാനല്ല പരീക്ഷകളിൽ വിജയിച്ചു വരാനാണ് ദൈവം ഇപ്രകാരം ചെയ്യുന്നത്.

തെറ്റുചെയ്തയാൾക്കുള്ള ശിക്ഷയേക്കാൾ അഹങ്കരിക്കുന്ന സഭാംഗങ്ങൾക്കുള്ള ഉപദേശമാണ് ഇവിടെ മുന്നിട്ടുനിൽക്കുന്നത് (5:6-8). അഹങ്കാരം, ആത്മപ്രശംസ തുടങ്ങിയ വാക്കുകൾ പുതിയനിയമത്തിൽ പൗലോസിന്റെ ലേഖനങ്ങളിലാണ് കാണുന്നത്. യാക്കോബിന്റെ ലേഖനത്തിൽ രണ്ടുതവണ ഉപയോഗിക്കുന്നതൊഴിച്ചാൽ ബാക്കി 35 തവണയോളം പൗലോസിന്റേതാണ്; ഇതിൽ അധികവും കോറിന്തോസ് ലേഖനങ്ങളിലും.

ആത്മപ്രശംസ ഒട്ടും നന്നല്ല (5:6) എന്ന് ഉപദേശിക്കുന്ന പൗലോസ് പ്രതീകഭാഷ ഉപയോഗിക്കുന്നു. അത് പുളിപ്പുപോലെയാണ്. അൽപം പുളിപ്പ് ബാക്കിയുള്ളതിനെയും പുളിപ്പിക്കും. തെറ്റി

ലേക്ക് ചായാത്ത വിശുദ്ധിയുടെ വഴിയേ മുന്നേറാനുള്ള ആഹ്വാന മാണിവിടെ. പാപമോചനത്തിനായുള്ള ക്രിസ്തുവിന്റെ പെസഹാ ബലിയർപ്പണത്തോടു ചേർന്നാണ് ക്രിസ്ത്യാനിയുടെ വിശുദ്ധി നില നിൽക്കുന്നത്. ക്രിസ്തുവിനെ പെസഹാക്കുഞ്ഞാട് എന്നു വിശേ ഷിപ്പിക്കുന്ന അപൂർവ്വം പുതിയനിയമ ഭാഗങ്ങളിലൊന്നാണിത് (യോഹ 1:29; 19:36).

**അസന്മാർഗ്ഗികളിൽനിന്ന് അകന്നുനിൽക്കുക (5:9-13)**

അസന്മാർഗ്ഗിക ജീവിതം നയിക്കുന്നവരോടുള്ള ബന്ധം സംബ ന്ധിച്ച് പൗലോസ് കോറിന്തോസുകാർക്ക് മുമ്പ് എഴുതിയിട്ടുണ്ട് എന്നു സൂചിപ്പിക്കുന്ന വാക്യം (5:9) പൗലോസിന്റെ 'നഷ്ടപ്പെട്ട കത്തുകളെ' ക്കുറിച്ചുള്ള പഠനങ്ങളുടെ അടിസ്ഥാനമാണ് (2 കോറി 2:4). അസന്മാർഗ്ഗികളുമായി യാതൊരുവിധ സമ്പർക്കവുമരുത് എന്നാണ് പ്രബോധനം. തിന്മയെ സഭാസമൂഹത്തിൽനിന്ന് പൂർണ്ണ മായും പിഴുതെറിയാനാണ് ഈ നിലപാട് അപ്പസ്തോലൻ സ്വീക രിച്ചിരിക്കുന്നത്.

തിന്മയുടെ സ്വാധീനത്തിലമർന്ന ലോകത്തിലാണ് വിശ്വാസികൾ ജീവിക്കുന്നത്. സഭാംഗങ്ങൾക്ക് തങ്ങൾ ജീവിക്കുന്ന സാമൂഹിക ചുറ്റുപാടുകളിൽ വിശ്വാസമില്ലാത്തവരോടും അസന്മാർഗ്ഗിക ജീവിതം നയിക്കുന്നവരോടും ചേർന്ന് പ്രവർത്തിക്കേണ്ടിവരുക സ്വാഭാവിക മാണ്. സമൂഹത്തിന്റെ ആഘോഷവേളകളുംമറ്റും ഇത്തരം ഇടപെ ടലുകൾ ആവശ്യമാക്കിയേക്കാം. അതെല്ലാം ഉപേക്ഷിച്ച് സമൂഹ ത്തിൽനിന്ന് മാറിയുള്ള ജീവിതമല്ല അപ്പസ്തോലൻ ഇവിടെ വിവ ക്ഷിക്കുന്നത്. അത്തരം സാഹചര്യത്തിൽ തങ്ങളുടെ വിശ്വാസം സംരക്ഷിച്ചുകൊണ്ട് സാക്ഷികളായി സഭാംഗങ്ങൾ നിലകൊള്ളേ ണ്ടിവരും. എന്നാൽ സഭാംഗങ്ങൾ ആരെങ്കിലും അസന്മാർഗ്ഗികളായി ജീവിക്കുന്നെങ്കിൽ അവരോടു യാതൊരുവിധ സമ്പർക്കവും പാടില്ല എന്ന് അപ്പസ്തോലൻ പഠിപ്പിക്കുന്നു. അസന്മാർഗിയോ അത്യാഗ്ര ഹിയോ വിഗ്രഹാരാധകനോ പരദൂഷകനോ മദ്യപനോ കള്ളനോ ആണെന്നുകണ്ടാൽ സഭാംഗങ്ങൾ അവരുമായി ചേർന്നു ഭക്ഷണം കഴിക്കുകപോലുമരുത്. ഇവിടെ പറഞ്ഞിരിക്കുന്ന തിന്മകളെല്ലാം കോറിന്തോസിലെ സഭയിൽ സർവ്വസാധാരണമായിരുന്നു എന്നു കരുതേണ്ടതില്ല. എങ്കിലും അവരുടെ മുൻകാലജീവിതം ഇതിൽനിന്ന് വിമുക്തമായിരുന്നില്ല എന്ന സൂചന അപ്പസ്തോലൻ നൽകുന്നു ണ്ട് (6:11). വിശ്വാസത്തിലേക്കു വന്നവർ മേൽപ്പറഞ്ഞ തെറ്റുകളിൽ വ്യാപരിക്കുന്നപക്ഷം അവരോടുള്ള സംസർഗം പൂർണ്ണമായും ഒഴി വാക്കണം എന്നുതന്നെയാണിവിടെ അർത്ഥമാക്കുന്നത്.



# 05

## ക്രിസ്ത്യാനിയും കേസുകളും

സഭയിലെ വിശ്വാസികൾ തമ്മിലുള്ള തർക്കങ്ങൾ സിവിൽ, ക്രിമിനൽ കേസുകളായി കോടതികളിലെ ത്തുന്ന സ്ഥിതിവിശേഷം അജപാലനപരമായ മറ്റൊരു പ്രതിസന്ധിയാണ്. ഈ പ്രതിസന്ധിയെ പരിഹരി ക്കാൻ നേതൃത്വത്തിനുള്ള ഉത്തരവാദിത്വം ഓർമ്മിപ്പി ക്കുന്നതോടൊപ്പം ക്രിസ്ത്യാനികൾ തങ്ങളുടെ യഥാർത്ഥ മഹത്വം തിരിച്ചറിയണമെന്ന സത്യംകൂടി ശ്ലീഹാ ഓർമ്മിപ്പിക്കുന്നുണ്ട്.

കോറിന്തോസിലെ സഭയിൽ ചിലർ തങ്ങളുടെ സഹോദരങ്ങൾക്കെതിരായി കേസുകളുമായി കോട തിയെ സമീപിക്കുന്ന സാഹചര്യം ഉണ്ടായിരുന്നു. ഇക്കാര്യത്തെ സംബന്ധിച്ച് ക്രിസ്തീയമായ നിലപാട് എന്താണ് എന്നു പഠിപ്പിക്കുകയാണിവിടെ. ക്രിസ്തീ യധാർമ്മികതയുടെ പൊതുവായ പഠനത്തിന്റെ പശ്ചാ ത്തലത്തിലാണ് (1 കോറി 5:6) ഈ വാക്യങ്ങളും. ലൈംഗിക അധാർമ്മികതയെ പൗലോസ് കണ്ടതുപോ ലെതന്നെ ഇക്കാര്യത്തിലും ശക്തമായ നിലപാടാണ് നമുക്ക് ലഭിക്കുന്നത്. കോറിന്തോസുകാരെ ലജ്ജിപ്പി

ക്കാൻ തന്നെയാണ് (6:5) ഇക്കാര്യം എടുത്തുപറയുന്നത് എന്ന് ഇവിടെ കൂട്ടിച്ചേർത്തിരിക്കുന്നു. തങ്ങൾ ജ്ഞാനികളാണെന്നു സ്വയം കരുതിയിരിക്കുന്നവരാണ് കോറിന്തോസുകാർ. 'ജ്ഞാനിയായ ഒരുവൻപോലും' നിങ്ങളുടെ ഇടയിലില്ലേ എന്ന ചോദ്യം ലജ്ജിപ്പിക്കുന്നതുതന്നെയാണ്. മുൻ അദ്ധ്യായത്തിലെ ചർച്ചാവിഷയവും ഇതും ഒരുമിച്ചു പോകുന്നു എന്നു വ്യക്തമാണ്. അനീതി പ്രവർത്തിക്കുന്നവർ (6:9) ദൈവരാജ്യം അവകാശമാക്കുന്നില്ല. മുൻ സൂചിപ്പിച്ച തിന്മകളെ (5:11) ഇവിടെയും ആവർത്തിക്കുന്നു (6:10).

ക്രൈസ്തവസഹോദരങ്ങൾ തമ്മിലുള്ള വ്യവഹാരങ്ങളെക്കുറിച്ചുമാത്രമാണ് ഇവിടെ ചർച്ച എന്ന് പൊതുവേ കണക്കാക്കപ്പെടുന്നു. ഇക്കാര്യത്തിൽ അസന്മാർഗികതയെക്കുറിച്ചു പൗലോസ് എടുത്ത നിലപാടുതന്നെയായിരിക്കണം (5:9-13) ഇവിടെയും സ്വീകരിച്ചിട്ടുള്ളത്. ക്രിസ്ത്യാനികൾ തമ്മിൽ അഭിപ്രായവ്യത്യാസങ്ങൾ ഉണ്ടായാൽ എന്താണ് അവർ ചെയ്യേണ്ടത് എന്നതാണിവിടെ ചർച്ചാവിഷയം. ഏതെങ്കിലും ഒരു സഹോദരനെപ്പറ്റി പരാതിയുണ്ടാകുമ്പോൾ അവർ സഭയെത്തന്നെയാണ് സമീപിക്കേണ്ടത്. വിജാതീയരായ ആളുകൾ തീർപ്പുകൽപിക്കുന്ന കോടതിയെയല്ല. വിജാതീയരായ ജഡ്ജിമാർ നീതിരഹിതരാണ് എന്ന് ഇവിടെ പറയുന്നില്ല. 'നീതിരഹിതരായ വിജാതീയരുടെ' എന്നാണിവിടെ കാണുന്നത്. വിജാതീയർക്ക് ദൈവത്തിന്റെ നിയമം ഇല്ല. യഥാർത്ഥ നീതി ദൈവിക നിയമത്തിൽ മാത്രമാണ്. യഹൂദർ ഇത്തരത്തിലാണ് തങ്ങളുടെ നിയമത്തെ കണ്ടിരുന്നത്. ദൈവനിയമം മാത്രമാണ് നീതിപൂർവ്വമായത്. ഈ നിയമം അനുസരിക്കാത്തവർക്ക് നീതിപൂർവ്വം വിധിക്കാൻ കഴിയില്ല. ക്രിസ്ത്യാനികൾ ദൈവനിയമത്തിനനുസരിച്ചു ജീവിക്കാൻ വിളിക്കപ്പെട്ടവരാണ്.

'വിശുദ്ധർ ലോകത്തെ വിധിക്കുമെന്ന് നിങ്ങൾക്കറിയില്ലേ?' പൗലോസിന്റെ പഠനങ്ങളിൽനിന്ന് ഇക്കാര്യം അവർ നേരത്തേ മനസ്സിലാക്കിയിരിക്കേണ്ടതാണ്. വിശ്വാസികളെയാണ് വിശുദ്ധർ എന്നതുകൊണ്ട് അർത്ഥമാക്കുന്നത്. ഒരു വ്യക്തിയോ വസ്തുവോ സ്ഥലമോ വിശുദ്ധമെന്നു കണക്കാക്കപ്പെട്ടിരുന്നത് ദൈവത്തിനായി മാറ്റി നിർത്തപ്പെടുമ്പോഴാണ്. ദൈവിക കാര്യങ്ങൾക്കായി പ്രത്യേകം നിയോഗിക്കപ്പെടുമ്പോഴാണ്; വിശ്വാസികൾ ക്രിസ്തുവിന്റെ രക്തത്താൽ അഭിഷേകം ചെയ്യപ്പെട്ട ദൈവരാജ്യത്തിനായി ലോകത്തിൽനിന്ന് പ്രത്യേകം തെരഞ്ഞെടുക്കപ്പെട്ടു മാറ്റി നിർത്തപ്പെട്ടവരാണ്. സുവിശേഷമാണ് അവരുടെ നിയമം. ലോകത്തിന്റെ വിജ്ഞാനമല്ല, കുരിശിന്റെ ഭോഷത്തമാണ് അവരെ നയിക്കുന്ന ജീവിതപ്രമാ





ണം. വിശ്വാസികൾ സൃഷ്ടലോകത്തെ മുഴുവൻ വിധിക്കാൻ വിളിക്കപ്പെട്ടവരാണ് എന്ന പഠനം തിരുവചനത്തിൽ കണ്ടെത്തുന്നതാണ് (ദാനി 7:22-27; മത്താ 19:28; ലൂക്കാ 22:28-30; വെളി 2:26; 3:21; 20:4). മാമ്മോദീസായിലൂടെ ക്രിസ്തുവിനോട് ഐക്യപ്പെട്ട് അവിടുന്നുമായി ഒരു ശരീരമായിത്തീർന്നിരിക്കുന്ന വിശ്വാസികൾ ക്രിസ്തുവിന്റെ മനോഭാവങ്ങൾ ഉണ്ടായിരിക്കേണ്ടവരാണ്. അവർ ക്രിസ്തുവിനോടുകൂടി ലോകത്തെ വിധിക്കും.

വലിയകാര്യങ്ങൾക്കായി വിളിക്കപ്പെട്ടു നിയോഗിക്കപ്പെട്ടിരിക്കുന്നവരാണ് തങ്ങൾ എന്ന യാഥാർത്ഥ്യം വിശ്വാസികൾ അറിഞ്ഞിട്ടുള്ളതാണ്. വലിയ കാര്യങ്ങൾക്കായി നിയോഗിക്കപ്പെട്ട അവർ നിസ്സാരകാര്യങ്ങളിൽ കഴിവില്ലാത്തവരാകാൻ പാടില്ല. ഐഹിക കാര്യങ്ങളെപ്പറ്റി വിധി പറയുമ്പോൾ *സഭ അല്പവും വിലമതിക്കാത്തവരെ* എങ്ങനെ ന്യായാധിപരാക്കും? ന്യായാധിപന്മാരോടോ നിയമ വ്യവസ്ഥയോടോ ഏതെങ്കിലും തരത്തിലുള്ള പുച്ഛം ഇവിടെയില്ല. സഭയിലെ ജ്ഞാനം ക്രിസ്തുവിന്റേതാണ്, കുരിശിന്റേതാണ്. ലോകത്തിന്റെ ജ്ഞാനം ക്രൈസ്തവനെ സംബന്ധിച്ച് ഭോഷത്തമാണ്. അക്കാരണത്താലാണ് ലോകത്തിന്റെ വിജ്ഞാനം മാത്രം സ്വന്തമാക്കിയിട്ടുള്ള ന്യായാധിപന്മാരുടെ വിധിതീർപ്പുകൾ സഭയ്ക്ക് ആവശ്യമില്ലാത്തത്. ദൂതന്മാരെപ്പോലും വിധിക്കാൻ അധികാരമുള്ളവരാണ് വിശ്വാസികൾ. മാലാഖമാർ ക്രിസ്തുവിന് ശുശ്രൂഷ ചെയ്യേണ്ടവരാണ്. ക്രിസ്തുവിനോട് ഐക്യപ്പെട്ട് അവിടുന്നുമായി ഏകശരീരമായിരിക്കുന്ന ക്രിസ്ത്യാനിയും ഇക്കാരണത്താൽ ദൂതന്മാരേക്കാൾ മുകളിലാണ്.

സഹോദരർ കേസുകളുമായി ക്രിസ്ത്യാനികളായ ന്യായാധിപന്മാരുടെ കോടതിയെ മാത്രമേ സമീപിക്കാവൂ എന്നല്ല ഇവിടെ പൗലോസിന്റെ പഠനം. ക്രിസ്ത്യാനികൾ തമ്മിൽ വ്യവഹാരങ്ങളേ പാടില്ല. അവർ തമ്മിൽ അഭിപ്രായവ്യത്യാസങ്ങളും വഴക്കുകളും ഉണ്ടാകുന്നതുതന്നെ അവരുടെ പരാജയമാണ് (6:7). അതു അവരുടെ അടിസ്ഥാനസ്വഭാവത്തിന് നിരക്കാത്തതാണ്. എങ്കിലും ഏതെങ്കിലും തർക്കങ്ങൾ ഉണ്ടാകുക മാനുഷികമായി സാധാരണമായിരിക്കാം. ഇത്തരം അവസരങ്ങളിൽ കോടതിയെ സമീപിക്കുകയല്ല, സഭയുടെ തീരുമാനം സ്വീകരിക്കുകയാണ് വേണ്ടത്. അഭിപ്രായവ്യത്യാസങ്ങളുള്ള കാര്യങ്ങളിൽ വിവേകപൂർണ്ണമായ തീരുമാനം എടുക്കാനും അതു നടപ്പാക്കാനും കഴിവുള്ള ജ്ഞാനികളായ നേതാക്കന്മാർ സഭയിലുണ്ടാകണം. അവരുടെ തീരുമാനങ്ങൾ ദൈവിക നിയമത്തിനനുസരിച്ചായിരിക്കുകയും അവ പരാതിക്കാർ അനുസരിക്കുകയും വേണം.

ക്രിസ്തീയമനോഭാവത്തോടെയുള്ള പ്രതികരണം സഹനത്തിന്റെയും ക്ഷമയുടേതുമാണ്. കുരിശിന്റെ സന്ദേശം അതാണ്. അനീതിയും വഞ്ചനയും സഹിച്ചാണ് കുരിശിലെ വിജയം. അങ്ങനെയാണ് ദൈവപുത്രൻ തിന്മയ്ക്കുമേൽ വിജയം കൈവരിച്ചത്. കോറിന്തോസുകാർക്കു മുമ്പിൽ രണ്ടു പ്രധാന ചോദ്യങ്ങളാണ് പൗലോസ് ഉയർത്തുന്നത്. എന്തുകൊണ്ട് നിങ്ങൾക്ക് അനീതി സഹിച്ചുകൂടാ? ദ്രോഹം ക്ഷമിച്ചുകൂടാ? ഇതാണ് കുരിശിൽ കാണുന്നത്. ഇതാണ് ക്രിസ്ത്യാനി പിന്തുടരേണ്ട മാർഗ്ഗം.

ദ്രോഹവും വഞ്ചനയും ക്ഷമിച്ചാൽ അനീതി വിജയിക്കില്ലേ എന്ന ചോദ്യം ഇവിടെ സ്വാഭാവികമാണ്. അനീതിക്കെതിരേ ശബ്ദമുയർത്തണം എന്നതാണല്ലോ പൊതുവേയുള്ള കാഴ്ചപ്പാട്. ഈ സാഹചര്യത്തിലാണ് തിരുവചനത്തിലെ ഈ വാക്യങ്ങൾ വെല്ലുവിളിയായി നിലകൊള്ളുന്നത്, അനീതിയും വഞ്ചനയും സഹിക്കുമ്പോൾ ക്രിസ്തുവിനോടു ചേരുകയാണ് ചെയ്യുന്നത്. അനീതിപരമായി വിധിക്കപ്പെട്ടു കുരിശിൽ മരിച്ച യേശുവിനോടു ചേർന്ന് സഹിക്കുകയാണ്. ക്രിസ്തുവിന്റെ പീഡാസഹനവും മരണവും അവസാനമായിരുന്നില്ല. ഉയിർപ്പിലൂടെ അനീതിക്കുമേൽ ക്രിസ്തു വിജയം വരിച്ചു. ക്രിസ്തുവിന്റെ ഉയിർപ്പിൽ പങ്കുചേരുന്ന ക്രിസ്ത്യാനിയും ഇപ്രകാരം വിജയത്തിലെത്തിച്ചേരും. അനീതി വിജയിക്കാനും വഞ്ചന നേട്ടം ഉണ്ടാക്കാനും ദൈവം അനുവദിക്കുകയില്ല. ദൈവത്തിന്റെ കോടതിയിലാണ് വിശ്വാസി തന്റെ പരാതി സമർപ്പിക്കുന്നത്. രാപ്പകൽ തന്നെ വിളിച്ചുകരയുന്ന തന്റെ പ്രിയമക്കൾക്ക് ദൈവം നീതി നടത്തിക്കൊടുക്കാതിരിക്കുകയില്ല (ലൂക്കാ 18:7).

പൗലോസ് സഭാസമൂഹത്തിലെ അംഗങ്ങൾ തമ്മിലുള്ള വ്യവഹാരങ്ങളുടെയും അഭിപ്രായവ്യത്യാസങ്ങളുടെയും കാര്യമാണിവിടെ ചർച്ചചെയ്യുന്നത്. സഭയിലെ അംഗങ്ങളല്ലാത്തവരും ദൈവനിയമത്തിലും സുവിശേഷത്തിലും വിശ്വസിക്കാത്തവരുമായും തർക്കങ്ങളും അഭിപ്രായവ്യത്യാസങ്ങളും ഉണ്ടാവുക എന്നതും സാമൂഹ്യജീവിതത്തിൽ സാധാരണമാണ്. അത്തരം സാഹചര്യങ്ങളിലും ക്ഷമിക്കാനും സഹിക്കാനും ക്രിസ്ത്യാനിക്കു കഴിയണം. പൊതുസമൂഹത്തിലെ നിയമങ്ങളും ചട്ടങ്ങളും സുവിശേഷത്തിനനുസൃതമായിരിക്കാൻ പൊതുസമൂഹത്തിൽ ഇടപെടുന്ന ക്രിസ്ത്യാനി ശ്രദ്ധിക്കണം. രാഷ്ട്രനിയമങ്ങളും ഭരണസംവിധാനങ്ങളും ക്രിസ്ത്യാനിക്കും ബാധകമാണ്. അവ അനുസരിക്കുകവഴി ദൈവനിയമങ്ങൾ അനുസരിക്കാൻ ശ്രദ്ധിക്കുകയാണ് വേണ്ടത്. ക്രൈസ്തവരല്ലാത്തവരുമായി ഉണ്ടായേക്കാവുന്ന തർക്കങ്ങൾ പരിഹരിക്കാൻ പൊതുസമൂഹം നിശ്ചയിച്ചിട്ടുള്ള നിയമസംവിധാനങ്ങളെ ആശ്രയിക്കാൻ സഭാംഗങ്ങൾക്കും അവകാശമുണ്ട്. പൊതുസമൂഹത്തിൽനിന്ന് വിഘടിച്ച് സ്വന്തമായ നിയമസംവിധാനവും ഭരണക്രമവും രൂപപ്പെടുത്തുകയെന്നതല്ല പുളിമാവുപോലെനിന്ന് പൊതുസമൂഹത്തെക്കൂടി സുവിശേഷ മൂല്യങ്ങളിലേക്കു കൊണ്ടുവരികയാണ് ക്രൈസ്തവർ ചെയ്യേണ്ടത്. എങ്കിലും ക്രൈസ്തവർക്കുണ്ടായിരിക്കേണ്ട മനോഭാവം ക്ഷമയുടെയും വിട്ടുവീഴ്ചയുടെയും സഹനത്തിന്റേതുമാണ്. അല്ലാത്തപക്ഷം ക്രിസ്തുവിന്റെ കുരിശിന്റെ സന്ദേശം അർത്ഥശൂന്യമാകും.





ഇതരമനുഷ്യരിൽനിന്ന് ക്രിസ്ത്യാനിക്ക് ഉള്ള വ്യത്യാസം കോറിന്തോസുകാരെ അനുസ്മരിപ്പിച്ചുകൊണ്ടാണ് പൗലോസ് ഈ ചർച്ച അവസാനിപ്പിക്കുന്നത്. അവർ നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ നാമത്തിലും ദൈവത്തിന്റെ ആത്മാവിലും നവീകരിക്കപ്പെട്ടവരാണ്. യേശുവിന്റെ നാമം, ദൈവത്തിന്റെ ആത്മാവ് എന്നീ പദപ്രയോഗങ്ങളിൽ ത്രിത്വത്തിന്റെ സൂചന കണ്ടെത്താവുന്നതാണ്. മൂന്നുക്രിയകൾ ഇവിടെ ഉപയോഗിച്ചിരിക്കുന്നു. സ്നാനപ്പെടുക, പവിത്രീകരിക്കപ്പെടുക, നീതീകരിക്കപ്പെടുക (6:11). ഇവ മൂന്നും ഒരേ കാര്യത്തിലേക്കാണ് വിരൽ ചൂണ്ടുന്നത്. സ്നാനപ്പെടൽ മാമ്മോദീസായെ സംബന്ധിച്ചാണ്. ഹൃദയ പരിവർത്തനത്തിനായി സ്വയം കഴുകലാണിവിടെ ഉദ്ദേശിച്ചിരിക്കുന്നത്. ജലം കൊണ്ടുള്ള കഴുകൽ എന്നു കണക്കാക്കേണ്ടതില്ല. പാപങ്ങളിൽനിന്നു ശുദ്ധീകരിക്കപ്പെട്ടു എന്നേ ഇതർത്ഥമാക്കുന്നുള്ളൂ. ബാഹ്യമായ സ്നാനത്തേക്കാൾ ആന്തരികമായ ശുദ്ധിയാകലിനെയാണ് ഈ ക്രിയ ദ്യോതിപ്പിക്കുന്നത്. വിശുദ്ധീകരണം ദൈവത്തിന്റെ പ്രവൃത്തിയാണ്. ദൈവത്തിനായി മാറ്റിനിർത്തലാണത്. നീതീകരണം എന്നതുകൊണ്ട് ദൈവത്തിന്റെ മുമ്പിൽ കുറ്റവിമുക്തരായിത്തീരലാണ് അർത്ഥമാക്കിയിരിക്കുന്നത്. ആന്തരികമായ മാനസാന്തരവും പാപക്കറകൾ കഴുകിക്കളയലും ദൈവികമായ തെരഞ്ഞെടുപ്പും മാറ്റിനിർത്തലും എല്ലാ തെറ്റുകളിലുംനിന്ന് മോചനം നൽകിയിരിക്കുന്നു. അതിനാൽ ഭൗതികമായ യാതൊരു വിധിതീർപ്പുകളും ഇനി ആവശ്യമില്ല. ക്രിസ്തുവിനെപ്പോലെ ദൈവികകരങ്ങളിൽ സമർപ്പിക്കുകമാത്രമാണ് വിശ്വാസി ചെയ്യേണ്ടത്.

**ക്രൈസ്തവന്റെ മഹത്വം (6:12-20)**

കോറിന്തോസുകാരുടെ ജീവിതത്തിൽ അവർക്കുണ്ടായിരിക്കേണ്ട ധാർമ്മികനിലപാടുകളുടെ അടിസ്ഥാനങ്ങളിലേക്കാണ് പൗലോസ് ശ്രദ്ധ തിരിക്കുന്നത്. ലൈംഗിക അധാർമ്മികതയിൽ കഴിയുന്നവരും

അനീതി പ്രവർത്തിക്കുന്നവരും ഇതിനെല്ലാം സമ്മതം നൽകുന്ന സഭാസമൂഹവും തങ്ങളുടെ യഥാർത്ഥവില എന്തെന്ന് മനസ്സിലാക്കുന്നില്ല എന്ന് ബോധ്യപ്പെടുത്തുകയാണിവിടെ. *'നിങ്ങൾക്കറിഞ്ഞുകൂടേ'?* എന്ന ചോദ്യം ആറു തവണ ഈ അദ്ധ്യായത്തിൽ പൗലോസ് ആവർത്തിക്കുന്നു. താൻ പറയുന്ന കാര്യം അവർ നിർബന്ധമായും അറിഞ്ഞിരിക്കേണ്ടതും അതിനനുസരിച്ച് ജീവിക്കേണ്ടതുമായിരുന്നു എന്ന സൂചനയാണിത്.

തങ്ങളുടെ ഭാഗം ന്യായീകരിക്കാൻ കോറിന്തോസുകാർ ഉയർത്തിയിരുന്ന ചില മുദ്രാവാക്യങ്ങൾ തിരുത്തിക്കൊണ്ടാണ് പൗലോസ് തന്റെ പഠനം ഉറപ്പിക്കുന്നത്. 'എല്ലാം എനിക്കു നിയമാനുസൃതമാണ്' എന്നത് കോറിന്തോസുകാരുടെ മുദ്രാവാക്യമാണ് എന്ന് പൊതുവേ കരുതപ്പെടുന്നു. പിന്നീടും (10:23) ഇത് പൗലോസ് ആവർത്തിക്കുന്നുണ്ട്. ഈ ഭാഗത്തുതന്നെ രണ്ടുതവണ അദ്ദേഹം ഇത് ആവർത്തിച്ച് ആവശ്യമായ തിരുത്തൽ നൽകുന്നു. എല്ലാം നിയമാനുസൃതമാണോ എന്നതല്ല *പ്രയോജനകരമാണോ* എന്നതാണ് പ്രധാനം. അതുപോലെ ഒന്നും തന്നെ അടിമപ്പെടുത്താൻ സമ്മതിക്കുകയില്ല എന്നതും. അടുത്തവാക്യവും (6:13) ഇത്തരത്തിൽ ഒരു മുദ്രാവാക്യമാണ്. ഉദരം ആഹാരത്തിനുവേണ്ടിയാണ്; ആഹാരം ഉദരത്തിനുവേണ്ടിയും. തങ്ങളുടെ ലൈംഗികസ്വാതന്ത്ര്യത്തെ ഉറപ്പിച്ചുകാട്ടാനാണ് കോറിന്തോസുകാർ ഈ മുദ്രാവാക്യങ്ങൾ ഉപയോഗിച്ചത്. ഈ രണ്ടാമത്തെ മുദ്രാവാക്യവും പൗലോസ് തകർക്കുന്നു. 'ദൈവം ഇവ രണ്ടും നശിപ്പിക്കും.' ശരീരത്തിനു ഭക്ഷണം എന്നതുപോലെയാണ് ലൈംഗികസുഖങ്ങൾ എന്ന് സ്ഥാപിക്കാനാണ് കോറിന്തോസുകാർ ശ്രമിച്ചത്. അവ പ്രകൃതിയുടെ ആവശ്യങ്ങൾ മാത്രമാണ്. അതിൽ ധാർമ്മികമായി ഒന്നുമില്ല എന്നതായിരുന്നു അവരുടെ നിലപാട്. ലൈംഗികത പ്രകൃതിനിയമത്തിനനുസൃതം മാത്രമായ ഒന്നാണ്. എന്നാൽ അതു പ്രയോജനകരമാണോ എന്നതാണ് പ്രധാനം എന്നതാണ് പൗലോസിന്റെ നിലപാട്. എന്താണ് പ്രയോജനകരം എന്നതുകൊണ്ട് അർത്ഥമാക്കുന്നത് എന്ന് ഇവിടെ പറയുന്നില്ല. യഥാർത്ഥസ്വാതന്ത്ര്യത്തിലേക്ക് നയിക്കാൻ കഴിയാതെ അടിമത്തത്തിലേക്ക് കൊണ്ടുപോകുന്നതാണ് ഒരുകാര്യമെങ്കിൽ അതു പ്രയോജനകരമല്ല. 10-ാം അദ്ധ്യായത്തിൽ ഈ വാക്യങ്ങൾ വീണ്ടും പ്രത്യക്ഷപ്പെടുമ്പോൾ പ്രയോജനകരം എന്നതിന്റെ അർത്ഥം കൂടുതൽ വ്യക്തമാകുന്നു (10:23-24). പ്രയോജനകരമെന്നാൽ പടുത്തുയർത്തുന്നതാണ്. സഭാശരീരത്തെ പടുത്തുയർത്തുന്നത് പ്രയോജനകരം. അതാണ് ഒരാൾ ചെയ്യേണ്ടത്.





നിയമം അനുസരിച്ച് അനുവദനീയമാണോ എന്നതല്ല ഇവിടെ മാനദണ്ഡം.

ഇവിടെ സഭയുടെ പൊതുവായ മേന്മ ചർച്ചാവിഷയമാകുന്നില്ല. ഓരോ വ്യക്തിയുടെയും മേന്മയാണിവിടെ ശ്രദ്ധിച്ചിരിക്കുന്നത്. ലൈംഗികമായ തിന്മചെയ്യുന്നവർ, അധാർമ്മികപ്രവൃത്തികളിൽ ഏർപ്പെടുന്നവർ, തങ്ങൾക്ക് കൈവന്ന ക്രിസ്തീയസ്വാതന്ത്ര്യം നഷ്ടപ്പെടുത്തുകയാണ്. മറ്റുള്ളവർ തങ്ങളെ അടിമപ്പെടുത്താൻ സ്വയം സമർപ്പിക്കുകയാണ്. അനശ്വരമായ സന്തോഷവും ഉയിർത്തെഴുന്നേറ്റ ജീവിതവുമാണ് നഷ്ടപ്പെടുത്തുന്നത്.

ഒരാൾ ക്രിസ്തുവിൽ ആകുന്നതോടുകൂടി സ്വതന്ത്രനാകുന്നു. എന്നാൽ ഇക്കാരണത്താൽ അയാൾക്ക് മറ്റു മനുഷ്യരെ അവഗണിച്ചു ജീവിക്കാനാവില്ല. കർത്താവിനും അവിടുത്തെ സഭയ്ക്കുംവേണ്ടി ഒരാൾ തന്റെ സ്വാതന്ത്ര്യം പരിമിതപ്പെടുത്തിയേ തീരൂ. ക്രിസ്തീയ സ്വാതന്ത്ര്യം ഓരോരുത്തർക്കും ഇഷ്ടാനുസരണം പ്രവർത്തിക്കാനുള്ള അനുവാദമല്ല. ക്രിസ്തീയസ്വാതന്ത്ര്യവും ക്രിസ്തീയ ഉത്തരവാദിത്വവും ചേർന്നുപോകുന്നു.

കോറിന്തോസുകാരുടെ മുദ്രാവാക്യത്തിനുസമാന്തരമായി പൗലോസ് തന്റെ മുദ്രാവാക്യം ഇവിടെ ഉപയോഗിച്ചിരിക്കുന്നു. ശരീരം കർത്താവിനും കർത്താവ് ശരീരത്തിനും വേണ്ടിയുള്ളതാണ്. സഭാശരീരത്തെ മുഴുവനാണ് ഇവിടെ പൗലോസ് വിവക്ഷിക്കുന്നത്. തുടർന്നുവരുന്ന വാക്യങ്ങളിൽ ഓരോ വ്യക്തിയേയുമാണ് പരമാർശിക്കുന്നത്. ഓരോരുത്തരും ക്രിസ്തുവിന്റെ അവയവങ്ങളാണ് (6:15). ലേഖനത്തിൽ പിന്നീട് വിശദമായി ചർച്ചചെയ്യുന്ന വിഷയമാണിത് (1കോറി 12; 12 മുതൽ, എഫേ 5:23 മുതൽ). വിശ്വാസികൾ ക്രിസ്തുവിനോട് ആഭേദ്യമായി ബന്ധപ്പെട്ടിരിക്കുന്നു എന്നതാണ് ഇവിടെ കേന്ദ്രാശയം. വിശ്വാസികൾ തങ്ങളുടെ ശരീരങ്ങളെ തിന്മയ്ക്കായി ഉപയോഗിക്കുമ്പോൾ കർത്താവിന്റെ ശരീരത്തിന്റെ ഭാഗത്തെ തിന്മയ്ക്കായി ഉപയോഗിക്കുകയാണ്. 'വേശ്യയുമായി വേഴ്ചനടത്തുക' (6:16) എന്നതു കോറിന്തോസിന്റെ പശ്ചാത്തലത്തിൽ പ്രത്യേകം ശ്രദ്ധിക്കപ്പെടുന്ന കാര്യമാണ്. കോറിന്തോസിൽ ദേവീദേവന്മാരുടെ ആരാധനയുടെ ഭാഗമായി വേശ്യാവൃത്തി നടത്തിയിരുന്നു എന്ന് ചരിത്രത്തിൽനിന്ന് കണ്ടെത്താം. കോറിന്തോസിലെ വിശ്വാസികളിൽ ചിലർ ഇത്തരം ആരാധനയിൽ പങ്കെടുക്കുകയും അതിന്റെ ഭാഗമായി വേശ്യാവൃത്തിയിൽ ഏർപ്പെടുകയും ചെയ്തിരുന്നു എന്ന് വിചാരിക്കാൻ ന്യായമുണ്ട്, ഈ അധാർമ്മികപ്രവൃ

ത്തിയെ ന്യായീകരിക്കാനാവാം മേൽപ്രസ്താവിച്ച മുദ്രാവാക്യങ്ങൾ അവർ നിരത്തിയത്. തങ്ങൾ ആത്മീയതലത്തിൽ ജീവിക്കുന്നവരാണെന്നും ആയതിനാൽ ശരീരത്തിന്റെ പ്രവൃത്തികളൊന്നും തങ്ങളെ സ്വാധീനിക്കുന്നില്ലെന്നും കോറിന്തോസിൽ ചിലരെങ്കിലും കരുതിയിരുന്നു. ഇതും അവരുടെ ദുർമാർഗ്ഗപ്രവൃത്തികൾക്ക് വഴിവച്ചിട്ടുണ്ടാകാം.

വ്യഭിചാരത്തിൽനിന്ന് ഓടിയകലുവിൻ എന്നതു അതിശക്തമായ ആഹ്വാനമാണ്. ഒരുവന്റെ വ്യക്തിത്വത്തിനുതന്നെ മാറ്റം വരുത്തുന്നതാണ് വ്യഭിചാരം. സഭയിൽ ഒരാൾ അധാർമ്മികപ്രവൃത്തി ചെയ്യുമ്പോൾ അത് സഭാശരീരത്തെ മുഴുവൻ ദുഷിപ്പിക്കും. ഓരോ വ്യക്തിയുടെയും ശരീരത്തെക്കുറിച്ചാണിവിടെ പറഞ്ഞിരിക്കുന്നത്. ക്രിസ്തുവിൽ വിശ്വസിച്ചു ജ്ഞാനസ്നാനം സ്വീകരിച്ചവർ ക്രിസ്തുവുമായി ഏകശരീരമായിത്തീർന്നിരിക്കുന്നു. പരിശുദ്ധാത്മാവിന്റെ ആലയമാകുന്ന ശരീരത്തെ കർത്താവിന്റെ രക്തം വിലയായി കൊടുത്തു വാങ്ങിയ വിലപിടിപ്പുള്ള കാര്യമായാണ് അപ്പസ്തോലൻ കാണുന്നത്.

അധാർമ്മികമായ പ്രവൃത്തികളിലൂടെ സഭാശരീരത്തിൽനിന്ന് പുറത്താക്കപ്പെട്ടയാളുടെ കാര്യത്തിലും പുറംജാതികളുടെയിടയിൽ തർക്കപരിഹാരത്തിന് പോയി തങ്ങളുടെതന്നെ വില മനസ്സിലാക്കാൻ ജ്ഞാനമില്ലാത്ത ഭോഷന്മാരായിത്തീർന്നവരുടെ കാര്യത്തിലും സഭാസമൂഹം വ്യക്തമായ നിലപാടു സ്വീകരിക്കേണ്ടതായിരുന്നു. തങ്ങളുടെ മഹത്വം മനസ്സിലാക്കി പ്രവർത്തിക്കേണ്ട വിശ്വാസികൾ വഴിപിഴച്ച ജീവിതം നയിച്ചിരുന്ന പഴയ ജീവിതരീതിയിലേക്ക് പോകാനുള്ള സാധ്യതയ്ക്ക് ശക്തമായ പ്രതിരോധം ഏർപ്പെടുത്തുകയാണിവിടെ അപ്പസ്തോലൻ. വിശ്വാസികൾ, വ്യക്തികൾ എന്ന നിലയിലും സമൂഹം എന്ന നിലയിലും വിലപ്പെട്ടവരാണ്. അതിനനുസരിച്ച് ജീവിതം നയിക്കാൻ അവർ വിളിക്കപ്പെട്ടിരിക്കുന്നു.



# 06

## വിവാഹവും വിശുദ്ധിയും: അജപാലന ചിന്തകൾ (7:1–40)

സഭയിലെ അജപാലന പ്രശ്നങ്ങളിൽ വലിയൊരു പങ്കും വിവാഹം, കുടുംബബന്ധങ്ങൾ എന്നിവയുമായി ബന്ധപ്പെട്ടവയാണ്. ഇവയെക്കുറിച്ചുള്ള ശ്ലീഹായുടെ വിശകലനത്തിന് സമകാലീന പ്രസക്തിയുണ്ട്.

ഒന്നാം കോറിന്തോസ് ലേഖനത്തിൽ അതീവ ശ്രദ്ധയോടെ ക്രമീകരിച്ചിട്ടുള്ള ഒരു അധ്യായമാണിത്. കോറിന്തോസിലെ പ്രശ്നങ്ങൾ പൗലോസ് അറിഞ്ഞത് പ്രധാനമായും മൂന്നു ഉറവിടങ്ങളിൽ നിന്നായിരുന്നു എന്ന് നേരത്തേ സൂചിപ്പിച്ചിരുന്നുവല്ലോ (1:11; 5:1; 7:1). ഇതിൽ ആദ്യത്തെ രണ്ടെണ്ണം പറഞ്ഞുകേട്ട അറിവുകളാണ്. ഏഴു മുതലുള്ള വിഷയങ്ങൾ മുഖ്യമായും കോറിന്തോസുകാർ ഒരു കത്തിലൂടെ എഴുതിച്ചോദിച്ച കാര്യങ്ങളാണ്. ഈ ഭാഗത്തു കേട്ടറിവായുള്ള ചില കാര്യങ്ങൾ ഒഴിവാക്കാനാവില്ല (11:18). എങ്കിലും എഴുതിച്ചോദിച്ച കാര്യങ്ങൾ ഓരോന്നായി എടുത്തു മറുപടി പറയുകയാണിവിടെ.

പ്രധാനമായും ഏഴുകാര്യങ്ങൾ ഇത്തരത്തിൽ ഇവിടെ ചർച്ച ചെയ്യുന്നതായി കാണാം. ഓരോ വിഷ

യങ്ങളും മൂലഭാഷയിൽ ഒരു പ്രത്യേക ശൈലി ഉപയോഗിച്ച് അവതരിപ്പിച്ചിരിക്കുന്നത് ശ്രദ്ധേയമാണ് (7:1; 7:25, 8:4; 12:1; 16:1; 16:12). ഇതിൽ 8:4 ൽ മാത്രമാണ് ഭാഷയിലെ ഈ ശൈലി പൗലോസ് ശ്രദ്ധിക്കാത്തത്. ഓരോ വിഷയങ്ങളും ചർച്ചക്കെടുക്കുമ്പോൾ ഒന്നുകിൽ വിഷയം സൂചിപ്പിക്കുന്നു; അല്ലെങ്കിൽ കോറിന്തോസുകാരുടെ നിലപാട് അതേപടി ആവർത്തിച്ച് അതിന് പൗലോസ് തന്റെ വ്യക്തമായ മറുപടി നൽകുന്നു. ഏഴാം അദ്ധ്യായം ആരംഭിക്കുന്നതുതന്നെ 'ഇനി നിങ്ങൾ എഴുതിച്ചോദിച്ച കാര്യങ്ങളെപ്പറ്റി പ്രതിപാദിക്കാം' എന്ന ആമുഖ വാക്യത്തോടെയാണ്. ഏഴാം അധ്യായം മുതലുള്ള ചർച്ചാവിഷയങ്ങൾ മനസ്സിലാക്കാൻ ഈ പശ്ചാത്തലവും രചനാരീതിയും ശ്രദ്ധിക്കേണ്ടതാണ്.

ഏഴാം അദ്ധ്യായത്തെ താഴെപറയുംവിധം വിഷയക്രമീകരണം നടത്താം. 1. വിവാഹത്തെയും കുടുംബത്തെയും സംബന്ധിച്ച് (7:8 9, 39:40) 2. വിവാഹിതരെ സംബന്ധിച്ച് പൊതുവായ തത്വം (7:1 -7) 3. അവിവാഹിതർ, വിധവകൾ എന്നിവരെ സംബന്ധിച്ച് (7:10 -16) 4. അടിമകളെ സംബന്ധിച്ച് (7:17-24) 5. ബ്രഹ്മചാരികളെ സംബന്ധിച്ച് (7:25-38). പൗലോസിന്റെ രചനാശൈലിയുടെ ഏറ്റവും വലിയ പ്രത്യേകതയായി ചിലർ ചൂണ്ടിക്കാണിക്കുന്ന കേന്ദ്രീകൃത അവതരണരീതി ഇവിടെ വ്യക്തമാണ്. ഒരു കാര്യം പറഞ്ഞുതുടങ്ങി തുടർന്നു അടുത്ത വിഷയത്തിലേക്കു കടക്കുകയും വീണ്ടും ആദ്യ വിഷയത്തിലേക്കു തിരിച്ചുവരികയും ചെയ്യുന്ന രീതിയാണത്. ഈ രീതിയ്ക്ക് ഏറ്റവും വ്യക്തമായ ഉദാഹരണങ്ങളാണ് 1 കോറി 8:10, 12:14 തുടങ്ങിയ ഭാഗങ്ങൾ. ഇത്തരം ചർച്ചാശൈലിയിൽ പ്രാധാന്യം കൂടുതൽ നൽകുന്ന വിഷയം കേന്ദ്രവിഷയമായി പൗലോസ് അവതരിപ്പിക്കുന്നു. ഇത്തരത്തിലുള്ള കേന്ദ്രആശയത്തിന്റെ പിൻബലത്തിലാണ് മറ്റു വിഷയങ്ങൾ നിലനിൽക്കുന്നത്. നാം ചർച്ചചെയ്യുന്ന 7-ാം അദ്ധ്യായത്തിലും ഇത്തരം രചനാശൈലി കണ്ടെത്തുന്നവരുണ്ട്. ഇതിൽപ്രകാരം 7-ാം അദ്ധ്യായത്തിൽ പൊതുതത്വങ്ങൾ അവതരിപ്പിച്ചശേഷം അവിവാഹിതരെ/വിധവകളെ സംബന്ധിച്ചും (8 :9) തുടർന്ന് വിവാഹിതരെ സംബന്ധിച്ചും പറയുന്നു (11:16). അദ്ധ്യായത്തിന്റെ രണ്ടാം ഭാഗത്ത് ഇതേ വിഷയങ്ങൾ അവസാനത്തുനിന്ന് പിറകോട്ട് കാണാം. വിധവകൾ (39:40), വിവാഹം ചെയ്യപ്പെടേണ്ട കന്യകകൾ (25:38). മധ്യഭാഗത്ത് (17:24) ചർച്ച ചെയ്തിരിക്കുന്ന ഓരോരുത്തരുടെയും വിളിയെ സംബന്ധിച്ച കാര്യമാണ് ഇവിടെ കേന്ദ്രമായി നിലനിൽക്കുന്നത് എന്നതാണ് ഈ വീക്ഷണത്തിന്റെ അടിസ്ഥാനത്തിൽ മനസ്സിലാക്കാവുന്നത്.





### കുടുംബം: പൊതുതത്ത്വങ്ങൾ (7:1-7)

കോറിന്തോസുകാർ എഴുതിച്ചോദിച്ച ഒരു കാര്യത്തിനുള്ള മറുപടിയായാണ് പൗലോസ് ഈ പൊതുതത്ത്വങ്ങൾ അവതരിപ്പിക്കുന്നത്. 'സ്ത്രീയെ സ്പർശിക്കാതിരിക്കുകയാണ് പുരുഷനു നല്ലത്' എന്ന ആദ്യവാക്യം തെറ്റിദ്ധാരണ ജനിപ്പിക്കാവുന്നതാണ്. ആദ്യമായി ഇതിന്റെ അർത്ഥമെന്ത് എന്ന് പരിശോധിക്കാം. സ്ത്രീയെ സ്പർശിക്കാതിരിക്കുക എന്നതുകൊണ്ട് വിവാഹംതന്നെ കഴിക്കാതിരിക്കുക എന്നാണ് അർത്ഥമാക്കുന്നത് എന്ന് ചിലർ കരുതുന്നു. അതല്ല, വിവാഹിതർ വിവാഹത്തിലെ പരസ്പരശാരീരിക ലൈംഗികബന്ധത്തിൽ നിന്ന് മാറിനിൽക്കണം എന്നാണിതർത്ഥമാക്കുന്നത് എന്ന് ചിലർ കരുതുന്നു. ഈ രണ്ടു സാധ്യതകളും പൂർണ്ണമായും തള്ളിക്കളയാനാവില്ല. കോറിന്തോസിലെ സഭയിൽ ഈ രണ്ടു ചിന്തകളും ഉണ്ടായിരിക്കാം. തങ്ങൾ ആത്മീയരായിത്തീർന്നിരിക്കുന്നു എന്ന ചിന്ത കോറിന്തോസിൽ ശക്തമായിരുന്നു. ആത്മീയ തലത്തിലെത്തിയർക്ക് 'ഭൗതികക്രമങ്ങ'ളായ വിവാഹം, ലൈംഗിക ബന്ധം തുടങ്ങിയവ പാടില്ല എന്ന ചിന്ത ശക്തമായിരുന്നു. വിവാഹിതരാകാത്തവർ മേലിൽ വിവാഹം ചെയ്യരുതെന്നും വിവാഹിതരാണെങ്കിൽ ലൈംഗികബന്ധം വർജ്ജിക്കണമെന്നും ഇവർ വാദിച്ചു. സ്ത്രീയുടെ കാര്യം മാത്രമാണിവിടെ പറയുന്നതെങ്കിലും സ്ത്രീപുരുഷന്മാരെ ഒരുപോലെ ഉദ്ദേശിച്ചുള്ള വാക്യമാണിത്. വിവാഹേതര ലൈംഗികബന്ധങ്ങളുടെ കാര്യമാണിവിടെ എന്നതു ശരിയല്ല.

ഇവിടെ കൂടുതൽ പ്രസക്തമായ ചോദ്യം പൗലോസ് ഇത്തരം ഒരു നിലപാട് എടുക്കുന്നുണ്ടോ എന്നതാണ്. ഉണ്ടെങ്കിൽ തുടർന്നു വരുന്ന വാക്യങ്ങളെ എങ്ങനെ മനസ്സിലാക്കണം? ഇത് പൗലോസിന്റെ നിലപാടല്ല, കോറിന്തോസുകാരിൽ ചിലർ എടുത്ത നിലപാടാണ് എന്നതാണ് പൊതുവേ അംഗീകരിക്കപ്പെട്ടിരിക്കുന്ന നിലപാട്. ഈ വാക്കുകൾ അവരുടെ ഒരു പ്രധാന മുദ്രാവാക്യം തന്നെയായിരുന്നിരിക്കണം. കോറിന്തോസുകാരുടെ ഈ നിലപാടിനെ ഖണ്ഡിച്ച് ഇക്കാര്യത്തിൽ സഭയുടെ ആധികാരികമായ പഠനം എന്തെന്ന് അപ്പസ്തോലൻ വ്യക്തമാക്കുന്നു. 'എന്നാൽ' എന്ന വാക്കോടുകൂടി തുടങ്ങുന്ന അടുത്തവാക്യം മേൽഉദ്ധരിച്ച കോറിന്തോസുകാരുടെ മുദ്രാവാക്യത്തിന് വിരുദ്ധമായ കാര്യമാണ് താൻ പറയുന്നത് എന്നു സൂചിപ്പിക്കുന്നു. കോറിന്തോസുകാരുടെ നിലപാട് അവരുടെ കത്തിൽ അവർ ചേർത്തിരുന്നത് ആവർത്തിച്ച് അതിനെ ഖണ്ഡിക്കുകയാണിവിടെ.

വിവാഹം പാടില്ല; വിവാഹിതരാണെങ്കിൽത്തന്നെ ലൈംഗിക ബന്ധങ്ങൾ ഒഴിവാക്കണം എന്നീ രണ്ടുകാര്യങ്ങളിലും അപ്പസ്തോലൻ വ്യക്തമായ പഠനം നൽകുന്നു. ആദ്യത്തെ വചനം (7:2) വിവാഹം ആവശ്യമാണ് എന്ന് തറപ്പിച്ചു പറയുന്നു. മൂലഭാഷയിലെ വാക്യഘടന പ്രകാരം 'പുരുഷന് തന്റെ ഭാര്യയും സ്ത്രീക്ക് തന്റെ ഭർത്താവും' എന്നാണ്. ഏകഭാര്യ ഏകഭർത്താവ് എന്നതാണ് ക്രൈസ്തവനിലപാട് എന്ന് ഇതു വ്യക്തമാക്കുന്നു. സ്ത്രീപുരുഷന്മാർ വിവാഹിതരാകണം എന്നതാണ് മനുഷ്യരെ സംബന്ധിച്ച സ്വാഭാവികമായ ദൈവികപദ്ധതി. തുടർന്നുവരുന്ന വാക്യം ഭാര്യയും ഭർത്താവും പരസ്പരമുള്ള ദാമ്പത്യധർമ്മം നിറവേറ്റണം എന്ന പഠനം നൽകുന്നു. ശാരീരിക-ലൈംഗികബന്ധമാണ് ഇവിടെ ദാമ്പത്യധർമ്മം എന്നതുകൊണ്ടർത്ഥമാക്കുന്നത്. ദാമ്പത്യധർമ്മം നിറവേറ്റുക എന്നത് ഭർത്താവിനും ഭാര്യയ്ക്കും ഒരുപോലെയുള്ള കടമയാണ്.

തങ്ങളുടെ അധികാരത്തെയും അവകാശത്തെയുംകുറിച്ച് നിലപാടുകൾ എടുത്തിരിക്കുന്ന കോറിന്തോസുകാരോട് അതേഭാഷയിൽ തന്നെയാണ് അപ്പസ്തോലൻ സംസാരിക്കുന്നത്. ഭാര്യാഭർത്താക്കന്മാർക്ക് സ്വന്തം ശരീരത്തിന്മേൽ അധികാരമില്ല; ജീവിതപങ്കാളിക്കാണ് മറ്റേയാളുടെ 'ശരീരത്തിന്മേൽ' അധികാരം. ലൈംഗികബന്ധം വേണമോ വേണ്ടയോ എന്ന് ഏതെങ്കിലും ഒരാൾക്ക് ഏകപക്ഷീയമായി തീരുമാനിക്കാൻ അധികാരമില്ല എന്നു സാരം. അതു തീരുമാനിക്കേണ്ടത് അതിനധികാരമുള്ള ജീവിത പങ്കാളിയാണ്. ഇക്കാര്യത്തിൽ ഭർത്താവിനും ഭാര്യയ്ക്കും തുല്യതയാണുള്ളത്.

എങ്കിലും ദമ്പതികൾക്ക് പരസ്പരമുള്ള ദാമ്പത്യധർമ്മത്തിൽനിന്ന് മാറിനിൽക്കേണ്ടി വരാവുന്ന സാഹചര്യം അപ്പസ്തോലൻ മുന്നിൽക്കാണുന്നു. വ്യക്തമായ നാലു നിബന്ധനകൾ പാലിച്ചുകൊണ്ട് പരസ്പരമുള്ള അവകാശങ്ങൾ ഉപേക്ഷിക്കാം. ഒന്ന് : പ്രാർത്ഥനാജീവിതത്തിനായി; രണ്ട്: പരസ്പരം തീരുമാനിച്ച്; മൂന്ന്: കുറേക്കാലത്തേക്ക്; നാല്: വീണ്ടും ഒരുമിച്ചു ചേരണം. ഈ നാലു നിബന്ധനകൾ പാലിച്ചുകൊണ്ടേ ദമ്പതികൾ ലൈംഗികബന്ധം വേണ്ടെന്ന് വയ്ക്കാവൂ. ആത്മീയമായ കാര്യങ്ങൾക്കായി സംയമനം പാലിക്കുന്നത് നല്ലതാണ്. ശാരീരികമായ ആവശ്യങ്ങളേക്കാൾ ആത്മീയാവശ്യങ്ങൾക്ക് പ്രാധാന്യം നൽകണം. അതാണ് പ്രാർത്ഥനാജീവിതത്തിനായി എന്നതുകൊണ്ട് അർത്ഥമാക്കുന്നത്. പരസ്പരം ചർച്ച ചെയ്തു സമ്മതിച്ചുവേണം അത്തരമൊരു തീരുമാനത്തിലെത്താൻ. ജീവിതപങ്കാളികളിൽ ഒരാൾക്ക് അതിന് തടസ്സമുണ്ടെങ്കിൽ ലൈംഗികബന്ധം നിഷേധിക്കാൻ പാടില്ല. കുറച്ചു





കാലത്തേക്ക് എന്നത് ആപേക്ഷികമാണ്. ദമ്പതികൾ പ്രലോഭനങ്ങളിൽ വീഴാൻ ഇടവരുന്നത്ര കാലം ഇത് നീട്ടിക്കൊണ്ടുപോകരുത് എന്ന് (7:5) വ്യക്തമാക്കുന്നു. നിശ്ചിതകാലത്തിനുശേഷം വീണ്ടും ഒന്നിച്ചുചേരുകയും വേണം.

പൗലോസ് കുടുംബജീവിതത്തെ സംബന്ധിച്ച് ഈ നിർദ്ദേശം നൽകുന്നത് 'ഒരു ആനുകൂല്യമായിട്ടാണ്' ഇത് കൽപനയല്ല എന്ന് എടുത്തുപറയുന്നു. എന്താണ് കൽപന, എന്താണ് ആനുകൂല്യം എന്നതു വ്യക്തമാക്കേണ്ടതുണ്ട്. സ്ത്രീപുരുഷന്മാർ വിവാഹിതരായിക്കഴിയണം, അവർ പരസ്പരം ദാമ്പത്യധർമ്മം നിറവേറ്റണം എന്നതാണ് കല്പന. ആനുകൂല്യം നിബന്ധനകളുടെ അടിസ്ഥാനത്തിൽ ബന്ധത്തിൽനിന്ന് മാറിനിൽക്കലും.

പൗലോസിന്റെ ആഗ്രഹം അദ്ദേഹം പ്രകടമാക്കുന്നതാണ് തുടർന്നുവരുന്നത്. എല്ലാവരും തന്നെപ്പോലെയായിരുന്നെങ്കിൽ എന്നാണ് പൗലോസ് ആശിക്കുന്നത്. അപ്പസ്തോലൻ അവിവാഹിതനായിരുന്നോ എന്ന ചർച്ച ഈ വാക്യത്തിന്റെ അടിസ്ഥാനത്തിൽ പ്രസക്തമാണ്. അദ്ദേഹം ഒരു റബ്ബി ആയിരുന്നെന്നും സംഘാംഗമായിരുന്നെന്നും കണക്കാക്കപ്പെടുന്നു. അതിന്റെയടിസ്ഥാനത്തിൽ വിവാഹിതനായിരുന്നുവെന്നും സ്വാഭാവികമായും അനുമാനിക്കാം. അദ്ദേഹത്തിന്റെ ഭാര്യ മരിച്ചുപോയിരിക്കുമെന്നോ ഏതെങ്കിലും കാരണത്താൽ വിവാഹമോചനം നേടിയിരിക്കുമെന്നോ ക്രിസ്ത്യാനിയായപ്പോൾ ഉപേക്ഷിച്ചുപോയിരിക്കുമെന്നോ കരുതാവുന്നതാണ്. അവിവാഹിതനായിരുന്നു എന്നതും അസാധ്യമല്ല. ഇക്കാര്യത്തിൽ അനുമാനങ്ങൾ മാത്രമേ ലഭ്യമായുള്ളൂ. പൗലോസിന്റെ കുടുംബത്തെക്കുറിച്ച് വ്യക്തമായ പരാമർശങ്ങളൊന്നും ലേഖനങ്ങളിൽ നമുക്ക് ലഭ്യമല്ല. വിവാഹിതനാകാൻ അവകാശമുണ്ടായിരുന്നെങ്കിലും ദൈവവചനശുശ്രൂഷക്കായി ആ അവകാശം വേണ്ടെന്നു വച്ചതായി കോറിന്തോസ് ലേഖനത്തിൽത്തന്നെ അദ്ദേഹം എഴുതുന്നതും (1 കോറി 9) ശ്രദ്ധേയമാണ്.

വിവാഹിതനായിരിക്കുകയോ അവിവാഹിതനായിരിക്കുകയോ ചെയ്യുന്നത് ദൈവത്തിൽനിന്ന് കിട്ടുന്ന പ്രത്യേക ദാനമാണ് (7:7). ഇവിടെ അവിവാഹിതജീവിതത്തെ കൂടുതൽ ശ്രേഷ്ഠമായ ഒന്നായി പൗലോസ് വിലയിരുത്തുന്നില്ല. രണ്ടും ദൈവത്തിന്റെ ദാനമാണ്. മൂലഭാഷയിലെ ശൈലി വ്യക്തമാക്കുന്നത് രണ്ടും ഒരുപോലെയാണെന്നുതന്നെയാണ്. 'പ്രത്യേകം ദാനമാണല്ലോ' എന്നതു 'ഒരാൾക്കിത്, ഒരാൾക്കത് എന്നരീതിയിലാണല്ലോ' എന്നുവേണം വായിക്കാൻ. രണ്ടും ഒരേവിധം ദാനമാണ് എന്ന് പ്രസ്താവിക്കുന്നുണ്ടെ

ങ്കിലും തുടർന്നുള്ള ചർച്ചയിൽ അവിവാഹിതജീവിതത്തിന്റെ നേട്ട ങ്ങൾ എടുത്തുകാണിക്കുന്നു. തന്നെപ്പോലെ ആയിരിക്കുന്നതാണ് നല്ലത് എന്നുപറയാനുള്ള കാരണവും ഇതുതന്നെയായിരിക്കാം.

**വിഭാര്യരും വിധവകളും (7:8-9:39-40)**

പൊതുവായ തത്ത്വങ്ങൾ സ്ഥാപിച്ചശേഷം കുടുംബത്തിന്റെ വിവിധ അന്തസിലുള്ളവരുടെ കാര്യങ്ങൾ ഓരോന്നായി പൗലോസ് ഇവിടെ ചർച്ചചെയ്യുന്നു. അവിവാഹിതരോടും വിധവകളോടുമുള്ള ഉപദേശമാണ് ആദ്യം. അവിവാഹിതർ എന്നതു പൊതുവായ ഒരു വാക്കാണ്. വിവാഹബന്ധത്തിൽ അല്ലാത്തവർ എന്നാണ് ഇവിടെ ഉപയോഗിച്ചിരിക്കുന്നത്. വിഭാര്യരായവരെയാണ് ഇവിടെ ഉദ്ദേശി ച്ചിരിക്കുന്നത് എന്നു കരുതുന്ന വ്യാഖ്യാതാക്കളുണ്ട്. വിധവകളുടെ കാര്യം സമാന്തരമായി അവതരിപ്പിച്ചിരിക്കുന്നതിനാൽ ഈ സാധ്യത തള്ളിക്കളയാനാവില്ല. 'തന്നെപ്പോലെ ആയിരിക്കുന്നതാണ് അവർക്കു നല്ലത്' (7:9) എന്ന പരാമർശത്തിൽനിന്ന് പൗലോസിന്റെ സാഹചര്യംകൂടി കണക്കിലെടുക്കേണ്ടതുണ്ട്. പ്രായോഗികമായ ഒരു ഉപദേശമാണിവിടെ നൽകുന്നത്. അവിവാഹിതനായി ജീവിക്കാൻ സാധിക്കുമെങ്കിൽ, സംയമനം സാധ്യമാണെങ്കിൽ അയാൾ അങ്ങ നെ തുടരുന്നതാണ് നല്ലത്. അതിനു കഴിയാത്ത പക്ഷം അവൻ വിവാഹിതനാകണം. ഇതു ഒരു കൽപനയായാണ് ഇവിടെ നല്കു ന്നത്. 'വികാരം കൊണ്ടു ദഹിക്കുന്നതിനേക്കാൾ' എന്നത് നിത്യാ ഗ്നിയിലെ ശിക്ഷയിൽ ദഹിക്കപ്പെടുന്നതിനെയാണ് സൂചിപ്പിക്കു ന്നത് എന്ന് ചില വ്യാഖ്യാതാക്കൾ കണക്കാക്കുന്നുണ്ടെങ്കിലും അത്തരം നിഗമനം അടിസ്ഥാനരഹിതമാണ്. ലൈംഗികവികാരം നിയന്ത്രിക്കാനാവുന്നില്ലെങ്കിൽ എന്ന സ്വാഭാവികമായ അർത്ഥമേ ഇവിടെ സ്വീകരിക്കേണ്ടതുള്ളൂ.

ഏഴാം അദ്ധ്യായത്തിന്റെ അവസാനവാക്യങ്ങളിൽ വിധവകളെ ക്കുറിച്ചു പറഞ്ഞിരിക്കുന്നതും (39:40) ഇക്കൂടെ ചേർത്തുവായിക്കാ വുന്നതാണ്. ഭർത്താവ് മരിച്ച് വിധവയായിത്തീർന്നവൾ ഭർത്താ വിന്റെ മരണശേഷം ആ വിവാഹത്തിന്റെ കീഴിലല്ല. അവൾക്ക് സഭ യുടെ അംഗമെന്ന നിലയിൽ വിവാഹിതയാകാം. എന്നാൽ ഇത്തരം വിവാഹം 'കർത്താവിനു യോജിച്ചവിധത്തിൽ' ആയിരിക്കണം എന്നു മാത്രം. 'കർത്താവിൽ' എന്നാണ് മൂലപാഠം. ക്രിസ്തീയവിശ്വാസം സ്വീകരിച്ച ആളുമായി ആയിരിക്കണം എന്നാണ് പൗലോസ് ഇവിടെ വ്യക്തമാക്കുന്നത്. ഇവിടെ തന്റെ വ്യക്തിപരമായ അഭിപ്രായം കൂട്ടി ച്ചേർക്കാൻ പൗലോസ് ശ്രമിക്കുന്നു. വിധവ അവിവാഹിതയായി തുടരുന്നതാണ് അവൾക്ക് കൂടുതൽ സന്തോഷകരം എന്നത് തന്റെ





അഭിപ്രായമാണ്. എങ്കിലും ദൈവിക പ്രചോദനമനുസരിച്ചുള്ള ഉപ ദേശമാണ്, വ്യക്തിതാൽപര്യപ്രകാരമുള്ള അഭിപ്രായമല്ല എന്നുകൂടി അപ്പസ്തോലൻ എടുത്തുപറയുന്നു.

**വിവാഹിതർ (7:8-16)**

രണ്ടു വിഭാഗക്കാരെ സംബന്ധിച്ച് ഇവിടെ വ്യക്തമായ നിർദ്ദേ ശങ്ങൾ നൽകുന്നു. രണ്ടു കൂട്ടരും വിവാഹബന്ധം വേർപെടുത്താൻ ആഗ്രഹിക്കുന്നവരാകാം. ഒന്നാമത്തേത് ഭർത്താവും ഭാര്യയും ക്രിസ്ത്യാനികളാണ്. രണ്ടാമത്തേതാകട്ടെ ജീവിതപങ്കാളികളിൽ ഒരാൾ വിശ്വാസം സ്വീകരിച്ചയാളാണ്. മറ്റേയാളാകട്ടെ വിശ്വാസം സ്വീകരിക്കാത്തയാളും.

രണ്ടുപേരും ക്രിസ്ത്യാനികളായിരിക്കുന്ന സാഹചര്യത്തിൽ വ്യക്തമായ ദൈവികകൽപന നൽകുന്നു. ഭാര്യ ഭർത്താവിൽനിന്ന് വേർപിരിയരുത്, ഭർത്താവ് ഭാര്യയെ ഉപേക്ഷിക്കുകയുമരുത്. ഇവിടെ വേർപിരിയരുത്, ഉപേക്ഷിക്കരുത് എന്ന രണ്ടു ക്രിയകളാണ് ഉപ യോഗിക്കുന്നതെങ്കിലും രണ്ടിന്റെയും ഫലം ഒന്നുതന്നെയാണ്. വിവാഹബന്ധം വേർപിരിയാതെ തുടരണം എന്നതു അലംഘ്യ മായ ദൈവിക കൽപനയാണ്. അഥവാ ഏതെങ്കിലും കാരണത്താൽ വേർപിരിയേണ്ടി വന്നാൽ പുനർവിവാഹം ചെയ്യാൻ അനുവാദമി ല്ല. അവിവാഹിതരെപ്പോലെ കഴിയണം. ഭാര്യയെ സംബന്ധിച്ചു മാത്രമാണിവിടെ ഇപ്രകാരം പറഞ്ഞിരിക്കുന്നതെങ്കിലും ഭർത്താ വിന്റെ കാര്യത്തിലും നിയമം ഇതുതന്നെയാണ്. പരസംഗം ഹേതു വായി വേർപിരിയാൻ അനുവദിക്കുന്ന യേശുവിന്റെ വാക്കുകൾ (മത്താ 5:32; 19:9) പൗലോസ് ഇവിടെ പരിഗണിച്ചിട്ടില്ല. വിവാഹത്തെ സംബന്ധിച്ച പൂർണ്ണമായ പഠനം നൽകലല്ല, കോറിന്തോസിലെ സാഹചര്യത്തിൽ ഉണ്ടായിരുന്നിരിക്കാൻ ഇടയുള്ള ചില പ്രത്യേക ഉദാഹരണങ്ങൾക്ക് നിർദ്ദേശം നൽകുക മാത്രമാണ് അപ്പസ്തോ ലൻ ഇവിടെ ചെയ്യുന്നത്.

ജീവിത പങ്കാളികളിൽ ഒരാൾ ക്രിസ്തീയ വിശ്വാസം സ്വീകരി ക്കാത്ത ആളായി വരാവുന്ന സാഹചര്യമാണ് തുടർന്നു പരാമർശി ക്കുന്നത് (7:12-16). ഇവിടെ പൗലോസ് താരതമ്യേന മൃദുസമീപന മാണ് സ്വീകരിക്കുന്നത് എന്ന് വിലയിരുത്താവുന്നതാണ്. 'കർത്താ വല്ല, ഞാൻ തന്നെ പറയുന്നു' എന്ന പ്രസ്താവന സൂചിപ്പിക്കു ന്നത് ഇക്കാര്യം കർത്താവിന്റെ പഠനങ്ങളിൽ കടന്നുവന്നിട്ടില്ല എന്ന താണ്. വിശ്വാസികൾ തമ്മിലുള്ള വിവാഹത്തെക്കുറിച്ചാണ് യേശു വിന്റെ പ്രബോധനം. പരിശുദ്ധാത്മാവിന്റെ പ്രചോദനമനുസരിച്ച് സഭയെ പ്രബോധിപ്പിക്കുന്ന അപ്പസ്തോലൻ യേശുവിന്റെ പ്രബോ

ധനത്തിന് വ്യക്തമായ വ്യാഖ്യാനം നൽകുന്നു എന്ന നിലയിലാണ് ഈ പഠനത്തെ വിലയിരുത്തുന്നത്.

കോറിന്തോസുകാരിൽ പലരും വിശ്വാസം സ്വീകരിക്കുന്നതിനു മുമ്പുതന്നെ വിവാഹിതരായിരുന്നു. ഭർത്താവും ഭാര്യയും വിശ്വാസം സ്വീകരിക്കാതെ ഒരാൾ അവിശ്വാസിയായി തുടരുമ്പോഴും അവരുടെ വിവാഹം നിലനില്ക്കുന്നു. ഇത്തരം സാഹചര്യത്തിലും വിവാഹം വേർപെടരുത് എന്നുതന്നെയാണ് അപ്പസ്തോലൻ നല്കുന്ന പഠനം. ഒരാൾ അവിശ്വാസിയായിത്തന്നെ കഴിയുകയും അതേസമയം വിവാഹത്തിൽ തുടരാൻ താത്പര്യപ്പെടുകയും ചെയ്താൽ ആ പങ്കാളിയെ ഉപേക്ഷിക്കരുത്. ജീവിത പങ്കാളിയുടെ യോഗ്യതയാൽ അയാളും 'വിശുദ്ധീകരിക്കപ്പെടുന്നു'. ഇവിടെ വിശുദ്ധീകരിക്കപ്പെടുന്നു എന്നതിന്റെ അർത്ഥം പൂർണ്ണമായി മനസ്സിലാക്കാനാവില്ല. ദൈവത്തിനായി മാറ്റിനിർത്തപ്പെടുന്നു എന്ന ഒരർത്ഥത്തിലാണ് യഹൂദചിന്തയിൽ ഈ വാക്ക് ഉപയോഗിക്കുന്നത്. ദൈവത്തിൽനിന്ന് ലഭിക്കുന്ന കൃപകൾ വിശ്വാസിയായ പങ്കാളിക്കു ലഭിക്കുന്നതുപോലെ ഇതരപങ്കാളിക്കും ലഭിക്കുന്നു. പഴയ നിയമത്തിൽ സമാനമായ ഉദാഹരണങ്ങൾ കാണാം (ഉല്പ 15:18; 17:7; 18:26; 1 രാജാ 15:4, ഏശ 37:4). വിശ്വാസിയുടെ വിശുദ്ധി അവിശ്വാസിയായ പങ്കാളിക്കും അനുഗ്രഹത്തിന്റെ ചാലായി മാറുന്നു. വിശ്വാസിയുടെ മക്കൾ സ്വാഭാവികമായിത്തന്നെ വിശുദ്ധീകരിക്കപ്പെട്ടവരായി ഗണിക്കപ്പെടുന്നു എന്നതാണ് ഇതിനടിസ്ഥാനമായി പൗലോസ് ചൂണ്ടിക്കാട്ടുന്നത്.

തുടർന്നുവരുന്ന വാക്യങ്ങളിൽ ഇതിൽനിന്നു ഭിന്നമായ സാഹചര്യമാണ് (7:15-16). ഇവിടെ അവിശ്വാസിയായ ജീവിതപങ്കാളി സ്വയം വിശ്വാസിയായ പങ്കാളിയെ ഉപേക്ഷിക്കുന്നു. ഇപ്രകാരം ഉപേക്ഷിക്കപ്പെട്ട ജീവിതപങ്കാളിക്ക് ആ വിവാഹബന്ധം നിലനില്ക്കുന്നില്ല. ഇവിടെ അവിശ്വാസി മുൻകൈയെടുക്കുകയും വിശ്വാസിയെ ഉപേക്ഷിക്കുകയുമാണ്. അത്തരം സാഹചര്യത്തിലാണ് വിശ്വാസിക്ക് വീണ്ടും വിവാഹത്തിന് സാദ്ധ്യതയുള്ളത്. 'ദൈവം നിങ്ങളെ സമാധാനത്തിലേക്കാണ് വിളിച്ചിരിക്കുന്നത്' എന്ന വാക്യം ക്രൈസ്തവരെന്ന വിളിയേക്കാൾ ഭാര്യാഭർത്താക്കന്മാർ എന്ന വിളിയെയാണ് ഉദ്ദേശിക്കുന്നത്. ക്രിസ്ത്യാനിയാകുന്നതുകൊണ്ട് കുടുംബബന്ധം തകർക്കാൻ ദൈവം ആഗ്രഹിക്കുന്നില്ല. ഒരുമിച്ച് ജീവിക്കുന്ന കാര്യമായാലും വേർപിരിയുന്ന കാര്യമായാലും ദൈവം നിശ്ചയിച്ചിരിക്കുന്ന ക്രമം തുടരുകയാണ് വേണ്ടത്. തുടർന്നുവരുന്ന വാക്യത്തിൽ (7:16) 'രക്ഷിക്കുക' എന്നതുകൊണ്ട് സുവിശേഷത്തി





നായി നേടുക എന്നാണർത്ഥമാക്കുന്നത്. പരസ്പരം വേർപിരിയാതെ വിവാഹത്തിൽ തുടർന്നുകൊണ്ട് പങ്കാളിയേക്കൂടി ക്രമേണ വിശ്വാസത്തിലേക്കു കൊണ്ടുവരാൻ ഒരുപക്ഷേ കഴിഞ്ഞേക്കാം. അഥവാ പങ്കാളി പിരിഞ്ഞുപോകാൻ താത്പര്യപ്പെടുന്നെങ്കിൽ, വിവാഹബന്ധം തുടരുന്നതുകൊണ്ടും പങ്കാളിയെ വിശ്വാസത്തിലേക്കു കൊണ്ടുവരാൻ കഴിയുമെന്ന് ഉറപ്പില്ലാത്തതിനാൽ സമാധാനപൂർണ്ണമായ വിവാഹജീവിതം ഇരുവർക്കും ഉണ്ടാകാൻവേണ്ടി വേർപിരിയാം.

വിവാഹമോചനം നേടാനുള്ള പഴുതുകളൊന്നുമല്ല പൗലോസിന്റെ പഠനത്തിലുള്ളത്, നേരേമറിച്ചാണ്. യാതൊരു സാഹചര്യത്തിലും വിവാഹബന്ധം വേർപിരിയരുത് എന്നാണ് അപ്പസ്തോലന്റെ നിലപാട്. പിരിയാനുള്ള താത്പര്യം ഒരിക്കലും വിശ്വാസിയുടെ ഭാഗത്തുനിന്ന് ഉണ്ടാകാൻ പാടില്ല. ദൈവം യോജിപ്പിച്ചതു മനുഷ്യൻ വേർപെടുത്തരുത് എന്ന അടിസ്ഥാന പഠനം തന്നെയാണിത്. ക്രൈസ്തവ വിശ്വാസം സ്വീകരിക്കാത്ത ഒരാളുമായുള്ള വിവാഹത്തെ പ്രോത്സാഹിപ്പിക്കുന്ന ഒരു പഠനമല്ല ഇത്. വിശ്വാസിയായ ഒരാളുമായി വിവാഹം നടത്താനായി ഒരു വിവാഹം (അവിശ്വാസികളായ ദമ്പതികൾ)വേർപിരിയുന്നതും ഇവിടെ അനുവദിച്ചിട്ടില്ല. എല്ലാ സാഹചര്യത്തിലും വിവാഹം അവിഭാജ്യമായി തുടരണം. വിശ്വാസികളുടെ കാര്യത്തിൽ വിവാഹം *ക്രിസ്തുവിൽ*, അതായത് ക്രൈസ്തവർ തമ്മിൽത്തന്നെ ആയിരിക്കുകയും വേണം. അവിശ്വാസികളായിരിക്കേ വിവാഹിതരാകുകയും പിന്നീട് ഒരാൾ വിശ്വാസം സ്വീകരിക്കുകയും ചെയ്യുമ്പോൾ വിശ്വാസം സ്വീകരിക്കാത്ത ആൾക്ക് വിവാഹബന്ധത്തിൽ തുടരാൻ താത്പര്യമില്ലാത്ത പക്ഷം ബന്ധം പിരിയാവുന്നതാണ് എന്നതാണ് അപ്പസ്തോലന്റെ പഠനം.

### വിളിയോട് വിശ്വസ്തത (7:17-24)

വിഭാര്യരേയും വിവാഹിതരേയുമെല്ലാം സംബന്ധിച്ച ചർച്ചക്കിടയിൽ ഈ വചനഭാഗത്തിന്റെ പ്രസക്തി എന്ത് എന്നത് ചർച്ചാവിഷയമാണ്. ഇതിന്റെ അവസാനവാക്യം (7:24) ഇക്കാര്യത്തിലേക്ക് വെളിച്ചം വീശുന്നതാണ്. ക്രിസ്ത്യാനിയായതിന്റെ പേരിൽ താന്താങ്ങളുടെ ജീവിത സാഹചര്യങ്ങൾ മാറ്റിമറിക്കുന്നത് യുക്തമല്ല. സമൂഹത്തിലും സമുദായത്തിലും നിലനില്ക്കുന്ന ചില ക്രമങ്ങൾപോലും ക്രിസ്തീയമായ കാഴ്ചപ്പാടിൽ പുനർനിർവചിക്കുകയാണാവശ്യം. യഹൂദരും യഹൂദരല്ലാത്തവരും, അടിമകളും സ്വതന്ത്രരും തുടങ്ങിയ സാമൂഹിക തരംതിരിവുകൾ പൂർണ്ണമായും ഇല്ലായ്മ ചെയ്യുകയല്ല

ക്രിസ്തീയ വിശ്വാസത്തിലൂടെ നടക്കുന്നത്. ഇവയ്ക്കെല്ലാം പുതിയ അർത്ഥം കൈവരുകയാണ്.

ഏഴാം അദ്ധ്യായത്തിൽ കുടുംബത്തിലെ വിവിധ അംഗങ്ങളെ സംബന്ധിച്ച ചർച്ചയാണ്. അവിവാഹിതരും വിധവകളും വിവാഹിതരുമെന്നപോലെ അടിമകളും കുടുംബത്തിന്റെ ഭാഗമാണ്. ക്രിസ്ത്യാനിയാകുന്നതോടെ വിവാഹമോചനങ്ങൾ പാടില്ല എന്നതുപോലെ തന്നെ മേൽപറഞ്ഞ സാമൂഹിക സംവിധാനങ്ങൾക്കും മാറ്റം വരുത്തരുത് എന്ന് അപ്പസ്തോലൻ ഉദ്ബോധിപ്പിക്കുന്നു. സമൂഹത്തിൽ സമൂല അഴിച്ചുപണി നടത്തിയല്ല, സമൂഹഘടനയിലേക്ക് പ്രശ്നരഹിതമായി ഉൾച്ചേർന്നാണ് സഭ ജീവിക്കേണ്ടത്. അതേസമയം തങ്ങളുടെ ജോലിക്കും സാമൂഹിക നിലകൾക്കും ക്രൈസ്തവമായ അർത്ഥം കണ്ടെത്താൻ വിശ്വാസികൾക്കു കഴിയുകയും വേണം.

ദൈവം ഓരോരുത്തരേയും വിളിക്കുകയും നിയോഗിക്കുകയും (17) ചെയ്തിരിക്കുന്നു. ഇത് തിരിച്ചറിഞ്ഞ് വിശ്വാസത്തിന്റെ സാക്ഷ്യം നൽകി ജീവിക്കാൻ ഓരോരുത്തരോടും അപ്പസ്തോലൻ കല്പിക്കുന്നു. കോറിന്തോസുകാർക്കു മാത്രമല്ല, എല്ലാ സഭകൾക്കും ഇത് ബാധകമാണ്. ക്രിസ്ത്യാനികൾ പരിച്ഛേദനത്തിന്റെ അടയാളം ഇല്ലായ്മ ചെയ്യുക ആവശ്യമാണ് എന്ന് കോറിന്തോസിലെ യഹൂദരല്ലാത്ത ക്രിസ്ത്യാനികൾ ശഠിച്ചിരുന്നോ എന്ന് വ്യക്തമല്ല. അത്തരം ഒരു നിലപാടുണ്ടായിരുന്നു എന്നു ന്യായമായും ഊഹിക്കാവുന്നതാണ്. പരിച്ഛേദനത്തിന്റെ ബാഹ്യ അടയാളത്തേക്കാൾ ആന്തരിക അർത്ഥത്തിന് അപ്പസ്തോലൻ പ്രാധാന്യം കൊടുക്കുന്നു. ദൈവകല്പനകൾ പാലിക്കുക എന്നതാണ് പ്രധാനം. അടിമകളെ സംബന്ധിച്ചും സമാനമായ കാര്യമാണിവിടെ. സ്വാതന്ത്ര്യത്തിലേക്കാണ് ക്രിസ്ത്യാനി വിളിക്കപ്പെട്ടിരിക്കുന്നത്. എന്നാൽ ഇത് കേവലം സാമൂഹികമായ സ്വാതന്ത്ര്യമല്ല അർത്ഥമാക്കുന്നത്. എല്ലാ ക്രൈസ്തവരും ക്രിസ്തുവിന്റെ രക്തം വിലയായി കൊടുത്തു വിലയ്ക്കു വാങ്ങപ്പെട്ടവരാണ്. ക്രിസ്ത്യാനിയാകുന്നതോടെ ക്രിസ്തുവിന്റെ ശുശ്രൂഷക്കായി നിയോഗിക്കപ്പെടുകയാണ് ഓരോരുത്തരും. ക്രിസ്തുവിന് വിധേയപ്പെട്ടും അതേസമയം ക്രിസ്തുവിലുള്ള സ്വാതന്ത്ര്യം പൂർണ്ണമായി അനുഭവിച്ചുമുള്ള ശുശ്രൂഷയാണത്. ഏത് അവസ്ഥയിലായാലും ഈ ശുശ്രൂഷ ആത്മാർത്ഥമായി ചെയ്യുന്നതാണ് പ്രധാനം.





**അവിവാഹിതരും വിധവകളും (7:25-40)**

കോറിന്തോസുകാർ എഴുതി ചോദിച്ച കാര്യങ്ങളിൽ അടുത്ത വിഷയമാണ് ഏഴാമധ്യായത്തിലെ തുടർന്നുള്ള ചർച്ചാവിഷയം. വിവാഹിതരെയും വിഭാര്യരേയും വിധവകളെയും സംബന്ധിച്ച കാര്യങ്ങളോടു ചേർത്തുതന്നെ ഈ വിഷയവും പരിഗണിച്ചിരിക്കുന്നു. എങ്കിലും കന്യാത്വം സംബന്ധിച്ച ഈ പഠനം കോറിന്തോസിന്റെ പ്രത്യേക പശ്ചാത്തലത്തിൽ നിലനിന്നിരുന്ന പ്രായോഗികമായ ഒരു കാര്യമായി കരുതാവുന്നതാണ്. താത്ത്വികമായ നിലപാടുകളേക്കാൾ പ്രായോഗികമായ നിർദ്ദേശങ്ങളാണിവിടെ മുന്നിട്ടു നില്ക്കുന്നത്.

അവിവാഹിതരെപ്പറ്റി എന്നു തുടങ്ങുന്ന ഈ ഭാഗം കന്യകകളെക്കുറിച്ചാണ് പ്രധാനമായും പറയുന്നത്. ഗ്രീക്കിലെ പർത്തേനോയി എന്ന വാക്ക് ഇവിടെ ആറുതവണ ഉപയോഗിച്ചിരിക്കുന്നു. ഇതിൽ അഞ്ചും സ്ത്രീകളെയാണ് ഉദ്ദേശിച്ചിരിക്കുന്നത് എന്നതുകൊണ്ട് ഇത്തരത്തിൽ കരുതാവുന്നതാണ്. പ്രത്യേക ദൈവകല്പനകളൊന്നും ഇക്കാര്യത്തിലില്ല എന്ന് വ്യക്തമാക്കുന്നു. പൗലോസ് തന്റെ ജീവിതാനുഭവത്തിന്റെ വെളിച്ചത്തിൽ ചില അഭിപ്രായങ്ങൾ പറയുക മാത്രമാണിവിടെ. വിശ്വസ്തനായിരിക്കാൻ കർത്താവിൽനിന്ന് കരുണ ലഭിച്ചവൻ എന്നതിൽനിന്ന് പൗലോസ് അവിവാഹിതനായി ദൈവശുശ്രൂഷ ചെയ്തിരുന്ന പശ്ചാത്തലമാണ് വിവക്ഷ എന്നു കണക്കാക്കപ്പെടുന്നു. വിവാഹത്തിന്റെ യഹൂദ ഗ്രീക്കു കീഴ്വഴക്കങ്ങൾ എന്തായിരുന്നു എന്നുകൂടി പരിഗണിച്ചു വേണം ഇവിടെ ചർച്ച ചെയ്യുന്ന കാര്യം ഉറപ്പിക്കാൻ. വിവാഹത്തിനുമുമ്പ് വിവാഹ വാഗ്ദാനം കഴിഞ്ഞവരേയോ, സാമൂഹികാചാരപ്രകാരം വിവാഹ നിശ്ചയം ചെയ്തിട്ടുള്ളവരേയോ സംബന്ധിച്ചാണ് ഈ പഠനം എന്നാണ് മനസ്സിലാക്കേണ്ടത്.

ബ്രഹ്മചര്യത്തിന് അനുകൂലമായ രണ്ടു വാദഗതികൾ പൗലോസ് അവതരിപ്പിക്കുന്നു. ആദ്യത്തേത് (26:31) യുഗാന്ത്യത്തെ സംബന്ധിച്ച ചിന്തയുടെയും പ്രതീകങ്ങളുടെയും പിൻബലത്തിലാണ്. കർത്താവിന്റെ രണ്ടാം ആഗമനം ഉടൻ സംഭവിക്കുമെന്നും അതിനുമുമ്പ് പീഡനങ്ങൾ ഉണ്ടാകുമെന്നും ആദിമസഭ വിശ്വസിച്ചിരുന്നു. ജറുസലേം ഉടനടി നശിപ്പിക്കപ്പെടുമെന്നും അവസാനം അടുത്തെന്നും മുന്നറിയിപ്പു നല്കിക്കൊണ്ട് ജെറെമിയ പ്രവാചകനോട് കർത്താവ് അവിവാഹിതനായി കഴിയാൻ ആവശ്യപ്പെടുന്നുണ്ട് (ജറെ 16). അതുപോലെ ഇവിടെ കോറിന്തോസുകാരോട് പൗലോസും സമാനമായ അടിസ്ഥാനത്തിലാണ് അവിവാഹിതരായിക്കഴിയാൻ പറയുന്നത്.

സമയം പരിമിതമാണ് (29); ചെറിയ കാലത്തേക്കുമാത്രമായ ഒരു ജീവിതമുള്ളപ്പോൾ ഇപ്പോൾ ആയിരിക്കുന്ന രീതിയിൽ തുടരുകയാണ് കൂടുതൽ നന്ന്. വിവാഹിതർക്ക് കൂടുതൽ ക്ലേശങ്ങളുണ്ടാകും. അവർക്ക് ഭാര്യയെയും മക്കളെയുംകുറിച്ചെല്ലാം വ്യഗ്രതപ്പെടേണ്ടിവരും. അതിനാൽ ലൗകികമായ യാതൊന്നിലും ഇടപെടാതെ സ്വതന്ത്രരായിക്കഴിയുകയാണ് നല്ലത്. എല്ലാം ത്യജിക്കുന്ന ഒരു ശൈലിയാണ് കൂടുതൽ സന്തോഷകരം.

പ്രത്യക്ഷത്തിൽ ഈ വാദഗതി അപ്രസക്തമായി തോന്നാം. കുറച്ചുസമയമേയുള്ളുവെങ്കിൽ എല്ലാക്കാര്യങ്ങളിലും ആവോളം ഇടപെടുകയല്ലേ വേണ്ടത്. ആദിമസഭയുടെ യുഗാന്ത്യോന്മുഖ ചിന്തയുടെ പശ്ചാത്തലത്തിൽ വേണം ഇതു മനസ്സിലാക്കാൻ. തിന്മ നിറഞ്ഞ ഈ ലോകത്തിൽനിന്നു വിട്ട് നന്മയുടെ പുതുലോകത്തെ പൗരന്മാരാകാൻ ക്ഷണിക്കുന്നതാണ് യുഗാന്ത്യചിന്ത. നശ്വരമായ ഈ ലോകത്തിൽനിന്നു മോചനം നേടി അനശ്വരമായ പുതുലോകത്തെത്താൻ ഈ ലോകത്തിന്റെ എല്ലാ ആകർഷണങ്ങളോടും വിട്ടുനില്ക്കുകയാണ് കൂടുതൽ എളുപ്പം. ഇതാണ് അവിവാഹിതരായിത്തന്നെ കഴിയാൻ കോറിന്തോസുകാരെ ഉപദേശിക്കുന്ന പൗലോസിന്റെ പ്രായോഗിക കാഴ്ചപ്പാട്. അതേസമയം വിവാഹിതരാണെങ്കിൽ പുതിയൊരു സാഹചര്യത്തിലേക്കു വരാതെ ഓരോരുത്തരും താന്താങ്ങളുടെ ഇപ്പോഴുള്ള സാഹചര്യത്തിൽ തുടരാനും പൗലോസ് ആവശ്യപ്പെടുന്നു.

അവിവാഹിത ജീവിതമാണ് കൂടുതൽ നല്ലത് എന്നതിന് രണ്ടാമതായി നല്കുന്ന വാദഗതി (32:35) അവർക്ക് വ്യഗ്രതകൾ ഒഴിവാക്കാം എന്നതാണ്. വിവാഹിതർക്ക് കുടുംബത്തിന്റെ കാര്യങ്ങളിൽ ശ്രദ്ധിക്കേണ്ടതുകൊണ്ട് കർത്താവിന്റെ ശുശ്രൂഷയിൽ പൂർണ്ണമായി മുഴുകാൻ കഴിയില്ല. അവിവാഹിതർക്കാകട്ടെ മുഴുവൻ സമയവും, പൂർണ്ണ സമർപ്പണത്തോടെ കർത്തൃശുശ്രൂഷ ചെയ്യാൻ കഴിയും. വിവാഹിതർക്ക് ഏകാഗ്രചിത്തരായിരിക്കാൻ വിഷമമാണ്. അവിവാഹിതർക്ക് ഏകാഗ്രതയോടെ ദൈവരാജ്യശുശ്രൂഷ ചെയ്യാൻ കൂടുതൽ എളുപ്പമാണ്. വിവാഹിതരായി ജീവിക്കാനുള്ള സ്വാതന്ത്ര്യം തടയുകയല്ല, വ്യഗ്രതകൾ ഇല്ലാത്തതും ക്രമമുള്ളതുമായ ജീവിതത്തിലൂടെ കൂടുതൽ നന്നായി കർത്തൃശുശ്രൂഷ ചെയ്യാൻ സഹായിക്കുകയാണ് അപ്പസ്തോലൻ ഈ ഉപദേശത്തിലൂടെ ചെയ്യുന്നത്.

തുടർന്നുവരുന്ന വാക്യങ്ങളിൽ (36:38) കോറിന്തോസിൽ നിലനിന്നിരിക്കാനിടയുള്ള ഒരു പ്രത്യേക സാഹചര്യ പശ്ചാത്തലത്തിലാണ് പൗലോസിന്റെ ഉപദേശം മനസിലാക്കേണ്ടത്. വിവാഹി





തരോ വിവാഹനിശ്ചയം ചെയ്തിരിക്കുന്നവരോ ആയ ചിലരുടെ കാര്യമാണിവിടെ പരിഗണിക്കുന്നത്. വിവാഹ ബന്ധത്തിലാണെങ്കിലും അവിവാഹിതരെപ്പോലെ, ശാരീരിക ലൈംഗിക ബന്ധങ്ങളില്ലാതെ ജീവിക്കാൻ ആഗ്രഹിച്ചവരെക്കുറിച്ചായിരിക്കാം പരാമർശിക്കുന്നത്. അപ്രകാരം തുടരുന്നതു കൂടുതൽ നല്ലതാണ് എന്ന് പൗലോസ് വ്യക്തമാക്കുന്നു (38). എങ്കിലും സംയമനം സാദ്ധ്യമല്ലാത്തപക്ഷം അവർ വിവാഹിതരായി കഴിയണം. പുരുഷന്മാരെ സംബന്ധിച്ചു മാത്രമാണിവിടെ പരാമർശമെങ്കിലും അന്നത്തെ സാമൂഹിക പശ്ചാത്തലത്തിലും ചിന്താഗതിയിലും ഇതു മനസ്സിലാക്കാവുന്നതാണ്. പുരുഷനെയും സ്ത്രീയെയും സംബന്ധിച്ച് ഇതു തുല്യമാണ്.

# 07

## വിഗ്രഹാർപ്പിത ഭക്ഷണവും ഇതരമത സമ്പർക്കവും (8:1 – 11:1)

ഇതരമതങ്ങളോടും അവയിലെ ആചാരങ്ങളോടുമുള്ള ക്രൈസ്തവരുടെ സമീപനം എന്തായിരിക്കണം എന്നത് അജപാലനപരമായി പ്രസക്തമായ ചോദ്യമാണ്; വിശേഷിച്ചും ഇതരമതസ്ഥരായ ഭരിപക്ഷത്തിനിടയിൽ ജീവിക്കുന്ന സാഹചര്യത്തിൽ. ഈ പ്രതിസന്ധിക്ക് ശ്ലീഹാ നൽകുന്ന ഉത്തരങ്ങൾക്ക് ഇന്നും ഏറെ പ്രസക്തിയുണ്ട്.

കോറിന്തോസുകാർ എഴുതിച്ചോദിച്ച കാര്യങ്ങളിൽ തുടർന്നുവരുന്ന വിഷയം കോറിന്തോസിലെ സാമൂഹിക ജീവിതത്തോട് നേരിട്ടുബന്ധപ്പെട്ടതാണ്. ഏറ്റവും ലളിതമായി വിലയിരുത്തിയാൽ രണ്ടു കാര്യങ്ങളാണിവിടെയുള്ളത്. ഒന്ന്, വിഗ്രഹങ്ങൾക്ക് അർപ്പിച്ച മാംസം കഴിക്കാൻ ക്രിസ്ത്യാനിക്ക് അവകാശമുണ്ടോ? രണ്ട്, വിഗ്രഹാർപ്പിത ഭക്ഷണം വിളമ്പുന്ന വിരുന്നുകളിൽ ക്രിസ്ത്യാനികൾക്ക് പങ്കുചേരാമോ? നമ്മുടെ ഇക്കാലത്തെ സാമൂഹികാചാരങ്ങൾക്കും ദൈവശാസ്ത്ര ചിന്തകൾക്കും ഉപരിയായ പശ്ചാത്തലം ഇവിടെ കാണേണ്ടതുണ്ട്. ഇക്കാലത്തെ ചില പ്രായോഗിക പ്രശ്നങ്ങളോട് ഈ ചർച്ചയ്ക്ക്





ബന്ധവുമുണ്ട്. ഉദാഹരണത്തിന് മറ്റുമതസ്ഥരുടെ അമ്പലങ്ങളിൽ നിന്നു ലഭിക്കുന്ന പ്രസാദം ഭക്ഷിക്കാമോ? ഇതര മതസ്ഥരുടെ ആഘോഷങ്ങളിൽ പങ്കെടുക്കാമോ?

കോറിന്തോസിലെ സാമൂഹ്യപശ്ചാത്തലം ശ്രദ്ധിക്കാം. കോറിന്തോസിൽ ലഭിച്ചിരുന്ന ഭക്ഷണസാധനങ്ങൾക്ക് പലതിനും വിജാതീയ ആരാധനയോട് ബന്ധമുണ്ടായിരുന്നു. അമ്പലത്തിൽ വച്ചു ഭക്ഷിക്കുന്നതും ചന്തയിൽ വില്പനക്കായി വയ്ക്കുന്നതുമെല്ലാം ഒരുഭാഗം ദേവനും ദേവിക്കുമെല്ലാം അർച്ചന ചെയ്തതിനു ശേഷമായിരുന്നു. അമ്പലങ്ങളിലെ ആരാധനയിൽ ബലിക്കായി കൊണ്ടുവന്നിരുന്ന മാംസത്തിന്റെ (മൃഗബലി) ഒരുഭാഗം പുരോഹിതർക്കായിരുന്നു. ഇത് ചന്തയിൽ വില്പനക്കായി നല്കുക സാധാരണമാണ്. ബലിയർപ്പണത്തിനുപയോഗിച്ച ഭക്ഷണ വസ്തുവായതുകൊണ്ട് അതിന് എന്തെങ്കിലും കുറവോ കൂടുതലോ ഉള്ളതായി ആരും കണക്കാക്കാറില്ല.

ഇതുപോലെ തന്നെയായിരുന്നു അമ്പലങ്ങളോടു ചേർന്നുള്ള ഭക്ഷണവും. പൊതു ആഘോഷവേളകളിൽ മാത്രമല്ല വ്യക്തികളുടെയും കുടുംബങ്ങളുടെയും ആഘോഷങ്ങളും ഒത്തുചേരലുകളുമെല്ലാം ദേവാലയത്തോടും ആരാധനയോടും ചേർന്നു നടത്തിയിരുന്നു. വീടുകളിലെ വിരുന്നുകളിലും ഭക്ഷണം വിളമ്പുന്നതിനു മുമ്പ് ദേവനോ ദേവിക്കോ നേദിക്കുന്ന പതിവുണ്ടായിരുന്നു. ദേവനർപ്പിച്ചതിന്റെ ബാക്കിയാണ് മറ്റുള്ളവർക്ക് നൽകുന്നത്.

മേൽപ്രസ്താവിച്ച സാഹചര്യങ്ങളിലൊന്നും ഇത്തരം ഭക്ഷണം കഴിക്കാൻ യഹൂദവിശ്വാസികൾക്ക് അനുവാദമില്ലായിരുന്നു. ക്രൈസ്തവർക്കും സമാനമായ നിയമം ഉണ്ടായിരുന്നു. അപ്പസ്തോല പ്രവർത്തനങ്ങളിൽ വിജാതീയർക്കായി നല്കുന്ന നിയമത്തിൽ വിഗ്രഹാർപ്പിതവസ്തുക്കൾ, രക്തം, കഴുത്തു ഞെരിച്ചു കൊല്ലപ്പെട്ടവ, വ്യഭിചാരം എന്നിവയിൽനിന്ന് അകന്നിരിക്കണം എന്ന നിബന്ധനയാണ് നൽകിയത് (അപ്പ 15:29). ഇപ്പറഞ്ഞവയെല്ലാം വിഗ്രഹാരാധനയോടു ബന്ധപ്പെട്ടവയാണെന്നും കണക്കാക്കാവുന്നതാണ്. ഗ്രീക്ക് അമ്പലങ്ങളിൽ ആരാധനയുടെ ഭാഗമായി വ്യഭിചാരം, തുടങ്ങിയ അസന്മാർഗിക കാര്യങ്ങൾ നടന്നിരുന്നതായും തെളിവുകളുണ്ട്.

കോറിന്തോസിലെ ക്രൈസ്തവസമൂഹം അംഗബലത്തിൽ തീർത്തും നിസ്സാരമായിരുന്നു. സാമൂഹിക ബന്ധങ്ങളെല്ലാം ഒഴിവാക്കി തങ്ങളുടേതു മാത്രമായ ഭക്ഷണവേദികളും മറ്റും കണ്ടെത്തുക സ്വാഭാവികമായും എളുപ്പമായിരുന്നില്ല. ഈ പശ്ചാത്തലത്തി

ലാവണം ഭക്ഷണം സംബന്ധിച്ച സംവാദങ്ങൾ സഭയിൽ ഉടലെടുത്തതും ഇക്കാര്യത്തിൽ അപ്പസ്തോലന്റെ നിലപാടും തീരുമാനവും ആരാഞ്ഞുകൊണ്ട് അവർ കത്തുമുഖേന അദ്ദേഹത്തെ സമീപിച്ചതും. കോറിന്തോസുകാരുടെ നിലപാട് വ്യക്തമാക്കുന്ന മുദ്രാവാക്യങ്ങൾ തന്റെ ഉത്തരത്തിൽ പൗലോസ് ചേർത്തിരിക്കുന്നതും വളരെ ശ്രദ്ധേയമാണ്. ഇക്കാര്യത്തിൽ 'നമുക്ക് അറിവുണ്ട്' (8:1), 'ലോകത്തിൽ വിഗ്രഹമെന്നൊന്നില്ല' (5:4), 'ഏകദൈവമല്ലാതെ മറ്റൊരു ദൈവമില്ല' (8:4); 'ഭക്ഷണം നമ്മെ ദൈവത്തോട് അടുപ്പിക്കുകയില്ല' (8:8); 'ഭക്ഷിക്കാതിരിക്കുന്നതുകൊണ്ട് നമ്മൾ കൂടുതൽ അയോഗ്യരോ, ഭക്ഷിക്കുന്നതുകൊണ്ട് കൂടുതൽ യോഗ്യരോ ആകുന്നില്ല' (8:9); 'എല്ലാം നിയമാനുസൃതമാണ്' (10:23; 6:12) തുടങ്ങിയവയെല്ലാം കോറിന്തോസിലെ ഇരുപക്ഷത്തിന്റെയും നിലപാടുകളുടെ പിന്നിലെ ചിന്തകളാണ്. പല സഭാംഗങ്ങളും വിഗ്രഹാർപ്പിത ഭക്ഷണം കഴിച്ചിരുന്നു എന്നും അതിനെ ന്യായീകരിക്കാനാണ് അവർ ശ്രമിക്കുന്നതെന്നും ഈ മുദ്രാവാക്യങ്ങൾ വ്യക്തമാക്കുന്നു.

ജറുസലെമിലെ സഭാനേതൃത്വത്തിന്റെ തീരുമാനം എടുത്തുകാണിക്കാൻ പൗലോസ് ശ്രമിക്കുന്നില്ല. തന്റെ അപ്പസ്തോലികാധികാരം ഉപയോഗിച്ച്, കോറിന്തോസിലെ സാഹചര്യത്തിന് യഥാവിധിയുള്ള മറുപടി നല്കുകയാണിവിടെ. എല്ലാവർക്കും അറിവുണ്ട് എന്ന് പൗലോസ് സമ്മതിക്കുന്നു. എന്നാൽ അറിവു മാത്രം കൊണ്ടായില്ല. അറിവ് സ്നേഹംകൊണ്ട് പൂർത്തിയാക്കപ്പെടണം. അറിവുണ്ടെന്നു വിചാരിക്കുന്നവൻ എല്ലാം അറിയുന്നില്ലെന്നും എന്നാൽ സ്നേഹിക്കുന്നവൻ അറിവിന്റെ ഉന്നതിയിൽ എത്തുന്നുവെന്നുമുള്ള അപ്പസ്തോലന്റെ വാദം അവരുടെ തന്നെ വാക്കുകളിൽ അവരുടെ നിലപാടിനെ തിരുത്തുകയാണ്. അഹന്ത ജനിപ്പിക്കുന്ന അറിവല്ല പടുത്തുയർത്തുന്ന സ്നേഹമാണ് സഭയുടെ കാതൽ. സഭയെ പടുത്തുയർത്താത്ത വിജ്ഞാനവും ദൈവശാസ്ത്ര നിർവചനങ്ങളും മുദ്രാവാക്യങ്ങളും ഗവേഷണങ്ങളുമൊന്നും കർത്താവിനു യോജിച്ചതല്ല.

ഈ വചനഭാഗത്തിന്റെ വിശദമായ വ്യാഖ്യാനത്തിലേക്ക് കടക്കുന്നതിനുമുമ്പ് ഇതിന്റെ ക്രമീകരണം എന്തെന്നു പരിശോധിക്കാം. മൂന്ന് അദ്ധ്യായങ്ങളിലായാണ് വിഷയം സമഗ്രമായി ചർച്ച ചെയ്യുന്നത്. ആറു ഭാഗങ്ങളിലായി ഇവിടുത്തെ വിഷയക്രമീകരണം കണ്ടെത്താം.

1. വിഗ്രഹങ്ങളെ സംബന്ധിച്ച താത്വികമായ അറിവ് (8:1-6). 2. വിശ്വാസത്തിൽ ആഴം കുറഞ്ഞ സഹോദരർ (8:7-13). 3. പൗലോസിന്റെ വ്യക്തിപരമായ ജീവിതത്തിലെ ദർശനം (9:1-27). 4. യഹൂദചരിത്രം നല്കുന്ന പാഠം (10:1-13). 5. വിരുന്നുകളെക്കുറിച്ചുവേണ്ട മുൻകരുതൽ (10:14-22). 6. സഭ കൈക്കൊള്ളേണ്ട നിലപാട് (10:23 -11:1). ലേഖനത്തിന്റെ ഇതരഭാഗങ്ങളിലെന്നപോലെ ഇവിടെയും ചർച്ചയുടെ പ്രത്യേക ശൈലി കണ്ടെത്താം. ഒരു വിഷയം പറഞ്ഞു തുടങ്ങി മറ്റൊരു വിഷയത്തിലേക്ക്; തുടർന്ന് വീണ്ടും ആദ്യവിഷയത്തിലേക്ക് തിരിച്ചുവരുന്ന രീതി ഇവിടെയും അവലംബിച്ചിരിക്കുന്നു. ഇത്തരത്തിൽ വീക്ഷിക്കുമ്പോൾ 9-ാം അദ്ധ്യായം മറ്റു രണ്ടു ഭാഗങ്ങളേയും കൂട്ടിച്ചേർക്കുന്ന കണ്ണിയായി വർത്തിക്കുന്നു.

### അറിവും സഭയെ പടുത്തുയർത്തലും (8:1-6)

കോറിന്തോസുകാരുടെ നിലപാടു വ്യക്തമാക്കുന്ന മുദ്രാവാക്യങ്ങൾ ഉദ്ധരിച്ചുകൊണ്ടും ഭാഗികമായി അംഗീകരിച്ചുകൊണ്ടുമാണ് പൗലോസ് തന്റെ ന്യായവാദങ്ങൾ നിരത്തുന്നത്. കോറിന്തോസുകാർ എഴുത്തിലൂടെ ചോദിച്ച കാര്യമാണ് ചർച്ചാവിഷയമെന്ന് 8:1 വ്യക്തമാക്കുന്നു. *'നമുക്ക് അറിവുണ്ട്'* എന്നതു പൗലോസ് ബോധപൂർവ്വം ഉപയോഗിക്കുന്നതാകാം. കോറിന്തോസുകാർക്കുമാത്രല്ല എല്ലാവർക്കും ഇക്കാര്യത്തിൽ അറിവുണ്ട്. 'സങ്കല്പം' എന്ന മലയാള പരിഭാഷ മൂലപാഠത്തിലെ അർത്ഥം ഉൾക്കൊള്ളുന്നില്ല. അറിവുണ്ടെന്നത് നമുക്കെല്ലാം 'വ്യക്തമാണ്' എന്നാണിവിടെ. എന്നാൽ അറിവ് മിക്കപ്പോഴും അഹംഭാവം ജനിപ്പിക്കുന്നു എന്ന പൊതുവായ അനുഭവം പൗലോസ് ഇവിടെ ചൂണ്ടിക്കാട്ടുന്നു. അറിവിനേക്കാൾ സ്നേഹമാണ് സഭയുടെ പണിതുയർത്തലിനുവേണ്ടത്.

അറിവുണ്ടെന്നു കരുതുന്നവർ യഥാർത്ഥ ജ്ഞാനം ഗ്രഹിക്കുന്നില്ല. യഥാർത്ഥ ജ്ഞാനം ദൈവസ്നേഹത്തിൽനിന്ന് ലഭിക്കുന്ന ആത്മീയ അറിവാണ്. ഒരാൾ ദൈവത്തെ സ്നേഹിക്കുന്നെങ്കിൽ ദൈവം അയാളെ അറിയുന്നു. 'അംഗീകരിക്കുന്നു' എന്നത് മൂലാർത്ഥം ഉൾക്കൊള്ളുന്നില്ല. ദൈവം അവനെ അറിയുന്നു എന്നത് പ്രധാനമാണ്. നാം ദൈവത്തെ അറിയുന്നു എന്നതല്ല ദൈവം നമ്മെ അറിയുന്നു എന്നതാണ് പ്രധാനം (ഗലാ 4:9). ദൈവത്തെ ആത്മാർത്ഥമായി സ്നേഹിക്കുന്നവർക്ക് ദൈവം തന്റെ അറിവിന്റെ നിധികൾ ദാനമായി നല്കുന്നു. അറിവല്ല, സ്നേഹമായിരിക്കണം ക്രിസ്തുശിഷ്യനെ നയിക്കുന്ന ശക്തി എന്നു പഠിപ്പിക്കുകയാണിവിടെ.

വിഗ്രഹമെന്നത് ദൈവമല്ല എന്നും ക്രൈസ്തവന് ഏകദൈവത്തിലുള്ള ഉറച്ച വിശ്വാസമാണുള്ളതെന്നും പൗലോസ് വ്യക്തമാക്കുന്നു. ദൈവത്തെ പിതാവ് എന്നാണ് പൗലോസ് വിളിക്കുന്നത്.

യേശുക്രിസ്തുവിനെക്കുറിച്ചും ഒരു കർത്താവേയുള്ളൂ എന്നു പ്രഖ്യാപിക്കുന്നു. ക്രിസ്തുശിഷ്യരുടെ, ദൈവവുമായും ക്രിസ്തുവുമായുള്ള അടിസ്ഥാനബന്ധവും പരസ്പരമുള്ള ഐക്യത്തിന്റെ ബന്ധവുമാണ് ഇവിടെ സൂചിപ്പിക്കുന്നത്. വിഗ്രഹങ്ങൾ ദൈവങ്ങളല്ലാത്ത സ്ഥിതിയിൽ വിഗ്രഹങ്ങൾക്കർപ്പിച്ച ഭക്ഷണം കഴിക്കുന്നതിൽ യാതൊരു തെറ്റുമില്ല എന്ന പൊതുതത്ത്വം പൗലോസ് ഇവിടെ വ്യക്തമാക്കുന്നു.

### വിഗ്രഹാർപ്പിത ഭക്ഷണം (8:7-13)

വിഗ്രഹാരാധനയെക്കുറിച്ചും വിഗ്രഹാർപ്പിത ഭക്ഷണത്തെക്കുറിച്ചുമുള്ള ചർച്ച അറിവിന്റെ തലത്തിൽ മാത്രമുള്ളതല്ല. സ്നേഹമാണിവിടെ പ്രധാന ഘടകം. ഉറച്ച മനസ്സാക്ഷിയുള്ള, ആഴമായ ബോധ്യമുള്ള, വ്യക്തമായ അറിവുള്ള സഹോദരർ കട്ടികുറഞ്ഞ മനസ്സാക്ഷിയുള്ള, വിശ്വാസത്തിൽ ആഴം കുറഞ്ഞവരെ എപ്പോഴും പരിഗണിക്കണം. വിഗ്രഹങ്ങളെ സമീപിക്കുന്നതും വിഗ്രഹാർപ്പിത ഭക്ഷണം കഴിക്കുന്നതും യാതൊരു കുഴപ്പവും വരുത്തുന്നില്ല എന്നത് തികച്ചും ന്യായമായ നിലപാടാണെങ്കിലും വിശ്വാസത്തിൽ ആഴം കുറഞ്ഞവർക്ക് അതു ഗ്രഹിക്കാൻ കഴിവില്ലാത്തതിനാൽ അവരുടെ ആത്മീയ മുന്നേറ്റത്തിന് തടസ്സം സൃഷ്ടിച്ചേക്കാമെന്നതിനാൽ തങ്ങളുടെ അവകാശങ്ങൾ വേണ്ടെന്നു വയ്ക്കണം.

വിഗ്രഹമെന്നൊന്നില്ലെന്നും ഏകദൈവമേയുള്ളുവെന്നും അറിയാമെങ്കിലും തങ്ങളുടെ മുൻജീവിതത്തിലെ പരിചയംമൂലം വിശ്വാസികളിൽ പലർക്കും വിഗ്രഹങ്ങളോടുള്ള മനോഭാവത്തിൽ പൂർണ്ണമായ വിടുതൽ ലഭിച്ചിട്ടില്ല. വിവിധ മതവിശ്വാസികൾ ഒരുമിച്ചു താമസിക്കുന്ന ഇടങ്ങളിൽ ഇക്കാലത്തുപോലും ഇത് പ്രസക്തമാണ്. മറ്റു വിശ്വാസങ്ങൾ വച്ചുപുലർത്തുന്നവരുടെകൂടെ കഴിയുമ്പോൾ അവ നമ്മെയും സ്വാധീനിക്കാൻ ഇടയുണ്ട്. ഇത്തരത്തിൽ ബലം കുറഞ്ഞ മനസ്സാക്ഷിയുള്ളവർ വിഗ്രഹാർപ്പിത മാംസം കഴിക്കുമ്പോൾ തങ്ങൾ വിഗ്രഹങ്ങളോട് ബന്ധപ്പെടുന്നു എന്ന് ചിന്തിക്കാം. ഇത് അവരെ അശുദ്ധരാക്കാം. ഇതുപോലെതന്നെ അറിവുള്ളയാൾ താൻ തെറ്റുചെയ്യുന്നില്ല എന്ന ഉറപ്പോടുകൂടി അമ്പലത്തിലെ ആഘോഷങ്ങളോടു ചേർന്നു ഭക്ഷണം കഴിക്കുന്നത് അത്രയും അറിവില്ലാത്തയാൾ കാണാനിടയായാൽ അത് അയാൾക്കും ഭക്ഷിക്കാൻ പ്രേരണ നല്കാം. എന്നാൽ അയാൾ ഭക്ഷിക്കുന്നത് വിഗ്രഹാരാധനയിൽ പങ്കാളിയാകുന്നു എന്ന വിചാരത്തോടെയാണ്. ഇത് അയാൾക്കു പാപമായിത്തീരുന്നു.





ശക്തരായവരുടെ പ്രവർത്തനങ്ങൾ ശക്തി കുറഞ്ഞവർക്ക് പ്രതിബന്ധമായിത്തീരരുത്. ഒരാൾക്ക് നല്ലതായി കാണുന്നത് മറ്റൊരാൾക്ക് തിന്മയായെന്നിരിക്കാം. ആരും തങ്ങളുടെ തെറ്റും ശരിയും മറ്റുള്ളവരുടെമേൽ അടിച്ചേല്പിക്കരുത്. പ്രത്യേകിച്ച് അവർ തങ്ങളെക്കാൾ ബലം കുറഞ്ഞവരാകുമ്പോൾ. അവിവേകത്തോടെ പെരുമാറിയാൽ അതുവഴി, ക്രിസ്തുവിന്റെ മരണത്താൽ രക്ഷ ലഭിച്ച ഒരാളെ നാശത്തിലേക്ക് നയിക്കാൻ ഇടയാക്കും. അതിനാൽ അത്തരം പ്രവൃത്തി ക്രിസ്തുവിനുതന്നെ എതിരായ നിലപാടും അതിനാൽത്തന്നെ പാപവുമാണ്. മറ്റുള്ളവർക്ക് ഒരുപക്ഷേ ഇടർച്ച വരുത്തിയേക്കാം എന്നതുകൊണ്ട് ഏതു തരത്തിലുള്ള മാംസവും വർജ്ജിക്കാൻ തീരുമാനിച്ച പൗലോസിന്റെ നിലപാട് ശ്രദ്ധേയമാണ് (8:13).

ചുരുക്കത്തിൽ, 8-ാം അദ്ധ്യായം അവതരിപ്പിക്കുന്ന നിലപാട് പ്രായോഗികമായി വളരെ പ്രധാനമാണ്. അറിവും പരിചയവുമുള്ള 'ശക്തരായ' വിശ്വാസികൾക്ക് പല കാര്യങ്ങളും തെറ്റല്ല എന്ന ബോധ്യമുണ്ടാവാം. അതിനനുസരിച്ചു പെരുമാറാൻ അവർക്ക് അവകാശമുണ്ടുതാനും. എന്നാൽ ബലഹീനർ അവയെ പാപമെന്ന് കണക്കാക്കുന്നു. അറിവു കുറഞ്ഞവരുടെയും ദുർബലമനസ്സാക്ഷിക്കാരുടെയും ചിന്തക്കനുസരിച്ച് അറിവുള്ളവർ എക്കാലവും കഴിഞ്ഞുകൂടണം എന്നല്ല ഇപ്പറഞ്ഞതിനർത്ഥം. ശക്തന്മാർ ദുർബലരോട് പരിഗണനയോടെയും സ്നേഹത്തോടെയും പെരുമാറാൻ കടപ്പെട്ടിരിക്കുന്നു. കഴിവു കുറഞ്ഞവർക്കുവേണ്ടി മറ്റുള്ളവർ സ്വയം ത്യാഗങ്ങൾ സഹിക്കണം. അതാണ് ക്രിസ്തീയ സ്നേഹം.

### വേണ്ടെന്നു വച്ച അവകാശങ്ങൾ (9:1-27)

വിഗ്രഹാർപ്പിത ഭക്ഷണം കഴിക്കാനുള്ള അവകാശവും എന്നാൽ സഹോദരങ്ങളോടുള്ള സ്നേഹത്തിന്റെ പേരിൽ അത് വേണ്ടെന്നു വയ്ക്കാനുള്ള കടമയും ഊന്നിപ്പറയുന്ന 8-10 അദ്ധ്യായങ്ങൾക്കിടയിൽ വരുന്ന ഈ ഭാഗം (9:1-27) ഏറെ പ്രസക്തമാണ്. അപ്പസ്തോലനെന്ന നിലയിൽ തനിക്കുള്ള അവകാശങ്ങളെ അക്കമിട്ടു നിരത്തുകയാണിവിടെ. പക്ഷേ, ന്യായമായി ലഭിക്കേണ്ടതും അനുഭവിക്കാവുന്നതുമായ ഇവയൊന്നും താൻ ഉപയോഗപ്പെടുത്തിയിട്ടില്ല. മാത്രവുമല്ല, ഉന്നതമായ ലക്ഷ്യങ്ങൾക്കായി അനുനിമിഷം ഒരു കായികാഭ്യാസിയെപ്പോലെ ആത്മനിയന്ത്രണവും ചിട്ടയായ പരിശീലനവും നടത്തുകയും ചെയ്യുന്നു. തന്റെ ജീവിതത്തിൽനിന്നുള്ള ഈ സാക്ഷ്യം കോറിന്തോസുകാർ ഉൾക്കൊള്ളണം. അതിൻപ്രകാരം തങ്ങൾക്ക് അർഹതപ്പെട്ട അവകാശങ്ങൾ സ്നേഹ

ത്തിന്റെയും ക്രൈസ്തവ ദൗത്യത്തിന്റെയും പേരിൽ ഉപേക്ഷിക്കുകയും വേണം.

ക്രിസ്തു എല്ലാ വിശ്വാസികൾക്കുമായി സ്വജീവൻ നല്കിയതുപോലെ (8:11) വിശ്വാസത്തിൽ ശക്തിപ്രാപിച്ചവർ അശക്തരായവരുടെ നാശത്തിന് ഇടവരാതിരിക്കാനായി വിഗ്രഹത്തിനർപ്പിച്ച മാംസം ഭക്ഷിക്കാനുള്ള തങ്ങളുടെ ന്യായമായ അവകാശം വേണ്ടെന്നു വയ്ക്കണം. സുവിശേഷത്തിനുവേണ്ടി അപ്പസ്തോലൻതന്നെ തനിക്ക് അർഹമായ അവകാശങ്ങൾ വേണ്ടെന്നു വയ്ക്കുന്നു. താൻ ഇത്തരം അവകാശങ്ങൾ വേണ്ടെന്ന് വയ്ക്കുന്നുവെന്നതിൽനിന്ന് അപ്പസ്തോലനല്ല എന്നു വരുന്നില്ല. തുടർന്ന് അപ്പസ്തോലനാണെന്നതിന്റെ അടിസ്ഥാനങ്ങൾ വ്യക്തമാക്കുന്നു. കർത്താവിനെ കണ്ടിട്ടുണ്ട് (ഗലാ 1:16; അപ്പ 9:3-5; 22:6-9; 26:13-15;); സഭകൾ സ്ഥാപിച്ചിട്ടുണ്ട്. കോറിന്തോസിലെ സഭയുടെ അസ്തിത്വം തന്നെ അതിന്റെ വ്യക്തമായ തെളിവാണ്. "നിങ്ങളാണ് കർത്താവിൽ എന്റെ അപ്പസ്തോല സ്ഥാനത്തിന്റെ മുദ്ര."

അവകാശമുണ്ടായിട്ടും അവ ഉപയോഗപ്പെടുത്താതെ സ്വാതന്ത്ര്യം സൂക്ഷിക്കുകയാണ് പൗലോസ്. പ്രധാനമായും, ഭക്ഷിക്കാനും പാനം ചെയ്യാനും വിവാഹിതനായി ഭാര്യയോടുകൂടി ജീവിക്കുന്നതിനും മറ്റു ജോലികൾ ചെയ്യാതിരിക്കുന്നതിനുമുള്ള അവകാശങ്ങളാണ് ഇവിടെ പരാമർശിക്കപ്പെടുന്നത് (9:4-6). തന്റെയും കോറിന്തോസുകാരുടേയും മേന്മയ്ക്കായാണ് ഈ അവകാശങ്ങൾ സ്വീകരിക്കാത്തത്. സുവിശേഷം പ്രഘോഷിക്കാൻ ദൈവമാണ് തന്നെ ചുമതലപ്പെടുത്തിയത്. അതിന് ന്യായമായ പ്രതിഫലം കൈപ്പറ്റാൻ എന്തുകൊണ്ടും അവകാശമുണ്ടുതാനും. വിവിധ വാദഗതികൾ ഇതു വ്യക്തമാക്കാനായി അപ്പസ്തോലൻ ഇവിടെ പരാമർശിക്കുന്നു. പടയാളി സ്വന്തം ചെലവിൽ രാജ്യസേവ നടത്താറില്ല (7) മുന്തിരിത്തോട്ടത്തിന്റെ ഉടമസ്ഥൻ മുന്തിരിയുടെ ഫലങ്ങൾ തനിക്കായി ഉപയോഗിക്കുന്നു (7); ഇടയൻ ആട്ടിൻപറ്റത്തിന്റെ പാൽ കുടിക്കുന്നു (7); മെതിക്കുന്ന കാളയുടെ വായ കെട്ടരുത് (9) ഉഴുന്നവനും വിതക്കുന്നവനും ഫലത്തിന്റെ പങ്കു കിട്ടുന്നു (10) ദേവാലയ ശുശ്രൂഷികൾക്ക് ബലിവസ്തുക്കളുടെ ഓഹരി ലഭിക്കുന്നു (13).

സുവിശേഷപ്രഘോഷകരെ സഭാസമൂഹങ്ങൾ അവരുടെ ഭൗതികാവശ്യങ്ങളിൽ സഹായിക്കേണ്ടതിനെ സംബന്ധിച്ചാവണം ഭക്ഷണ പാനീയങ്ങളുടെ കാര്യം സൂചിപ്പിച്ചിരിക്കുന്നത്. കേപ്പായും കർത്താവിന്റെ സഹോദരന്മാരും (9:5) വിവാഹിതരായിരുന്നെന്നും





അവരുടെ സുവിശേഷ യാത്രകളിൽ ഭാര്യമാരും കൂടെയുണ്ടായിരുന്നിരിക്കാമെന്നും ഈ വചനങ്ങളിൽനിന്ന് വ്യക്തമാകുന്നു. ബാർണബാസും പൗലോസും സ്വയം തൊഴിൽ ചെയ്ത് അതിൽനിന്നുള്ള വരുമാനത്തിൽനിന്നാണ് ജീവിച്ചിരുന്നത് (ഗലാ 2:9). എങ്കിലും തങ്ങൾക്ക് മറ്റു ജോലി ചെയ്യാതെ സഭയുടെ സംരക്ഷണയിൽ ജീവിക്കാൻ അവകാശമുണ്ട്. കർത്താവുതന്നെ ഇപ്രകാരം കല്പിച്ചിരിക്കുന്നു എന്നുകൂടി എടുത്തു കാണിച്ചുകൊണ്ട് (1 കോറി 9:14; ലൂക്കാ 10:7; മത്താ 10:10) തന്റെ ന്യായമായ അവകാശം സ്ഥാപിക്കുന്നു.

അവകാശമുണ്ടെന്നു സ്ഥാപിക്കുന്നുണ്ടെങ്കിലും തുടർന്ന് പറയുന്ന ഭാഗമാണ് (12:18) പ്രസക്തം. ന്യായമായ ഈ അവകാശങ്ങൾ, സുവിശേഷത്തിന് യാതൊരു തടസ്സവും വരാതിരിക്കണം എന്ന് കരുതി, സ്വമനസ്സാ വേണ്ടെന്നു വച്ചിരിക്കുന്നു. കോറിന്തോസുകാരും വിഗ്രഹാർപ്പിത ഭക്ഷണം കഴിക്കാൻ അവർക്കു ന്യായമായ അവകാശം ഉണ്ടെങ്കിലും സുവിശേഷത്തെപ്രതി വേണ്ടെന്നു വയ്ക്കണം.

അവകാശങ്ങൾ സ്ഥാപിച്ചു കിട്ടുന്നതിനുള്ള സ്വാതന്ത്ര്യം ഉണ്ടെന്നു കാണിക്കുകയല്ല, അവകാശങ്ങൾ പരിത്യജിക്കാനുള്ള കൃപയുണ്ടെന്നു പറയുകയാണ് ഇവിടെ അപ്പസ്തോലൻ ചെയ്യുന്നത്. പ്രതിഫലം വാങ്ങി സുവിശേഷം പ്രസംഗിക്കുന്നത് അഭിമാനക്ഷതം ഏല്ക്കുന്ന കാര്യമായി അദ്ദേഹം കാണുന്നു. തന്നെ കർത്താവ് ചുമതലപ്പെടുത്തിയ കാര്യമാണത്. കർത്താവിന്റെ കല്പന നിർവ്വഹിക്കുന്ന ദാസൻ മാത്രമാണ് താൻ (9:19). സുവിശേഷ പ്രസംഗത്തിലുള്ള സംതൃപ്തി മാത്രമാണ് അപ്പസ്തോലന്റെ പ്രതിഫലം.

ആരിൽനിന്നും പ്രതിഫലം പറ്റാതെ സ്വതന്ത്രനായിരിക്കുമ്പോഴും പൗലോസ് എല്ലാവരുടെയും ദാസനാകുന്നു (9:19). യഹൂദരുടെ ഇടയിലും വിജാതീയരുടെ ഇടയിലും അവരുടെ ദാസനെപ്പോലെ വർത്തിച്ചാണ് അവരെ സുവിശേഷത്തിനായി നേടുവാൻ പൗലോസ് ശ്രമിക്കുന്നത് (9:20-22). എല്ലാവരെയും ഉൾക്കൊള്ളാൻ തക്കവിധം തന്റെ പരിപാടികൾ വിശാലമാക്കുന്ന വിവേകിയായ നേതാവിനെയാണ് പൗലോസിൽ നാം കാണുന്നത്. തന്റെയോ മറ്റേതെങ്കിലും മാനുഷിക സംവിധാനത്തിന്റെയോ പാരമ്പര്യത്തിന്റെയോ പരിധിക്കുള്ളിൽ ആയിരിക്കാനായി രക്ഷയുടെ സദ്‌വാർത്തയായ സുവിശേഷത്തിന്റെ വാതിലുകൾ അടച്ചുകളയാൻ പൗലോസിനു കഴിയില്ല. യേശുക്രിസ്തുവിന്റെ സുവിശേഷവും അതു നല്കുന്ന സ്വാതന്ത്ര്യവും അതിൽനിന്ന് ഉത്ഭവിക്കുന്ന കരുതലുള്ള സ്നേഹവുമാണ് അപ്പസ്തോലന്റെ നേതൃത്വത്തിന്റെ അടിത്തറ.

മറ്റുള്ളവരെ ഉൾക്കൊള്ളാൻവേണ്ടി സ്വന്തം കാഴ്ചപ്പാടുകൾ കൈവിടുകയല്ലിവിടെ. ഉന്നതമായ മൂല്യങ്ങൾക്കുവേണ്ടി, സുവിശേഷം നല്കുന്ന സ്വാതന്ത്ര്യത്തിനുവേണ്ടി ദാസനായിത്തീരുകയാണ്. ഇതുവഴി ബലഹീനർക്കു മാത്രമല്ല നേട്ടമുണ്ടാകുന്നത്. 'സുവിശേഷത്തിൽ ഭാഗഭാക്കാകുക' (9:23) എന്ന നേട്ടം ബലമുള്ളവർക്കും ലഭിക്കും. ഓട്ടക്കാരന്റെയും കായികാഭ്യാസിയുടെയും ഉദാഹരണം ചൂണ്ടിക്കാണിച്ചുകൊണ്ട് താൻ ഇതിനായി എത്രമാത്രം സ്വയനിയന്ത്രണം നടത്തുന്നു എന്നു വ്യക്തമാക്കുന്നു. എല്ലാവരെയും നേടിയിട്ട് സ്വയം നഷ്ടപ്പെടാൻ (9:27) ഇടവരരുത് എന്ന കരുതലോടെ തന്നെത്തന്നെ സുവിശേഷത്തിനായി പാകപ്പെടുത്തുകയാണ് അപ്പസ്തോലൻ ചെയ്യുന്നത്. ഇന്നും സുവിശേഷ പ്രഘോഷകർക്കു മുമ്പിലുള്ള വെല്ലുവിളിയാണ് അപ്പസ്തോലന്റെ ജീവിതമാതൃക.

**ചരിത്രം നല്കുന്ന പാഠം (10:1-13)**

ബലമുള്ളവർ ബലഹീനരോട് പരിഗണന കാണിക്കണമെന്ന് ഉപദേശിക്കുകയും തങ്ങൾക്ക് അർഹമായ അവകാശങ്ങൾ കൂടി സുവിശേഷത്തെപ്രതി വേണ്ടെന്നു വയ്ക്കണമെന്ന് തന്നെത്തന്നെ മാതൃകയാക്കി ചൂണ്ടിക്കാണിക്കുകയും ചെയ്തശേഷം പഴയനിയമത്തിലെ ദൈവജനത്തിന്റെ അനുഭവം നല്കുന്ന പാഠം വിശദീകരിക്കുന്നു. ദൈവത്തിന്റെ എല്ലാ കൃപാദാനങ്ങളും ലഭിച്ചവരായിരുന്നു ഇസ്രായേൽ ജനത. പക്ഷേ അവയൊന്നും അന്തിമമായ അനുഗ്രഹത്തിന്റെ ഉറപ്പല്ല. പിതാക്കന്മാർ വിമോചനവും ദൈവസാന്നിദ്ധ്യാനുഭവവും ലഭിച്ചവരായിരുന്നെങ്കിലും വിഗ്രഹങ്ങൾക്കു പിറകേപോയി. അതിനാൽ പുറപ്പാടനുഭവത്തിൽ ഉൾപ്പെട്ട തലമുറ മുഴുവൻ മരുഭൂമിയിൽ മരിച്ചുവീണു. അവർക്കാർക്കും വാഗ്ദാനദേശത്തെത്താനായില്ല. വിഗ്രഹങ്ങളുടെ പിന്നാലെ പോയാൽ ഇതു തന്നെയായിരിക്കും കോറിന്തോസുകാർക്കും സംഭവിക്കുക.

"നിങ്ങൾ മനസ്സിലാക്കണമെന്നു ഞാൻ ആഗ്രഹിക്കുന്നു" (10:1) എന്ന ആമുഖം ലേഖനത്തിൽ എല്ലായ്പ്പോഴുംതന്നെ പുതിയൊരറിവ് വായനക്കാർക്ക് നല്കാൻ ഒരുങ്ങുന്നതിനെ സൂചിപ്പിക്കുന്നു (റോമാ 1:13; 11:25; കോറി 12:1; 2 കോറി 1:8; തെസ 4:13). തുടർന്നു പറയാൻ പോകുന്ന പുറപ്പാടിന്റെ അനുഭവം അവർക്കു പരിചിതമാണെങ്കിലും കോറിന്തോസിലെ സഭയോടു ബന്ധപ്പെടുത്തി പുതിയ ഒരു വ്യാഖ്യാനം അതിനു നല്കുകയാണ്.

ഇസ്രായേലിന്റെ ചരിത്രം സഭയുടെ ജീവിതത്തിന്റെ പ്രതീകമാണ്. പ്രത്യേകമായി പൗലോസ് എടുത്തുപറയുന്ന കാര്യങ്ങൾ മാമ്മോദീസായും വിശുദ്ധകുർബ്ബാനയും ആത്മാവിനെ സ്വീകരിക്കലുമാ





ണ്. വിവിധ പ്രതീകങ്ങൾ ഇവിടെ ഉപയോഗിക്കുന്നു. മേഘത്തിന്റെ തണലിൽ ആയിരുന്നു; കടലിലൂടെ കടന്നു എന്നിവ ആത്മാവിലും ജലത്തിലുമുള്ള ജ്ഞാനസ്നാനത്തെ സൂചിപ്പിക്കുന്നു. ആത്മീയ ഭക്ഷണവും ആത്മീയപാനീയവും വിശുദ്ധകുർബ്ബാനയെ സൂചിപ്പിക്കുന്നു. മരുഭൂമിയിൽ മന്ന ഭക്ഷിക്കുകയും പാറയിൽ നിന്നുള്ള ജലം കുടിക്കുകയും ചെയ്തിട്ടും പിതാക്കന്മാർ തെറ്റുചെയ്തു. സ്നാനം സ്വീകരിച്ചതുകൊണ്ടും വിശുദ്ധകുർബ്ബാനയിൽ പങ്കുപറ്റിയതുകൊണ്ടുംമാത്രം വിഗ്രഹാരാധനയിൽനിന്ന് സംരക്ഷണമാകില്ല.

സ്നാനമേറ്റ് മോശയോട് ചേർന്നു (10:2) എന്നത് മോശയിലേക്ക് സ്നാനപ്പെട്ടു എന്നാണ് മൂലപാഠം. ക്രിസ്ത്യാനിയാകുമ്പോൾ ക്രിസ്തുവിലേക്ക് ചേരുകയാണ്. ക്രിസ്തുവിൽ സ്നാനപ്പെടുകയാണ്. ഇസ്രായേലിന്റെ മരുഭൂമിവാസകാലമത്രയും അവർക്കു ജലം നൽകിക്കൊണ്ടു മരുഭൂമിയിലെ പാറ അവരോടൊപ്പം യാത്ര ചെയ്തു എന്ന് ഒരു ഐതിഹ്യം അക്കാലത്തു നിലനിന്നിരുന്നു. ആ ശില ക്രിസ്തുവാണ് എന്ന് അപ്പസ്തോലൻ സ്ഥാപിക്കുന്നു (10:4).

ഇസ്രായേലും കോറിന്തോസുകാരും തമ്മിലുള്ള താരതമ്യം ഇവിടെ തിന്മകളിലെ സമാനതകളിലേക്കുവരുന്നു. കുറേ ഇസ്രായേൽക്കാർ വിഗ്രഹാരാധനയിലേക്കും അധാർമ്മികമായ പ്രവൃത്തികളിലേക്കും തിരിഞ്ഞ് പാപം ചെയ്തു ദൈവശിക്ഷക്കർഹരായി. കുറേ കോറിന്തോസുകാരും വിഗ്രഹങ്ങളുടെ പിറകേ പോയി അതേപോലെ തെറ്റുചെയ്യുന്നു. മരുഭൂമിയിൽ കുറേ ഇസ്രായേൽക്കാർ പരാതിപ്പെടുകയും പിറുപിറുക്കുകയും ചെയ്തു. ഇവിടെ കുറേ കോറിന്തോസുകാർ തങ്ങളുടെ അവകാശങ്ങൾ നിക്ഷേധിക്കുന്നതിനും നഷ്ടപ്പെടുത്തുന്നതിനുമെതിരേ പിറുപിറുക്കുന്നു. അവരുടെ പ്രതിഷേധത്തിന്റെ ഫലമായി ആയിരക്കണക്കിന് ഇസ്രായേൽക്കാർ മരുഭൂമിയിൽ മരിച്ചുവീണു. അതിനാൽ, 'നില്ക്കുന്നു എന്ന് കരുതുന്നവർ വീഴാതിരിക്കാൻ സൂക്ഷിച്ചുകൊള്ളുക' എന്ന് അപ്പസ്തോലൻ താക്കീത് നൽകുന്നു.

ഇസ്രായേൽ കാളക്കുട്ടിയെ ആരാധിച്ചകാര്യം നേരിട്ടുപറയാതെ പുറപ്പാട് 32:6 വാക്യം ഉദ്ധരിക്കുകയാണ് പൗലോസ് ചെയ്യുന്നത് (1 കോറി 10:7). 'തിന്നാനും കഴിക്കാനുമായി ജനം ഇരിക്കുകയും നൃത്തം ചെയ്യാനായി എഴുന്നേൽക്കുകയും ചെയ്തു.' കോറിന്തോസിലെ അമ്പലങ്ങളിൽ ആരാധനയോട് ചേർന്നുള്ള ആഘോഷമായ വിരുന്നുകളും തുടർന്നു നടക്കുന്ന ആഭാസനൃത്തങ്ങളുമാണ് പൗലോസിന്റെ വാക്കുകൾക്കു പിന്നിൽ. ഇത്തരം ആഘോഷവേളകൾ ലൈംഗികതിന്മകൾക്കും വ്യഭിചാരത്തിനും വേദികളായിരുന്നു. കോറി

ന്തോസിലെ സഭയുടെ പ്രധാന പ്രശ്നം ഇതായിരുന്നു എന്നു വേണം കരുതാൻ.

പഴയനിയമജനതയ്ക്കു സംഭവിച്ചതെല്ലാം ഒരു താക്കീതാണ്. പഴയനിയമജനതയുടെ തുടർച്ചയും കാലത്തിന്റെ പൂർത്തീകരണവുമാണ് സഭയിൽ നടക്കുന്നത്. ക്രിസ്തുവിന്റെ ആഗമനത്തോടെ ലോകം അതിന്റെ ലക്ഷ്യത്തിലെത്തിയിരിക്കുന്നു. ക്രിസ്തുവിൽ എല്ലാം നവീകരിക്കപ്പെടുകയും പൂർണതയിലെത്തുകയും ചെയ്യേണ്ടിയിരിക്കുന്നു. ക്രിസ്തുവിനെ അറിയുകയും സ്വീകരിക്കുകയും ചെയ്തവർക്ക് പിതാക്കന്മാർക്കു സംഭവിച്ച അതേ തെറ്റുകൾ സംഭവിക്കാൻ പാടില്ല. അനിതരസാധാരണമായ പ്രലോഭനങ്ങളൊന്നും കോറിന്തോസുകാർക്കു നേരിട്ടിട്ടില്ല. ദൈവം അവരെ പരീക്ഷണഘട്ടങ്ങളിൽ ബലപ്പെടുത്തി സഹായിക്കും. കോറിന്തോസുകാർ ഇപ്പോൾ വന്നുപെട്ടിരിക്കുന്ന പ്രതിസന്ധിയിൽനിന്ന് ദൈവത്തിന്റെ സംരക്ഷണയാൽ രക്ഷപെടും എന്ന ഉറപ്പോടുകൂടിയാണ് അപ്പസ്തോലൻ ചരിത്രം നൽകുന്ന പാഠം അവസാനിപ്പിക്കുന്നത് (1 കോറി 10:13).

### വിഗ്രഹാരാധനക്കെതിരേ (10:14-22)

ദേവാലയത്തിൽ പോയി അവിടെ നടക്കുന്ന വിരുന്നിൽ പങ്കെടുക്കുമ്പോൾ തങ്ങൾ വിഗ്രഹാരാധനയോടു ചേരുകയാണ് എന്ന് വിശ്വാസത്തിൽ ബലമുള്ളവരായ വിശ്വാസികൾ ഒരിക്കലും വിചാരിക്കുന്നില്ല. എങ്കിലും അത്തരം പൊതുവായ കാര്യങ്ങൾക്ക് തങ്ങളുടെ നല്ല ഉദ്ദേശ്യങ്ങൾക്കുമപ്പുറത്ത് ചില കാര്യങ്ങൾകൂടി ഉണ്ടാകാം. പൗലോസ് കോറിന്തോസിലെ വിവേകമതികളും വിശ്വാസത്തിൽ വളരുന്നവരോടുമാണിവിടെ സംസാരിക്കുന്നത് (10:15). അവരെ കുറ്റപ്പെടുത്തുകയല്ല, കാര്യങ്ങൾ യഥാവിധി പരിശോധിച്ച് പക്വമായ നിലപാടെടുക്കുവാൻ ആഹ്വാനം ചെയ്യുകയാണ്.

കർത്താവിന്റെ അത്താഴത്തിൽ പങ്കെടുക്കുമ്പോൾ കോറിന്തോസിലെ ക്രിസ്ത്യാനികൾ ശരീരത്തിലും രക്തത്തിലും പങ്കുചേരുന്നു (10:16-17). അതേസമയം അവരിൽ ചിലർ വിജാതീയരുടെ ആരാധനയിലും പങ്കെടുക്കുന്നു. വിജാതീയ ദേവാലയങ്ങളിലെ പൂജകളുടെ പിന്നിലെ വിഗ്രഹങ്ങൾ ഒന്നുമല്ലെങ്കിൽത്തന്നെയും ഇത്തരം ആരാധനകളിലൂടെ പൈശാചികശക്തികൾക്ക് ബഹുമാനം നൽകപ്പെടുന്നുണ്ട്. യഥാർത്ഥ ദൈവത്തെ തിരസ്കരിച്ചാണ് വിഗ്രഹങ്ങളെ പൂജിക്കുന്നത് (1 കോറി 10:20; നിയ 32:17). ആയതിനാൽ ഈ രണ്ടു വിരുന്നുകളും ചേർന്നുപോകില്ല. ഒന്നുകിൽ കർത്താവിനോടു പങ്കു





ചേരുക അല്ലെങ്കിൽ കർത്താവിനെ നിക്ഷേധിക്കുന്നതിനോടു പങ്കുചേരുക (10:21).

വിഗ്രഹങ്ങൾക്കർപ്പിച്ച ഭക്ഷണം വിജാതീയരുടെ ബലിയർപ്പണത്തോടു ബന്ധപ്പെട്ടതാണ്. കർത്താവിന്റെ ബലിയർപ്പണത്തോടു ബന്ധപ്പെട്ട വിശുദ്ധകുർബ്ബാനയുടെ വിരുന്നിനോട് അതിന് ഏറെ സാമ്യമുണ്ട്. വിഗ്രഹാർപ്പിത ഭക്ഷണം കഴിക്കുന്നതുവഴി വിഗ്രാഹാരാധനയിലേക്കും അശുദ്ധപ്രവർത്തനങ്ങളിലേയ്ക്കും നയിക്കപ്പെടാമെന്നതിനേക്കാൾ യേശുവിനോടും അവിടുത്തെ ശരീരമായ സഭയോടുമുള്ള വിശ്വസ്തതയുടെ കാര്യമാണിത്. പൗലോസ് ഇവിടെ തന്റെ മുൻനിലപാടിൽനിന്ന് മാറുന്നില്ല. വിഗ്രഹം എന്നൊന്നില്ല, അത് ദൈവമോ മറ്റേതെങ്കിലും ശക്തിയോ അല്ല. അതേസമയം ദൈവത്തോടു ചേർന്നുനിൽക്കുന്നതും ദൈവത്തോട് എതിർത്തുനിൽക്കുന്നതുമെന്ന ഇരുപക്ഷങ്ങളെയാണിവിടെ കാണേണ്ടത്. ദൈവത്തോടു ചേരാതെ നിൽക്കുന്നവരെ പിശാചുക്കൾ എന്നാണ് ഇക്കാലഘട്ടത്തിന്റെ സാധാരണഭാഷയിൽ വിളിക്കുന്നത്. സഭാംഗങ്ങൾക്ക് പിശാചുക്കളുടെ കൂടെക്കൂടാൻ കഴിയില്ല.

വിഗ്രഹങ്ങളെ, അഥവാ പിശാചുക്കളെയല്ല കോറിന്തോസുകാർ ഭയപ്പെടേണ്ടത്, മറിച്ച് കർത്താവിനെയാണ്. അവിടുന്ന് 'അസൂയാലുവായ ദൈവമാണ്.' തന്റെ സ്ഥാനം മറ്റുള്ളവരുമായി പങ്കിടുവാൻ അവിടുന്ന് സമ്മതിക്കില്ല (10:22; പുറ 20:4-5; നിയ 32:21; ഏശ 42:8). അവിടുന്ന് തന്റെ പ്രിയജനത്തെ സംരക്ഷിക്കുകയും മോചിപ്പിക്കുകയും ചെയ്യും. അവർ അവിടുത്തെ സന്നിധിയിൽനിന്ന് വഴുതിമാറാൻ പ്രലോഭിതരാകുമ്പോൾ അവിടുന്ന് അവർക്ക് കരുത്തും യഥാർത്ഥവഴി പിന്തുടരാനുള്ള മാർഗ്ഗനിർദ്ദേശവും നൽകും (10:13). എങ്കിലും വീണ്ടും അവർ വിഗ്രഹപൂജയ്ക്കു പിന്നാലെ പോയാൽ കടുത്ത ശിക്ഷലഭിക്കും. അതുകൊണ്ട് "പ്രിയപ്പെട്ടവരേ, വിഗ്രഹാരാധനയിൽ നിന്ന് ഓടിയകലുവിൻ"!

### എല്ലാം ദൈവമഹത്വത്തിന് (10:23-11:1)

വിഗ്രഹാർപ്പിത ഭക്ഷണത്തോടു ബന്ധപ്പെട്ടു 8:1-13 വാക്യങ്ങളിൽ തുടങ്ങിയ ചർച്ചയുടെ അവസാനത്തിൽ പ്രായോഗികജീവിതത്തിലെ ചില സാഹചര്യങ്ങൾകൂടി പൗലോസ് വിലയിരുത്തുന്നു. എന്തുകൊണ്ട് വിഗ്രഹാർപ്പിതഭക്ഷണം കഴിക്കാൻ ക്രിസ്ത്യാനിക്ക് തടസ്സമില്ല എന്ന് 8,10 അദ്ധ്യായങ്ങളിൽ വ്യക്തമാക്കി. അപ്രകാരം ചെയ്യുന്നതിന് എതിരായ നിലപാടുകളും പരിശോധിച്ചു വിലയിരുത്തി. പൗലോസിന്റെ വ്യക്തമായ കാഴ്ചപ്പാട് വിഗ്രഹം ഒന്നു

മല്ല എന്നും വ്യക്തികൾക്ക് ഏതു ഭക്ഷണവും കഴിക്കാൻ സ്വാതന്ത്ര്യമുണ്ടെന്നുമാണ്. "എല്ലാം നിയമാനുസൃതമാണ്" (10:23). പക്ഷേ, ഒരു കാര്യംകൂടി അപ്പസ്തോലൻ കൂട്ടിച്ചേർക്കുന്നു. ദൈവത്തോടും സഹോദരങ്ങളോടുമുള്ള ബന്ധം ഇത്തരം സ്വാതന്ത്ര്യത്തിന് പരിധികൾ വയ്ക്കുന്നു. പൗലോസിന്റെ അഭിപ്രായത്തിൽ എപ്പോൾ ഇത്തരം ഭക്ഷണം കഴിക്കാം എന്നത് സാഹചര്യത്തെ ആശ്രയിച്ചു നിൽക്കുന്നു.

പൗലോസിന്റെ പ്രബോധനം താഴെ പറയുന്നവിധം ക്രോഡീകരിക്കാം. ചന്തയിൽനിന്നു വാങ്ങുന്ന ഏത് മാംസവും യാതൊരു മനസാക്ഷിക്കുത്തുമില്ലാതെ ഭക്ഷിച്ചുകൊള്ളുക. സങ്കീർത്തനം 24:1 ഉദ്ധരിച്ചുകൊണ്ട് അപ്പസ്തോലൻ സമർത്ഥിക്കുന്നു, അഥവാ ആ ഭക്ഷണത്തിന് വിഗ്രഹാരാധനയുമായി ബന്ധമുണ്ടെങ്കിൽപ്പോലും എല്ലാം കർത്താവിന്റെ ദാനമാണ് (10:25-26). എല്ലാ ഭക്ഷണവും സ്രഷ്ടാവിനു നന്ദി പറഞ്ഞുകൊണ്ട് ഭക്ഷിക്കാം (10:30).

ഏതെങ്കിലും വീട്ടിൽ ഭക്ഷണത്തിനു വിളിച്ചാൽ അവിടെ പോയി ഭക്ഷണത്തിൽ പങ്കുചേർന്നുകൊള്ളുക. വിഗ്രഹത്തിനർപ്പിച്ചതാണോ എന്നചോദ്യം അവിടെ ഉദിക്കുന്നില്ല. പക്ഷേ അവിടെ ആരെങ്കിലും അതു വിഗ്രഹത്തിനർപ്പിച്ചതാണ് എന്ന് പറയുന്ന പക്ഷം അവരുടെ ദുർബല മനസാക്ഷിയെക്കരുതി ഭക്ഷിക്കാതിരിക്കുക. നിയമാനുസൃതമാണോ എന്നതുമാത്രമല്ല ക്രിസ്ത്യാനിയെ നയിക്കുന്നത്. തന്റെ പ്രവൃത്തി അപരന് വളർച്ചയ്ക്ക് ഉപകരിക്കുമോ? അതു സഭയെ പടുത്തുയർത്തുമോ എന്നതാണ് പ്രധാനം (10:27-29). ദുർബലമായ മനസാക്ഷിക്കാരനായ ആൾ അത്തരം ഭക്ഷണം കഴിക്കുന്നത് വിഗ്രഹാരാധനയോടു ചേർന്നു പോകുമെന്നാണ് വിചാരിക്കുന്നത്. അയാളുടെ മനസാക്ഷികൊണ്ട് എന്റെ ശരിയായ പ്രവൃത്തി വിധിക്കപ്പെടാൻ ഇടയാക്കേണ്ട. കഴിവുകുറഞ്ഞവന്റെ കൂടെനിൽക്കുകയാണ് കർത്താവിന്റെ വഴി. അതാണ് ക്രിസ്ത്യാനിയുടെ മാർഗ്ഗം.

ഇതേവിധത്തിലുള്ള വിവേചനം ദേവന്റെ ആലയത്തിൽ പൊതുവിരുന്നിന് പങ്കെടുക്കേണ്ടി വരുമ്പോഴും ഉണ്ടായിരിക്കണം (8:10). അതേസമയം വിഗ്രഹാരാധനയിലോ അതിന്റെ ഭാഗമായി നടത്തുന്ന വിരുന്നിലോ ഭക്ഷണത്തിലോ പങ്കുചേരരുത്. ഇത്തരം ആരാധന ക്രിസ്ത്യാനിയുടെ ദൈവവുമായുള്ള ബന്ധത്തിന് തടസ്സം സൃഷ്ടിക്കാം.





വിഗ്രഹാർപ്പിത ഭക്ഷണത്തിൽ പങ്കുചേരുന്നതു സംബന്ധിച്ച് വ്യക്തമായ മൂന്നു നിലപാടുകളാണ് ഈ ചർച്ചയിൽനിന്ന് പൗലോസ് മുമ്പോട്ടുവയ്ക്കുന്നത്: "എല്ലാം ദൈവമഹത്വത്തിനായി ചെയ്യുക, യഹൂദർക്കോ ഗ്രീക്കുകാർക്കോ ദൈവത്തിന്റെ സഭയ്ക്കോ ദ്രോഹമൊന്നും ചെയ്യരുത്.... താൻ ക്രിസ്തുവിനെ അനുകരിക്കുന്നതുപോലെ കോറിന്തോസുകാർ തന്നെ അനുകരിക്കുക" (10:31-11:1). ബലം കുറഞ്ഞവന്റെകൂടെ നിൽക്കുകയും അറിവിനുമപ്പുറം സ്നേഹത്തിന് മേൽക്കൈ നൽകുകയും നിയമാനുസൃതമാണോ അല്ലയോ എന്നതിനേക്കാൾ അതു സഭയെ പടുത്തുയർത്തുമോ എന്ന് ശ്രദ്ധിക്കുകയും ചെയ്യുക.

**വിചിന്തനം:** വിവിധമതസ്തരായ ആളുകൾ ഒരുമിച്ചു പാർക്കുന്ന നമ്മുടെ സംസ്കാരത്തിൽ വിഗ്രഹാർപ്പിത ഭക്ഷണം സംബന്ധിച്ച പഠനം വളരെയധികം പ്രസക്തമാണ്. മറ്റു മതസ്ഥരുടെ മതപരമായ ആഘോഷങ്ങൾ, അതിനോടുബന്ധപ്പെട്ട നേർച്ചവസ്തുക്കൾ തുടങ്ങിയ കാര്യങ്ങളോടു ക്രൈസ്തവമായ സമീപനം പ്രാധാന്യമർഹിക്കുന്നു. മറ്റു സംസ്കാരങ്ങളുടെ മതപരമായ പ്രതീകങ്ങൾ, ഓരോ മതങ്ങളുടെയും വിശുദ്ധഗ്രന്ഥങ്ങൾ, വിശുദ്ധസ്ഥലങ്ങൾ എന്നിവയോടുണ്ടാകേണ്ട മനോഭാവം എന്നിവയും ചിന്തിക്കേണ്ടതാണ്. ഉദാഹരണത്തിന് ശബരിമലതീർത്ഥാടകർ കൊണ്ടുവരുന്ന പായസം കഴിക്കാമോ? നിലവിളക്ക് നമ്മുടെ ആരാധനവേളകളിൽ ഉപയോഗിക്കാമോ? ഇതരമതത്തിലുള്ളവർക്ക് നാം നടത്തുന്ന സ്ഥാപനങ്ങളിൽ ആരാധനാ സൗകര്യം നൽകാമോ? വിവിധ മത പ്രതീകങ്ങൾ ഒരുമിച്ച് പ്രതിഷ്ഠിച്ച് വാഹനങ്ങൾ തുടങ്ങിയവയിൽ സമർപ്പണം നടത്താമോ എന്നിങ്ങനെയുള്ള വിഷയങ്ങളെല്ലാം ഈ ചർച്ചയോടുകൂടി ബന്ധപ്പെട്ടതാണ്. ഇത്തരം കാര്യങ്ങളിൽ ഏതെങ്കിലും ബൈബിൾ വാക്യത്തെമാത്രം അടിസ്ഥാനപ്പെടുത്തി നിലപാടുകൾ സ്വീകരിക്കാനാവില്ല. സഭയുടെ പഠനങ്ങൾ സാംസ്കാരിക വൈവിധ്യങ്ങളെയും മതപരമായ മൂല്യങ്ങളെയും ആദരിക്കുന്ന വിധത്തിലാണ്. ആകയാൽ എല്ലാമതങ്ങളോടും അവയുടെ പ്രതീകങ്ങളോടും ആചാരങ്ങളോടും ബഹുമാനം പുലർത്തേണ്ടതാണ്. അതേസമയം സഭയുടെ പടുത്തുയർത്തലിനു തടസ്സമാകുംവിധം വിശ്വാസബന്ധിയായ വിഷയങ്ങളുമായി ബന്ധപ്പെട്ടകാര്യങ്ങൾ സ്വീകരിക്കാൻ പാടുള്ളതല്ല. വിവേകവും ആത്മാവിന്റെ വിവേചനവും സഭയുടെ പൊതുവായ നിലപാടും ഇക്കാര്യങ്ങളിൽ സ്വീകരിക്കുകയാണ് യുക്തമായത്.

# 08

## സ്ത്രീകളുടെ ശിരോവസ്ത്രം – സ്ത്രീ വിരുദ്ധതയോ സ്ത്രീപക്ഷമോ? (11:2 – 14:39)

കുടുംബജീവിതത്തോടും (7) സാമൂഹികബന്ധങ്ങളോടും (8:10) ബന്ധപ്പെട്ട വിവിധ വിഷയങ്ങൾ ചർച്ച ചെയ്തശേഷം സഭാസമ്മേളനങ്ങളോടു ബന്ധപ്പെടുത്തി ഉയർന്ന ചില കാര്യങ്ങളിൽ തന്റെ പഠനങ്ങൾ അവതരിപ്പിക്കുകയാണ് ലേഖനത്തിൽ തുടർന്നുവരുന്ന നാല് അദ്ധ്യായങ്ങൾ. കോറിന്തോസുകാർ എഴുതി ചോദിച്ച കാര്യങ്ങൾ ഇവിടെ ഏവയെന്നു വ്യക്തമല്ല. വരദാനങ്ങളെ സംബന്ധിച്ച കാര്യങ്ങൾ ചോദ്യങ്ങളിൽ ഉൾപ്പെട്ടിരുന്നു എന്നു കരുതാം (12:1). മറ്റു വിഷയങ്ങൾ (11:2–34) ഇതിനോടു കൂട്ടിച്ചേർത്ത് ആമുഖമായിത്തന്നെ ചർച്ചക്കെടുക്കുന്നതാകാം. ഈ ഭാഗം (11:2–14:39) ഒരു യൂണിറ്റായി കണക്കാക്കിയാണ് മിക്ക വ്യാഖ്യാതാക്കളും വിശകലനം നടത്തുന്നത്. എങ്കിലും 11–ാം അധ്യായം അതിൽത്തന്നെ വേറിട്ടു നിൽക്കുന്നു. 12–14 അധ്യായങ്ങളാകട്ടെ പൗലോസിന്റെ പതിവു രചനാശൈലി നിലനിർത്തുന്നുതാനും. അതിൻപ്രകാരം വരദാനങ്ങളെക്കുറിച്ച് പൊതുവായ കാര്യം ആദ്യം പ്രതിപാദിച്ചശേഷം (12) സ്നേഹ





ത്തിന്റെ ഉത്കർഷത (13) അടിസ്ഥാനമാക്കി ഏതാനും വരദാനങ്ങളെ സംബന്ധിച്ച് നിയതവും പ്രായോഗികവുമായ പഠനം (14) നൽകുന്നു.

രണ്ടു വിഷയങ്ങളാണ് 11–ാം അദ്ധ്യായത്തിൽ ചർച്ച ചെയ്യുന്നത് 1. സ്ത്രീകളും ശിരോവസ്ത്രവും (11:2–16). 2. കർത്താവിന്റെ അത്താഴത്തിലെ ക്രമക്കേടുകൾ (11:17–34). ഈ രണ്ടു വിഷയങ്ങളും വളരെ ശ്രദ്ധാപൂർവ്വമായ വിശകലനം ആവശ്യമുള്ളവയാണ്. സ്ത്രീകൾ ശിരോവസ്ത്രം ധരിക്കണമോ വേണ്ടയോ എന്ന ചോദ്യം താരതമ്യേന സാംസ്കാരിക പശ്ചാത്തലത്തിലാണ് ചർച്ചചെയ്യേണ്ടത്. വിശുദ്ധകുർബ്ബാനയെ സംബന്ധിച്ച പഠനങ്ങളാകട്ടെ ദൈവശാസ്ത്രപരവും സഭാത്മകവുമായി ഏറെ പ്രാധാന്യമുള്ളതാണ്. ശിരോവസ്ത്രം സംബന്ധിച്ച വിഷയം സംബന്ധിച്ചും ("ഞാൻ നിങ്ങളെ പ്രശംസിക്കുന്നു" 11:2). (വിശുദ്ധ കുർബ്ബാനയിലെ ഭിന്നിപ്പ് സംബന്ധിച്ചും ("ഞാൻ നിങ്ങളെ പ്രശംസിക്കുന്നില്ല"11:17) വിഭിന്നമായ നിലപാടാണ് അപ്പസ്തോലനുള്ളത് എന്ന് പ്രഥമദൃഷ്ട്യാ മനസ്സിലാക്കാം.

### നീണ്ടമുടി സ്ത്രീക്ക് ഭൂഷണം (11:2–16)

കോറിന്തോസുകാർക്കുള്ള ലേഖനത്തിൽ വളരെയധികം ചർച്ചാവിഷയമായിട്ടുള്ള വചനഭാഗമാണിത്. ക്രിസ്ത്യാനികളാകുന്നത് ക്രിസ്തുവിൽ എല്ലാവരും തുല്യരാകുന്നതാണ് എന്ന് വ്യക്തമായി പഠിപ്പിച്ച (ഗലാ 3:28) അപ്പസ്തോലൻ സ്ത്രീക്ക് എന്തെങ്കിലും സ്ഥാനക്കുറവ് സഭയിൽ കൽപിക്കുന്നതായി കണക്കാക്കാനാവില്ല. ഇക്കാരണത്താൽ 11:2–16 വാക്യങ്ങൾ ആർക്കും മേൽക്കോയ്മയോ അടിമത്തമോ നിർദ്ദേശിക്കുന്ന വചനഭാഗമല്ല. കോറിന്തോസിൽ നിലവിലിരിക്കുന്ന സാമൂഹിക സാംസ്കാരിക പശ്ചാത്തലങ്ങൾ വ്യക്തമായി മനസ്സിലാക്കിയാൽമാത്രമേ ഈ വാക്കുകളുടെ അർത്ഥം ഗ്രഹിക്കാനാകൂ. പൗലോസിന്റെ പൊതുവായ നിലപാടിനോടു ചേർന്നുപോകുന്നില്ല എന്ന തരത്തിൽ ഈ വാക്കുകളെ മനസ്സിലാക്കി ഇതു പിൽക്കാലത്ത് കൂട്ടിച്ചേർക്കപ്പെട്ടതാണ് എന്നുകരുതുന്ന വ്യാഖ്യാതാക്കളുമുണ്ട്. എന്നാൽ ഈ നിലപാടിന് ബലമുള്ള ശാസ്ത്രീയാടിസ്ഥാനമില്ല. ആകയാൽ ഇതു പൗലോസിന്റെതന്നെ പഠനമാണ് എന്നതിൽനിന്ന് വിഭിന്നമായി മനസ്സിലാക്കേണ്ടതില്ല.

കോറിന്തോസുകാർ എഴുതിച്ചോദിച്ച കാര്യങ്ങളിൽ ഒന്നായിരിക്കാമിത്. എങ്കിലും മറ്റുവിഷയങ്ങൾപോലെ പ്രസക്തമായി അപ്പസ്തോലൻ കാണുന്നുണ്ടോ എന്നു സംശയിക്കണം. കോറിന്തോ

സുകാർ തന്റെ പഠനങ്ങളിലും താൻ നൽകിയ പാരമ്പര്യങ്ങളിലും ഉറച്ചുനിൽക്കുന്നതിനാൽ അവരെ അഭിനന്ദിച്ചുകൊണ്ടാണ് ഈ വിഷയം ചർച്ചചെയ്യുന്നത് എന്നതു ശ്രദ്ധേയമാണ് (11:2). അതേസമയം തുടർന്നുവരുന്ന വിഷയത്തിൽ അവരെ പ്രശംസിക്കുന്നില്ല; ശക്തമായ താക്കീതുനൽകുകയാണ് ചെയ്യുന്നത് (11:17). നിലവിലുള്ള സാഹചര്യത്തിൽനിന്ന് എന്തെങ്കിലും മാറ്റം വരുത്താൻ ഇവിടെ പൗലോസ് ആവശ്യപ്പെടുന്നതായി കാണുന്നില്ല. മറിച്ച് 'അഭിപ്രായവ്യത്യാസമുള്ളവരോട്' അദ്ദേഹം പറയുന്നത് അപ്പസ്തോലന്മാർക്കോ സഭയ്ക്കോ മറ്റൊരു പാരമ്പര്യമോ കീഴ്വഴക്കമോ ഇല്ല എന്നാണ്. 'അഭിപ്രായവ്യത്യാസമുള്ളവർ' എന്നത് വ്യത്യസ്തമായ നിലപാടെടുക്കുന്ന കോറിന്തോസിലെ സ്ത്രീകൾ എന്ന നിലയിലാണ് ഏതാണ്ട് എല്ലാ വ്യാഖ്യാതാക്കളും എടുത്തിരിക്കുന്നത്. എന്നാൽ ഇത് പുരുഷനെയാണ് ഉദ്ദേശിച്ചിരിക്കുന്നത് എന്നത് മൂലപാഠത്തിൽനിന്ന് സുവ്യക്തമാണ്. ആരെങ്കിലും വ്യത്യസ്തമായ നിലപാടെടുക്കാൻ 'തുനിയുന്നവനെങ്കിൽ' എന്നാണിവിടെ കാണുന്നത്. കോറിന്തോസിലെ ചില പുരുഷന്മാർ ചില പുതിയ നിലപാടുകളുമായി വന്നുവെന്നും പൗലോസ് ഇതിന്റെ വിവിധ വശങ്ങൾ പരിഗണിച്ചശേഷം സഭയുടെ ശ്രദ്ധയ്ക്കായി വ്യക്തമായ ഉത്തരം നൽകുകയാണെന്നും ഇവിടെ മനസ്സിലാക്കാവുന്നതാണ്. നേതാക്കന്മാരുടെയും മറ്റു സഭാസമൂഹങ്ങളുടെയും സമ്പ്രദായംകൂടി കണക്കിലെടുത്താണ് പുതിയ നിബന്ധനകളൊന്നും കോറിന്തോസുകാരുടെമേൽ വയ്ക്കാത്തത്.

ഈ വചനഭാഗത്തിന്റെ വ്യാഖ്യാനം അതീവസങ്കീർണ്ണമാണ്. എന്താണ് കോറിന്തോസുകാരുടെ വാദഗതികൾ; എന്താണ് പൗലോസിന്റെ നിലപാട് എന്നു വ്യവച്ഛേദിച്ചു കാണുകയാണ് ആദ്യമായി വേണ്ടത്. വസ്തുനിഷ്ഠമായി ഇതു കണ്ടെത്താൻ യാതൊരു മാർഗ്ഗവുമില്ല എന്നത് വ്യാഖ്യാനത്തെ ഏറെ വിഷമമുള്ളതാക്കുന്നു. വചനഭാഗത്തിന്റെ ഘടന പരിശോധിച്ചാൽ 10-ാം വാക്യമാണ് പൗലോസിന്റെ നിലപാട് എന്ന് വ്യക്തമാകും. 3-ാം വാക്യം ഒരു അടിസ്ഥാന തത്വം അവതരിപ്പിച്ചിരിക്കുന്നു. 15-ാം വാക്യവും ഇത്തരത്തിൽ പ്രകൃതിയിൽനിന്നുതന്നെയുള്ള ഒരു തത്വം അവതരിപ്പിക്കുകയാണ്. 16-ാം വാക്യം ചർച്ചയ്ക്കു അവസാനം കുറിക്കുന്നു. ആമുഖവാക്യത്തിന് (11:2) സമാന്തരമാണിത്. പൗലോസിന്റെ പ്രത്യേക രചനാരീതിയുടെ വെളിച്ചത്തിൽ പരിശോധിച്ചാൽ 4-9 വാക്യങ്ങൾക്ക് മറുപടി വിപരീതദിശയിൽ 11-13 വാക്യങ്ങളിൽ കൊടുത്തിരിക്കുന്നു എന്നുകാണാം. അതായത് 9-ാം വാക്യത്തിനുള്ള മറുപടി 11-ാം വാക്യത്തിൽ; 8-ാം വാക്യത്തിന് 12-ാം വാക്യത്തിൽ എന്ന ക്രമ





ത്തിൽ. ഇതിൻപ്രകാരം 4-9 വാക്യങ്ങൾ കോറിന്തോസിലെ വ്യത്യസ്തചിന്തക്കാരായ ചിലരുടെ വാദഗതികളും 11-14 വാക്യങ്ങൾ അവയ്ക്കോരോന്നിനും പൗലോസ് നൽകുന്ന മറുപടിയുമാണ്.

പൗലോസിന്റെ നിലപാട് 10-ാം വാക്യത്തിലാണ് എന്നു കണക്കാക്കുന്നപക്ഷം സഭ സ്വീകരിക്കേണ്ടത് ഇതാണ് എന്ന് വ്യക്തമാണ്. ഈ വാക്യത്തിന്റെ അർത്ഥം ചില വാക്കുകളുടെ സൂചനകളെ ആശ്രയിച്ചുനിൽക്കുന്നു. ഇവിടെ ഏറ്റവും പ്രധാനവാക്ക് 'ശിരസ്സ്' എന്നതാണ്. 3-ാം വാക്യത്തിൽ മൂന്നുതവണ ഉപയോഗിച്ചിരിക്കുന്ന ഈ വാക്ക് എന്തു ധ്വനിപ്പിക്കുന്നു എന്ന് വ്യക്തമല്ല. മഹത്വം, ആരംഭം, ഉറവിടം, പ്രധാനഘടകം എന്നെല്ലാം ഇതിനർത്ഥം വരാം. സൃഷ്ടിയിൽത്തന്നെ ദൈവനിശ്ചയമായ ചില ക്രമീകരണങ്ങൾ ഉണ്ട് എന്ന് പ്രഖ്യാപിക്കാൻവേണ്ടി പൗലോസ് ഇപ്രകാരം പറയുന്നു എന്നു കരുതാവുന്നതാണ്. പ്രകൃതിതന്നെ നിശ്ചയിച്ചിട്ടുള്ള ചില ക്രമീകരണങ്ങളുണ്ട്. ഈ ആശയത്തിലൂന്നിയാണ് 15-ാം വാക്യത്തിൽ തന്റെ നിലപാട് ഉറപ്പിക്കുന്നത്. ശിരസ്സ്മൂടി പുരുഷൻ പ്രാർത്ഥിച്ചാൽ തന്റെ ശിരസ്സിനെ (ക്രിസ്തു) അപമാനിക്കുന്നു. സ്ത്രീയെ സംബന്ധിച്ച് ശിരസുമൂടിയില്ലെങ്കിലാണ് അപമാനം! ഇവിടെ സ്വാഭാവികമായ യുക്തി ഇല്ല എന്നു വ്യക്തമാണ്. അതിനാൽത്തന്നെ ഈ വാക്യങ്ങൾ ഒന്നൊന്നിൽനിന്ന് നിലപാടുകളെടുക്കുന്നു എന്നു കരുതാനാവില്ല. ദൈവികമായ ചില ക്രമീകരണങ്ങളുണ്ടെന്നും അതിനപ്പുറം മനുഷ്യൻ പുതിയ ക്രമീകരണങ്ങൾ നിർബന്ധമായി വച്ചുകെട്ടേണ്ടതില്ലെന്നും മാത്രമേ ഇവിടെ മനസ്സിലാക്കേണ്ടതുള്ളൂ.

വ്യക്തത കുറവുള്ള മറ്റൊരു വാക്ക് ശിരോവസ്ത്രം, ശിരസ്സു മൂടിക്കൊണ്ട് എന്നിവയാണ് (11:4; 5:6-13). നീണ്ട മുടിയാണോ ശിരോവസ്ത്രമാണോ ഇവിടെ പരാമർശിക്കപ്പെടുന്നത് എന്ന് വ്യക്തമല്ല. മൂലപാഠത്തിൽ 4-ാം വാക്യത്തിലെ സൂചന നീണ്ടമുടിയെയാണ് എന്നു കണക്കാക്കപ്പെടുന്നു. അതിൽനിന്ന് വ്യത്യസ്തമായ വാക്കാണെങ്കിലും മറ്റു ഭാഗങ്ങളിലും മുടി നീട്ടുന്നതാണ് വിഷയം എന്ന് കരുതാവുന്നതാണ്. കോറിന്തോസിലെ സഭയിൽ ചർച്ചയ്ക്കിടം കൊടുത്ത സാഹചര്യം വ്യക്തമല്ലാത്തതാണ് വ്യാഖ്യാനം വിഷമകരമാക്കിത്തീർക്കുന്നത്. തങ്ങൾക്കു ലഭിച്ച പുതിയ സ്വാതന്ത്ര്യത്തിന്റെ വെളിച്ചത്തിൽ ചില സ്ത്രീകൾ പുരുഷന്മാരെപ്പോലെ മുടി മുറിച്ച് പൊതുസ്ഥലങ്ങളിൽ, വിശേഷിച്ച് പ്രാർത്ഥനാവേദികളിൽ പ്രത്യക്ഷപ്പെട്ടിരുന്നു എന്നും വേഷത്തിൽത്തന്നെ പുരുഷന്മാരെപ്പോലെ കാണപ്പെടാൻ ശ്രമിക്കുകയും അതുവഴി സമ്മേളനത്തിലെ

മുഖ്യസ്ഥാനങ്ങൾ അവകാശപ്പെടുകയും ചെയ്തിരിക്കാം എന്നുമുള്ള നിഗമനത്തിന്റെ അടിസ്ഥാനത്തിലാണ് വ്യാഖ്യാനങ്ങൾ എല്ലാംതന്നെ. ഇത്തരത്തിലുള്ള പുതിയ നീക്കത്തിന് തടയിടാനായിരിക്കും കോറിന്തോസുകാർ ശ്രമിച്ചത്.

പൗലോസിന്റെ നിലപാട് 10-ാം വാക്യത്തിലാണ് എന്ന് നാം കണ്ടു. ഈ വാക്യം വ്യാഖ്യാനത്തിന് ഏറെ വിഷമമുള്ളതാണ്. മൂലപാഠത്തിൽനിന്ന് (ഗ്രീക്ക്) ഭിന്നമായി ഏതാണ്ട് എല്ലാ പരിഭാഷകളും ചില വ്യാഖ്യാനങ്ങളോടുകൂടിയ പാഠഭേദം നടത്തിയിരിക്കുന്നു. മൂലഭാഷയിലെ വാക്യം താഴെപറയുന്ന പ്രകാരമാണ്. 'ആയതിനാൽ ദൂതന്മാരെ പ്രതി, സ്ത്രീക്ക് അവളുടെ തലയിൽ അധികാരം ഉണ്ടായിരിക്കട്ടെ' പരിഭാഷകളെല്ലാംതന്നെ അധികാരമെന്നതിന്റെ കൂടെ 'പ്രതീകം', 'പ്രതീകമായ ശിരോവസ്ത്രം' തുടങ്ങിയവ ചേർത്തിരിക്കുന്നു. മൂലപാഠത്തിന്റെ അവ്യക്തത പരിഹരിക്കാനുള്ള ബോധപൂർവ്വമായ കൂട്ടിച്ചേർക്കലുകളാണിവ. ഇത്തരം പാഠഭേദങ്ങളെ അടിസ്ഥാനപ്പെടുത്തിയാണ് പിൽക്കാലത്തുള്ള വ്യാഖ്യാനങ്ങൾ രൂപപ്പെട്ടത്. സ്ത്രീയുടെ നീണ്ടമുടി അവളുടെ അധികാരമാണെന്ന (അധികാരത്തിന്റെ ആധികാരികതയുടെ പ്രതീകമാണെന്ന) തരത്തിലാണ് ചില വ്യാഖ്യാനങ്ങൾ. ഇവിടെ നീണ്ട മുടിയല്ല, ശിരോവസ്ത്രമാണ് അർത്ഥമാക്കുന്നതെന്നും അത് അവളുടെ അധികാരത്തിന്റെ അടയാളമാണെന്നും ചിലർ വ്യാഖ്യാനിക്കുന്നു. മറ്റു ചിലരാകട്ടെ ശിരോവസ്ത്രം അവൾക്കുമേൽ ഭർത്താവിനുള്ള അധികാരത്തിന്റെ പ്രതീകമായി കാണുന്നു. സ്ത്രീ വിധേയമായി ഇരിക്കുക എന്നതിന്റെ അടയാളം കൂടിയാണിത്.

മേൽപ്രസ്താവിച്ച പല വ്യാഖ്യാനങ്ങളും അടിസ്ഥാനരഹിതങ്ങളാണ്. ഭർത്താവ്-ഭാര്യ എന്നീ ഘടകങ്ങളൊന്നും ഇവിടെ ചർച്ചയിൽ ഇല്ല എന്നത് പ്രധാനമാണ്. പുരുഷൻ, സ്ത്രീ എന്നു മാത്രമേ ഇവിടുള്ളൂ. ഭാര്യ ശിരോവസ്ത്രം ധരിക്കണമെന്നാണെങ്കിൽ അവിവാഹിതയായ സ്ത്രീയുടെ കാര്യമെന്ത് എന്ന ചോദ്യം സ്വാഭാവികമായും ഉയരും. അതുപോലെതന്നെ ശിരോവസ്ത്രം എന്നതും പ്രകൃതത്തിൽ ഇല്ലാത്തതാണ്. 'തലമൂടുക' എന്നതേ പ്രകൃതത്തിലുള്ളൂ. നീണ്ട മുടി ഉണ്ടായിരിക്കുക എന്നാണ് ഇവിടെ അർത്ഥമാക്കുന്നത് എന്ന് സന്യായം ഉറപ്പിക്കാം. സ്ത്രീക്ക് അവളുടെ തലയിൽ (തലയുടെ കാര്യത്തിൽ) അധികാരമുണ്ടായിരിക്കണം എന്നാണ് അപ്പസ്തോലന്റെ പഠനം. എപ്രകാരമുള്ള മുടിയാണ് വേണ്ടതെന്നു അവൾതന്നെ നിശ്ചയിക്കട്ടെ എന്നുസാരം. എങ്കിലും ഇതു തന്നിഷ്ടപ്രകാരമല്ല. സഭയുടെയും നേതൃത്വത്തിന്റെയും വഴക്കങ്ങൾ (11:15) ഇവിടെ പ്രസക്തമാണ്.





'ദൂതന്മാരെപ്രതി' എന്ന വാക്കുകളും ഏറെ വ്യാഖ്യാനവ്യതിയാനങ്ങൾക്കിടം കൊടുത്തിട്ടുണ്ട്. പ്രാർത്ഥനാവേളകളിൽ ദൂതന്മാരുടെ (മാലാഖമാർ) സാന്നിദ്ധ്യമുണ്ടെന്നും അവരോടുള്ള ബഹുമാനത്തെ പ്രതി എന്നാണിതിനർത്ഥമെന്നും ചിലർ കരുതുന്നു. സഭയിലെ നേതാക്കന്മാരെ കരുതി എന്നോ, ഇതര സഭകളിൽനിന്ന് വന്നിട്ടുള്ള സന്ദേശവാഹകരെപ്രതി എന്നോ, മാലാഖമാരെപ്പോലെയുള്ള വിശുദ്ധിയോടുകൂടി വ്യാപരിക്കാനെന്നോ എല്ലാം ഇതിനെ കാണുന്നവരുണ്ട്. ഇതിന്റെ ധ്വനി എന്തെന്ന് ആർക്കും വ്യക്തമല്ല എന്നതാണ് യാഥാർത്ഥ്യം. തിരുവചനത്തിൽ നമുക്ക് മനസ്സിലാക്കാൻ കഴിയാത്ത പലതുമുണ്ട് എന്ന് വിനീതമായി അംഗീകരിക്കുകമാത്രമേ നമുക്കിവിടെ ചെയ്യാനാവൂ.

ഭാഷയുടെയും യഹൂദ രീതിയുടെയും വെളിച്ചത്തിൽ, അനാവശ്യമെന്നു തോന്നുന്ന ഒരു ചർച്ചയുടെ മധ്യത്തിൽ "ദൈവത്തെ ഓർത്ത്" എന്നു പറഞ്ഞു ചർച്ച അവസാനിപ്പിച്ച് തന്റെ തീരുമാനം പൗലോസ് പറയുന്നതാകാമിത് എന്ന് കരുതുന്നതിലും തെറ്റില്ല. ദൈവം എന്നു യഹൂദനായ പൗലോസ് ഇത്തരം സാഹചര്യത്തിൽ പറയാനിടയില്ല. പകരം 'ദൂതന്മാർ' എന്നുപയോഗിക്കുന്നത് ദൈവനാമം വൃഥാ ഉപയോഗിക്കാതിരിക്കാനുള്ള യഹൂദന്റെ മുൻകരുതലാകാം. എല്ലാ ഭാഷകളിലുംതന്നെ ഇത്തരം പദപ്രയോഗങ്ങൾ നിലവിലുണ്ട്. അനാവശ്യമെന്നു തോന്നുന്ന ഒരു ചർച്ച നിർത്താൻ, അധികാരമുള്ളയാൾ ഇടയ്ക്കുകയറി പറയുമ്പോൾ ഇത്തരം ഒരു പ്രയോഗം സ്വാഭാവികമാണ്. അതിനാൽ ഇവിടെ 'ദൂതന്മാരെപ്രതി' എന്നതിന് ഭാഷാപരവും പാരമ്പര്യവുമായ പ്രസക്തി മാത്രമേ നൽകേണ്ടതുള്ളൂ. ഈ വ്യാഖ്യാനത്തിന് എത്രമാത്രം അടിസ്ഥാനമുണ്ട് എന്നതിന് കൂടുതൽ പഠനങ്ങൾ നടക്കേണ്ടതുണ്ട്.

ചുരുക്കത്തിൽ, കോറിന്തോസിലെ സമൂഹത്തിൽ സ്ത്രീകളുടെ പെരുമാറ്റ രീതിയെ സ്പർശിക്കുന്ന ഒരു പ്രായോഗിക ചർച്ചയാണിവിടെ. സ്ത്രീകൾ പരമ്പരാഗത ശൈലിവിട്ട് വേഷവിധാനങ്ങളിലേക്ക് പോകാൻ സ്വാതന്ത്ര്യം കാണിക്കുന്ന സാഹചര്യങ്ങളിൽ സ്ത്രീക്ക് പ്രകൃതിതന്നെ നിശ്ചയിച്ചിരിക്കുന്ന രൂപഭാവങ്ങൾ തുടരാൻ അപ്പസ്തോലൻ ഉപദേശിക്കുന്നു. എങ്കിലും വസ്ത്രധാരണത്തെയും മുടി ക്രമീകരിക്കുന്നതിനെയും മറ്റും സംബന്ധിച്ച കാര്യങ്ങളിൽ അവർക്കുതന്നെ യുക്തമായതു തെരഞ്ഞെടുക്കാൻ അധികാരമുണ്ട് എന്ന നിലപാടും അപ്പസ്തോലൻ വ്യക്തമാക്കുന്നു.

കോറിന്തോസിലെ സഭയുടെ പ്രത്യേക പശ്ചാത്തലത്തിൽ ഉരുത്തിരിഞ്ഞതും നമുക്ക് ഭാഗികമായി മാത്രം ഗ്രാഹ്യവുമായ ഈ

വചനവിഭാഗത്തിന്റെ അടിസ്ഥാനത്തിൽ വസ്ത്രധാരണത്തെ സംബന്ധിച്ചുംമറ്റുമുള്ള സഭാനിയമങ്ങളും വഴക്കങ്ങളും ഉണ്ടാക്കാനുള്ള വചനഭാഗമല്ല ഇത് എന്ന് എടുത്തുപറയേണ്ടിയിരിക്കുന്നു. അഥവാ, ഇത് അടിസ്ഥാനമായി പരിഗണിക്കുന്ന പക്ഷം പൗലോസിന്റെ നിലപാടുതന്നെയാണ് സ്വീകരിക്കേണ്ടത്. "അവളുടെ തലയിൽ സ്ത്രീക്ക് അധികാരമുണ്ടായിരിക്കട്ടെ" ഇത് സഭയുടെയും സമൂഹത്തിന്റെയും ന്യായമായ "സമ്പ്രദായങ്ങൾക്ക്" യോജിച്ച വിധത്തിലായിരിക്കണംതാനും.



# 09

## കർത്താവിന്റെ അത്താഴം: അജപാലന ചിന്തകൾ (11:17 – 34)

വിശ്വാസ ജീവിതത്തിലെ പരകോടിയായ സത്യം വി. കുർബ്ബാനയാണ്. വി. കുർബ്ബാനയിലെ ഭിന്നതയും അലസതയും സഭാഗാത്രത്തെ ഗുരുതരമായ അസ്വസ്ഥതകളിലേക്കു നയിക്കാം. അതിനാൽ അൾത്താരയിൽ ഒരുമിക്കേണ്ടതിന്റെ ആവശ്യകതയാണ് അപ്പസ്തോലൻ ഊന്നിപ്പറയുന്നത്.

വിശ്വാസ ജീവിതത്തിലെ പരകോടിയായ സത്യം വി. കുർബ്ബാനയാണ്. വി. കുർബ്ബാനയിലെ ഭിന്നതയും അലസതയും സഭാഗാത്രത്തെ ഗുരുതരമായ അസ്വസ്ഥതകളിലേയ്ക്ക് നയിക്കാം. അതിനാൽ അൾത്താരയിൽ ഒരുമിക്കേണ്ടതിന്റെ ആവശ്യകതയാണ് അപ്പസ്തോലൻ ഊന്നിപ്പറയുന്നത്.

കോറിന്തോസുകാർ കർത്താവിന്റെ അത്താഴത്തിൽ പങ്കുചേരുന്നതു സംബന്ധിച്ച് പൗലോസിനു ലഭിച്ച വിവരങ്ങളുടെ അടിസ്ഥാനത്തിൽ വളരെ കർശനമായ തിരുത്തലുകളാണ് ഇവിടെ നൽകുന്നത്. കർത്താവിന്റെ അത്താഴത്തെ സംബന്ധിച്ച പരാമർശം വിഗ്രഹാർപ്പിത ഭക്ഷണത്തെ സംബന്ധിച്ച ചർച്ചയിൽ ആരംഭിച്ചതാണ് (10:14–22). കർത്താവിന്റെ മേശയിലും പിശാചുക്കളുടെ

മേശയിലും ഒരുപോലെ പങ്കുചേരാൻ കഴിയില്ലെന്നും ഒരേ അപ്പത്തിൽനിന്നു ഭക്ഷിക്കുന്നവൻ ഒരു ശരീരമായിത്തീരുന്നു എന്നും പൗലോസ് പഠിപ്പിക്കുന്നു (10:17). കോറിന്തോസുകാർ കർത്താവിന്റെ വിരുന്നിനായി ഒരുമിച്ചു വരുമ്പോൾ ഈ യാഥാർത്ഥ്യം വിസ്മരിക്കുന്നു. സഭ കർത്താവിന്റെ ശരീരമാണെന്നും ഏകസമൂഹമാണെന്നുമുള്ള സത്യം വിസ്മരിച്ച് ഓരോരുത്തരും താന്താങ്ങളുടെ കാര്യംമാത്രം ശ്രദ്ധിക്കുകയും സാധുക്കളെ അവഗണിക്കുകയും ചെയ്യുന്നു.

വിശുദ്ധ കുർബ്ബാനയർപ്പണത്തെ സംബന്ധിച്ച ഈ വചനഭാഗം മൂന്നു ഖണ്ഡികയിലായാണ് വിഷയം ക്രമീകരിച്ചിരിക്കുന്നത്. 1. കർത്താവിന്റെ അത്താഴംതന്നെ അവഗണിക്കപ്പെട്ടിരിക്കുന്നു (11:17-22); 2. കർത്താവിന്റെ അത്താഴം യേശുവിന്റെ മരണത്തിന്റെ അനുസ്മരണമാണ് (11:23-26); 3. കോറിന്തോസിലെ പ്രതിസന്ധിക്കു പ്രതിവിധി (11:27-34). സഭ സമ്മേളിക്കുമ്പോൾ അവർക്കിടയിൽ ഭിന്നിപ്പുകളുണ്ടാകുന്നുണ്ടെന്ന വാർത്ത പൗലോസിന് ലഭിച്ചതിന്റെയടിസ്ഥാനത്തിലാണ് ഈ തിരുത്തലുകൾ നൽകുന്നത്. താൻ കേട്ട വാർത്ത ഭാഗികമായെങ്കിലും പൗലോസ് വിശ്വസിക്കുകയും ചെയ്യുന്നു. കോറിന്തോസിലെ സ്ഥിതിഗതികൾ അത്തരത്തിലായിരിക്കേ അവരെ യാതൊരുവിധത്തിലും പ്രശംസിക്കാൻ കഴിയില്ല എന്ന് ആമുഖമായി പറഞ്ഞുകൊണ്ടാണ് തന്റെ തിരുത്തലുകളിലേക്ക് കടക്കുന്നത്. ലേഖനാരംഭത്തിൽ ചർച്ചചെയ്തവിധത്തിലുള്ള കക്ഷിമത്സരങ്ങളല്ല ഇവിടെ ഭിന്നിപ്പ് എന്നതുകൊണ്ട് അർത്ഥമാക്കുന്നത്. പണക്കാരും പാവപ്പെട്ടവരും തമ്മിലുള്ള വേർതിരിവാണിവിടെ വിഷയം.

ആദിമസഭയിൽ സഭാസമൂഹങ്ങൾ അത്താഴവിരുന്നിനായി സമ്പന്നരുടെ വീടുകളിലാണ് ഒരുമിച്ചുകൂടിയിരുന്നത് (അപ്പ 2:46). ഈ വിരുന്നിനോടു ചേർന്നാണ് അപ്പം മുറിക്കലും നടത്തിയിരുന്നത് എന്നും കരുതുന്നു. കർത്താവ് അന്ത്യത്താഴത്തിൽ പറഞ്ഞതും ചെയ്തതുമായ കാര്യങ്ങൾ അനുസ്മരിച്ചുകൊണ്ടും ആവർത്തിച്ചുകൊണ്ടുമാണ് ഈ 'കുർബാനയർപ്പണം' നടത്തിയിരുന്നത്. ഇത്തരത്തിൽ വിരുന്നിനെത്തുമ്പോൾ ഓരോരുത്തരും ഭക്ഷണപാനീയങ്ങൾ കൊണ്ടുവരികയാണ് പതിവ്. മറ്റുള്ളവരുമായി അതു പങ്കുവയ്ക്കുന്നത് സമൂഹത്തിന്റെ കൂട്ടായ്മയുടെ പ്രതീകമായി കരുതിയിരുന്നു. കോറിന്തോസിൽ സാമൂഹ്യജീവിതത്തിന്റെ ഭാഗമായി ഇത്തരം വിരുന്നുകൾ പതിവായിരുന്നു. ഈ വിരുന്നുകളുടെ ശൈലിയിൽത്തന്നെയാവണം സഭയും വിരുന്ന് നടത്തിയിരുന്നത്. സ്നേഹവിരുന്നുകൾ എന്നാണിതു വിളിക്കപ്പെട്ടിരുന്നത് (യൂദാസ് 12).





കോറിന്തോസിലെ സഭാംഗങ്ങളിൽ സമ്പന്നരായിരുന്നവർ ഇത്തരം സ്നേഹവിരുന്നുകൾക്കെത്തുമ്പോൾ ധാരാളം ഭക്ഷണസാധനങ്ങൾ കൊണ്ടുവന്നിരുന്നു. പാവപ്പെട്ടവരാകട്ടെ ഇത്തരത്തിൽ കൊണ്ടുവരാൻ കഴിയാത്തവരായിരുന്നു. ഓരോരുത്തരും വരുന്നതും വീട്ടിൽ സ്ഥാനം പിടിക്കുന്നതും അസമത്വങ്ങൾ ഉണ്ടാക്കി. സമ്പന്നർ നേരത്തേ എത്തുകയും വീട്ടിലെ ഭക്ഷണസ്ഥലങ്ങളിൽ ഒരുമിച്ചുകൂടുകയും ചെയ്യുമ്പോൾ പാവപ്പെട്ടവർക്ക് തങ്ങളുടെ ജോലിക്കുശേഷവും മറ്റും മാത്രമാണ് വരാൻ സാധിച്ചിരുന്നത്. അവർ എത്തുമ്പോഴേക്കും ഉള്ളിൽ സ്ഥലം ഉണ്ടാകണമെന്നില്ല. വിരുന്ന് തുടങ്ങിക്കഴിഞ്ഞിരിക്കുകയും ചെയ്യും. പലപ്പോഴും ആദ്യം വന്നവർ ഭക്ഷിച്ചും കുടിച്ചും സംതൃപ്തരായി കഴിഞ്ഞിരിക്കാം. അവസാനമെത്തിയ സാധുക്കൾക്ക് ആവശ്യമായത് ഉണ്ടാകണമെന്നുമില്ല. തന്മൂലം അവർ വിശന്നിരിക്കേണ്ടതായി വരുന്നു. ഈ പശ്ചാത്തലത്തിലാണ് പൗലോസിന്റെ വാക്കുകൾ നാം മനസ്സിലാക്കുന്നത്. "നിങ്ങൾ ഒന്നിച്ചുകൂടുമ്പോൾ കർത്താവിന്റെ അത്താഴമല്ല നിങ്ങൾ ഭക്ഷിക്കുന്നത്. കാരണം ഓരോരുത്തരും നേരത്തേതന്നെ സ്വന്തം ഭക്ഷണം കഴിക്കുന്നു" (11:20-21). ഓരോരുത്തരും തങ്ങൾ കൊണ്ടുവന്ന ഭക്ഷണം തങ്ങളുടെ മാത്രമായി കരുതുന്നു. പൊതുവായ വിരുന്നിന്റെ ഭാഗമായി കാണുന്നില്ല.

അവരുടെ ഇത്തരത്തിലുള്ള ഭക്ഷണം കർത്താവിന്റെ അത്താഴമേ അല്ല എന്ന് പൗലോസ് തറപ്പിച്ചു പറയുന്നു. ഇവിടെ ഓരോരുത്തരും സ്വന്തം അത്താഴം കഴിക്കുകമാത്രമാണ്. 'ഒരേ അപ്പത്തിൽ' നിന്നല്ല അവർ പങ്കുചേരുന്നത്. വിശ്വാസസമൂഹത്തെ പടുത്തുയർത്തേണ്ടതിനു പകരം കോറിന്തോസിലെ ചിലർ അതിനെ ഛിന്നഭിന്നമാക്കുകയാണ്. "അവർ ദൈവത്തിന്റെ സഭയെ അവഗണിക്കുകയും ഒന്നുമില്ലാത്തവരെ അവഹേളിക്കുകയും ചെയ്യുന്നു" (11:22). ഇതു കർത്താവിന്റെ അത്താഴമല്ല. ഇക്കാര്യത്തിൽ കോറിന്തോസുകാരെ ഒരുകാരണവശാലും പ്രശംസിക്കാനാവില്ല.

കർത്താവിന്റെ അത്താഴമെന്തായിരുന്നെന്നും എന്താണ് അതിന്റെ പ്രസക്തിയെന്നും മറന്നുപോയതാവാം കോറിന്തോസിലെ സ്ഥിതി ഇത്തരത്തിലാക്കിയത്. അതിനാൽ തുടർന്നുവരുന്ന ഭാഗത്ത് 'കർത്താവിന്റെ അത്താഴം' എന്തെന്ന് പൗലോസ് ഉദ്ബോധിപ്പിക്കുന്നു.

**യേശുവിന്റെ മരണത്തിന്റെ അനുസ്മരണം (11:23-26):** വിശുദ്ധ കുർബ്ബാനയുടെ സ്ഥാപനത്തെക്കുറിച്ചുള്ള ഏറ്റവും ആദ്യത്തെ വിവരണമാണിത്. യേശുവിന്റെ വാക്കുകൾ രേഖപ്പെടുത്തിയിരിക്കുന്ന

ആദ്യത്തെ രേഖയും ഇതാണ്. യേശുവിന്റെ ഈലോക ജീവിതത്തിലെ സംഭവങ്ങളെക്കുറിച്ച് പൗലോസ് രേഖപ്പെടുത്തുന്ന അപൂർവം വിവരണങ്ങളിലൊന്നുമാണ്.

കോറിന്തോസിലെ സഭയിലെ അത്താഴവിരുന്നിന്റെ അപാകതകൾ തിരുത്താൻ ശ്രമിക്കുന്ന അപ്പസ്തോലൻ എന്തുകൊണ്ട് അന്ത്യത്താഴ വിവരണം നൽകുന്നു എന്നത് വ്യാഖ്യാതാക്കളെ ചിന്തിപ്പിച്ചിട്ടുണ്ട്. പ്രശ്നങ്ങളുടെ ഉത്തരങ്ങൾ നേരിട്ടു കൊടുക്കാമായിരുന്നു. അത്തരത്തിൽ 27:34 വാക്യങ്ങൾ നേരിട്ടു ചർച്ചാവിഷയമാക്കുകയായിരുന്നു. പൗലോസ് വ്യക്തമായ ലക്ഷ്യത്തോടെയാണ് അന്ത്യത്താഴ വിവരണം നൽകുന്നത് എന്നാണ് പൊതുവേ മനസ്സിലാക്കുന്നത്.

'കർത്താവിൽനിന്ന് എനിക്ക് ലഭിച്ചതും ഞാൻ നിങ്ങളെ ഭരമേൽപ്പിച്ചതുമായ കാര്യം' (11:23) എന്ന ആമുഖത്തോടെയാണ് ഈ വിവരണം നൽകിയിരിക്കുന്നത്. സഭയുടെ പാരമ്പര്യം എന്നതു കൊണ്ടർത്ഥമാക്കുന്നത് ഈ രണ്ടു ഘടകങ്ങളാണ്. അപ്പസ്തോലന്മാർക്ക് (എനിക്ക്) ലഭിച്ചതും സഭയ്ക്ക് ചുമതലപ്പെടുത്തി ഏൽപ്പിക്കപ്പെട്ടതുമായ കാര്യമാണ് പാരമ്പര്യം. കേവലം ആചാരങ്ങളും അനുഷ്ഠാനങ്ങളുമൊന്നും പാരമ്പര്യമല്ല. പാരമ്പര്യം കൽപനയായി കൈമാറ്റപ്പെട്ടിട്ടുള്ളതാണ്. പൗലോസിന് ഇത് 'കർത്താവിൽനിന്ന് ലഭിച്ചതാണ്' എന്നു പ്രത്യേകം പറഞ്ഞിരിക്കുന്നു (15:3). ഇതിൽനിന്ന് തനിക്കുണ്ടായ ദർശനങ്ങളിലൂടെ കർത്താവ് ഇവയെല്ലാം വെളിപ്പെടുത്തിക്കൊടുത്തതാണ് (അപ്പ 18:9; 22:18; 23:11; 27:23-25; 2 കോറി 12:7; ഗലാ 1:12; 2:2) എന്നു കരുതാവുന്നതാണ്. അന്ത്യത്താഴ സമയത്ത് സംഭവിച്ച കാര്യത്തിന്റെ വിവരണമാണോ അതിന്റെ വ്യാഖ്യാനമാണോ പൗലോസിന് കർത്താവിൽനിന്ന് നേരിട്ടു ലഭിച്ചത് എന്നു പറയാനാവില്ല. അന്ത്യത്താഴം ശിഷ്യരോടൊത്തു യേശു നടത്തിയതാണ്. ഇത് സഭയുടെ ജീവിതത്തിന്റെ ഭാഗമായിരുന്നു. വിശ്വാസം സ്വീകരിച്ചപ്പോൾ പൗലോസും സ്വാഭാവികമായും ഇതിൽ പങ്കുചേരുകയും കാര്യങ്ങൾ മനസ്സിലാക്കുകയും ചെയ്തിട്ടുണ്ട്. അതിനാൽ അന്ത്യത്താഴത്തിന്റെ പുനരവതരണം സഭയിൽനിന്നുതന്നെയാവണം പൗലോസിനു ലഭിച്ചത്. പക്ഷേ അതിന്റെ അർത്ഥമെന്തെന്ന ജ്ഞാനം പൗലോസിനു കർത്താവ് വെളിപ്പെടുത്തിയതാണ്.

വിശുദ്ധ കുർബ്ബാന സ്ഥാപിച്ചത് ക്രിസ്ത്യാനികൾക്ക് യേശുവിന്റെ മരണത്തിന്റെ പ്രസക്തി വ്യക്തമാക്കാനാണ്. കോറിന്തോസുകാർ വിശുദ്ധകുർബാനയർപ്പണത്തെ യേശുവിന്റെ മരണത്തിന്റെ അനു





സ്മരണമായി വേണം സ്വീകരിക്കാൻ. ആ മരണം സഭാംഗങ്ങൾ തമ്മിലുള്ള ബന്ധത്തിൽ പ്രതിഫലിക്കേണ്ടതാണ്. യേശുവിന്റെ മരണം സഭയ്ക്കുവേണ്ടിയുള്ള സമ്പൂർണ്ണ സമർപ്പണമാണ്. സ്വയം ദാനമാണ്. ഈ മരണത്തിന്റെ അനുഭവത്തിലൂടെ വീണ്ടും കടന്നുപോകുകയാണ് കർത്താവിന്റെ അത്താഴത്തിൽ പങ്കെടുക്കുമ്പോൾ. യേശുവിന്റെ സഹനവും മരണവും വീണ്ടും നമ്മുടെ ജീവിതത്തിലേക്കു വരുകയാണ്. യേശു വീണ്ടും വരുന്നതുവരെ (11:26) ഈ അനുസ്മരണം തുടരുന്നു. യേശുവിന്റെ മരണം അനുസ്മരിക്കുന്ന കർത്താവിന്റെ അത്താഴം 'സ്വന്തം കാര്യം' നോക്കുന്ന വിരുന്നായി തരം താഴ്ത്താനാവില്ല. സ്വയം നൽകുന്ന ബലിയാണത്. യേശുവിന്റെ മരണം പ്രഖ്യാപിക്കലാണ് ഓരോ കുർബ്ബാനയർപ്പണവും. സകല മനുഷ്യർക്കുംവേണ്ടിയുള്ള രക്ഷ സാധിച്ചിരിക്കുന്നു എന്നതും യേശുവിൽ സർവ്വരും ദൈവത്തോടു അനുരഞ്ജനപ്പെട്ടിരിക്കുന്നു എന്നതും ഇക്കാരണത്താൽ ഓരോരുത്തരും ദൈവപിതാവിന്റെ മക്കളും സഹോദരീസഹോദരന്മാരുമാണ് എന്നതും പ്രഖ്യാപിക്കുകയാണ് ഓരോ കുർബാനയർപ്പണവും. കോറിന്തോസുകാരുടെ പെരുമാറ്റത്തിൽ ഇല്ലാതെ പോയതും ഈ പ്രഖ്യാപനമാണ്.

കർത്താവിന്റെ അത്താഴത്തെ സംബന്ധിച്ച വിവരണത്തിൽ പ്രത്യേകശ്രദ്ധ പതിയുന്ന ചില കാര്യങ്ങളുണ്ട്. കർത്താവ് *ഒറ്റിക്കൊടുക്കപ്പെട്ട രാത്രിയിലാണ്* കർത്താവിന്റെ വിരുന്ന് നടന്നത്. ഇന്ന് സഭാസമൂഹം ആഘോഷിക്കുന്ന അത്താഴവിരുന്നിന്റെ ഈ പശ്ചാത്തലം ഈ സ്നേഹവിരുന്നിന്റെ പ്രസക്തിയെ ഊന്നിപ്പറയുന്നതാണ്. ആഘോഷത്തെയും ആഹ്ളാദത്തേയുംകാൾ ജീവാർപ്പണത്തിന്റെ സ്പന്ദനങ്ങളാണ് ആ വിരുന്നിനുണ്ടായിരുന്നത്.

മൂന്നു സുവിശേഷങ്ങളിലും (മത്താ 26:26-29, മർക്കോ 14:22-25, ലൂക്കാ 22:14-20) കോറിന്തോസുകാർക്കുള്ള ലേഖനത്തിലും (11:21-26) വിശുദ്ധ കുർബാനയുടെ വിവരണം നൽകിയിരിക്കുന്നു. ചരിത്രപരമായി വീക്ഷിക്കുമ്പോൾ ഇതിൽ പൗലോസിന്റെ വിവരണമാണ് ആദ്യം രേഖപ്പെടുത്തിയിട്ടുള്ളത്. ഈ വിവരണങ്ങൾ തമ്മിൽ ചില വ്യത്യാസങ്ങളും സാമ്യങ്ങളും ദർശിക്കാനാവും.

ലൂക്കായുടെ വിവരണമാണ് ദൈർഘ്യമേറിയത്. രണ്ടുതവണ പാനപാത്രത്തെക്കുറിച്ച് ഇവിടെ പറയുന്നു. യേശു ശിഷ്യർക്ക് കൂടുതൽ നിർദ്ദേശം നൽകുന്നതും ഇവിടെയാണ്. പൗലോസിന്റെ വിവരണമാണ് ഏറ്റവും കുറഞ്ഞ വാക്കുകളിലുള്ളത്. എങ്കിലും ഇവിടെ 'ഇത് എന്റെ ഓർമ്മയ്ക്കായി ചെയ്യുവിൻ' എന്ന് ആവർത്തി

ച്ചിരിക്കുന്നു. സുവിശേഷകരിൽ ലൂക്കാ മാത്രമേ ഈ വാക്യം ചേർക്കുന്നുള്ളൂ. ലൂക്കായുടെ വിവരണത്തിലും പൗലോസിന്റെ വിവരണത്തിലും ഇത് *നിങ്ങൾക്കുവേണ്ടിയുള്ള* എന്റെ ശരീരമാണ് എന്ന് യേശു പറയുന്നു. പൗലോസ് മാത്രമേ ഇത് കർത്താവിന്റെ മരണം പ്രഖ്യാപിക്കാനായി തുടരുന്ന ഒരു കാര്യമായി കാണുന്നുള്ളൂ. എല്ലാ വിവരണങ്ങളും കർത്താവിന്റെ അന്ത്യത്താഴത്തിന്റെ ഭാവ്യുന്മുഖ സ്വഭാവത്തിന്റെ സൂചന നൽകുന്നു. സുവിശേഷങ്ങളിൽ 'തന്റെ രാജ്യത്തെ'ക്കുറിച്ചുള്ള പരാമർശത്തിലും ലേഖനങ്ങളിൽ യേശുവിന്റെ രണ്ടാം വരവിനെക്കുറിച്ചുള്ള പ്രഖ്യാപനത്തിലും ഇതുകാണാം. പൗലോസിന്റെ വിവരണത്തിൽ കർത്താവിന്റെ അത്താഴത്തിൽ ഇന്നലെയെയും ഇന്നിനെയും നാളെയെയും സംബന്ധിച്ച സഭയുടെ ദർശനം കാണാം. പുതിയ ഉടമ്പടി ഉറപ്പിച്ചുകൊണ്ട് ചിന്തപ്പെടുന്ന രക്തത്തെക്കുറിച്ചുള്ള ഉൾക്കാഴ്ചയും പ്രധാനമാണ്.

വിശുദ്ധകുർബ്ബാന സകലർക്കുംവേണ്ടിയുള്ള യേശുവിന്റെ മരണത്തെ കേന്ദ്രീകരിച്ചാണ് നിൽക്കുന്നത്. ഈ കൂദാശ കർത്താവിന്റെ മരണത്തിനും രണ്ടാമത്തെ ആഗമനത്തിലുമാണ് പ്രസക്തമായിരിക്കുന്നത്. പൗലോസ് ഒരിക്കൽക്കൂടി കുരിശിന്റെ ദൈവശാസ്ത്രം കോറിന്തോസുകാരുടെ ശ്രദ്ധയിൽ കൊണ്ടുവരികയാണ്. ഭിന്നതകൾ (1–4) ക്ക് മറുപടിയായി കുരിശിന്റെ ഭോഷത്തമാണ് ചൂണ്ടിക്കാട്ടിയത്. ഇവിടെയും സഭയിലെ തരംതിരിവുകൾക്കും പരിഗണന കാണിക്കാതിരിക്കലിനും മറുമരുന്നായി കുരിശുതന്നെയാണ് പൗലോസ് ചൂണ്ടിക്കാണിക്കുന്നത്. യേശു മറ്റുള്ളവർക്കുവേണ്ടി ബലിയായി നൽകിയതുപോലെ സ്വയം ബലിയായി ഇതരർക്കായി ജീവിക്കാൻ തയ്യാറാകാത്ത സഭാസമൂഹത്തിൽ അന്ത്യത്താഴത്തിന്റെ ഓർമ്മയാചരണം അർത്ഥശൂന്യമായ ആചാരവും അന്തച്ഛിദ്രമുണ്ടാക്കുന്ന ശക്തിപ്രകടനവും മാത്രമായി അധഃപതിക്കുന്നു.

**പ്രശ്നപരിഹാരം – ശരീരത്തെ വിവേചിച്ചറിയുക (11:27–32):** കോറിന്തോസിലെ സഭയിലെ വിശുദ്ധ കുർബ്ബാനയർപ്പണം ഓർമ്മയാചരണമോ, ഉടമ്പടി നവീകരണമോ പ്രഖ്യാപനമോ ഇല്ലാത്ത കേവലം ഒത്തുചേരലും ഭക്ഷണവുമായി അധ:പതിച്ചു. തത്ഫലമായി ഇതരരോടുള്ള പരിഗണനയും അവർക്കായി, വിശേഷിച്ച് ദരിദ്രർക്കായുള്ള കാത്തിരിപ്പും പങ്കുവയ്പ്പും ഇല്ലാതാകുകയും സഭയിൽ തിരിച്ചുവ്യത്യാസങ്ങളും ഭിന്നിപ്പുകളും ശക്തിപ്പെടുകയും ചെയ്തു. തന്മൂലം അയോഗ്യതയോടെയാണ് കർത്താവിന്റെ അത്താഴം ഭക്ഷിക്കുന്നത് (11:27). അയോഗ്യമായ ഇത്തരം കുർബാനയർപ്പണത്തിന്റെ ഭവിഷത്തുകൾ ശക്തമാണ്.





കുർബാനവിരുന്നിൽ പങ്കുചേരുന്നവർ സ്നേഹത്തിൽ ഐക്യപ്പെട്ടല്ല അപ്രകാരം ചെയ്യുന്നതെങ്കിൽ (11:26) അവർ യേശുവിനെ കൊന്നവരോടു ചേർന്നവരായിത്തീരുന്നു. (നിയ 19:20; ഹീബ്രു 6:4–6, 10:29). അതിനാൽ കുർബാനയർപ്പണത്തിൽ പങ്കുകാരാകുന്നതിനുമുമ്പ് പരസ്പരം അനുരഞ്ജനപ്പെടുവാൻ കഴിയുന്നവിധം ആത്മപരിശോധന ചെയ്യുക ആവശ്യമാണ് (മത്താ 5:23–24). ശരീരത്തെ വിവേചിച്ചറിഞ്ഞുവേണം ബലിവിരുന്നിൽ ഭാഗഭാക്കാകുവാൻ. ഇത് മറ്റേതൊരു വിരുന്നുംപോലെയാണ് എന്നതരത്തിൽ കർത്താവിന്റെ അത്താഴത്തിൽ പങ്കുചേരുന്നവർ "കർത്താവിന്റെ ശരീരത്തെയും രക്തത്തെയും" വിവേചിച്ചറിയുന്നില്ല. സഭാസമൂഹത്തിലെ പാവപ്പെട്ടവരോടു പരിഗണനയില്ലാതെ വിരുന്നിൽ പങ്കുചേരുന്നവർ തങ്ങൾ ഈ വിരുന്നിന്റെ അർത്ഥം എന്തെന്ന് ഗ്രഹിക്കുന്നില്ല. വിശുദ്ധകുർബ്ബാന കർത്താവിന്റെ മരണം എന്തെന്ന് അനുസ്മരിക്കാനും സഭാശരീരത്തിലെ ഇതര അംഗങ്ങളെക്കുറിച്ചു കർത്താവിനുള്ളതുപോലെയുള്ള പരിഗണന കാണിക്കാനും ഓരോ ക്രിസ്ത്യാനിയേയും ക്ഷണിക്കുന്നു. കോറിന്തോസുകാരോട് ഇക്കാര്യം അപ്പസ്തോലൻ നേരത്തേതന്നെ സൂചിപ്പിച്ചതാണ് (6:15; 10:17).

ഇവിടെ കർത്താവിന്റെ ശരീരം, രക്തം എന്നിവ ബലിവിരുന്നിന്റെ പ്രസക്തിയിലേക്കാണ് വിരൽചൂണ്ടുന്നത്. ശരീരത്തെ വിവേചിച്ചറിയുക (11:24) എന്നത് സഭയാകുന്ന ശരീരത്തെ, കർത്താവ് ആർക്കുവേണ്ടി മരിച്ചോ ആ സഹോദരങ്ങളെ പരിഗണിക്കാനുള്ള ആഹ്വാനമാണ്. കർത്താവിന്റെ മരണത്തെയാണ് ബലിവിരുന്ന് അനുഭവവേദ്യമാക്കുന്നത് എന്ന യാഥാർത്ഥ്യത്തെ പരിഗണിക്കാതെ വിരുന്നിൽ പങ്കെടുക്കുന്നതാണ് ഇവിടെ വിവക്ഷിക്കുന്നത്. ബലിവിരുന്നിൽ ഭക്ഷിക്കുന്നത് വെറും അപ്പവും വീഞ്ഞുമല്ല. കുരിശിൽ മരിച്ച കർത്താവിന്റെ ശരീരരക്തങ്ങളാണ്, കർത്താവിനെത്തന്നെയാണ് സ്വീകരിക്കുന്നത് എന്നു കാണാത്തതാണ് വിവേചിക്കാത്ത പങ്കെടുക്കൽ.

ക്രിസ്ത്യാനികളും യേശുവും തമ്മിൽ ഏകശരീരമെന്ന ഐക്യം നിലനിൽക്കുന്നതിനാൽ (6:17) മറ്റുവിശ്വാസികളെ, നമ്മുടെ സഹോദരരെ പരിഗണിക്കാത്ത വിധത്തിൽ കർത്താവിന്റെ അത്താഴത്തിൽ പങ്കുചേർന്നാൽ "കർത്താവിന്റെ ശരീരത്തോടും രക്തത്തോടും" ആദരവുകാണിക്കാതിരിക്കുകയാണ്. ദൈവം ഇപ്രകാരം പെരുമാറുന്നവരെ വിധിക്കും. "പലരും രോഗികളും ദുർബ്ബലരും ആയിരിക്കുന്നതിനും ചിലർ മരിച്ചുപോയതിനും കാരണമിതാണ്" എന്ന്

പൗലോസ് പഠിപ്പിക്കുന്നു (11:30). ശാരീരികമായ രോഗങ്ങൾക്കു കാരണം കർത്താവിന്റെ വിരുന്നിൽ അയോഗ്യതയോടെ, പാവങ്ങളോടു പരിഗണയില്ലാതെ, പങ്കെടുക്കുന്നതുകൊണ്ടാണ് എന്നത് അക്കാലത്തെ ചിന്ത മാത്രമാണ് എന്ന തരത്തിൽ വിലയിരുത്താനാവില്ല. ആത്മീയവും സാമൂഹികവും വൈകാരികവും ശാരീരികവും സാംസ്കാരികവുമായ കാര്യങ്ങളെല്ലാം ഒരാളുടെ ജീവിതത്തിൽ സമഗ്രമായി സമന്വയിപ്പിച്ചിരിക്കുന്നു എന്നത് ആധുനിക ശാസ്ത്രീയ കണ്ടുപിടുത്തങ്ങൾ ഊന്നിപ്പറയുന്ന കാര്യമാണ്. അതിനാൽ ഏതെങ്കിലുമൊരു മേഖലയിലെ വീഴ്ച ഇതരഘടകങ്ങളെ ദുർബലപ്പെടുത്തുന്നു എന്നു ചിന്തിക്കുന്നത് തികച്ചും ന്യായമാണ്.

വ്യക്തികളുടെ ആരോഗ്യത്തെ സംബന്ധിച്ചെന്നപോലെ സമൂഹങ്ങളുടെ ആരോഗ്യത്തിന്റെ കാര്യവും ഇത്തരത്തിൽ പരിഗണിക്കാവുന്നതാണ്. ക്രിസ്തീയ സമൂഹങ്ങൾ വളരുന്നതും തളരുന്നതും കർത്താവിന്റെ അത്താഴത്തിലുള്ള പങ്കുചേരലിനോട് ബന്ധപ്പെട്ടാണ്. ഇടവക സമൂഹത്തിൽ എത്രമാത്രം ഭൗതികപ്രവർത്തനങ്ങൾ ഉണ്ടായാലും തിരുനാളുകളും ആഘോഷങ്ങളും എത്രമാത്രം ഗംഭീരമായി കൊണ്ടാടിയാലും സഭാസമൂഹം ഫലം പുറപ്പെടുവിക്കുന്ന ആരോഗ്യമുള്ള ശരീരമായിക്കൊള്ളണമെന്നില്ല. ഇത്തരം ആഘോഷങ്ങളും വികസനപ്രവർത്തനങ്ങളും മിക്കപ്പോഴും സമൂഹങ്ങളുടെ ക്രിസ്തീയഫലങ്ങൾ നിർവീര്യമാക്കാനാണ് ഉപയോഗപ്പെടുന്നത്. ഒരു സഭാസമൂഹം സജീവമാകുന്നതും ക്രൈസ്തവമായ ഫലങ്ങൾ പുറപ്പെടുവിക്കുന്നതും അതിലെ അംഗങ്ങൾ പരസ്പരം കരുതലോടെ, കർത്താവിന്റെ മരണത്തെ അനുസ്മരിച്ചുകൊണ്ട് കർത്താവിന്റെ അത്താഴത്തിൽ ഒരു ഹൃദയത്തോടെ പങ്കെടുക്കുമ്പോഴാണ്.

ശാരീരികമായ രോഗങ്ങളും വേദനകളും സഭാശരീരത്തിലെ വിവിധ അംഗങ്ങളുടെ വിവേചനമില്ലായ്മയാൽ ഉണ്ടാകുന്നതാണ് എന്നത് ക്രിസ്തീയ സഹനത്തിന്റെ അർത്ഥത്തിലേക്കും വെളിച്ചം വീശുന്നു. ക്രൈസ്തവന്റെ സഹനം യേശുവിന്റെ സഹനത്തോടു ചേർന്നുള്ള സഹനമാണ്. സഭാശരീരത്തിലെ ചിലരുടെ തെറ്റുകൾ, ചില അവയവങ്ങളുടെ പിഴവുകൾ മറ്റു അവയവങ്ങൾക്കു സഹന കാരണമാകുന്നു എന്നു കണക്കാക്കാവുന്നതാണ്. തങ്ങൾ വിവേചനമില്ലാതെ പെരുമാറിയതുകൊണ്ട് രോഗികളായി കണക്കാക്കേണ്ടതില്ല. ശരീരത്തിന്റെ പൊതുവായ ആരോഗ്യത്തിന്റെ കാര്യമാണിത്. ചില അംഗങ്ങളുടെ രോഗങ്ങൾ, കർത്താവ് ശരീരത്തിന്റെ മുഴുവന്റെയും രക്ഷയ്ക്കായി അവർക്കു നൽകുന്നതാണ്. യേശു തന്നെ ലോകത്തിന്റെ മുഴുവൻ രക്ഷയ്ക്കായി സഹിച്ചതുപോലെ ദൈവം





തെരഞ്ഞെടുക്കുന്ന ചില വ്യക്തികളും ഈ വിധത്തിൽ സഹിക്കാൻ ഇടവരുന്നു. സഭയുടെ മോചനത്തിനും രക്ഷയ്ക്കും യേശുവോടൊത്തു യാഗബലിയായിത്തീരുകയാണ് ഇത്തരം സഹനങ്ങളിലൂടെ. കർത്താവ് നമ്മെ “ശിക്ഷണവിധേയരാക്കുന്നു” (11:32) എന്ന വാക്യം ഇത്തരം സൂചന നൽകുന്നു. തിന്മയുടെ പിടിയിലായ ലോകത്തോടൊപ്പം ദൈവത്തിന്റെ തെരഞ്ഞെടുക്കപ്പെട്ടവർ നശിച്ചുപോകാതിരിക്കാനാണിത്.

കോറിന്തോസിലെ സഭ കർത്താവിന്റെ അത്താഴത്തിൽ പങ്കുചേരുമ്പോൾ സ്വീകരിക്കേണ്ട പ്രായോഗിക നിലപാട് നിർദ്ദേശിച്ചുകൊണ്ട് ഈ ഉപദേശം പൗലോസ് അവസാനിപ്പിക്കുന്നു (11:33–34). അത്താഴവിരുന്നിനു വരുമ്പോൾ അന്യോന്യം കാത്തിരിക്കുക. വിശപ്പിനും ആഘോഷത്തിനുമുള്ള വിരുന്നല്ല കർത്താവിന്റെ അത്താഴം. അത് കർത്താവിന്റെ മരണം പ്രഖ്യാപിക്കുന്ന, ഇതരരോടുള്ള കൂട്ടായ്മ അനുഭവിക്കുന്ന ആത്മസമർപ്പണത്തിന്റെ വിരുന്നാണ്. അത് കുരിശിലെ ബലിയുടെ ‘ഓർമ്മയാചരണ’മാണ്.

# 10

## പരിശുദ്ധാത്മദാനങ്ങളുമായി ബന്ധപ്പെട്ട തെറ്റിദ്ധാരണകൾ (12:1 – 14:39)

വരിശുദ്ധാത്മാവിന്റെ ദാനങ്ങൾ സഭയെ പടുത്തുയർത്തുന്നതിനായിട്ടാണ് നൽകപ്പെടുന്നത്. എന്നാൽ, ചില സന്ദർഭങ്ങളിൽ വ്യത്യസ്ത വരദാനങ്ങൾ സ്വീകരിച്ചവർ തമ്മിൽ സഭയിൽ ഭിന്നതകൾ ഉടലെടുക്കാറുണ്ട്. നവീകരണമേഖലയിൽ സാധാരണയായി കണ്ടുവരുന്ന ഈ അജപാലന പ്രസ്ഥാനത്തിന് ശ്ലീഹാ നൽകുന്ന പ്രതിവിധി ഇന്നും ഏറെ പ്രസക്തമാണ്. ഒരേ ആത്മാവാണ് വരങ്ങൾ നൽകുന്നതെന്നും ഒരേ ശരീരത്തിലെ വിവിധ അവയവങ്ങളായ വിശ്വാസികൾക്കാണ് നൽകപ്പെടുന്നതെന്നുമുള്ള ചിന്തയിലൂന്നിയാണ് ശ്ലീഹാ പരിഹാരം നിർദ്ദേശിക്കുന്നത്.

പെന്തക്കുസ്തായുടെ ദിവസം മുതൽ സഭയിൽ ചിലർ അസാധാരണമായ ആത്മീയദാനങ്ങളുള്ളവരായി പെരുമാറാൻ തുടങ്ങിയതു സഭയുടെ ആദ്യകാലചരിത്രത്തിൽ വ്യക്തമാണ്. അത്തരക്കാരുടെ ആത്മീയതീക്ഷ്ണത അവരിൽ ദൈവാത്മാവിന്റെ പ്രത്യേക സാന്നിധ്യം ഉള്ളതിന്റെ തെളിവായി പരിഗണിക്കപ്പെട്ടു. ക്രമേണ ഇത്തരം 'സിദ്ധി'കളുള്ളവരെ ആത്മീയ മനുഷ്യരായി കണക്കാക്കാൻ തുടങ്ങി. കോറിന്തോസിലെ സഭയിലും സമാനമായ രീതിയിൽ ദൈവാത്മാവിന്റെ ദാനങ്ങൾ പ്രകടമായിരുന്നു. കോറിന്തോസുകാർ ഒരുപരിധിവരെ, ഇക്കാര്യത്തിൽ അഹങ്കരിക്കുകതന്നെ ചെയ്തു എന്നുവേണം കരുതാൻ. സഭ ഒരുമിച്ചുകൂടുന്ന സന്ദർഭങ്ങളിൽ തങ്ങൾക്കുള്ള ആത്മീയസിദ്ധികൾ ഉപയോഗപ്പെടുത്താൻ അംഗങ്ങൾ തീക്ഷ്ണത കാണിച്ചിരുന്നു. ക്രമേണ ഇത് സ്നേഹരാഹിത്യത്തിനും മത്സരങ്ങൾക്കും വലിപ്പച്ചെറുപ്പനിർണയത്തിനും ഇടയാക്കി. യഥാർത്ഥ ആത്മീയാനുഭവത്തിനു സമാന്തരമായി ദൈവാരൂപിയിൽ നിന്നല്ലാത്തതരം പ്രത്യേക 'സിദ്ധി'കളും രംഗപ്രവേശനം ചെയ്യാനും വഴിതെളിച്ചു. ഈ സാഹചര്യങ്ങളുടെയെല്ലാം പശ്ചാത്തലത്തിലാണ് ആത്മീയ ദാനങ്ങളെക്കുറിച്ച് സമഗ്രവും സമ്പൂർണ്ണവുമായ പഠനംതന്നെ അപ്പസ്തോലൻ നൽകുന്നത്.

മൂന്ന് അദ്ധ്യായങ്ങളിലായി ക്രമീകരിച്ചിരിക്കുന്ന ഈ പഠനം ആദിമസഭയുടെ ജീവിതത്തിലേക്ക്, വിശിഷ്യാ പ്രാർത്ഥനാ സമ്മേളനങ്ങളിലേക്ക് വെളിച്ചം വീശുന്നതാണ്. കോറിന്തോസുകാർ എഴുതിച്ചോദിച്ച വിഷയങ്ങളിലൊന്നാണിത് എന്ന് 12:1 വാക്യത്തിൽനിന്നും വ്യക്തമാണ്. മൂലഭാഷയിലെ പാഠം പരിശോധിച്ചാൽ 'ആത്മീയരെക്കുറിച്ച്' എന്നോ 'ആത്മീയ കാര്യങ്ങളെക്കുറിച്ച്' എന്നോ ആണിവിടെ പറഞ്ഞിരിക്കുന്നത്. തുടർന്നുവരുന്ന ചർച്ചയുടെ ഉള്ളടക്കത്തിന്റെ വെളിച്ചത്തിൽ 'ആത്മീയദാനങ്ങൾ' ആണ് ഇവിടെ പരാമർശിക്കപ്പെടുന്നത് എന്നു വിലയിരുത്താം.

ആത്മീയദാനങ്ങളെ സംബന്ധിച്ച് ചില പ്രശ്നങ്ങൾ സഭയിൽ നിലനിന്നിരുന്നു എന്ന് കരുതാം. ഇതിനാലാവാം അപ്പസ്തോലന്റെ നിലപാട് മനസ്സിലാക്കാനായി ഈ വിഷയം അവതരിപ്പിക്കുന്നത്. ലേഖനത്തിന്റെ ആദ്യ അധ്യായങ്ങളിൽ നാം കണ്ടതുപോലെ ഇവിടെ പ്രശ്നവിഷയമെന്ത് എന്നത് വ്യക്തമല്ല. എങ്കിലും ലേഖനരചനയുടെ പൊതുവായ ശൈലി അപഗ്രഥിച്ചു പരിശോധിക്കുമ്പോൾ ചർച്ചയുടെ അവസാനഭാഗത്തുവരുന്ന പ്രായോഗികനിർദ്ദേശങ്ങളും താക്കീതുകളും പ്രധാനപ്രശ്നമെന്ത് എന്ന് മനസ്സിലാക്കാൻ സഹായിക്കുന്നതാണ്. കോറിന്തോസിലെ സഭയിൽ വിവിധ ആത്മീയദാനങ്ങൾ സജീവമായിരുന്നുവെങ്കിലും പ്രധാനമായും ഭാഷാവരത്തെയും പ്രവചനവരത്തെയും സംബന്ധിച്ച വ്യക്തമായ നിർദ്ദേശങ്ങളാണ് ഇവിടെ (14) നൽകപ്പെടുന്നത്. ഇവയുടെ ഉപയോഗത്തിലെ പാളിച്ചകളായിരുന്നു കോറിന്തോസുകാരുടെ ചോദ്യത്തിനു പിന്നിൽ എന്നു ന്യായമായും വിലയിരുത്താം. ഇതിൽത്തന്നെ ഭാഷാവരം സംബന്ധിച്ച കാര്യങ്ങൾക്കാണ് ചർച്ചയിൽ കൂടുതൽ

ശ്രദ്ധ നൽകിയിട്ടുള്ളത്. ഭാഷാവരത്തിന്റെ ഉപയോഗമായിരുന്നു സഭയിലെ പ്രധാന പ്രശ്നം എന്ന് ഇതിൽനിന്ന് മനസ്സിലാക്കാം.

വിഷയക്രമീകരണമനുസരിച്ച് ഈ മൂന്ന് അധ്യായങ്ങളെ മൂന്നായി തിരിക്കാം. വിവിധ വരങ്ങളെ വിലയിരുത്തുന്നതിനുള്ള മാനദണ്ഡങ്ങളാണ് ആദ്യം (12). പ്രത്യക്ഷത്തിൽ വിഷയത്തിൽനിന്ന് വ്യതിചലിക്കുന്നു എന്നു തോന്നിയേക്കാമെങ്കിലും 13-ാം അധ്യായം പൊതുവായ വിഷയപുരോഗതയിൽ നിർണ്ണായകമാണ്. സ്നേഹമാണ് അടിസ്ഥാന മാനദണ്ഡം എന്ന് അപ്പസ്തോലൻ തറപ്പിച്ചു പറയുന്നു (13). തുടർന്നു വരുന്ന അദ്ധ്യായത്തിൽ (14) ഈ അടിത്തറയിൽ നിന്നുകൊണ്ട് വരദാനങ്ങളുടെ ഉപയോഗത്തിന് വ്യക്തമായ പ്രായോഗിക നിർദ്ദേശങ്ങൾ നൽകുന്നു.

സഭയുടെ ചരിത്രത്തിലെ എല്ലാ ഘട്ടങ്ങളിലും നിർണ്ണായകമായ സ്വാധീനം ചെലുത്തിയിട്ടുള്ള ലേഖനഭാഗമാണ് ഈ മൂന്ന് അദ്ധ്യായങ്ങൾ. ഇക്കാലഘട്ടത്തിലും അത്മീയ ഉണർവ്വിന്റെയും നവീകരണമുന്നേറ്റങ്ങളുടെയും ദൈവശാസ്ത്രാടിസ്ഥാനം പ്രധാനമായും ഈ അദ്ധ്യായങ്ങളിലാണ് കണ്ടെത്തുന്നത്. ഇക്കാരണത്താൽത്തന്നെ പക്വതരവും അടിസ്ഥാനപരവുമായ വ്യാഖ്യാനം ഈ വചനഭാഗത്തിന് കൂടുതൽ പ്രസക്തിയും പ്രാമുഖ്യവും നൽകും.

**പരിശുദ്ധാത്മദാനങ്ങൾ (12:1-31)**

മൂന്ന് അദ്ധ്യായങ്ങളിലായി ക്രമീകരിച്ചിരിക്കുന്ന ചർച്ചയുടെ ആദ്യഭാഗമാണിത്. യേശു കർത്താവാണ് എന്ന അടിസ്ഥാന വിശ്വാസ പ്രഖ്യാപനത്തിന്റെ അടിത്തറയിലാണ് ആത്മീയദാനങ്ങൾ നിലകൊള്ളുന്നത് എന്ന് ആമുഖത്തിൽത്തന്നെ (12:3) വ്യക്തമാക്കുന്നു. സഭയിൽ വിവിധങ്ങളായ ആത്മീയദാനങ്ങളുണ്ട്. അവയെല്ലാം ക്രിസ്തുവിന്റെ മഹത്വത്തിനായിരിക്കണം. ക്രിസ്തുവിനെതിരായതൊന്നും ദൈവാത്മാവിന്റെ പ്രവർത്തനമല്ല.

വിഷയക്രമീകരണം പരിഗണിക്കുമ്പോൾ ഈ അദ്ധ്യായത്തെ താഴെപറയുംവിധം കണ്ടെത്താം. 1. ആത്മാവ് ഒന്ന് - എന്നാൽ അനേകം വരങ്ങൾ (12:1-11) 2. ശരീരം ഒന്ന് - എന്നാൽ അനേകം അവയവങ്ങൾ (12:12-26) 3. വ്യത്യസ്തങ്ങളായ ധാരാളം ദാനങ്ങൾ - എല്ലാം ഒരേ ശരീരത്തിൽ ദൈവം സ്ഥാപിച്ചവ (12:27-31).

**ആത്മാവ് ഒന്ന് - അനേകം വരങ്ങൾ (12:1-11)**

ആത്മീയദാനങ്ങളെ സംബന്ധിച്ച ചർച്ച പൗലോസിന്റെ പതിവു ശൈലിയിൽതന്നെയാണ് ആരംഭിക്കുന്നത് (12:1). എഴുതിച്ചോദിച്ച കാര്യങ്ങളെല്ലാം (ഉദാ. 7:1; 7:25; 8:1) ആരംഭിച്ച രീതിതന്നെയാണ് ഇവിടെയും വാക്കുകളുടെ ഉപയോഗത്തിൽ. എങ്കിലും കോറിന്തോസുകാർ ചോദിച്ചിരിക്കാനിടയുള്ള ചോദ്യമെന്തായിരിക്കുമെന്ന് ഈ വാക്യങ്ങളിൽനിന്ന് വ്യക്തമല്ല. പൗലോസിന്റെ രചനാ ശൈലിയുടെ പ്രത്യേകത അപഗ്രഥിച്ചു അതു മനസ്സിലാക്കാം എന്ന് മുമ്പു സൂചിപ്പിച്ചുവല്ലോ.

ആദ്യ ഖണ്ഡികയിൽതന്നെ ശ്രദ്ധിക്കുന്ന രണ്ടു വാക്യഭാഗങ്ങൾ ("അറിവില്ലാത്തവരാകരുത് എന്ന് എനിക്ക് താൽപര്യമുണ്ട്" 12:1; "നിങ്ങൾ ഗ്രഹിക്കണമെന്ന് ഞാൻ ആഗ്രഹിക്കുന്നു" 12:3) ചില പുതിയ കാര്യങ്ങൾ വായനക്കാരെ ധരിപ്പിക്കാൻ അപ്പസ്തോലൻ ശ്രമിക്കുന്നു എന്നു വ്യക്തമാക്കുന്നു. ദൈവാത്മാവിന്റെ ശക്തിയാൽ നയിക്കപ്പെടുന്നവർക്ക് ക്രിസ്തുവിനെതിരായി ഒരു വാക്കുച്ചരിക്കാൻ കഴിയില്ലെന്നും കർത്താവിനെ സ്തുതിക്കുന്നവരെല്ലാം ആത്മാവു മുഖേനയാണിങ്ങനെ ചെയ്യുന്നതെന്നും (12:3) വ്യക്തമാക്കുന്നു. മറ്റു വാക്കുകളിൽ, ദൈവത്തിന്റെ ആത്മാവ് വിവിധ രീതികളിൽ ക്രിസ്തുവിനെ നാഥനും കർത്താവുമായി സാക്ഷ്യപ്പെടുത്തുന്നു.

ഉന്മാദസംസാരത്തോടു ബന്ധപ്പെടുത്തിവേണം ഈ പ്രബോധനം മനസ്സിലാക്കാൻ. 'ഗ്ലോസ്സോലലിയ' എന്ന് ഗ്രീക്കുഭാഷയിൽ പറഞ്ഞിരിക്കുന്ന കാര്യത്തിന് ഇംഗ്ലീഷിലും മലയാളത്തിലുമെല്ലാം വ്യാഖ്യാനപരമായ സംജ്ഞയാണ് ഉപയോഗിക്കുന്നത്. ഭാഷയിൽ സംസാരിക്കുക, ഭാഷാവരം തുടങ്ങിയവയാണ് ഈ പ്രതിഭാസത്തെ കാണിക്കാൻ ഉപയോഗിച്ചിരിക്കുന്ന വാക്കുകൾ. 'ഉന്മാദസംസാരം' പല മതങ്ങളിലും പതിവുള്ള കാര്യമാണ്. കോറിന്തോസുകാരുടെ കാര്യത്തിലും അവർ വിശ്വാസത്തിലേക്കു വരുന്നതിനുമുമ്പ് ഇത്തരം പെരുമാറ്റമുണ്ടായിരുന്നതായി ഇവിടെ സൂചിപ്പിക്കുന്നു (12:2). ആരാധനാവേളകളിൽ ആത്മാക്കളാൽ ആവേശിച്ച് ഉന്മാദസംസാരം നടത്തി പരിചയമുണ്ടായിരുന്ന കോറിന്തോസുകാർ സഭയിലേക്കു വന്നപ്പോഴും ഈ വഴക്കം തുടർന്നു എന്ന് ന്യായമായും കരുതാം. ഇവിടെ പൗലോസ് വ്യക്തമായ ഒരു മാനദണ്ഡം നൽകുന്നു. ഉന്മാദസംസാരം നടത്തുന്നയാൾ ദൈവാരൂപിയാൽ പ്രചോദിതമായാണ് അപ്രകാരം ചെയ്യുന്നതെങ്കിൽ യേശു കർത്താവാണ് എന്ന് പ്രഖ്യാപിക്കലാകുമത്. ദൈവാരൂപിയാൽ നയിക്കപ്പെടുന്ന ആർക്കും "യേശു ശപിക്കപ്പെട്ടവൻ" എന്ന് ഉച്ചരിക്കാൻ കഴിയില്ല, "യേശു കർത്താവ്" എന്നു പറയാൻ ദൈവാരൂപിയുടെ നിറവില്ലാതെ കഴിയുകയുമില്ല. പൗലോസ് ഇവിടെ നടത്തുന്ന പരാമർശത്തിന്റെ പശ്ചാത്തലം വ്യക്തമല്ല. പീഡനങ്ങളുടെ മുന്നിൽ യേശുവിനെ നിഷേധി

ക്കുന്നതോ ഏറ്റുപറയുന്നതോ ആണ് ഇവിടുത്തെ പശ്ചാത്തലം എന്നു പൊതുവേ കണക്കാക്കപ്പെടുന്നു. എങ്കിലും ഈ നിലപാടിന് വ്യക്തമായ ചരിത്രപിൻബലം കണ്ടെത്താനാവില്ല. യേശു കർത്താവാണ് എന്ന വിശ്വാസപ്രഖ്യാപനം നടത്തുന്ന ഏതൊരാൾക്കും ദൈവാരൂപിയുടെ ദാനം ലഭിച്ചിട്ടുണ്ട് എന്നു വ്യക്തമാക്കുകകൂടിയാണിവിടെ.

കോറിന്തോസിലെ വിശ്വാസികൾ സഭയിലെ ആരാധനയിലും പ്രാർത്ഥനാസമ്മേളനത്തിലും തങ്ങൾക്ക് മുമ്പ് പരിചിതമായ അക്രൈസ്തവ ആത്മീയതയുടെ അനുഭവങ്ങൾ സ്വാഭാവികമായും പങ്കുവച്ചിരുന്നു എന്നു കരുതാവുന്നതാണ്. ഇത്തരം പ്രാർത്ഥനാനുഭവത്തിന്റെ തനതായ്മയും പ്രസക്തിയും നിഷേധിക്കാതെതന്നെ പൗലോസ് ദൈവാത്മാവിനാൽ നയിക്കപ്പെടുന്ന യഥാർത്ഥപ്രാർത്ഥനയും തങ്ങളുടെ മുൻവഴക്കങ്ങൾക്കനുസരിച്ചുള്ള ഉന്മാദസംസാരവും തമ്മിലുള്ള വ്യത്യാസം വ്യക്തമാക്കുന്നു. ഏതൊരാത്മാവ് മൂലമാണ് ഒരാൾ സംസാരിക്കുന്നത് എന്നത് പരിശോധിച്ചറിയാനുള്ള മാർഗ്ഗമായല്ല പൗലോസ് ഇക്കാര്യം ഇവിടെ പ്രതിപാദിക്കുന്നത്. ഉന്മാദസംസാരമെല്ലാം ദൈവാത്മാവിനാൽ നയിക്കപ്പെടുന്നതാകണമെന്നില്ലെങ്കിലും യേശു കർത്താവാണ് എന്ന് പ്രഖ്യാപിക്കുന്നവർക്കെല്ലാം ദൈവാത്മാവിന്റെ ഉൾപ്രേരണയുണ്ടെന്ന് വ്യക്തമാക്കുകയാണ് അപ്പസ്തോലന്റെ ലക്ഷ്യം.

ദൈവാത്മാവിന്റെ പ്രവർത്തനത്താൽ സഭാംഗങ്ങൾ നയിക്കപ്പെടുന്നതു സംബന്ധിച്ച് വ്യക്തമായ ദൈവശാസ്ത്രാടിസ്ഥാനം ഉറപ്പിച്ചശേഷം സഭയിൽ പ്രകടമായിരിക്കുന്ന വിവിധ ആത്മീയദാനങ്ങളെക്കുറിച്ച് ചർച്ചചെയ്യുകയാണ് തുടർന്നുള്ളഭാഗത്ത് (12:4-7). ഏക ആത്മാവും ഏകലക്ഷ്യവുമാണ് ഈ വൈവിധ്യമാർന്ന ആത്മീയാനുഭവങ്ങൾക്കു പിന്നിൽ.

സഭയിലെ വിവിധങ്ങളായ ശുശ്രൂഷകൾക്കും ദാനങ്ങൾക്കും പിന്നിൽ പൂർണ്ണമായ ഏക ഉറവിടമാണുള്ളത് - ദൈവം. ദൈവത്തിന്റെ വൈവിധ്യപൂർണ്ണമായ പ്രവർത്തനങ്ങളെ 'ഒരേ ആത്മാവ്, ഒരേ കർത്താവ്, ഒരേ ദൈവം' (4:6) എന്ന് മൂന്നുതവണ ആവർത്തിച്ചു പ്രഖ്യാപിക്കുന്നു. ദൈവത്തിലും ഏകത്വത്തിലെ വൈവിധ്യം പ്രകടമാക്കുകയാണ് ഇവിടെ. സഭയിലെ പ്രവർത്തനങ്ങളെയും "ദാനങ്ങൾ, ശുശ്രൂഷകൾ, പ്രവൃത്തികൾ" എന്നിങ്ങനെ വിവിധങ്ങളായി ആവർത്തിച്ചിരിക്കുന്നു. പ്രവർത്തനങ്ങളുടെ വ്യത്യാസത്തെയോ അവയ്ക്കുറവിടമായ ദൈവത്തിന്റെ വൈവിധ്യത്തെയോ കാണിക്കുകയല്ല, നേരേമറിച്ചാണിവിടെ ലക്ഷ്യമിടുന്നത്. വിവിധങ്ങളായ ദാനങ്ങളും പ്രവർത്തനരീതികളും ദൈവത്തിന്റെ ഇടപെടലുകളാണ്. ത്രിത്വത്തെ സംബന്ധിച്ച ഒരു പ്രബോധനം പൗലോസ് ഇവിടെ നൽകുന്നില്ല. എങ്കിലും പരോക്ഷമായി ത്രിത്വത്തിന്റെ സൂചന ഇവിടെ കാണാം. പിൽക്കാലത്ത് ത്രിത്വത്തിന്റെ ദൈവശാസ്ത്രം രൂപപ്പെടുത്തുന്നതിന് ഈ തിരുവചനവും അടിസ്ഥാനമായി കണക്കാക്കി എന്ന് വ്യക്തമാണ്.





*ദാനങ്ങൾ, വൈവിധ്യം* എന്നീ വാക്കുകൾ ശ്രദ്ധിക്കപ്പെടേണ്ടതാണ്. വേർതിരിച്ചു നൽകുക, വിഭജിച്ചുകൊടുക്കുക എന്നെല്ലാം വൈവിധ്യം എന്നതിന്റെ മൂലപദത്തിനർത്ഥം വരാം. വിഭജിച്ചു നൽകിയിരിക്കുന്നു എന്നതിനേക്കാൾ വൈവിധ്യത്തോടുകൂടി കാണപ്പെടുന്നു എന്നു മനസ്സിലാക്കുകയാണ് യുക്തം. ദാനങ്ങൾ എന്നതിന്റെ മൂലപദം 'കരിസ്മാത്താ' എന്നാണ്. കൃപയുടെ ഫലമായി ഉളവാകുന്ന കാര്യമാണ് കരിസ്മാത്താ. കൃപ ഒരാളിൽ പ്രവർത്തനനിരതമാകുമ്പോൾ സ്വാഭാവികമായും രൂപപ്പെടുന്ന കാര്യമാണിത്. ഈ വചനഭാഗത്ത് തുടർന്നും 'കരിസ്മാത്താ' എന്ന പദം ഉപയോഗിച്ചിട്ടുണ്ട് (12:9; 28:29-31). 'പ്രവർത്തനങ്ങളിൽ' എന്നതു 10-ാം വാക്യത്തിലും കാണുന്നു. പ്രവൃത്തിയിലെന്നതിനേക്കാൾ അതിന്റെ ഫലത്തിലാണ് ഊന്നൽ നൽകിയിരിക്കുന്നത്. 'ശുശ്രൂഷകൾ' എന്നതിൽ 'സേവന' ത്തിനാണ് പ്രാധാന്യം കൊടുത്തിരിക്കുന്നത്. പൗലോസ് തന്റെ ജീവിതത്തെ സുവിശേഷസേവനമായാണ് കാണുന്നത് (2 കോറി 3:7-9; 4:1). 'ദിയാക്കോണിയ' എന്ന ഗ്രീക്കുവാക്കാണിവിടെ ഉപയോഗിച്ചിരിക്കുന്നത്. തന്നെയും സഹപ്രവർത്തകരെയും സുവിശേഷത്തിന് സേവ ചെയ്യുന്നവരായാണ് പൗലോസ് വിശേഷിപ്പിക്കുന്നത് (1 കോറി 3:5). സാധുക്കൾക്കായി ധനശേഖരണം നടത്തുന്നതും ഇത്തരത്തിലുള്ള സുവിശേഷശുശ്രൂഷതന്നെയാണ് (2 കോറി 8:4; 9:1; 12-13).

സഭാസമ്മേളനങ്ങളോടു ബന്ധപ്പെട്ട വിഷയങ്ങളാണ് ഇവിടെ 'ദാനങ്ങൾ, പ്രവർത്തനങ്ങൾ, ശുശ്രൂഷകൾ' എന്ന തരത്തിൽ അവതരിപ്പിച്ചിരിക്കുന്നത്. ഇവയ്ക്ക് ഒരേയൊരു ഉറവിടം മാത്രമുള്ളതുപോലെതന്നെ ഇവയുടെ ലക്ഷ്യവും ഒന്നുമാത്രമാണ്. *ഓരോരുത്തരിലും ആത്മാവു വെളിപ്പെടുത്തുന്നതു പൊതുനന്മയ്ക്കു വേണ്ടിയാണ്* (12:7). അതായത് ആത്മീയദാനങ്ങൾ ആരാധനാസമൂഹത്തെ ഒന്നാകെ പടുത്തുയർത്താൻ വേണ്ടിയാണ് ദൈവം നൽകുന്നത്. അവ ഓരോരുത്തരുടെയും വ്യക്തിപരമായ പ്രകടനങ്ങൾക്കും നേട്ടങ്ങൾക്കും വേണ്ടിയുള്ളവയല്ല.

കോറിന്തോസിലെ സഭയിൽ ആത്മീയദാനങ്ങളോടു ബന്ധപ്പെട്ടു

രൂപപ്പെട്ട അസ്വസ്ഥതകൾക്കുള്ള വ്യക്തമായ മറുപടി എന്ന നിലയിലുള്ള പ്രമേയാവതരണമാണിത്. ഇതിന്റെ വിശദീകരണം തുടർന്നുള്ള വാക്യങ്ങളിൽ നൽകുന്നു (8:10). ഈ ഖണ്ഡികയുടെ അവസാന വാക്യം വിഷയത്തിന്റെ ഉപസംഹാരമാണ്.

മുഖ്യപ്രമേയം അവതരിപ്പിച്ചിരിക്കുന്ന 7-ാം വാക്യത്തിലെ ഒരോ ഘടകവും പ്രധാനമാണ്. "ഓരോരുത്തർക്കും" എന്ന് വാക്യാരംഭത്തിൽത്തന്നെ പറഞ്ഞിരിക്കുന്നത് ശ്രദ്ധാപൂർവ്വമാണ്. സഭയിലെ ഓരോ അംഗത്തിനും ദൈവാരൂപിയുടെ ദാനങ്ങൾ നൽകപ്പെട്ടിരിക്കുന്നു. ചിലർക്കുമാത്രമായി കരുതിവച്ചതും വ്യക്തികളുടെ ആത്മീയവളർച്ചയുടെ അളവിൽ നൽകപ്പെടുന്നതുമായ ഒന്നായിക്കൊള്ളണമെന്നില്ല ആത്മീയദാനങ്ങൾ എന്നു സാരം. സഭാംഗങ്ങൾ എല്ലാവർക്കും ഇത്തരത്തിൽ വിശേഷദാനങ്ങൾ ലഭിച്ചിട്ടുണ്ട് എന്നിതർത്ഥമാക്കുന്നില്ല. വിവിധ ആളുകൾക്കു നൽകപ്പെട്ടിരിക്കുന്നു എന്നതാണ് പ്രസക്തമായ കാര്യം.

രണ്ടാമതായി ഇവിടെ ശ്രദ്ധിക്കപ്പെടുന്ന കാര്യം, ഇവിടെ ഓരോരുത്തർക്കും നൽകപ്പെടുന്നത് ദാനങ്ങളോ വരങ്ങളോ ആണെന്ന് പറയുന്നില്ല. ദൈവാത്മാവിന്റെ വെളിപ്പെടലാണ് നൽകപ്പെടുന്നത്. 'വെളിപ്പെടൽ' എന്നത് ഏകവചനമാണ് എന്നതും ശ്രദ്ധിക്കേണ്ടതാണ്. ഓരോ ദാനവും, പ്രവർത്തനവും ശുശ്രൂഷയും ഓരോ വെളിപ്പെടലുകളല്ല. ഇവയെല്ലാം ഒരു വെളിപ്പെടലാണ്. സഭയിൽ ഓരോരുത്തർക്കും ലഭിച്ചിരിക്കുന്ന ശുശ്രൂഷകൾ ദൈവാത്മാവ് സഭയിൽ സജീവമാണ്, സഭാസമൂഹത്തിന്റെ *ജീവിതത്തിൽ 'വെളിപ്പെട്ടിരിക്കുന്നു,'* എന്നതിന്റെ തെളിവാണ്. ദൈവാത്മാവിനാണ് പ്രാധാന്യം; വിവിധങ്ങളായ പ്രവർത്തനങ്ങൾക്കല്ല. അനേകം വരദാനങ്ങൾ സഭയിൽ പ്രകടമായിരിക്കുന്നു എന്നതല്ല, ദൈവാത്മാവിന്റെ വെളിപ്പെടൽ അനുഭവിക്കുന്നു എന്നതാണ് പൗലോസ് വ്യക്തമാക്കുന്നത്.

പൗലോസിന്റെ മുഖ്യപ്രമേയത്തിൽ ശ്രദ്ധേയമാകുന്ന മൂന്നാമത്തെ കാര്യം 'പൊതുനന്മയ്ക്കായി' എന്നതാണ്. പൊതുനന്മ എന്നതുകൊണ്ട് എന്താണ് അർത്ഥമാക്കുന്നത്? *ഉപരിനന്മ* എന്നും *പ്രത്യേക നേട്ടം* എന്നും ചില പതിപ്പുകളിൽ ഈ പദം ഭാഷാന്തരപ്പെടുത്തിയിരിക്കുന്നു. ബൈബിളിൽ ഈ വാക്ക് ഉപയോഗിച്ചിരിക്കുന്ന മുഴുവൻ സാഹചര്യങ്ങളും പരിശോധിച്ചു വിലയിരുത്തുമ്പോൾ 'പൊതുനന്മ' എന്നതിന് 'എല്ലാവരുടെയും നന്മ' എന്നതിനേക്കാൾ വിപുലമായ സൂചനയാണുള്ളത്. നേട്ടം എന്നതിനേക്കാൾ ഉപരിയായ നന്മയാണിവിടെ ഉദ്ദേശിച്ചിട്ടുള്ളത്. എല്ലാ മനുഷ്യരും രക്ഷയുടെ അനുഭവത്തിൽ ഭാഗഭാക്കാകണമെന്ന ദൈവികപദ്ധതിയുടെ





പൂർത്തീകരണം എന്ന് 'പൊതുനന്മ' യെ ബൈബിളിലെ വിവിധ സാഹചര്യങ്ങളിലെ ഉപയോഗങ്ങളുടെ അടിസ്ഥാനത്തിൽ മനസ്സിലാക്കാം. ക്രിസ്തുവിലൂടെയാണ് ലോകരക്ഷയ്ക്കായുള്ള ദൈവികപദ്ധതി യാഥാർത്ഥ്യമായത്. സഭയിലൂടെ ദൈവം ഇന്ന് അത് പൂർത്തിയാക്കുന്നു. ദൈവത്തിന്റെ ഈ പദ്ധതിയുടെ നടത്തിപ്പിനുവേണ്ടിയാണ് സഭയിൽ ഓരോരുത്തർക്കും ദൈവാത്മാവിന്റെ വെളിപ്പെടൽ നൽകപ്പെടുന്നതും സഭാംഗങ്ങൾ ഈ വെളിപ്പെടലിനനുസരിച്ച് ദൈവേഷ്ടം നിറവേറ്റി തങ്ങൾക്ക് ദൈവം നിശ്ചയിക്കുന്ന ശുശ്രൂഷകളും പ്രവർത്തനങ്ങളും ചെയ്യുന്നതും.

ദൈവത്തിന്റെ ആത്മാവാണ് തന്റെ പദ്ധതിയുടെ നിർവഹണത്തിനായി ഓരോരുത്തരെയും സജ്ജമാക്കുന്നത്. ആത്മാവ് വിവിധങ്ങളായ ശുശ്രൂഷകൾ സഭയിൽ നടപ്പിലാക്കുന്നു. ഇത്തരത്തിലുള്ള ദാനങ്ങളിൽ ചിലതിനെ സംബന്ധിച്ചാണ് പൗലോസിന്റെ തുടർന്നുള്ള പഠനം (12:8-10). ആത്മാവിന്റെ വെളിപ്പെടുത്തലെന്നോണം സഭയ്ക്കു ലഭിക്കുന്ന വരദാനങ്ങളുടെ പൂർണ്ണപട്ടിക ഇവിടെ നൽകുന്നില്ല. പരിശുദ്ധാത്മാവിന്റെ പ്രവർത്തനങ്ങളായ വരദാനങ്ങളെ അത്തരത്തിൽ നിയതമായി നിശ്ചയിക്കാൻ വേണ്ടിയല്ല ഇവിടെ ഇത് അവതരിപ്പിച്ചിരിക്കുന്നത്. മറ്റുലേഖനങ്ങളിലും ആത്മീയദാനങ്ങളുടെ പട്ടിക ചേർത്തിട്ടുണ്ട് (ഉദാ 1 കോറി 12:28-30, റോമാ 12:6-8; എഫേ 4:11). അപ്പസ്തോലപ്രവർത്തനങ്ങളിലും (ഉദാ : അപ്പ 20:19; 4:30) സുവിശേഷങ്ങളിലുമെല്ലാം (മർക്കോ 16:17-18) ഇവയോടു ബന്ധപ്പെട്ട വരദാനങ്ങളെ സംബന്ധിച്ച പരാമർശമുണ്ട്. അതിനാൽ ഇവിടെ പറഞ്ഞിരിക്കുന്നവ മാത്രമാണ് പരിശുദ്ധാത്മാവിന്റെ ദാനങ്ങളെന്നോ വരങ്ങളെന്നോ കണക്കാക്കാനാവില്ല. പഴയനിയമത്തിലും ദൈവാത്മാവിന്റെ വിവിധങ്ങളായ ദാനങ്ങളുടെ പട്ടികകൾ കാണാം. (ഉദാ. ഏശ 11:2). സഭയിൽ വിവിധങ്ങളായ വരദാനങ്ങളുണ്ട് എന്നു പറയുക മാത്രമാണിവിടെ പൗലോസിന്റെ ലക്ഷ്യം.

പ്രത്യക്ഷത്തിൽ എല്ലാ ദാനങ്ങളെയും ഒരുപോലെയാണ് പറഞ്ഞിരിക്കുന്നത് എന്നുതോന്നാം. എന്നാൽ ഇവിടെ ഉപയോഗിച്ചിരിക്കുന്ന ഭിന്നങ്ങളായ വിഭക്തി പ്രത്യയങ്ങൾ ശ്രദ്ധേയമാണ്. മലയാള പരിഭാഷയിൽ ഈ വ്യത്യാസങ്ങൾ ശ്രദ്ധിച്ചിട്ടില്ല. ഒരേ ആത്മാവിലൂടെ (12:8) ഒരേ ആത്മാവിനാൽ (12:9) ഒരേ ആത്മാവിനനുസൃതം (12:9) എന്നീ വ്യത്യാസങ്ങൾ ആത്മീയ ദാനങ്ങളെ സംബന്ധിച്ച ദൈവശാസ്ത്രത്തിൽ പ്രാധാന്യമർഹിക്കുന്നതാണ്. ദാനങ്ങൾ നൽകുന്നത് ആരാണ് എന്ന ചോദ്യം സ്വാഭാവികമാണ്. എല്ലാ ദാനങ്ങളും നൽകുന്നത് ദൈവമാണ് (12:6) എന്നും ഇത് ആത്മാ

വിന്റെ പ്രവൃത്തിയാണെന്നും (12:11) ഇവിടെ പറഞ്ഞിരിക്കുന്നു. വരദാനങ്ങൾക്കല്ല വരങ്ങളെല്ലാം നൽകുന്ന ദൈവത്തിനും ഏറ്റവും വലിയ ദാനമായ പരിശുദ്ധാത്മാവിനുമാണ് പൗലോസ് ശ്രദ്ധ കൊടുത്തിരിക്കുന്നതെന്ന് വ്യക്തമാണ്.

ഇവിടെ പരാമർശിച്ചിരിക്കുന്ന വിവിധ വരദാനങ്ങളെ വ്യത്യസ്ത സ്വഭാവത്തിലുള്ളവയായി തരം തിരിച്ചുള്ള നിരീക്ഷണങ്ങളും ഓരോന്നിന്റെയും പ്രവർത്തനരീതികൾ വിശദമായി ചർച്ചചെയ്യുന്ന പഠനങ്ങളുമുണ്ട്. എന്നാൽ ഇതൊന്നും പൗലോസിന്റെ ലക്ഷ്യമല്ല എന്നു വ്യക്തമാണ്. ഏതൊക്കെയാണ് വരങ്ങളെന്നു പഠിപ്പിക്കാനോ അവയോരോന്നിന്റെയും പ്രത്യേകതകളും പ്രവർത്തനരീതികളും വിശദീകരിക്കാനോ ലക്ഷ്യമിട്ടുകൊണ്ടല്ല പൗലോസ് ഇക്കാര്യങ്ങൾ രേഖപ്പെടുത്തുന്നത്. എന്താണ് വരങ്ങൾ? എത്രവരങ്ങളുണ്ട് ഇവയെല്ലാം നമ്മുടെ പ്രശ്നങ്ങളാണ്. കോറിന്തോസുകാരുടെയോ പൗലോസിന്റെയോ ചർച്ചാവിഷയമല്ല. എന്തിനാണ് വരങ്ങൾ നൽകപ്പെടുന്നത് (12:7) എന്നും വരങ്ങൾ സഭയിൽ എപ്രകാരമാണ് ഉപയോഗിക്കേണ്ടതെന്നും (14:1-39) പ്രബോധിപ്പിക്കുക മാത്രമാണ് പൗലോസിന്റെ ലക്ഷ്യം. വിവിധ വരദാനങ്ങൾ സഭയാകുന്ന ശരീരത്തിൽ എപ്രകാരമാണ് സമന്വയിക്കപ്പെട്ടു പ്രവർത്തനനിരതമാകുന്നത് എന്നും ശരീരത്തിന്റെ ഉപമയിലൂടെ അപ്പസ്തോലൻ വ്യക്തമാക്കുന്നു (12:12-27).

കോറിന്തോസുകാർക്കുള്ള ഒന്നാംലേഖനത്തിൽ പൗലോസ് പരാമർശിക്കുന്ന ആത്മീയദാനങ്ങളിൽ മുഖ്യപങ്കും സംസാരത്തോടു ചേർന്നതാണ്. അദ്ദേഹത്തിന്റെ ലക്ഷ്യം ഈ "സംസാരവരങ്ങൾ" സഭയ്ക്കു മുഴുവൻ പ്രയോജനകരമായിത്തീരണമെന്നു പഠിപ്പിക്കുകയുമാണ് എന്ന് 14-ാം അദ്ധ്യായം വ്യക്തമാക്കുന്നു. സഭയുടെ മുഴുവൻ നന്മയെക്കുറിച്ചുള്ള ചിന്തയിൽ നിന്നാകാം രോഗശാന്തിയുടെയും അത്ഭുതങ്ങളുടെയും വരങ്ങളും പരാമർശിക്കപ്പെടുന്നത്.



# 11

## സഭ ക്രിസ്തുവിന്റെ ശരീരം– അടിസ്ഥാന അജപാലന തത്വം

അജപാലനത്തിലെ ഏറ്റവും അടിസ്ഥാനപരമായ തത്വമാണ് അപ്പസ്തോലൻ 12:12-26 ൽ അവതരിപ്പിക്കുന്നത്: സഭ ക്രിസ്തുവിന്റെ ശരീരമാണ് എന്നതാണ് ഈ തത്വം. എല്ലാവരും ഒരുപോലെ പ്രസക്തരും പ്രാധാന്യമുള്ളവരാണെന്നും ഓരോരുത്തരും അനുഷ്ഠിക്കേണ്ട ധർമ്മങ്ങളിൽ വ്യത്യാസമുണ്ടെന്നും മാത്രമേയുള്ളൂ. സഭയിൽ അധികാരിയും അനുയായിയും തമ്മിലോ, സമ്പന്നനും ദരിദ്രനും തമ്മിലോ ഭേദമില്ല. ഈ തത്വം മറക്കുമ്പോഴാണ് വിവിധതരം അജപാലന പ്രതിസന്ധികൾ രൂപംകൊള്ളുന്നത്.

ഒരുമയിലെ പെരുമ എന്ന വരങ്ങളെ സംബന്ധിച്ച നിലപാട് കൂടുതൽ വ്യക്തമാക്കാൻ ഏവർക്കും അറിവുണ്ടായിരുന്ന ഒരു ഉപമ കോറിന്തോസിലെ സഭയോടു ബന്ധപ്പെടുത്തി പൗലോസ് വിശദീകരിക്കുന്നു. ഈ ഉപമ ഉപയോഗിക്കുന്നതിലൂടെ സഭയിൽ വിവിധങ്ങളായ വരങ്ങൾ പ്രവർത്തന നിരതമാണ് എന്നതിനുമപ്പുറം കോറിന്തോസിലെ സഭ തിരുത്തേണ്ട ചില മനോഭാവങ്ങൾക്കൂടി ശ്രദ്ധയിൽ കൊണ്ടുവരാൻ കഴിയുന്നു.

മൂന്നു ഭാഗമായി ഈ പഠനം അവതരിപ്പിക്കുന്നു. ആദ്യഭാഗത്ത് (12:12-14) ഈ ഉപമയുടെ അടിസ്ഥാന നിലപാട് വ്യക്തമാക്കുന്നു. ശരീരം ഒന്നാണ്. എന്നാൽ അതിൽ പല അവയവങ്ങളുണ്ട്. തുടർന്ന് ഈ രൂപകത്തെ അതിന്റെ വിശദാംശങ്ങൾ ചേർത്തുകൊണ്ട് കൂടുതൽ അർത്ഥ തലങ്ങളിലേക്ക് കൊണ്ടുപോകുന്നു. ആദ്യഭാഗം, പലതായിരിക്കുന്നു എന്നതിന് ഊന്നൽ കൊടുക്കുന്നു (15:20); രണ്ടാം ഭാഗമാകട്ടെ, ഒന്നാണ് എന്നതിന് പ്രാധാന്യം നൽകുന്നു (21:26). പൗലോസിന്റെ പഠനത്തിന്റെ ഊന്നൽ ശരീരത്തിൽ പല അവയവങ്ങൾ ഉണ്ടെങ്കിലും ശരീരം ഒന്നാണ് എന്ന് പറഞ്ഞ് പെരുമയിലെ ഒരുമ വ്യക്തമാക്കുക എന്നതല്ല. പ്രബോധനത്തിന്റെ കാതൽ 12-ാം വാക്യത്തിൽ കാണാം. 'ശരീരം ഒന്നാണെന്നിരിക്കിലും' അത് ഒരു അവയവമല്ല, പലതുചേർന്നതാണ്. ഇത്തരത്തിൽ ഏകശരീരമായ സഭയിൽ വൈവിധ്യങ്ങൾ ഉണ്ടായേതീരൂ എന്നതാണ് പൗലോസിന്റെ നിലപാട്. തുടർന്നു വരുന്ന വാക്യങ്ങൾ (13:14) എപ്രകാരമാണ് സഭ ഒരു ഏകശരീരമായിത്തീർന്നത് എന്നു വ്യക്തമാക്കുകയാണ്: ജ്ഞാനസ്നാനമേറ്റ്, ഒരേ ആത്മാവിനെ പാനം ചെയ്താണ് ഏകശരീരം രൂപപ്പെട്ടത് (12:13). ഒരു അവയവമല്ല, പലതുചേർന്നതാണ് ശരീരം എന്നതാണ് (12:14) ഇവിടെ പ്രധാനം. സഭയ്ക്ക് അടിസ്ഥാനപരമായി ഒരുമയുണ്ട്. എന്നാൽ അത് ഒറ്റ അവയവമായിരിക്കുന്നതിലല്ല. ഒറ്റ രീതിയിലായിരിക്കുക എന്നത് കോറിന്തോസുകാരുടെ ചിന്തയിലെ മൂല്യമായിരുന്നു; ആത്മീയതയുടെ അളുവുകോലായിരുന്നു. പൗലോസ് ഒരുമയിലായിരിക്കുക എന്നതിനാണ് ശ്രദ്ധ കൊടുക്കുന്നത്.

ഉത്ഥിതനായ കർത്താവിൽ എല്ലാ വിശ്വാസികളും ഒരുമയിൽ ആയിരിക്കുന്ന സഭയുടെ ചിത്രമാണ് പൗലോസ് ഇവിടെ അവതരിപ്പിക്കുന്നത്. സഭ ക്രിസ്തുവിന്റെ ശരീരമാണ്. 'അതുപോലെ തന്നെയാണ് ക്രിസ്തുവും' (12:12) എന്നതു ക്രിസ്തുവിന്റെ ശരീരവും എന്നുവേണം മനസ്സിലാക്കാൻ. സഭയെ ക്രിസ്തുവിന്റെ ശരീരമായിക്കാണുന്ന വചനഭാഗങ്ങൾ ലേഖനത്തിന്റെ മുന്നധ്യായങ്ങളിൽത്തന്നെയുണ്ട്. ഉദാഹരണത്തിന്, "ക്രിസ്തു വിഭജിക്കപ്പെട്ടിരിക്കുന്നോ?" (1:13) "നിങ്ങൾ ദൈവത്തിന്റെ ആലയമാണെന്നും ദൈവാത്മാവ് നിങ്ങളിൽ വസിക്കുന്നുവെന്നും നിങ്ങൾക്കറിഞ്ഞുകൂടെ?" (3:16) "നിങ്ങളുടെ ശരീരങ്ങൾ ക്രിസ്തുവിന്റെ അവയവങ്ങളാണെന്ന് നിങ്ങൾക്കറിയില്ലേ? ക്രിസ്തുവിന്റെ അവയവങ്ങൾ ഞാൻ വേശ്യയുടെ അവയവങ്ങളാക്കാമോ?" (6:15) "അപ്പം ഒന്നേയുള്ളൂ അതിനാൽ പലരായിരിക്കുന്ന നാം ഒരു ശരീരമാണ്"(10:17).





വൈവിധ്യങ്ങൾ ശരീരത്തിലെ ചില കൂട്ടിച്ചേർക്കലുകളല്ല. അവ ശരീരത്തിന്റെ ഭാഗം തന്നെയാണ്. ഓരോ അവയവത്തിനും ശരീരത്തിൽ നൽകപ്പെട്ട ദൗത്യങ്ങൾ നിർവഹിക്കാനുള്ളതുപോലെ സഭയാകുന്ന ശരീരത്തിലും വിവിധ അംഗങ്ങൾക്ക് വിവിധ തരത്തിലുള്ള ദൗത്യങ്ങൾ നൽകപ്പെട്ടിരിക്കുന്നു. ഓരോ അംഗവും അതിന് ഏൽപ്പിക്കപ്പെട്ടിരിക്കുന്ന ദൗത്യം നിർവഹിക്കണം. അപ്പോഴാണ് ശരീരത്തിന്റെ ഒരുമ യാഥാർത്ഥ്യമാകൂ. സഭയെ സംബന്ധിച്ച് അപ്പസ്തോലൻ നൽകുന്ന വിശദീകരണത്തിൽ സഭാശരീരത്തിൽ സംഭവിച്ചേക്കാവുന്ന രണ്ടുതരം മനോഭാവങ്ങളെ അവതരിപ്പിക്കുന്നു. ആദ്യത്തേതു ചില അംഗങ്ങൾ തങ്ങൾക്ക് മെച്ചമായ ധർമ്മങ്ങൾ ഇല്ലാത്തതിനാൽ തങ്ങൾ ശരീരത്തിൽ അവമതിക്കപ്പെടുന്നു എന്നു കരുതുന്നതാണ്; തനിക്ക് പ്രധാന ദാനങ്ങൾ ഇല്ലാത്തതിനാൽ താൻ സമൂഹത്തിൽ ഒന്നുമല്ല എന്നുകരുതുന്നതാണ്. "ഞാൻ കൈയ്യല്ലാത്തതുകൊണ്ട് ശരീരത്തിന്റെ ഭാഗമല്ല എന്നു കാൽ പറയുന്നതുപോലെയാണത്. രണ്ടാമത്തെ മനോഭാവം മെച്ചമായ ദൗത്യങ്ങൾ ഉള്ളവർ അത്രയും വലിയ ധർമ്മങ്ങൾ ഇല്ലാത്തവരെ തള്ളിപ്പറയുന്ന മനോഭാവമാണ്. "എനിക്കു നിന്നെക്കൊണ്ട് ആവശ്യമില്ല" എന്ന വിധത്തിലുള്ള ചിന്തയാണ്. ഇതുരണ്ടും കോറിന്തോസിലെ സഭയിൽ പ്രബലമായിരുന്നു എന്നുവേണം വിചാരിക്കാൻ. ഇതു രണ്ടിനെയും പൗലോസ് തള്ളിപ്പറയുകയാണ്. ശരീരത്തിലെ ഓരോ അവയവത്തിനും അതാതിന്റെ ധർമ്മം നൽകി ക്രമീകരിച്ചിരിക്കുന്നതു ദൈവപദ്ധതിയാണ് (12:18). ദൈവം തന്റെ ഇച്ഛയ്ക്കനുസരിച്ചാണ് ഓരോരുത്തർക്കും പ്രത്യേക ദാനങ്ങൾ നൽകുന്നത്. ഇവിടെ ദൗത്യങ്ങൾ പലതാണെങ്കിലും അതിനു ആനുപാതികമായല്ല പ്രാധാന്യം കണക്കാക്കിയിരിക്കുന്നത്. പലപ്പോഴും "ദുർബലങ്ങളെന്നു കരുതപ്പെടുന്ന അവയവങ്ങളാണ് കൂടുതൽ ആവശ്യമായിരിക്കുന്നത്" (12:22). "അപ്രധാനങ്ങളായ അവയവങ്ങൾക്ക് കൂടുതൽ പ്രാധാന്യം ലഭിക്കത്തക്കവിധം ദൈവം ശരീരം സംവിധാനം ചെയ്തിരിക്കുന്നു" (23).

കോറിന്തോസിലെ സഭാംഗങ്ങൾ സഭയിലെ ഓരോരുത്തരുടെയും ആത്മീയദാനങ്ങളെ തിരിച്ചറിയുകയും വിലമതിക്കുകയും ചെയ്യണം എന്ന പ്രബോധനമാണിവിടെ. നേതാക്കളുടെ പക്ഷം പിടിച്ചു ഭിന്നത ഉണ്ടായതുപോലെ (1:4) ആത്മീയവരങ്ങളുടെ സ്വഭാവമനുസരിച്ചും പ്രധാനപ്പെട്ടവരും പ്രാധാന്യം കുറഞ്ഞവരും എന്ന തരംതിരിവ് സഭയിൽ ശക്തിപ്പെട്ടിരിക്കുന്നു. തങ്ങളുടെ ദാനങ്ങളിൽ ദുരഭിമാനം കൊള്ളുകയും ഇതരരുടെ ദാനങ്ങളെ അവമതി

ക്കുകയും ചെയ്യുന്നവർ സഭാശരീരത്തിന് ദ്രോഹമാണ് ചെയ്യുന്നത്.

**അനേകം ദാനങ്ങൾ - ഏകശരീരം (12:27-31)**

ദാനങ്ങളുടെ പെരുമയെക്കുറിച്ചുള്ള ചർച്ച, ശരീരവും അവയവങ്ങളും എന്ന രൂപകത്തോടെ സഭയും സഭാംഗങ്ങളും എന്ന നിലയിലായതായി ഇവിടെ കാണാം. ഏകശരീരം; എന്നാൽ പല അവയവങ്ങൾ - *ഇതുപോലെയാണ് ക്രിസ്തുവും* (12:12) എന്ന പ്രഖ്യാപനത്തിന്റെ പൂർണ്ണരൂപമാണിവിടെ. 'നിങ്ങൾ ക്രിസ്തുവിന്റെ ശരീരമാണ്' എന്നാൽ നിങ്ങൾ സഭയാണ് എന്നുതന്നെയാണർത്ഥമാക്കുന്നത്. സഭയാണ് ക്രിസ്തുവിന്റെ ശരീരം. ഈ ശരീരം എല്ലാ അവയവങ്ങളും ചേർന്നതാണ്. അവയവങ്ങളെ ശരീരത്തിൽനിന്ന് വേർതിരിച്ചല്ല കാണുന്നത്. ശരീരത്തിലെ അവയവങ്ങളുടെ ധർമ്മമാണ് വിഭിന്നമായത്. വിഭിന്നമായ ധർമ്മമുള്ളത് ശരീരത്തിന്റെ പൂർണ്ണതയാണ്. ശരീരം യഥാവിധി പ്രവർത്തിക്കുന്നതിന്റെ അടയാളമാണ്. "നിങ്ങൾ ഓരോരുത്തരും" അതിലെ അവയവങ്ങളാണ് എന്നത് പ്രധാനമാണ്. കൂട്ടായ ക്രമീകരണമല്ല, ഓരോ വ്യക്തിയെ സംബന്ധിച്ചും ദൈവത്തിനുള്ള നിയതമായ പദ്ധതിയാണിവിടെ ഉദ്ദേശിച്ചിരിക്കുന്നത്. ഓരോരുത്തരും താന്താങ്ങൾക്ക് ലഭിച്ചിരിക്കുന്ന ഭാഗത്തിനനുസൃതം എന്നാണ് ഇവിടെ ധ്വനി. അടുത്ത വാക്യത്തിൽ (28) വ്യക്തമാക്കുന്നതുപോലെ ഓരോരുത്തർക്കും ദൈവം ചില ദൗത്യങ്ങൾ ഏൽപിച്ചിരിക്കുന്നു. ദൗത്യങ്ങളുടെ വൈവിധ്യമാണ് ഏകമായിരിക്കുന്ന ശരീരത്തിന് പൂർണ്ണത നല്കുന്നത്.

സഭാശരീരത്തിലെ ധർമ്മങ്ങളുടെ വൈവിധ്യത്തിനു കാരണം ദൈവമാണ് (12:4-6;11:18-24) എന്ന് ഊന്നിപ്പറഞ്ഞുകൊണ്ടാണ് വിവിധ ദാനങ്ങളുടെ പട്ടിക അവതരിപ്പിക്കുന്നത് (12:28). നേരത്തേ സൂചിപ്പിച്ച (12:4-11) ആത്മീയദാനങ്ങളെക്കുറിച്ച് ഒരു വിലയിരുത്തലോടുകൂടിയാണ് ഇവിടെ വിവിധ ദാനങ്ങളെ ആവർത്തിച്ചിരിക്കുന്നത്. ആദ്യത്തെ മൂന്നെണ്ണം പ്രധാന ക്രമത്തിൽ പറഞ്ഞിരിക്കുന്നു. ഇവ മൂന്നും വചനശുശ്രൂഷയോടു ബന്ധപ്പെട്ടവയാണ്. തുടർന്നുള്ളവ വിവിധ വരദാനങ്ങൾ സഭയിൽ നിലനിൽക്കുന്നു എന്നു എടുത്തുപറയാനായി ചേർത്തിരിക്കുന്നു. ഇവയെല്ലാം സഭയിൽ നിയമിച്ചതു ദൈവമാണ്. ദാനങ്ങളല്ല, ദാനങ്ങളുള്ള വ്യക്തികളെയാണ് ദൈവം നിയമിച്ചത് എന്ന സൂചനയും ഈ പട്ടിക തരുന്നു.

പട്ടികയിൽ ആദ്യമായി വരുന്നത് അപ്പസ്തോലന്മാരാണ്. ചുറ്റി നടന്ന് സുവിശേഷപ്രഘോഷണം നടത്തുകയും സഭാസമൂഹങ്ങൾ സ്ഥാപിക്കുകയും തങ്ങളുടെ ജീവിതത്തിലൂടെ കർത്താവിന്റെ





മരണവും ഉത്ഥാനവും വെളിപ്പെടുത്തുകയും ചെയ്യുന്നവരാണ് അപ്പസ്തോലന്മാർ എന്നതുകൊണ്ട് പൗലോസ് അർത്ഥമാക്കുന്നത് (1 കോറി 4:4-13; കോറി 10:13). സുവിശേഷങ്ങളിലും അപ്പസ്തോലപ്രവർത്തനങ്ങളിലും അപ്പസ്തോലൻ എന്നതുകൊണ്ട് വിവക്ഷിക്കുന്നത് ഉത്ഥിതനായ കർത്താവിനു സാക്ഷിയാകുകയും സുവിശേഷം പ്രസംഗിക്കാനായി അവിടുന്ന് തെരഞ്ഞെടുത്ത് അയയ്ക്കുകയും ചെയ്തവരെയാണ്. രണ്ടാമതായി കാണുന്നത് പ്രവാചകന്മാരെയാണ്. ആരാധനാ വേളകളിൽ തങ്ങളുടെ സഹോദരവിശ്വാസികളോടു സംസാരിക്കുകയും അവരെ ധൈര്യപ്പെടുത്തുകയും വളർത്തുകയും ആശ്വസിപ്പിക്കുകയും പ്രചോദിപ്പിക്കുകയും ചെയ്യുന്നവരാണിവർ (14:3-6). ദൈവാരൂപിയാൽ നിറഞ്ഞു സംസാരിക്കുക എന്നതാണ് പ്രവാചകനുള്ള ആത്മീയദാനം. പ്രാധാന്യക്രമത്തിൽ മൂന്നാമതായി വരുന്നത് പ്രബോധകരാണ്. വിശ്വാസികളെ സുവിശേഷത്തിന്റെയും പഴയനിയമഗ്രന്ഥങ്ങളുടെയും അർത്ഥം പഠിപ്പിക്കുക എന്നതായിരുന്നു ഇവർ ചെയ്ത ധർമ്മം. അവർക്ക് ദൈവം നൽകിയ ദാനം ദൈവശാസ്ത്ര ഉൾക്കാഴ്ചകളോടുകൂടി വചനവ്യാഖ്യാനം ഹൃദയങ്ങളെ ജ്വലിപ്പിക്കുംവിധം നൽകാനുള്ള കഴിവാണ്. മറ്റു ദാനങ്ങൾ പ്രാധാന്യക്രമത്തിൽ പറയുകയോ അവയെക്കുറിച്ച് എന്തെങ്കിലും വിശദീകരണം നൽകുകയോ ചെയ്തിട്ടില്ല. അവ പട്ടികയിൽ ഉൾപ്പെടുത്തി എന്നു മാത്രമേയുള്ളൂ. ഭാഷാവരത്തിന് ഏറ്റവും അവസാനത്തെ സ്ഥാനമാണ് നൽകിയത് എന്നതും ശ്രദ്ധേയമാണ്.

വിവിധങ്ങളായ വരങ്ങൾ സംബന്ധിച്ച ചർച്ച അവസാനിപ്പിക്കുന്നത് പ്രസംഗശൈലിയിൽ, മേൽപ്പറഞ്ഞ വിവിധ വരങ്ങൾ ലഭിച്ചവരെ സംബന്ധിച്ച് ചോദ്യം ചോദിച്ചു കൊണ്ടാണ്. എല്ലാ ചോദ്യത്തിനും ഉത്തരം നിഷേധാത്മകമാണ്. 'അല്ല', അഥവാ 'ഇല്ല' എന്നാണ് എല്ലാത്തിനും ഉത്തരം. പ്രസംഗകലയുടെ സാധ്യതകൾ ഉപയോഗിച്ചുകൊണ്ട് തന്റെ കേൾവിക്കാരിൽ ആധിപത്യം ഉറപ്പിക്കാനും കൂടുതൽ ഗഹനമായ കാര്യങ്ങൾ തുടർന്ന് അവതരിപ്പിക്കാനുമുള്ള ശൈലിയാണിത്. സഭയുടെ വളർച്ചയ്ക്കും നിലനിൽപ്പിനും വിവിധങ്ങളായ ആത്മീയദാനങ്ങൾ ലഭിച്ച അനേകരെ ദൈവം നിയമിച്ചിരിക്കുന്നു എന്ന ആശയം അടിവരയിട്ടുറപ്പിക്കുകയാണിവിടെ. 'സഹായകർ, ഭരണകർത്താക്കൾ' എന്നിവരെ (28) രണ്ടാമത്തെ പട്ടികയിൽ ചേർത്തിട്ടില്ല; അതേസമയം വ്യാഖ്യാനിക്കുന്നവരെ അധികമായി ഉൾപ്പെടുത്തിയിരിക്കുന്നു. ഈ വ്യത്യാസങ്ങൾ മന:പൂർവ്വമാകാനിടയില്ല. എല്ലാവരങ്ങളും പട്ടികയിൽ ഉൾപ്പെടുത്തണമെന്ന രീതിയിലല്ല ഇവയുടെ പട്ടിക ഇവിടെ നൽകി

യിരിക്കുന്നത് എന്നേ ഇതിൽനിന്നു മനസ്സിലാക്കേണ്ടതുള്ളൂ. കോറിന്തോസിലെ സഭയിൽ ഭിന്നതകളും അസ്വസ്ഥതകളും സൃഷ്ടിക്കുന്ന വിശേഷവരങ്ങളെ സംബന്ധിച്ചു മാത്രമേ പൗലോസ് ശ്രദ്ധിക്കുന്നുള്ളൂ എന്നു ന്യായമായും അനുമാനിക്കാം.

*ഉത്കൃഷ്ട ദാനങ്ങൾക്കുവേണ്ടി അഭിലഷിക്കുവിൻ* (31) എന്നതു കോറിന്തോസുകാരുടെ ഒരു മുദ്രാവാക്യം പൗലോസ് ഉദ്ധരിക്കുന്നതാണ് എന്നു കരുതുന്നവരുണ്ട്. അതല്ല, *നിങ്ങൾ പ്രധാനവരങ്ങൾക്കായി അഭിലഷിച്ചുകൊണ്ടിരിക്കുകയാണ്* എന്ന ഒരു പ്രസ്താവനയാണിതെന്ന് ചിലർ മനസ്സിലാക്കുന്നു. ഈ രണ്ടു കാഴ്ചപ്പാടുകളും ശരിയാകണമെന്നില്ല. സഭയ്ക്ക് ഉത്കൃഷ്ടം നൽകുന്ന ദാനങ്ങൾക്കായാണ് കൂടുതൽ ശ്രദ്ധിക്കേണ്ടത് എന്ന പൗലോസിന്റെ നിലപാടിനോടു ചേർന്ന് ഇതിനെ കണക്കാക്കാവുന്നതാണ്. തുടർന്നുവരുന്ന ഭാഗത്ത് (14:1-25) കോറിന്തോസുകാർ ഭാഷാവരത്തിനായാണ് തീക്ഷ്ണതകാണിക്കുന്നത് എന്ന് വ്യക്തമാണ്. പ്രവചനം, അധ്യാപനം തുടങ്ങിയവയാണ് അവർ യഥാർത്ഥത്തിൽ തീക്ഷ്ണതയോടെ അഭിലഷിക്കേണ്ടത്.

കോറിന്തോസിലെ പ്രശ്നങ്ങൾക്ക് വ്യക്തമായ പരിഹാരം നിർദ്ദേശിക്കുന്നതിനുമുമ്പ് അവർക്കുണ്ടായിരിക്കേണ്ട അടിസ്ഥാനമനോഭാവത്തിലേക്ക് അവരെ കൊണ്ടുവരാനാണ് സ്നേഹത്തെ സംബന്ധിച്ച അടുത്ത അധ്യായം ഇവിടെ ചേർത്തിരിക്കുന്നത്. എല്ലാ വരങ്ങളേയും അതിശയിക്കുന്ന സ്നേഹമാണ് അടിസ്ഥാനപരമായി സഭയുടെ മുഖമുദ്ര.



# 12

## സ്നേഹമാണ് അടിസ്ഥാന മാനദണ്ഡം (13:1 – 13)

അജപാലനമേഖലയിലെ ഏതൊരു പ്രതിസന്ധിയും സ്നേഹംകൊണ്ടു പരിഹരിക്കാനാകും എന്ന സത്യമാണ് ശ്ലീഹാ തന്റെ സ്നേഹഗീതത്തിലൂടെ വ്യക്തമാക്കുന്നത്. യഥാർത്ഥ സ്നേഹമുള്ളിടത്ത് സകല പ്രശ്നങ്ങളും വഴിമാറിത്തരും എന്ന ദർശനത്തിന് തീർച്ചയായും ജീവിതത്തിന്റെ ഗന്ധമുണ്ട്.

പൗലോസ് കോറിന്തോസിലെ സഭയ്ക്ക് കാണിച്ചുകൊടുക്കുന്ന ഏറ്റവും ഉത്തമമായ മാർഗ്ഗം സ്നേഹത്തിന്റെ മാർഗ്ഗമാണ്. പൗലോസ് എഴുതിയിട്ടുള്ളതിൽ ഏറ്റവും മഹത്തരവും ഏറ്റവും ശക്തവും ഏറ്റവും അഗാധവുമായ വാക്കുകൾ ഈ അദ്ധ്യായമാണ് എന്ന് കണക്കാക്കുന്നതിൽ അതിശയോക്തിയില്ല. ആത്മീയ ദാനങ്ങളെ സംബന്ധിച്ച് കോറിന്തോസുകാർക്ക് നൽകുന്ന പ്രബോധനത്തിന്റെ (12:14 അധ്യായങ്ങൾ) ഇടയിൽ നിൽക്കുന്ന ഈ വചനഭാഗം പ്രധാന ചർച്ചയിൽനിന്നുള്ള തെന്നിമാറലാണ് എന്ന് തോന്നാമെങ്കിലും നേരേമറിച്ചാണ് പൗലോസിന്റെ രചനാശൈലിയുടെ ക്രമീകരണം. അധ്യായം 12 ലും 14 ലും പറ

ഞ്ഞിരിക്കുന്നവയെ സമന്വയിപ്പിക്കുന്നതും ഉറപ്പിക്കുന്നതുമാണ് 13 -ാം അദ്ധ്യായം. മുമ്പേതന്നെ രൂപപ്പെടുത്തിയിരുന്ന കവിതാസമാനമായ ഒരു വചനഭാഗം പൗലോസ് ഈ പശ്ചാത്തലത്തിൽ കൂട്ടിച്ചേർത്തതാകാം എന്നു വാദിക്കുന്നവരുമുണ്ട്. എന്നാൽ അത്തരം നിലപാട് അടിസ്ഥാനരഹിതമാണ്.

സ്നേഹം എന്ന് ഭാഷാന്തരം ചെയ്തിരിക്കുന്ന ഗ്രീക്കുപദം 'അഗാപ്പെ' യാണ്. ബൈബിളിൽ സ്നേഹത്തെ ദ്യോതിപ്പിക്കുന്ന പല പദങ്ങളുമുണ്ട്. സ്നേഹത്തെ സൂചിപ്പിക്കാൻ 'അഗാപ്പെ' ഉപയോഗിക്കുന്നത് പുതിയ നിയമകാലത്തിനുമുമ്പ് വളരെ സാധാരണമായിരുന്നില്ല. ഒരാൾ കണ്ടെത്തുന്നതിൽ തനിക്ക് ഏറ്റവും നല്ലതിനെ ഇഷ്ടപ്പെടുന്നതും അതിനോട് കാണിക്കുന്ന പ്രതികരണങ്ങളുമാണ് സ്നേഹം എന്നതുകൊണ്ട് അർത്ഥമാക്കിയിരുന്നത്. എന്നാൽ ക്രൈസ്തവമായ കാഴ്ചപ്പാടിൽ സ്നേഹത്തിന് ഇതിൽനിന്നു വ്യത്യസ്തമായ അർത്ഥതലങ്ങളുണ്ടായി. ഇവിടെയാണ് ക്രൈസ്തവസ്നേഹത്തെ സൂചിപ്പിക്കാൻ 'അഗാപ്പെ' എന്ന പദം സർവ്വസാധാരണമായത്.

സ്നേഹത്തിന്റെ അത്യുദാത്തമായ മാതൃകയായി ക്രൈസ്തവർ കണ്ടതു കുരിശിലെ സമർപ്പണമാണ്. തികച്ചും അയോഗ്യരായവർക്കുവേണ്ടിയുള്ള സ്നേഹമാണിത്. സ്നേഹംതന്നെയായ ദൈവത്തിൽനിന്ന് പ്രവഹിക്കുന്ന ആർദ്രഭാവമാണിത്. സ്നേഹിക്കപ്പെടുന്നവർ അതിന് യോഗ്യരാണോ എന്നു നോക്കാതെ ചൊരിയുന്ന സ്നേഹമാണത്. സ്നേഹിക്കുന്നയാളുടെ സ്വഭാവത്തിൽ നിന്നാണത് വരുന്നത്. സ്നേഹിക്കപ്പെടുന്നയാളുടെ ആകർഷണീയതയിൽ നിന്നല്ല. താൻ പാപിയായിരിക്കെത്തന്നെ (റോമ 5:8) തന്നെ സ്നേഹിച്ച ദൈവത്തിന്റെ സ്നേഹം അനുഭവിച്ചറിഞ്ഞ ക്രിസ്ത്യാനി ആ അനുഭവത്തിന്റെ ഫലമായി രൂപാന്തരം പ്രാപിച്ചവനായിത്തീരുന്നു. ഇനിമേൽ അയാൾ മറ്റുള്ളവരെ ക്രിസ്തു ആർക്കുവേണ്ടി മരിച്ചോ, അവരായിക്കാണുന്നു; സ്നേഹപാത്രങ്ങളാണവർ. അക്കാരണത്താൽ ദൈവത്തിന്റെ ജനതയും അവരെ സ്നേഹിക്കണം. കാരണം ക്രിസ്തു തന്റെ ജീവൻ അവർക്കായി നൽകി. സ്നേഹിക്കപ്പെടുന്നയാളോടുള്ള താൽപര്യമോ, പരസ്പരസാമീപ്യാനുഭവമോ അല്ല, സ്നേഹിക്കുന്ന ആളോടു ക്രിസ്തുവിനെപ്രതി തോന്നുന്ന ബഹുമാനമാണ് 'അഗാപ്പെ' യുടെ അടിസ്ഥാനം. സ്നേഹിക്കപ്പെടുന്നയാളുടെ നേട്ടമല്ലാതെ തനിക്കായി ഒന്നും പ്രതീക്ഷിക്കാതെ സ്നേഹിക്കാൻ ക്രിസ്ത്യാനി ശ്രമിക്കുന്നു. ഇത്തരത്തിലുള്ള സ്നേഹത്തെക്കുറിച്ചാണ് അപ്പസ്തോലൻ വാചാലനാകുന്നത്.





മൂന്നു ഖണ്ഡികകളിലായാണ് സ്നേഹഗീതം പൂർത്തിയാകുന്നത്. സ്നേഹമില്ലെങ്കിൽ സർവ്വവും ശൂന്യം എന്ന് ആദ്യഭാഗത്തു വ്യക്തമാക്കുന്നു (13:1-3). സ്നേഹത്തിന്റെ സവിശേഷതകളാണ് തുടർന്നുവരുന്നത് (13:1-3). സ്നേഹത്തിന്റെ സർവ്വാതിശായിത്വം സ്ഥാപിച്ചുകൊണ്ട് (13:8-13) എല്ലാ ആത്മീയദാനങ്ങൾക്കും ഉപരിയായി അതിനെ പ്രതിഷ്ഠിച്ചാണ് അപ്പസ്തോലൻ സ്നേഹഗീതകം അവസാനിപ്പിക്കുന്നത്. മറ്റെല്ലാം ഭാഗികവും നശ്വരവുമാണ്. എന്നാൽ പൂർണ്ണവും അനശ്വരവും 'അഗാപ്പെ' മാത്രമാണ്.

**13:1-3, സ്നേഹമാണഖിലസാരം:** സ്നേഹത്തിൽ വേരുപാകാത്തപക്ഷം സർവ്വതും ഉപകാരശൂന്യമാണ്. ഇവിടെ മൂന്നുവാക്യങ്ങളും ഒരേ രീതിയിൽ ക്രമീകരിച്ചിരിക്കുകയാണ്. സാധ്യതാവാക്യങ്ങളാണ് മൂന്നും. ഭാഷാവരത്തിലാണ് പൗലോസ് ആരംഭിക്കുന്നത്. കോറിന്തോസിൽ ആളുകൾ ഏറ്റവും പ്രധാനപ്പെട്ടതെന്ന് വിലയിരുത്തിയത് ഭാഷാവരമാണ്. ചിലർ സ്വയം ആത്മീയരായി കണക്കാക്കിയതും ഭാഷാവരത്തിന്റെയും പ്രവചനവരത്തിന്റെയും അടിസ്ഥാനത്തിലാണ്. തുടർന്ന് പ്രവചനവരവും മറ്റു ആത്മീയദാനങ്ങളും നിരീക്ഷണവിധേയമാകുന്നു. ഇവിടെ പരാമർശിക്കുന്ന ആത്മീയദാനങ്ങളെല്ലാം വിലയുള്ളതാണ് എന്നതിൽ ആർക്കും തർക്കമില്ല. സ്നേഹമില്ലാതെ ഈ ദാനങ്ങൾ ഉപയോഗിക്കുന്നു എന്നതല്ല, ഈ ദാനങ്ങൾ ഉപയോഗിക്കുന്നവർ സ്നേഹമില്ലാതെ പെരുമാറുന്നു എന്നതാണ് തിന്മയായിട്ടുള്ളത്. ഈ വരങ്ങളെല്ലാം നല്ലതാണ്. നല്ലതല്ലാത്തത് ഇവ വെറും അനുഷ്ഠാനമായി, കാമ്പില്ലാത്ത പ്രകടനമായി മാറുന്നതാണ്; ദാനങ്ങൾ ഉപയോഗപ്പെടുത്തുന്നയാൾ തുടർന്നു പറയുന്ന ഗുണവിശേഷങ്ങൾ (13:4-7) ഇല്ലാത്തയാളായിത്തീരുന്നതാണ്. ദാനങ്ങളല്ല സ്നേഹമാണ് വേണ്ടത് എന്നോ, സ്നേഹത്താൽ പ്രചോദിതമായിരിക്കണം ദാനങ്ങൾ എന്നോ അല്ല ഇവിടെ സ്ഥാപിക്കുന്നത്. ദാനങ്ങൾ സ്നേഹമുള്ള വ്യക്തിയിൽ നിന്ന്, സ്നേഹത്തിനായി മുഴുവൻ ജീവിതവും സമർപ്പിച്ചയാളിൽ നിന്നാകണം എന്നാണ്. അല്ലാത്തപക്ഷം അയാൾ ദൈവത്തിന്റെ മുമ്പിൽ ഒന്നുമല്ല.

'ഞാൻ' എന്നു ആരംഭിക്കുകയും എനിക്ക്, എന്റെ എന്നിങ്ങനെ ഈ ഭാഗത്ത് എല്ലാ വാക്യങ്ങളും ക്രമീകരിക്കുകയും ചെയ്തിരിക്കുന്നത്, പ്രകൃതത്തിൽ തന്നെത്തന്നെ ഉൾപ്പെടുത്തുന്നതാകണമെന്നില്ല. പ്രസംഗശൈലി ഉപയോഗിച്ചിരിക്കുന്നതാകാനാണ് കൂടുതൽ സാധ്യത. *'മനുഷ്യരുടെയും ദൈവദൂതന്മാരുടെയും ഭാഷകൾ'* എന്നത് ഭാഷാവരത്തെയാണ് പരാമർശിക്കുന്നത് എന്നു പൊതുവേ

കണക്കാക്കപ്പെടുന്നു. ദൈവദൂതന്മാരുടെ ഭാഷയെന്നതു ഭാഷാവരത്തിന്റെ വ്യാഖ്യാനമാണ് എന്നു ചിലർ കണക്കാക്കുന്നു. എന്നാൽ 'ഭാഷയുടെ' സർവ്വസാധ്യതകളിലും എന്ന് പൊതുവേ കണക്കാക്കുന്നതാവും കൂടുതൽ ശരി. സംസാരസംബന്ധിയായ വരങ്ങളായിരുന്നു കോറിന്തോസിൽ 'പ്രശ്നങ്ങൾ' സൃഷ്ടിച്ചത്. ഭൂമിയിലോ ആകാശത്തിലോ ഉള്ള ഏതു ഭാഷയും സ്നേഹപൂർവ്വമായ പെരുമാറ്റത്തോടു താരതമ്യപ്പെടുത്തിയാൽ ഒന്നുമല്ല! ആകർഷകമായ വാക്കുകൾകൊണ്ട് ആരെയും വശീകരിക്കാം, സ്വാധീനിക്കാം. ഇത്തരത്തിൽ സ്വാധീനിക്കുന്നവർ വെറും ഒരു സ്വരംപോലെ മാത്രമാണ്.

മുഴങ്ങുന്ന ചേങ്ങിലയും ചിലമ്പുന്ന കൈത്താളവും കോറിന്തോസുകാർക്ക് പരിചിതമായിരുന്നിരിക്കണം. അമ്പലങ്ങളിലെ മണിയും ആരാധനാഗാനങ്ങൾക്കുപയോഗിക്കുന്ന താളവുമെല്ലാം മറ്റുള്ളവരെ ആകർഷിക്കുമെന്നല്ലാതെ ആരാധനയിൽ പങ്കുചേർക്കുകയോ ദൈവാനുഭവത്തിൽ ജീവിതത്തെ അനുനിമിഷം നവീകരിക്കുകയോ ചെയ്യുന്നില്ല. മറ്റുള്ളവർക്കുവേണ്ടി മുഴങ്ങുന്ന മണി മാത്രമായി ആത്മീയവരമുള്ളവർ മാറിപ്പോകുന്നത് അത്യാപത്താണ് എന്ന് അപ്പസ്തോലൻ വ്യക്തമാക്കുന്നു. പ്രവചനം, അറിവ്, ജ്ഞാനം, വിശ്വാസം തുടങ്ങിയ വരങ്ങളെല്ലാം തുടർന്നുള്ള വാക്യത്തിൽ കൂട്ടിച്ചേർക്കുന്നു (13:2). ഭാഷാവരത്തിൽനിന്ന് വിഭിന്നമായി പ്രവചനവരം സഭാസമൂഹത്തെ പടുത്തുയർത്താൻ ഉപയോഗപ്പെടുത്തുന്നതാണ്. ആത്മാവ് വെളിപ്പെടുത്തുന്ന അനുഭവങ്ങളായി (12:8-10) ഈ വരങ്ങൾ ഏറെ വിലമതിക്കപ്പെട്ടിരുന്നു. *മലകളെ മാറ്റാൻ തക്കവിശ്വാസം* എന്നതു യേശുവിന്റെ വചനങ്ങൾ പൗലോസ് ഹൃദിസ്ഥമാക്കിയിരിക്കുന്നു (മർക്കോ 11:25; മത്താ 17:30) എന്നതിലേക്ക് വിരൽ ചൂണ്ടുന്നു. 'സകല' വിജ്ഞാനവും 'സകല' രഹസ്യങ്ങളും തുടങ്ങിയ വിശേഷണങ്ങൾ ആത്മീയദാനത്തിന്റെ പൂർണ്ണ അളവിനെത്തന്നെയാണ് സൂചിപ്പിക്കുന്നത്. എല്ലാവിധ ആത്മീയദാനങ്ങളുടെയും നിറവുതന്നെ ഒരാൾക്കുണ്ടായിരുന്നാലും സ്നേഹമില്ലാത്ത പക്ഷം അയാൾ ദൈവസന്നിധിയിൽ ഒന്നുമല്ല.

ആത്മീയദാനങ്ങളുടെ സമൃദ്ധിക്കുമപ്പുറം കടക്കുന്ന കാര്യങ്ങളാണ് തുടർന്നുവരുന്നത്. ക്രൈസ്തവസമർപ്പണത്തിന്റെ ഭാഗമെന്നോണം സർവ്വസമ്പത്തും ദാനം ചെയ്യുന്നത് സുവിശേഷത്തിലും (മത്താ 19:21) അപ്പസ്തോലപ്രവർത്തനങ്ങളിലും (അപ്പ 4:32-37) ക്രിസ്തീയശിഷ്യത്വത്തിന്റെ ഉത്തമമാതൃകയായി ഉയർത്തിക്കാട്ടിയിട്ടുള്ള കാര്യമാണ്. ഈ ലോകത്തിലും വരാനിരിക്കുന്ന ലോക





ത്തിലും ഇതിന് ഒന്നിനു നൂറായി പ്രതിഫലം ലഭിക്കും എന്ന് കർത്താവ് വാഗ്ദാനം ചെയ്തിരിക്കുന്നു. ഇത്ര വലിയ കാര്യമാണ് ചെയ്യുന്നതെങ്കിൽപോലും സ്നേഹമില്ലാത്ത ജീവിതമാണെങ്കിൽ മേൽപറഞ്ഞതെല്ലാം പ്രയോജനശൂന്യമാണ്.

'എന്റെ ശരീരം *ദഹിപ്പിക്കാൻ* വിട്ടുകൊടുത്താലും' എന്നത് വ്യാഖ്യാനത്തിന് വിഷമമുള്ളതാണ്. ചില പതിപ്പുകളിൽ എനിക്ക് *ആത്മാഭിമാനം കൊള്ളുന്നതിനായി* എന്റെ ശരീരം നൽകിയാലും എന്നാണ്. ഈ പാഠമാണ് പൗലോസ് ഉദ്ദേശിച്ചിട്ടുള്ളത് എന്നാണ് ഇക്കാലത്തെ പഠനങ്ങൾ തെളിയിക്കുന്നത്. വ്യാകരണപരമായി വിലയിരുത്തുമ്പോൾ 'ഞാൻ ദഹിപ്പിക്കപ്പെടുന്നതിനായി' എന്റെ ശരീരം നല്കിയാലും എന്നതു അസ്വാഭാവികമാണ്. ആത്മാഭിമാനം കൊള്ളാൻ, സ്വയം അഹങ്കരിക്കാൻ തുടങ്ങിയവയുടെ അർത്ഥം മനസ്സിലാകാത്തതിനാൽ പിൽക്കാലത്ത് പകർത്തിയെഴുത്തുകാർ നടത്തിയ തിരുത്തലുകളാണ് 'ദഹിപ്പിക്കാൻ' എന്നത് എന്നു കണക്കാക്കപ്പെടുന്നു. ഈ രണ്ടു ക്രിയകളും ഗ്രീക്കിൽ ഒരുപോലെയുള്ള വാക്കുകളാണ്. ഒരു അക്ഷരത്തിന്റെ വ്യത്യാസമേയുള്ളൂ. ഉച്ചാരണത്തിന്റെ സമാനതകൊണ്ട് തെറ്റായി പകർത്തിയെഴുതിയതാകാനും ഇടയുണ്ട്. മറിച്ചാകാനുള്ള സാധ്യത കുറവാണ് എന്നാണ് വിദഗ്ദാഭിപ്രായം. ദഹിപ്പിക്കാൻ എന്നതു ആദിമസഭയിലെ മതപീഡനത്തിന്റെയും രക്തസാക്ഷിത്വത്തിന്റെയും പശ്ചാത്തലത്തിൽ സ്വാഭാവികമായി മനസ്സിലാക്കാവുന്നതാണ്. എന്നാൽ വളരെ ആധികാരികമായ പല കൈയ്യെഴുത്തുപ്രതികളിലും *ആത്മാഭിമാനം കൊള്ളാനായി* എന്നാണ് ചേർത്തിട്ടുള്ളത്. മറ്റുള്ളവർക്കായി മരണം ഏറ്റുവാങ്ങിയും അടിമയായി സ്വയം സമർപ്പിച്ചും പലരും ക്രൈസ്തവമായ സമർപ്പണം പ്രകടമാക്കിയിരുന്നു. വളരെയധികം പ്രശംസിക്കപ്പെട്ടിരുന്ന കാര്യമായിരുന്നു ഇത്തരം ത്യാഗങ്ങൾ. ഇത്തരം സമർപ്പണത്തെയാണ് ഇവിടെ പൗലോസ് സൂചിപ്പിക്കുന്നത്. മാത്രവുമല്ല, കോറിന്തോസ് ലേഖനം എഴുതുന്നകാലത്ത് ശരീരം ദഹിപ്പിക്കുന്നതുപോലുള്ള മതപീഡനങ്ങൾ സാധാരണമായിരുന്നുമില്ല. പിന്നീടു പത്തുവർഷങ്ങൾക്കൂടി കഴിഞ്ഞശേഷമാണ് നീറോചക്രവർത്തിയും മറ്റും ഇത്തരം കഠിനപീഡനങ്ങൾ ആരംഭിച്ചത്. കോറിന്തോസുകാർ തങ്ങളുടെ മറ്റു പല സിദ്ധികളെക്കുറിച്ചും ആത്മാഭിമാനം കൊണ്ടിരുന്നു. നിങ്ങളുടെ ആത്മാഭിമാനം നന്നല്ല (കോറി 5:6) തുടങ്ങിയ പ്രയോഗങ്ങൾ ശ്രദ്ധേയമാണ്. എല്ലാവരും അഭിമാനിക്കുന്നതുപോലെ, എനിക്കും ചില ആത്മപ്രശംസകൾ നടത്താനുണ്ട് (2 കോറി 11:16-12:10) എന്നു പറഞ്ഞു തന്റെ സഹനങ്ങളെക്കുറിച്ചു പൗലോസുതന്നെ വിവരിക്കുന്നതും കർത്താവിന്റെ ദിന

ത്തിൽ അഭിമാനിക്കാൻ കഴിയും (2 കോറി 1:14 റോമാ 5:2-3) എന്ന വകാശപ്പെടുന്നതും ശ്രദ്ധേയമാണ്. കോറിന്തോസുകാർ വിലമതി ച്ചിരുന്നതും ക്രിസ്തീയജീവിതമൂല്യമായി കരുതിയിരുന്നതുമായ ഒരു കാര്യമാണ് അപ്പസ്തോലൻ ഇവിടെ എടുത്തുപറയുന്നത്. സമ്പ ത്തുമുഴുവനെന്നല്ല, സ്വശരീരംതന്നെ ദാനമായി നൽകിയാലും സ്നേഹമില്ലാത്ത ജീവിതമാണെങ്കിൽ അത് ആ വ്യക്തിക്കോ സഭയ്ക്കോ യാതൊരു പ്രയോജനവും വരുത്തുകയില്ല. ചുരുക്ക ത്തിൽ, ക്രിസ്ത്യാനിയുടെ ജീവിതം സ്നേഹത്തിന്റെ ജീവിതമാ ണ്. ഏതെങ്കിലും ആത്മീയദാനമെന്നല്ല, അനേകം ആത്മീയദാന ങ്ങൾതന്നെ ഒരാൾക്കുണ്ടായാലും അതൊന്നും സ്നേഹത്തിനു പക രമാകില്ല.

**13:4-7, സ്നേഹത്തിന്റെ സവിശേഷതകൾ:** പതിനഞ്ചുവിശേഷ ണങ്ങൾ ഒന്നിനുപുറമേ ഒന്നായി ഉപയോഗിച്ചുകൊണ്ടാണ് സ്നേഹ ത്തിന്റെ നിർവ്വചനം അപ്പസ്തോലൻ നല്കുന്നത്. ഈ പട്ടികയെ മൂന്നു ഭാഗങ്ങളിലായി തിരിച്ചുകാണാറുണ്ട്. ആദ്യത്തെ രണ്ടു കാ ര്യങ്ങൾ ഭാവാത്മകമാണ്. തുടർന്നു വരുന്ന എട്ടുകാര്യങ്ങൾ സ്നേഹം എന്തല്ല, അഥവാ എന്തു ചെയ്യുന്നില്ല എന്ന് പ്രഖ്യാപി ക്കുന്നു. ഇതിൽ എട്ടാമത്തേത് അതിനു തൊട്ടുമുമ്പ് നിഷേധാത്മ കമായി പറഞ്ഞതിന്റെ ഭാവാത്മകമാനമാണ്. തുടർന്നുവരുന്ന നാലു ക്രിയകളോടും 'സകലതും' എന്ന കർമ്മംകൂടി ചേർത്തിരിക്കുന്നു. അവസാനത്തെ ഒരെണ്ണം സ്നേഹത്തെ അനശ്വരവും അജയ്യവു മായിക്കാണുന്നു.

*ദീർഘക്ഷമയും ദയയും* സ്നേഹത്തിന്റെ ഇതരരോടുള്ള പെരു മാറ്റത്തിന്റെ ഇരുഭാവങ്ങളാണ്. ഇവിടെ പറഞ്ഞിരിക്കുന്ന ഓരോ കാര്യവും സ്നേഹത്തെ ഒരു വ്യക്തി എന്ന നിലയിൽ കണ്ടുകൊ ണ്ടാണ് എന്നത് ശ്രദ്ധേയമാണ്. ക്രിസ്തുവിനെത്തന്നെയാണ് സ്നേഹത്തിന്റെ വ്യക്തിഭാവമായി ഇവിടെ അപ്പസ്തോലൻ കാണു ന്നത്. ക്രിസ്തുവിന്റെ ഭാവങ്ങൾ സഭയുടെയും ഭാവമാണ്. കാരണം സഭ ക്രിസ്തുവിന്റെ ശരീരമാണ്; ക്രിസ്തു തന്നെയാണ്. ആകയാൽ സ്നേഹം എന്തെല്ലാമാണോ അതെല്ലാമാണ് സഭ, സഭയിലെ ഓരോ അംഗങ്ങളും അഥവാ, അങ്ങനെയായിരിക്കണം.

ദൈവത്തിന്റെതന്നെ രണ്ടുവിശേഷണങ്ങളാണ് ദീർഘക്ഷമയും ദയയും. ആത്മാവിന്റെ ഫലങ്ങൾ ഏവയെന്നു പറയുന്നിടത്ത് (ഗലാ 5:22) ഇവയും കാണാം. അപ്പസ്തോലശുശ്രൂഷയുടെ അടിസ്ഥാന ഭാവങ്ങളും ഇവതന്നെയാണ് (2 കോറി 6:6). ദൈവസ്വഭാവം തന്നെ യാണ് സ്നേഹം. ക്രിസ്തുവിലൂടെ ദൈവം ഇത് പൂർണമായി വെളി





പ്പെടുത്തി. ക്രിസ്തുവിൽ ആയിരിക്കുന്നവരും ദൈവത്തിന്റെ ഈ സവിശേഷതകൾ ഉള്ളവരാകണം.

തുടർന്ന് സ്നേഹത്തെ വിശേഷിപ്പിക്കുമ്പോൾ ഏഴു കാര്യങ്ങൾ സ്നേഹം എന്തല്ല എന്ന് പറയുകയാണ്. ഇതിലെ ആദ്യത്തെ അഞ്ച് കാര്യങ്ങളും കോറിന്തോസിലെ സഭയുടെ പശ്ചാത്തലത്തിൽ പൗലോസ് ചേർത്തിരിക്കുന്നതാണ് എന്നതു വ്യക്തമാണ്. കോറി ന്തോസുകാരോട് "നിങ്ങൾക്ക് സ്നേഹമുണ്ടായിരിക്കണം; സ്നേഹമില്ലെങ്കിൽ നിങ്ങൾ ക്രിസ്ത്യാനികളല്ല; എന്താണ് സ്നേഹം? അത് നിങ്ങൾ ഇപ്പോൾ പെരുമാറുന്നതിന് നേരേ വിപ രീതമായി പെരുമാറുകയാണ്" എന്ന് പൗലോസ് ഉപദേശിക്കുന്നു.

മറ്റുള്ളവരുടെ വളർച്ചയിലും നന്മയിലും സന്തോഷിക്കാതെ അതിൽ വിഷമിക്കുകയും അവരുടെ പരാജയം ആഗ്രഹിക്കു കയുമാണ് അസൂയ. ആത്മപ്രശംസ കോറിന്തോസുകാരുടെ അടി സ്ഥാന തിന്മയായിരുന്നു. ദൈവം കൊടുത്ത ദാനങ്ങൾ സ്വന്തം നേട്ടങ്ങൾ എന്നുകരുതി അവ ലഭിക്കാത്തവരെ താഴ്ത്തിക്കാണി ക്കുകയും സ്വയം പുകഴ്ത്തുകയുമാണ് ആത്മപ്രശംസ. ഞാനെന്ന ഭാവമാണിവിടെ മുന്നിട്ടുനിൽക്കുന്നത്. പൗലോസിനെത്തന്നെ താഴ്ത്തിക്കൊണ്ട് തങ്ങൾക്ക് അദ്ദേഹത്തെക്കാൾ ജ്ഞാനവും (3:8) അറിവും (8:2) ഉണ്ടെന്നും തങ്ങൾ ആത്മീയരാണെന്നും (14:37) ചിലർ കരുതി. അഹങ്കാരം സ്വന്തം നിലപാടുകളിലുള്ള അതിരുക ടന്ന ആത്മവിശ്വാസവും തങ്ങളുടെ ഭാഗം സ്ഥാപിക്കുകയുമാണ്. നേതൃത്വത്തിന്റെയും സ്ഥാനമാനങ്ങളുടെയും കഴിവുകളുടെയും പേരിലുള്ള ദുരഭിമാനത്തിൽനിന്നാണ് അഹങ്കാരം ജനിക്കുന്നത്.

അനുചിതമായ പെരുമാറ്റം സ്നേഹമില്ലായ്മയാണ്. ചേരാത്ത വിധമുള്ള പെരുമാറ്റമാണിത്. പക്വതരമല്ലാത്ത വിധത്തിൽ, ഇത രർക്ക് ആത്മീയമായ ഉണർവ്വിന് സഹായിക്കാത്തവിധത്തിൽ സാധു ക്കളോടു പരിഗണനയില്ലാതെ എന്നിങ്ങനെയെല്ലാം സ്നേഹരഹി തമായി കോറിന്തോസിൽ ചിലർ പെരുമാറി. തിന്മയോടു സഹക രിച്ചും സ്വകാര്യ നേട്ടങ്ങൾക്കായി പക്ഷം ചേർന്നും പെരുമാറിയ സഭാംഗങ്ങളുടെ കാര്യവും ഇവിടെ പൗലോസിന്റെ പരാമർശത്തി നു പിന്നിലുണ്ട് എന്ന് കരുതാവുന്നതാണ്. സ്വന്തം കാര്യം വേണ്ടെ ന്നുവച്ചും മറ്റുള്ളവരോടു പരിഗണന കാണിക്കുന്നതാണ് സ്നേഹ ത്തിന്റെ ശൈലി. സഭയിലെ ജീവിതശൈലി അതായിരിക്കണം. ഇക്കാര്യമാണ് തുടർന്നു പറയുന്ന സ്നേഹവിശേഷണം . "സ്നേഹം സ്വാർത്ഥം അന്വേഷിക്കുന്നില്ല" (1 കോറി 10:24-33). സ്വന്തം സ്വാതന്ത്ര്യവും അവകാശവും ത്യജിക്കുന്നതാണ് ക്രിസ്തീ

യജീവിതശൈലി. ഇതാണ് കുരിശിന്റെ ഭോഷത്തത്തിൽനിന്ന് സഭ സ്വന്തമാക്കുന്ന ദർശനം. അയൽക്കാരന്റെയും ശത്രുവിന്റെയും പോലും നന്മയ്ക്കായി സ്വയം സമർപ്പിക്കേണ്ട ജീവിതമാണ് ക്രൈസ്തവജീവിതം (ഫിലി 2:4).

"സ്നേഹം കോപിക്കുന്നില്ല" എന്ന പരാമർശം കോറിന്തോസിലെ ഏതെങ്കിലും പ്രത്യേകസാഹചര്യത്തിന്റെ പശ്ചാത്തലത്തിലാണ് എന്നതിന് വ്യക്തമായ സൂചനകളില്ല. സ്നേഹമുള്ളയാൾ മറ്റുള്ളവരുടെ പെരുമാറ്റത്തിൽ വേഗത്തിൽ പ്രകോപിതനാകുന്നില്ല. ദീർഘക്ഷമയുടെ മനോഭാവം തന്നെയാണിവിടെയും പ്രവർത്തിക്കുന്നത്. 'വിദ്വേഷം പുലർത്തുന്നില്ല' എന്നതിന്റെ മൂലപാഠത്തിലെ ധ്വനി, 'തന്നെ ദ്രോഹിച്ചവരുടെ പ്രവൃത്തികളെക്കുറിച്ചു കണക്കുവയ്ക്കുന്നില്ല' എന്നാണ്. യേശുവിന്റെ മനോഭാവം തന്നെയാണിത് (2 കോറി 5:19). തന്നെ കുരിശിൽ തറച്ചവരോടും ആത്മാർത്ഥമായി ക്ഷമിച്ച യേശുവിന്റെ (ലൂക്കാ 23:34) മാതൃകയാണ് ക്രിസ്ത്യാനിയും പിന്തുടരേണ്ടത്.

ക്രിസ്തീയ സ്നേഹം നിറഞ്ഞ വ്യക്തി സുവിശേഷാനുസൃതമായ ജീവിതത്തിൽ സന്തോഷിക്കുന്നു - ഓരോ വിജയങ്ങളിലും ഓരോ ക്ഷമാദാനത്തിലും ഓരോ കാരുണ്യപ്രവൃത്തിയിലും. അത്തരം വ്യക്തിക്ക് തിന്മയിൽ സന്തോഷിക്കാനാവില്ല. യുദ്ധങ്ങളും ദരിദ്രർക്കെതിരേയുള്ള ചൂഷണങ്ങളും അയാളെ വേദനിപ്പിക്കുന്നു. ഒരു സഹോദരന്റെയോ സഹോദരിയുടെയോ വിശ്വാസത്തകർച്ചയും ഒരു അകാലമരണവും അയാളെ വേദനിപ്പിക്കുന്നു. തിന്മകളുടെയും ക്രൂരതകളുടെയും മത്സരത്തിന്റേയും കഥകൾ മാത്രം അനുദിനം പ്രചരിപ്പിക്കുന്ന ദിനപത്രംപോലും അയാൾക്ക് ദു:ഖവഴിയായി മാറാം. ക്രിസ്തീയസ്നേഹത്താൽ ഹൃദയം ജ്വലിക്കുന്ന ഒരാളുടെ ജീവിതത്തിൽ സത്യത്തിൽ മാത്രമേ ആഹ്ലാദം കൊള്ളാനാവൂ. സ്നേഹമുള്ളയാൾ സുവിശേഷത്തിനൊപ്പം നിൽക്കുകയും എല്ലാവർക്കും, അതു താനുമായി പൊരുത്തപ്പെടാത്തവരാണെങ്കിൽപ്പോലും, കരുണയും നീതിയും ലഭിക്കാൻ ആഗ്രഹിക്കുകയും അതിൽ ആത്മാർത്ഥമായി സന്തോഷിക്കുകയും ചെയ്യും.

തുടർന്നുവരുന്ന നാല് കാര്യങ്ങൾ 'സകലതും' എന്ന വിശേഷണത്തോടുകൂടിയാണ്. ആദ്യത്തേതും അവസാനത്തേതും വർത്തമാനകാല സാഹചര്യങ്ങളേയും രണ്ടാമത്തെയും മൂന്നാമത്തെയും ഭാവ്യുന്മുഖ വിഷയങ്ങളെയും പരാമർശിക്കുന്നു. വിശ്വാസവും പ്രത്യാശയും സ്നേഹത്തോടൊപ്പം സുപ്രധാന സുവിശേഷപുണ്യങ്ങളും നിലനിൽക്കുന്ന യാഥാർത്ഥ്യങ്ങളുമാണ് (13:13). വിശ്വാസം





നഷ്ടപ്പെടാതെ, പ്രത്യാശ കൈവിടാതെ, ഒരാളെ നയിക്കുന്നത് സ്നേഹമാണ്. അതിനാലാണ് സ്നേഹം സകലത്തേയും അതിജീവിക്കുന്നത്. സ്നേഹത്തെ തോൽപിക്കാനോ പരാജയപ്പെടുത്താനോ കഴിയില്ല. കാരണം അത് സർവ്വവും സമർപ്പിച്ച ദൈവം തന്നെയാണ്; കുരിശിൽ മരിച്ച ക്രിസ്തുതന്നെയാണ്.

**13:8-13, സ്നേഹം മാത്രമാണനശ്വരം:** ഉത്തമമായ മാർഗം ഞാൻ നിങ്ങൾക്കു കാണിച്ചു തരാം (12:31) എന്ന മുഖവുരയോടെയാണ് അപ്പസ്തോലൻ സ്നേഹകീർത്തനം ആരംഭിച്ചത്. സമാനതകളോ സാധർമ്യങ്ങളോ ഇല്ലാത്ത വഴിയാണ് സ്നേഹം. സ്നേഹം മാത്രമേ നിലനിൽക്കുന്ന വഴിയായി ജീവിതത്തിലുള്ളൂ. 1 കോറി 13:8-13 ഇക്കാലത്തേയും വരാനിരിക്കുന്ന കാലത്തെയും തമ്മിൽ വ്യവച്ഛേദിച്ചു കാണിക്കുന്നു.

ആത്മീയദാനങ്ങൾ പക്വത പ്രാപിക്കുന്ന കാലമാണ് വരാനിരിക്കുന്ന 'അപ്പോൾ' എന്ന് ചിലർ മനസ്സിലാക്കുന്നു. എന്നാൽ പൗലോസ് യുഗാന്ത്യോന്മുഖമായി സംസാരിക്കുകയാണിവിടെ. ഇക്കാലഘട്ടത്തിൽ പ്രവചനം, ഭാഷ, അറിവ് തുടങ്ങിയ ദാനങ്ങൾ നമുക്ക് ദൈവസന്നിധിയിലേക്ക് അപൂർണ്ണവും ഭാഗികവുമായ പ്രവേശനം മാത്രമേ നൽകൂ. നാം ദൈവത്തെ മുഖാമുഖം ദർശിച്ച് അവിടുത്തെ നേരിട്ടനുഭവിക്കുമ്പോൾ ഈ ദാനങ്ങളൊന്നും ആവശ്യമായി വരുന്നില്ല. എന്നാൽ അപ്പോഴും സ്നേഹം ആ അനുഭവത്തിന്റെ കേന്ദ്രമായി നിലനിൽക്കുന്നു.

ഈ ലോകത്തിൽനിന്ന് അടുത്തതിലേക്കുള്ള മാറ്റത്തെ സൂചിപ്പിക്കാൻ പൗലോസ് വിവിധ പ്രതീകങ്ങൾ ഉപയോഗിക്കുന്നു. ശിശുവിന്റെ വളർച്ചയാണ് ആദ്യത്തേത്. ശിശുവായിരുന്നപ്പോൾ ശിശുവിനെപ്പോലെ പെരുമാറി. പ്രായപൂർത്തിയായപ്പോൾ ബാലിശങ്ങളായ അത്തരം കാര്യങ്ങൾ ഉപേക്ഷിച്ചു (13:11) പൂർണ്ണമായതു കൈവന്നപ്പോൾ അപൂർണ്ണമായത് അപ്രസക്തമാകുക സ്വാഭാവികമാണ്. കോറിന്തോസിലെ സഭ പക്വത പ്രാപിച്ചുവെന്ന് സ്വയം കരുതുന്നുവെങ്കിൽ ബാലിശമായാണ് അതു പെരുമാറുന്നത് എന്ന് പൗലോസ് നേരത്തേ എഴുതുന്നുണ്ട് (3:1-2)

കണ്ണാടിയിൽ പ്രതിരൂപം കാണുന്നതിന്റെ പ്രതീകമാണ് ഇക്കാലത്തെയും വരാനിരിക്കുന്ന പരിപൂർണ്ണതയുടെ കാലഘട്ടത്തെയും വ്യക്തമാക്കാൻ ഉപയോഗിക്കുന്ന മറ്റൊന്ന് (13:12; 2 കോറി 3:18) ലോഹക്കണ്ണാടികൾക്കു പേരുകേട്ടിരുന്ന കോറിന്തോസിൽ സഭാംഗങ്ങൾക്ക് ഈ ഉദാഹരണം കൂടുതൽ വ്യക്തമാകും. പ്രവചനം,

അറിവ്, ഭാഷാവരം തുടങ്ങിയവയിലൂടെ ലഭിക്കുന്ന അറിവ് ദൈവാഭിമുഖ്യാനുഭവം സിദ്ധിക്കുന്ന യുഗാന്ത്യത്തിലെ അറിവുമായി തട്ടിച്ചുനോക്കുമ്പോൾ ഭാഗികവും താൽകാലികവുമാണ്. 'വിശ്വാസം' കാഴ്ചയായി മാറും, 'പ്രത്യാശ' നിറവേറിയ കാര്യമായിത്തീരും. എന്നാൽ സ്നേഹമാകട്ടെ മാറ്റമില്ലാതെ തുടരും.

ഇക്കാരണത്താലാണ് സ്നേഹം ഒരിക്കലും വീണുപോകില്ല; ഒരിക്കലും അവസാനിക്കില്ല (13:8) എന്ന് നിസംശയം പറയാൻ കഴിയുന്നത്. പ്രവചനം, ഭാഷ തുടങ്ങിയ ആത്മീയദാനങ്ങളെല്ലാം ദൈവം നിശ്ചയിക്കുന്നതനുസരിച്ചാണ്. അവ നല്ലതാണ്; ഈ ജീവിതകാലത്തു ആവശ്യവുമാണ്. എന്നാൽ അവയ്ക്കെല്ലാം അപ്പുറത്തേക്കു ചെന്നു നിൽക്കുന്നതാണ് ക്രൈസ്തവജീവിതം. സ്നേഹത്തിലാണ് ജീവിതത്തിന്റെ പൂർണ്ണത. ദൈവത്തെ മുഖാമുഖം ദർശിക്കുന്ന അനശ്വരമായ സ്വർഗ്ഗഭാഗ്യത്തിനുവേണ്ടി നിയോഗിക്കപ്പെട്ടവരാണ് നാമോരോരുത്തരും. കോറിന്തോസിലെ സഭാംഗങ്ങൾ എല്ലാവരും ഇതാണ് ലക്ഷ്യമാക്കുന്നത്. ഈ ലക്ഷ്യത്തിലേക്കുള്ള വിവിധങ്ങളായ വഴികൾ മാത്രമാണ് ആത്മീയദാനങ്ങൾ. മാർഗ്ഗങ്ങളെ ലക്ഷ്യങ്ങളാക്കിയതാണ് കോറിന്തോസുകാർക്കു പറ്റിയ തെറ്റ്. മാർഗ്ഗങ്ങളിൽത്തന്നെ എന്നേക്കും നിലനിൽക്കുന്നതും അന്ത്യത്തോളം എത്തുന്നതും സ്നേഹം മാത്രമാണ്.

**വിചിന്തനം:** കോറിന്തോസ് ലേഖനത്തിലെ സ്നേഹകീർത്തനം എല്ലാ വ്യാഖ്യാനങ്ങൾക്കും വിശദീകരണങ്ങൾക്കും അപ്പുറമാണ്. ഭാഗികമാത്രമായി സ്നേഹഗീതത്തെ കാണാൻ ശ്രമിക്കുമ്പോൾ ദൈവത്തെയും *തന്റെ ഏകജാതനെ നൽകിയ* സ്നേഹത്തെയുമാണ് തിരുവചനം അവതരിപ്പിക്കുന്നത്. *ഞാൻ നിങ്ങളെ സ്നേഹിച്ചതുപോലെ നിങ്ങൾ പരസ്പരം സ്നേഹിക്കുവിൻ* എന്ന കർത്താവിന്റെ വാക്കുകൾ വിശദീകരണങ്ങൾ ആവശ്യമില്ലാതെ എക്കാലവും നിലകൊള്ളുന്നു. കുരിശിൽ സ്വയം ദാനമായി നൽകി സ്നേഹത്തിന്റെ നിർവ്വചനം യേശു നൽകി. പൗലോസ് അപ്പസ്തോലൻ സ്നേഹത്തിന്റെ ഗുണങ്ങൾ പറയുന്നിടത്തെല്ലാം യേശു എന്നു തന്നെയാണ് സ്നേഹം എന്നതിന് പകരം വയ്ക്കാനാവുന്നത്. സ്നേഹകീർത്തനം വായിക്കുന്ന ഓരോരുത്തർക്കും താന്താങ്ങളുടെ പേരുകൾ സ്നേഹം എന്നതിനു പകരം വയ്ക്കാൻ കഴിയുമ്പോൾ, സ്നേഹം എന്നതിനു പകരം 'ഞാൻ' എന്നു പറയാൻ കഴിയുമ്പോൾ, കോറിന്തോസുകാരെക്കുറിച്ചുള്ള അപ്പസ്തോലന്റെ സ്വപ്നങ്ങൾ നമ്മിലും യാഥാർത്ഥ്യമാകും.



# 13

## വരദാനങ്ങളുടെ ഉപയോഗത്തിൽ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ

പരിശുദ്ധാത്മാവിന്റെ വരദാനങ്ങൾ ഉപയോഗിച്ച് ശുശ്രൂഷ ചെയ്യുമ്പോൾ പാലിക്കേണ്ട അജപാലനപരമായ മുൻകരുതലുകളെക്കുറിച്ച് ശ്ലീഹാ സവിസ്തരം പ്രതിപാദിക്കുന്നുണ്ട്.

കോറിന്തോസുകാർ സഭാസമ്മേളനം നടത്തുമ്പോൾ സംഭവിച്ചുകൊണ്ടിരിക്കുന്ന പിഴവുകളെ തിരുത്തുകയും സഭാംഗങ്ങൾക്ക് ആവശ്യമായ പ്രായോഗിക നിർദ്ദേശങ്ങൾ നൽകുകയുമാണ് 1 കോറി 11-14 അധ്യായങ്ങൾ എന്നു നാം കണ്ടു. ആത്മീയ ദാനങ്ങളുടെ പെരുമ സഭയുടെ ഒരുമയ്ക്ക് മുതൽക്കൂട്ടാണ്. എല്ലാവർക്കും ദാനങ്ങൾ നൽകുകയും ശുശ്രൂഷകൾക്കായി ഓരോരുത്തരെയും നിയമിച്ചാക്കുകയും ചെയ്യുന്നത് ദൈവമാണ്. ആത്മീയദാനങ്ങൾ ദൈവാത്മാവിന്റെ വെളിപ്പെടലാണ്; പൊതു നന്മയാണ് അതിന്റെ ലക്ഷ്യം (12:7).

കോറിന്തോസിലെ സഭയിൽ വിവിധങ്ങളായ ആത്മീയദാനങ്ങൾ ഉണ്ടായിരുന്നു. എങ്കിലും ഭാഷാവരത്തിന് വലിയ പ്രാധാന്യം സഭ കൽപിച്ചിരുന്നു

എന്ന് അനുമാനിക്കാവുന്നതാണ്. പല ആത്മീയദാനങ്ങളിൽ ഒന്നു മാത്രമാണ് ഭാഷാവരമെന്ന് സ്ഥാപിക്കാനും ഓരോ ദാനത്തിന്റെയും പ്രാധാന്യം മനസ്സിലാക്കേണ്ടത് അത് സഭയുടെ പടുത്തുയർത്തലിന് എത്രമാത്രം സഹായകമാണ് എന്ന് ബോധ്യപ്പെടുത്താനും പൗലോസ് തുടർന്നുള്ള ഭാഗം ഉപയോഗപ്പെടുത്തുന്നു. ഭാഷാവരത്തേക്കാൾ പ്രവചനവരമാണ് സഭയെ പടുത്തുയർത്താൻ ആവശ്യമായത്. ആയതിനാൽ കൂടുതലായി പ്രവചനവരത്തിനായി ആഗ്രഹിക്കാൻ കോറിന്തോസുകാരെ ഉപദേശിക്കുന്നു. അതേസമയം വ്യക്തിയുടെ വളർച്ചയ്ക്കും ദൈവവുമായുള്ള ആഴമായ ബന്ധത്തിനും ഉപകരിക്കുന്നതിനാൽ ഭാഷാവരത്തിന് തടസ്സം വരുത്തേണ്ടതില്ല. ഇപ്രകാരം തീരുമാനിക്കുന്ന പൗലോസ്, സഭയിൽ അതിന്റെ ഉപയോഗത്തിന് വളരെ പ്രായോഗികവും നിയതവുമായ ചില നിയന്ത്രണങ്ങൾ വയ്ക്കുകയും ചെയ്യുന്നു. സഭാസമ്മേളനങ്ങൾ ചിട്ടയിലും സമാധാനത്തിലും ആയിരിക്കാൻ മറ്റു വരങ്ങൾക്കും ചില പ്രായോഗിക നിബന്ധനകൾ നൽകിയിരിക്കുന്നു.

പതിനാലാം അദ്ധ്യായത്തെ വിഷയാവതരണമനുസരിച്ച് പ്രധാനമായും രണ്ടായി തിരിക്കാം. 1) സമൂഹത്തിന് മനസിലാകുക എന്നത് വരങ്ങളുടെ ഉപയോഗത്തിൽ അടിസ്ഥാനകാര്യമാണ് (14:1-25). 2) ഭാഷാവരത്തിനും പ്രവചനവരത്തിനും ചില ക്രമീകരണങ്ങൾ (14:26-40). ഇതിനിടയിൽ സ്ത്രീകൾ സഭയിൽ മൗനം പാലിക്കുന്നതു സംബന്ധിച്ച ഒരു ചെറുചർച്ചയും ചേർത്തിരിക്കുന്നു (14:34-36).

### പ്രവചനവരവും ഭാഷാവരവും (14:1-25)

കോറിന്തോസിലെ സഭയുടെ പ്രാർത്ഥനാസമ്മേളനത്തിലെ കടിഞ്ഞാണില്ലാത്ത ഭാഷാവര ഉപയോഗത്തിന് ചില നിയന്ത്രണങ്ങൾ നിശ്ചയിക്കുകയാണ് ഈ വചനഭാഗത്ത്. ആത്മീയദാനങ്ങളുടെ വൈവിധ്യത്തെക്കുറിച്ചും അവയ്ക്കെല്ലാം അപ്പുറം സ്നേഹത്തോടെ ആത്മാർപ്പണം ചെയ്യുന്ന സഭാജീവിതത്തെക്കുറിച്ചും സവിസ്തരം ചർച്ചചെയ്തതിനുശേഷമാണ് ഈ പ്രായോഗിക നിർദ്ദേശങ്ങളിലേക്ക് അപ്പസ്തോലൻ വരുന്നത്.

മറ്റുള്ളവർക്കു മനസ്സിലാക്കാൻ കഴിയുന്ന ഭാഷ എന്ന അടിസ്ഥാന നിലപാടാണ് 1-25 വാക്യങ്ങളുടെ പിന്നിൽ. രണ്ടു തലങ്ങളിലാണ് പൗലോസിന്റെ വാദങ്ങൾ പുരോഗമിക്കുന്നത്. സഭയിലെ ഇതര സഹോദരങ്ങൾക്ക് മനസ്സിലാകുകയും അതുവഴി അവർക്ക് ആത്മീയോത്കർഷം ഉണ്ടാകുകയും ചെയ്യുക എന്നതാണ് ആദ്യത്തേത് (1:19). അവിശ്വാസികൾ കേൾക്കുകയും അതുവഴി അവർ ദൈവവചനം ഗ്രഹിക്കുകയും മാനസാന്തരപ്പെടുകയും വിശ്വാസം സ്വീകരിക്കുകയും ചെയ്യാൻ ഇടവരുക എന്നതാണ് രണ്ടാമത്തെ കാര്യം. ഈ നിലപാട് സ്ഥാപിക്കാൻ രണ്ടു ഭാഗമായാണ് പൗലോസിന്റെ വാദഗതികൾ പുരോഗമിക്കുന്നത്.





കോറിന്തോസിലെ സഭാംഗങ്ങൾ ഭാഷാവരത്തിലുമുപരി പ്രവചനവരം ഉപയോഗിക്കാൻ ശ്രദ്ധാലുക്കളാകണം എന്നതാണ് ആദ്യത്തെകാര്യം (14:1-5; 20-25). കാരണം പ്രവചനം മറ്റുള്ളവർക്കു മനസ്സിലാക്കാൻ കഴിയും എന്നതുകൊണ്ട് സഭയെ വളർത്തുകയും അവിശ്വാസികളെ മാനസാന്തരത്തിലേക്കു നയിക്കുകയും ചെയ്യും. പൗലോസ് ഒരു വരത്തെ മറ്റൊന്നിനേക്കാൾ സ്വീകാര്യമായി കണക്കാക്കുമ്പോഴും 6-ാം വാക്യത്തിലെ പരാമർശവും തുടർന്നുള്ള (6:19) ചർച്ചയും വ്യക്തമാക്കുന്ന കാര്യം, യഥാർത്ഥ പ്രശ്നം പ്രവചനമോ ഭാഷയോ എന്നതിലുപരി സഭയെ പടുത്തുയർത്താനുപകരിക്കുമോ എന്നതു തന്നെയാണ്. ആളുകൾക്ക് പറയപ്പെടുന്ന കാര്യങ്ങൾ ഗ്രഹിക്കാൻ കഴിയുകയും തന്മൂലം ആത്മീയ ഉത്കർഷം സാധിക്കുകയും ചെയ്യുന്നതിന് പ്രവചനമാണ് ആവശ്യം.

രണ്ടാമതായി (14:6-19) ഭാഷാവരത്തെ സംബന്ധിച്ച് വ്യക്തമായ പഠനം നൽകുന്നു. അത് ഗ്രഹിക്കാൻ കഴിയുന്ന ഭാഷയല്ല. അതിനാൽ സഭയ്ക്ക് ഉപകാരപ്പെടുന്നില്ല. അഗ്രാഹ്യമായ സ്വരങ്ങൾ ലക്ഷ്യം സാധിക്കുന്നില്ല എന്നു കാണിക്കാൻ പല ഉദാഹരണങ്ങൾ ചൂണ്ടിക്കാണിക്കുന്നു (14:7-12). ഈ ഉദാഹണങ്ങളിലൂടെ വ്യക്തമാകുന്നതുപോലെ പ്രാർത്ഥനയും സ്തുതിയും മറ്റുള്ളവർക്ക് ഗ്രഹിക്കാൻ കഴിയുന്നതാണെങ്കിലേ അവ സഭയുടെ ഉത്ക്കർഷത്തിന് ഉപകരിക്കൂ (13:17). ഈ ഭാഗം ആരംഭിക്കുന്നതും (12:6) അവസാനിക്കുന്നതും (18:19) പൗലോസ് തന്നെക്കുറിച്ചുതന്നെ ചിലകാര്യങ്ങൾ എടുത്തുപറഞ്ഞുകൊണ്ടാണ്. എന്തുകൊണ്ടാണ് കോറിന്തോസുകാരുടെ ആത്മീയകാഴ്ചപ്പാടുകൾ തനിക്ക് അസ്വീകാര്യമായിരിക്കുന്നത് എന്ന് വ്യക്തമാക്കുന്നു. തന്നെ സംബന്ധിച്ചിടത്തോളം, ഒരാൾ ഭാഷാവരത്തിൽ സംസാരിച്ചുകൊണ്ട് സഭയിലേക്കു വന്നാൽ അയാളുടെ വാക്കുകൾ മറ്റുള്ളവർക്ക് മനസ്സിലാകുകയില്ല. അവ സഭയെ വളർത്തുകയുമില്ല. അതുകൊണ്ട് മറ്റെല്ലാവരേയുംകാൾ അധികമായി പൗലോസ് ഭാഷാവരം ഉപയോഗപ്പെടുത്തുന്നുണ്ടെങ്കിലും സഭയിൽ, സഭയ്ക്കുപകാരമുള്ളത്, സഭയെ വളർത്തുന്നതുമാത്രം പിന്തുടരാനാണ് അദ്ദേഹം താൽപര്യപ്പെടുന്നത്.

*സ്നേഹമായിരിക്കട്ടെ നിങ്ങളുടെ ലക്ഷ്യം... ആത്മീയദാനങ്ങൾക്കായി പ്രത്യേകിച്ച് പ്രവചനവരത്തിനായി തീക്ഷ്ണതയോടെ*

*ആഗ്രഹിക്കുവിൻ* (14:1) എന്നും "നിങ്ങളെല്ലാവരും ഭാഷാവരത്തോടെ സംസാരിക്കണമെന്നും ഞാനാഗ്രഹിക്കുന്നു. എന്നാൽ നിങ്ങൾ പ്രവചിക്കുന്നെങ്കിൽ കൂടുതൽ ഉത്തമം" (14:4-5) എന്നും പഠിപ്പിക്കുന്നതിലൂടെ പൗലോസിന്റെ നിലപാട് വ്യക്തമാണ്. ഭാഷാവരവും ആത്മീയദാനമാണ്. പക്ഷേ അതിന് കോറിന്തോസുകാർ കൊടുത്തിരിക്കുന്ന പ്രാധാന്യം അതിരുകവിഞ്ഞു പോകുന്നു. ഭാഷാവരത്തെ പൗലോസ് തള്ളിപ്പറയുന്നില്ല. മറിച്ച്, അതിന്റെ മേന്മകൾ ധാരാളമായി സൂചിപ്പിച്ചിരിക്കുന്നു. 1) അത് ദൈവത്തോടുള്ള പ്രാർത്ഥനയാണ് (14:2). 2) അതിലൂടെ പ്രാർത്ഥിക്കുന്ന വ്യക്തിക്ക് ഉത്ക്കർഷം ഉണ്ടാകുന്നു (14:4). 3) വ്യാഖ്യാനിക്കുന്നെങ്കിൽ അതിന് പ്രവചനത്തിന്റെതന്നെ ഫലമുണ്ടാകുന്നു (14:5). 4) സഭയിലെ എല്ലാവരും ഭാഷാവരം ഉപയോഗപ്പെടുത്തിയിരുന്നെങ്കിൽ എന്ന് പൗലോസ് ആശിക്കുന്നു (14:5). 5) പൗലോസ്തന്നെ, താൻ മറ്റുള്ളവരേക്കാൾ അധികമായി ഭാഷാവരത്തിൽ സംസാരിക്കുന്നു എന്നതിൽ ദൈവത്തിനു നന്ദിപറയുന്നു (14:18). 6) ഭാഷാവരത്തിൽ സംസാരിക്കുന്നവരെ നിരോധിക്കേണ്ട (14:39); അതും തീക്ഷ്ണതയോടെ ആഗ്രഹിക്കേണ്ട വരങ്ങളിലൊന്നാണ് (14:1). 7). പൗലോസ് ഭാഷാവരത്തെ നിരുത്സാഹപ്പെടുത്താനല്ല നിയന്ത്രിക്കാനാണ് ശ്രമിക്കുന്നത്.

ഭാഷാവരത്തിലുള്ള സംഭാഷണം സഭാസമൂഹത്തെ പടുത്തുയർത്തുവാൻ ഉപകരിക്കുന്നില്ല (14:6-19). സഭാംഗങ്ങൾ എല്ലാവരും ആത്മീയകാര്യങ്ങളിൽ ഉത്സുകരായതുകൊണ്ട് സഭയുടെ ഉത്കർഷത്തിനാണ് യത്നിക്കേണ്ടത് (14:12). വ്യക്തമായി ചിട്ടപ്പെടുത്താത്ത സ്വരങ്ങൾ അർത്ഥശൂന്യമാണ്. സംഗീതോപകരണങ്ങളുടെ സ്വരത്തെയും യുദ്ധത്തിന്റെ കാഹളം മുഴക്കലിനെയും ഉദാഹരണമായി ചൂണ്ടിക്കാട്ടുന്നു (14:7-8). "അതുപോലെതന്നെ നിങ്ങളുടെ കാര്യവും" (14:9-12) എന്ന് കോറിന്തോസിലെ സഭയിലെ അംഗങ്ങളെ ഓർമ്മപ്പെടുത്തുന്നു. ആർക്കും മനസ്സിലാകാത്ത ഭാഷയിൽ സംസാരിക്കുന്നയാൾ സുബോധമില്ലാത്തയാളെപ്പോലെയാണ് പെരുമാറുന്നത് (14:9 -23).

പറയുന്നവരും കേൾക്കുന്നവരും പരസ്പരം മനസ്സിലാക്കുന്നില്ലെങ്കിൽ ഇരുകൂട്ടരും പരസ്പരം വിദേശികളെപ്പോലെയാണ്; അന്യരാണ് (14:11). മറ്റുഭാഷകളുമായി പൗലോസ് ഭാഷാവരത്തെ താരതമ്യം ചെയ്യുന്നതുകൊണ്ട് ചില വ്യാഖ്യാതാക്കൾ ഭാഷാവരം മറ്റേതൊരു ഭാഷയും പോലെയാണെന്നും കേൾവിക്കാർക്ക് അതു മനസ്സിലാകുന്നില്ല എന്നേയുള്ളുവെന്നും കണക്കാക്കുന്നു. അപ്പ 2:1-11ലെ 'ഭാഷണ' വരത്തെ ഇക്കാര്യം വ്യക്തമാക്കാനായി ചൂണ്ടിക്കാണിക്കുകയും ചെയ്യുന്നു. എന്നാൽ ആദ്യപെന്തക്കുസ്തായിലെ പ്രതിഭാസം തികച്ചും വിഭിന്നമായ ഒന്നാണ്. കോറിന്തോസിലെ ഭാഷാവരവുമായി ഇതിനു സാമ്യമില്ല. പൗലോസ് വിദേശഭാഷയുടെ കാര്യം പറഞ്ഞിരിക്കുന്നത് അന്യഭാഷ പോലെയാണ് എന്ന് സ്ഥാപിക്കാനാണ്. കേൾവിക്കാർക്ക് മനസ്സിലാക്കാൻ കഴിയുന്നില്ല എന്നതാണ് ഇവിടെ പൊതുവായുള്ളത്. അപ്പസ്തോല പ്രവർത്തനങ്ങളിലെ 'വിവിധഭാഷകൾ' പോലെ മറ്റുള്ളവർക്കു മനസ്സിലാക്കാനുള്ള ഭാഷയല്ലിവിടെ. അവ ആത്മാവിന്റെ രഹസ്യങ്ങളാണ്; ദൈവത്തോടാണതു സംവദിക്കുന്നത് (14:2; റോമാ 8:26-27). പറയുന്നവരെയാണത് വളർത്തുന്നത്.

പൗലോസുതന്നെ മറ്റെല്ലാവരേയുംകാൾ അധികമായി ഭാഷാവരത്തിൽ സംസാരിക്കുന്നുണ്ട് എന്ന സാക്ഷ്യപ്പെടുത്തലിൽനിന്ന് ഈ ആത്മീയദാനം ഉപകാരമില്ലാത്തതാണെന്നോ ഉപേക്ഷിക്കേണ്ടതാണെന്നോ അദ്ദേഹം കരുതുന്നില്ല എന്നു വ്യക്തമാണ്. എങ്കിലും *സഭയിൽ*, അതിന്റെ പരിപോഷണത്തിന് ഭാഷാവരത്തിലെ പതിനായിരം വാക്കുകളേക്കാൾ മറ്റുള്ളവർക്കു മനസ്സിലാക്കാവുന്ന അഞ്ചു വാക്കുകളാണ് പൗലോസ് താൽപര്യപ്പെടുന്നത് (14:19). പതിനായിരവും അഞ്ചും ഏറ്റവും കൂടുതൽ, ഏറ്റവും കുറവ് എന്ന അർത്ഥത്തിലാണ്. മറ്റുള്ളവർക്കു മനസ്സിലാകുക എന്നതും സഭയെ പടുത്തുയർത്തുക എന്നതുമാണ് പ്രധാനകാര്യം എന്ന് ഒരിക്കൽക്കൂടി വ്യക്തമാക്കുന്നു.

സഭാംഗങ്ങളുടെ പരിപോഷണത്തിനു ഉപയോഗപ്പെടുന്നില്ല എന്നു മാത്രമല്ല അവിശ്വാസികൾക്കും ഭാഷാവരം ഉപകാരത്തേക്കാൾ ദ്രോഹമാണ് ചെയ്യുന്നത് എന്ന് തുടർന്ന് സ്ഥാപിക്കുന്നു (14:20-25). 'ചിന്തയിൽ പക്വമതികളെപ്പോലെയാകാനുള്ള' ആഹ്വാനം 13:11 ന്റെ വെളിച്ചത്തിൽ മനസ്സിലാക്കാവുന്നതാണ്. എങ്കിലും ഇവിടെ ഭാഷാവരത്തിനു കോറിന്തോസുകാർ നൽകിയിരിക്കുന്ന അമിത പ്രാധാന്യമാണ് ചിന്താവിഷയം. കോറിന്തോസുകാരുടെ ബാലിശമായ പെരുമാറ്റം, ഭാഷാവരം അവരുടെ ആത്മീയമായ വളർച്ചയുടെയും ദൈവികബന്ധത്തിന്റെയും മാനദണ്ഡമായി കാണുന്നതിലാണ്. വരങ്ങളുടെ സമൃദ്ധിയല്ല, സ്നേഹത്തിന്റെ ജീവിതമാണ് ആത്മീയതയുടെ അളവുകോൽ എന്ന് അപ്പസ്തോലൻ മുമ്പേതന്നെ അവരെ ഉദ്ബോധിപ്പിച്ചതാണ്. ചിന്തയിൽ മാത്രമല്ല, സഭയിൽ ഭിന്നതകൾ സൃഷ്ടിച്ചുകൊണ്ട് പെരുമാറ്റത്തിലും അവർ ശിശുക്കളെപ്പോലെ പ്രവർത്തിക്കുന്നു (3:1-2).

നിയമത്തിൽ എഴുതപ്പെട്ടിരിക്കുന്നു (14:21) എന്ന മുഖവുരയോടെ ഏശ 28:11-12 അപ്പസ്തോലൻ ഉദ്ധരിക്കുന്നു. അന്യഭാഷയിൽ സംസാരിച്ചാലും അവർ അതു ഗ്രഹിക്കുകയില്ല എന്നു സ്ഥാപിക്കുകയാണിവിടെ. യഹൂദജനം അവിശ്വാസികളായി, ദൈവവഴികളിൽ നിന്നകന്നപ്പോൾ ദൈവം വിദേശീയരുടെ ഇടപെടലുകളിലൂടെ അവരെ തന്റെ വഴികൾ പഠിപ്പിച്ചു. എങ്കിലും അവർ അതു കൂട്ടാക്കാൻ തയ്യാറായില്ല എന്ന ചരിത്രപശ്ചാത്തലത്തിലേക്കാണ് പൗലോസ് കോറിന്തോസുകാരെ ക്ഷണിക്കുന്നത്. ഈ പ്രവചനഭാഗം, 'അവിശ്വാസികൾ' , 'മനസ്സിലാകാത്ത ഭാഷ' എന്നീ കാര്യങ്ങൾ മാത്രം കാണിക്കാനാണ് ഇവിടെ ഉദ്ധരിക്കുന്നത്. അവിശ്വാസികളായ യഹൂദർ അന്യഭാഷക്കാരിലൂടെ കർത്താവ് ഇടപെട്ടിട്ടും അതു തിരസ്കരിച്ചു. മനസ്സിലാകാത്ത ഭാഷ ദൈവം ഉപയോഗപ്പെടുത്തുന്നത് അവിശ്വാസികൾ മാനസാന്തരപ്പെടാനാണ്. കോറിന്തോസുകാർ മനസിലാകാത്ത ഭാഷ ഉപയോഗിച്ചു സംസാരിക്കുന്നതു അവിശ്വാസികൾ (ക്രൈസ്തവരല്ലാത്തവർ) കേട്ടാൽ അതു ഭ്രാന്താണന്നേ പറയൂ. എന്നാൽ അവർ മനസ്സിലാക്കുന്ന ഭാഷയിൽ സംസാരിച്ചാൽ (പ്രവചിച്ചാൽ) അത് അവരെയും മാനസാന്തരത്തിലേക്കും അതുവഴി സഭയിലേക്കും നയിക്കും. ദൈവം ഒരാൾക്കു നൽകുന്നതും സ്വഗതമായ സന്ദേശം നൽകപ്പെടുന്നതുമായ വചനങ്ങളാണ് പ്രവചനം. ആരാധനാവേളയിൽ വിശ്വാസികൾക്ക് അവരുടെ ഉന്നമനത്തിനായാണ് പരിശുദ്ധാത്മാവ് പ്രവചനം നൽകുന്നത്. ഇത്തരം സംസാരം കേൾവിക്കാരുടെ ഉത്കർഷത്തിനും പ്രോത്സാഹനത്തിനും ആശ്വാസത്തിനും (14:3) ഉപകരിക്കും. അതുവഴി അവർ തങ്ങളെത്തന്നെ വിധിക്കാനും പരിശോധിക്കാനും ഹൃദയ രഹസ്യങ്ങൾ വെളിപ്പെടുത്താനും (14:24) പഠിക്കാനും (14:31) അങ്ങനെ അവർ സാഷ്ടാംഗം വീണ് ദൈവത്തെ ആരാധിക്കാനും സഭയിലെ ദൈവിക സാന്നിദ്ധ്യം പ്രഘോഷിക്കാനും (14:25) കാരണമായിത്തീരും. ചുരുക്കത്തിൽ, ഭാഷാവരത്തിലുള്ള സംസാരമല്ല, പ്രവചനമാണ് കോറിന്തോസുകാർ കൂടുതലായി അഭിലഷിക്കേണ്ടത്.

**ആത്മീയ വരങ്ങളുടെ ഉപയോഗം (14:26-39)**

മൂന്നു ഖണ്ഡികകളായി തുടർന്നുള്ള ഭാഗത്തെ ക്രമീകരിച്ചിരിക്കുന്നു. ആദ്യഭാഗം (14:26-33) ഭാഷാവരത്തെയും പ്രവചനത്തെയും സംബന്ധിച്ച പ്രായോഗികനിർദ്ദേശങ്ങളാണ്. ആമുഖവാക്യം മുൻ ചർച്ചയുടെ നിലപാട് ഒരിക്കൽക്കൂടി ആവർത്തിക്കുന്നു (14:26). സഭാംഗങ്ങൾ ഓരോരുത്തർക്കും എന്തെങ്കിലും നൽകാനുണ്ടാകണം; എല്ലാം സഭയുടെ വളർച്ചയ്ക്ക് ഉപകരിക്കുകയും വേണം





(14:27-33). തുടർന്ന്, സ്ത്രീകൾ നിശബ്ദരായിരിക്കണം എന്ന വിഷയം സംബന്ധിച്ച ചില നിലപാടുകൾ ചേർത്തിരിക്കുന്നു (14:34 -36). കോറിന്തോസുകാർ വരങ്ങളെ വിലയിരുത്തിയതിൽ പിഴവുകൾ ഉണ്ടെന്നു മാത്രമല്ല, അപ്പസ്തോലന്റെ അധികാരത്തെ ചോദ്യം ചെയ്യുകകൂടി ചെയ്തിരിക്കാൻ ഇടയുണ്ട് എന്ന് സ്വാഭാവികമായും കരുതാവുന്നതാണ്. തന്റെ അപ്പസ്തോലാധികാരം ഒരിക്കൽക്കൂടി സ്ഥാപിച്ചുകൊണ്ട് സഭ സമ്മേളിക്കുമ്പോൾ അവശ്യം പുലർത്തേണ്ട മനോഭാവങ്ങളെ അവസാനമായി വീണ്ടും ഓർമ്മിപ്പിച്ചുകൊണ്ടും പൗലോസ് ഈ ചർച്ച അവസാനിപ്പിക്കുന്നു (37:40).

ആദ്യഖണ്ഡികയുടെ (14:26-33) ക്രമീകരണം താഴെ പറയുംവിധമാണ്. ആമുഖവാക്യത്തിനുശേഷം (14:26) ചില വ്യക്തമായ മാർഗ്ഗരേഖകൾ നിർദ്ദേശിക്കുന്നു. ഭാഷാവരത്തെയും വ്യാഖ്യാനത്തെയുംകുറിച്ചും (27:28) പ്രവചനത്തെയും വിവേചനത്തെയുംകുറിച്ചുമാണ് (29:31) ഇപ്രകാരം ചെയ്തിട്ടുള്ളത്. പ്രവചനവരത്തെ സംബന്ധിച്ച അവസാനഭാഗം (32-33) ആത്മീയദാനങ്ങളെ സംബന്ധിച്ച ചർച്ചയുടെ മുഴുവൻ (1 കോറി 12:14) സമാപന വാക്യങ്ങളായി കണക്കാക്കാവുന്നതാണ്.

ആദിമസഭയിലെ, വിശേഷിച്ച് കോറിന്തോസിലെ പ്രാർത്ഥനാ സമ്മേളനത്തിന്റെ മനോഹരമായ ഒരു ചിത്രം നൽകുന്ന വിവരണങ്ങൾ എന്ന നിലയിൽ ഈ വചനഭാഗം ഏറെ ശ്രദ്ധേയമാണ്. ഈ സമ്മേളനങ്ങൾ താരതമ്യേന അനൗപചാരിക ക്രമീകരണങ്ങൾ മാത്രമുള്ളവയായിരുന്നു. ഔദ്യോഗിക ക്രമീകരണങ്ങളും ചട്ടങ്ങളും കാലക്രമേണ ഉണ്ടായവയാണ്.

ആത്മീയദാനങ്ങളെ സംബന്ധിച്ച കാര്യങ്ങളിൽ കോറിന്തോസുകാർക്ക് വ്യക്തമായ കാഴ്ചപ്പാടു നൽകുന്ന മൂന്ന് അദ്ധ്യായങ്ങളുടെ സമാപനം 26-ാം വാക്യത്തോടെ ആരംഭിക്കുന്നു. 'ഓരോരുത്തർക്കും' എന്നതിൽനിന്ന് എല്ലാ വ്യക്തികൾക്കും എന്തെങ്കിലും സവിശേഷ വരം ഉണ്ടായിരുന്നു എന്നു മനസ്സിലാക്കേണ്ടതില്ല. ആത്മീയദാനങ്ങളുടെ പെരുമ മാത്രമേ ഇത് ശ്രദ്ധയിൽ കൊണ്ടുവരുന്നുള്ളൂ. മറ്റു അവസരങ്ങളിലെന്നപോലെ വരങ്ങളെ സംബന്ധിച്ച സമ്പൂർണ്ണപട്ടിക ഇവിടെയും ഉദ്ദേശിക്കുന്നില്ല. പ്രവചനം പട്ടികയിൽ ഉൾപ്പെടുന്നില്ല എന്നത് മന:പൂർവ്വമാകാനിടയില്ല. മാത്രവുമല്ല, 'വെളിപാട്' പ്രവചനത്തെത്തന്നെയാകാം അർത്ഥമാക്കുന്നത് എന്നു കണക്കാക്കാവുന്നതുമാണ് (14:30).

'സങ്കീർത്തനം' പഴയനിയമസങ്കീർത്തനത്തെ സൂചിപ്പിക്കുന്നു എന്നു വിചാരിക്കാനാവില്ല. ക്രിസ്തീയ ആരാധനയിൽ ധാരാളം

ഗാനങ്ങൾ ഉൾപ്പെട്ടിരുന്നു എന്നുകാണാം (14:15; മത്താ 26:30; എഫേ 5:19; കൊളോ 3:16). സഭാംഗങ്ങളിൽ ചിലർ ആത്മാവിൽ പ്രചോദിതരായി ഗാനങ്ങൾ ഒരുങ്ങി വന്നിരുന്നു എന്നോ പ്രാർത്ഥനാവേളയിൽ സ്വഗതമായി ആലപിച്ചിരുന്നുവെന്നോ കരുതാം. സാരോപദേശം, വെളിപാട് ഇവ സഭയെ പ്രബോധിപ്പിക്കാൻ ഏതെങ്കിലും വിഷയത്തെ സംബന്ധിച്ച് ചിലർക്ക് ദൈവം നൽകുന്ന സന്ദേശമാണ്. പ്രവചനത്തോടു സാമ്യമുള്ളതായിരുന്നിരിക്കണം ഈ പ്രബോധനരീതി. 'ഭാഷ' ഭാഷാവരത്തിലുള്ള വെളിപാടാണ്. ഇതിന്റെ വ്യാഖ്യാനവും പ്രാർത്ഥനാസമ്മേളനത്തിൽ ചിലർക്ക് ആത്മാവ് നൽകിയിരുന്നു.

ഭാഷാവരത്തെ സംബന്ധിച്ച നിബന്ധനയാണ് തുടർന്ന് നൽകുന്നത് (14:27-28). രണ്ടോ മൂന്നോ പേർക്ക് ക്രമമായി ഭാഷാവരത്തിൽ സംസാരിക്കാം. ഓരോന്നിനും, വ്യാഖ്യാനം നൽകാൻ വരമുള്ളയാൾ അതു നൽകുന്നു. വ്യാഖ്യാനിക്കുന്നയാൾ സഭയിൽ ഇല്ലെങ്കിൽ ഭാഷാവരമുള്ളയാൾ നിശബ്ദത പാലിക്കണം. ഭാഷാവരത്തിൽ സംസാരിച്ചയാളല്ല മറ്റൊരാളാണ് വ്യാഖ്യാനിക്കേണ്ടതെന്നും ഭാഷാവരം അനിയന്ത്രിതമായ സംസാരമല്ലെന്നും വ്യാഖ്യാതാവില്ലാത്തപ്പോൾ അയാൾക്ക് നിശബ്ദനായിരിക്കാമെന്നും അപ്പോൾ തങ്ങളോടുതന്നെയും ദൈവത്തോടും സംസാരിക്കുമെന്നും കാണാം. തങ്ങളോടുതന്നെയുള്ള സംസാരംവഴി പ്രവചനത്തിലൂടെ മറ്റുള്ളവർക്കു ലഭിക്കുന്നവിധം സ്വയം സമാശ്വാസവും ആത്മശോധനയുമെല്ലാം ലഭിക്കാം. ദൈവത്തോടുള്ള സംസാരം പ്രാർത്ഥനയായി കണക്കാക്കാം.

ഭാഷാവരത്തെ സംബന്ധിച്ചെന്നപോലെ പ്രവചനത്തിനും നിയന്ത്രണങ്ങൾ ആവശ്യമാണ്. രണ്ടോ മൂന്നോ പേർ പ്രവചിക്കുന്നു. മറ്റുള്ളവർ പ്രവചനത്തെ വിലയിരുത്തുന്നു. *വിവേചിക്കുക* എന്നതുകൊണ്ടർത്ഥമാക്കുന്നതിതാണ്. ഈ വചനങ്ങൾ അരൂപിയുടെ പ്രചോദനഫലമാണോ അഥവാ പ്രവാചകന്റെ മനോവികാരങ്ങളാണോ എന്ന വിവേചനയാകാമിത്. പറഞ്ഞകാര്യങ്ങൾ എപ്രകാരം പ്രായോഗികമാക്കാം എന്ന വിധത്തിലുള്ള ചിന്തകളുമാകാം. വിവേചിക്കുന്നവർ അവരുടെ ആലോചനകൾ സമൂഹത്തിൽ പറയുന്ന കാര്യം ഇവിടെ രേഖപ്പെടുത്തിയിട്ടില്ല, എങ്കിലും ഭാഷാവരം സംബന്ധിച്ച് വ്യാഖ്യാതാവിനുള്ള വിധത്തിൽത്തന്നെയാണ് വിവേചനത്തിന്റെ ധർമ്മവും എന്നു കണക്കാക്കാവുന്നതാണ്. 'മറ്റുള്ളവർ' എന്നു പൊതുവിൽ പറഞ്ഞിരിക്കുന്നതിനാൽ പ്രാർത്ഥനാസമൂഹത്തിലെ മറ്റു അംഗങ്ങളെയാവാം ഇവിടെ *വിവേചനം* നടത്താൻ 'ചുമതലപ്പെടുത്തുന്നത്'. ഭാഷാവരത്തിലുള്ള സംസാരം പോലെ





തന്നെ പ്രവചനവും മുൻകൂട്ടിതയ്യാറായ സന്ദേശമല്ല. കൂടിയിരിക്കുന്നവരിൽ 'ആർക്കെങ്കിലും വെളിപാട് ഉണ്ടായാൽ' എന്നത് ഇക്കാര്യത്തിലേക്കാണ് വിരൽചൂണ്ടുന്നത്. ആത്മാവ് ആ സമയം വെളിപ്പെടുത്തുന്നകാര്യമാണ് പ്രവാചകൻ സമൂഹത്തിന്റെ ഉത്കർഷത്തിനായി പ്രഖ്യാപിക്കുന്നത്.

പ്രവചനവും ഭാഷാവരവും അനിയന്ത്രിതമായതോ ക്രമരഹിതമായതോ അല്ല. ആത്മാവിന്റെ പൂർണ്ണനിയന്ത്രണത്തിലാണ് ഇവ സഭയിൽ ഉപയോഗിക്കപ്പെടുന്നത്. ദൈവം ഇപ്രകാരം ക്രമപ്പെടുത്തിയിരിക്കുന്നത് സഭാസമ്മേളനത്തിൽ ക്രമവും സമാധാനവും പുലരാനാണ്. പ്രാർത്ഥനാസമ്മേളനങ്ങൾ അനിശ്ചിതവും അനിയന്ത്രിതവുമല്ല. ദൈവാത്മാവിനോട് വിധേയപ്പെട്ട് ദൈവാത്മാവിനാൽ നയിക്കപ്പെടുന്നവർ സഭയുടെ ഉത്ക്കർഷത്തിനായി ചെയ്യുന്ന വിശുദ്ധശുശ്രൂഷകളാണ് വരദാനങ്ങളെല്ലാം. സ്നേഹവും സമാധാനവും ആത്മാവിലുള്ള സന്തോഷവുമാണ് ഇത്തരത്തിലുള്ള സമ്മേളനങ്ങളിലൂടെ കൈവരുന്നത്.

സ്ത്രീകൾ സഭാസമ്മേളനങ്ങളിൽ നിശബ്ദരായിരിക്കുന്നതു സംബന്ധിച്ച ചർച്ചയാണ് തുടർന്നുവരുന്ന വാക്യങ്ങളിൽ (34-36). പൗലോസ് അപ്പസ്തോലൻ വളരെയേറെ തെറ്റിദ്ധരിക്കപ്പെടുകയും വ്യാഖ്യാതാക്കൾ വിവിധരീതിയിൽ വിശദീകരിക്കുകയും ചെയ്തിട്ടുള്ള വാക്യങ്ങളാണിവ. സ്ത്രീകളുടെ വസ്ത്രധാരണരീതിയെ സംബന്ധിച്ച ചർച്ചയിലെന്നപോലെ (11:2-16) ഇവിടെയും സ്ത്രീകൾക്ക് നിയന്ത്രണങ്ങൾ ഏർപ്പെടുത്തുന്ന വാക്യങ്ങളാണിവ എന്നാണ് എല്ലാ കാലഘട്ടത്തിലെയും ഭൂരിപക്ഷം വ്യാഖ്യാതാക്കളും കണക്കാക്കിയിട്ടുള്ളത്.

സഭയിൽ അടിമയെന്നോ സ്വതന്ത്രനെന്നോ പുരുഷനെന്നോ സ്ത്രീയെന്നോ യഹൂദനെന്നോ ഗ്രീക്കുകാരനെന്നോ വ്യത്യാസമില്ല എന്നു പഠിപ്പിക്കുന്ന (ഗലാ 3:28; 1 കോറി 12:13) അപ്പസ്തോലൻ ഇത്തരം ഒരു നിഷേധാത്മക നിലപാട് എടുക്കാനിടയില്ല എന്നു കരുതുന്ന വ്യാഖ്യാതാക്കളുണ്ട്. തങ്ങളുടെ വ്യാഖ്യാനം സ്ഥാപിക്കാനായി ഈ വാക്യങ്ങൾ പിന്നീട് കൂട്ടിച്ചേർക്കപ്പെട്ടവയാണ് എന്ന വിധത്തിൽ പരിഗണിക്കുകയാണ് ഇത്തരക്കാരിൽ പലരും. പിൽക്കാലലേഖനങ്ങളുടെ ചുവടുപിടിച്ച് (1തിമോ 2:11-14; 1 പത്രോ 3:3-5) പില്ക്കാലസഭയിലുണ്ടായിരിക്കാനിടയുള്ള ശക്തമായ നിലപാടുകൾ കോറിന്തോസ് ലേഖനത്തിന്റെ ഈ ഭാഗത്തു കൂട്ടിച്ചേർത്തതാകാമെന്ന് കരുതാമെങ്കിലും ഇതിന് വ്യക്തമായ തെളിവുകളില്ല. ചില പതിപ്പുകൾ ഈ വാക്യങ്ങൾ അധ്യായത്തിന്റെ അവസാനത്തിൽ

ചേർത്തിട്ടുള്ളത് ഈ നിലപാട് സ്വീകരിച്ചതിനാലാണ്.

ഈ വാക്യങ്ങളുടെ വ്യാഖ്യാനം പൗലോസിന്റെ ലേഖനങ്ങളുടെ പൊതുവായ പശ്ചാത്തലത്തിലും കോറിന്തോസ് ലേഖനത്തിന്റെ പ്രത്യേകമായ ശൈലിയിലും കണ്ടെത്തേണ്ടതുണ്ട്. "എല്ലാ സഭകളിലും പതിവുള്ളതുപോലെ" എന്ന ആമുഖം ചില സൂചനകൾ നൽകുന്നതാണ്. ഇത് ഇതിനു തൊട്ടുമുമ്പുള്ള വാക്യത്തോടു ചേർത്തു വായിക്കേണ്ടതാണ് എന്ന് കരുതുന്നവരുണ്ട്. അതിനനുസരിച്ച് "എല്ലാസഭകളിലും പതിവുള്ളതുപോലെ ദൈവം കോലാഹലത്തിന്റെ ദൈവമല്ല, സമാധാനത്തിന്റെ ദൈവമാണ്" (33) എന്നു വായിക്കുകയാണിവിടെ. എന്നാൽ ഇത് തികച്ചും യുക്തിരഹിതമായ ക്രമീകരണമാണ്. ദൈവത്തിന്റെ പ്രത്യേകതകൾ, അത് പ്രാർത്ഥനാസമ്മേളനത്തോടു ബന്ധപ്പെടുത്തിയാണെങ്കിൽപോലും, എല്ലാ സഭകളിലും ഉള്ളതുപോലെ എന്ന വിശേഷണത്തോടുകൂടി നൽകേണ്ടതില്ല. അതിനാൽ ഇപ്പോൾ ഉള്ള ക്രമം തന്നെ നാം പിന്തുടരുകയാണ്.

ഇതിന്റെ വ്യാഖ്യാനത്തിൽ പ്രധാനമായും മൂന്നു തരത്തിലുള്ള വിശദീകരണങ്ങൾ കാണാം. ഇവിടെ എല്ലാ സ്ത്രീകളെയും സംബന്ധിച്ചല്ല പറയുന്നതെന്നും വിവാഹിതകളെ സംബന്ധിച്ചുമാത്രമാണിതെന്നും ചിലർ മനസ്സിലാക്കുന്നു. *അവർ എന്തെങ്കിലും പഠിക്കാൻ ആഗ്രഹിക്കുന്നെങ്കിൽ വീട്ടിൽ വച്ചു ഭർത്താക്കന്മാരോടു ചോദിച്ചുകൊള്ളട്ടെ* എന്നതിൽനിന്നാണ് ഭർത്താവുള്ളവരെ സംബന്ധിച്ചു മാത്രമുള്ള ഒരു നിർദ്ദേശമാണിത് എന്ന് കണക്കാക്കുന്നത്. എന്നാൽ സഭയിൽ ഭർത്താവുള്ളവരും ഇല്ലാത്തവരും എന്നതരത്തിൽ വേർതിരിവുകൾ എന്നെങ്കിലും ഉണ്ടായിരുന്നതിനു തെളിവുകളില്ല.

മറ്റൊരു വ്യാഖ്യാനം ഇവിടെ സംസാരിക്കുക എന്നതിന് ഉപയോഗിച്ചിരിക്കുന്ന വാക്കിനെ അടിസ്ഥാനപ്പെടുത്തിയാണ്. സ്ത്രീക്ക് സഭയിൽ പ്രാർത്ഥിക്കാനും പ്രവചിക്കാനും അവസരം ഉണ്ടെന്നിരിക്കേ മറ്റു സംസാരങ്ങളെല്ലാം നിരോധിക്കുന്നതാണ് ഈ വാക്കുകൾ. ഈ രണ്ടു വാക്യങ്ങളിൽ സംസാരിക്കുക എന്നതിന് അപ്പസ്തോലൻ ഉപയോഗിച്ചിരിക്കുന്ന ഗ്രീക്കുവാക്കു 'ലലേയിൻ' എന്നാണ്. ഒച്ചവയ്ക്കുക, വർത്തമാനം പറയുക എന്ന വിധമാണ് ഇതിന്റെ അർത്ഥം. അർത്ഥപൂർണ്ണമായ ഏതെങ്കിലും കാര്യം സംസാരിക്കുന്നതിന് പൗലോസ് സാധാരണ ഉപയോഗിക്കുന്ന വാക്ക് 'ലേഗേയിൻ' എന്നാണ്. ആയതിനാൽ ഇവിടെ സഭാസമ്മേളനത്തിൽ അനാവശ്യമായ സംസാരത്തിൽ ഏർപ്പെടുന്ന സ്ത്രീകളെ തിരുത്തുകയാണിവിടെ ചെയ്യുന്നത്. അവർ പ്രവചിക്കാനോ, പ്രാർത്ഥിക്കാനോ, പഠിപ്പിക്കാനോ പാടില്ല എന്നു പറയുകയല്ല. സ്ത്രീകളുടെ സംസാരം സഭയിൽ നൽകിയ പ്രബോധനത്തെ സംബന്ധിച്ച സംശയങ്ങളാകാനും സാധ്യതയുണ്ട്. മുമ്പ് ഇത്തരം പഠനങ്ങൾ ലഭിച്ചിട്ടില്ലാത്തവർക്ക് പ്രബോധനസമയത്ത് സംശയങ്ങൾ തീർക്കാൻ അവകാശമുണ്ടാകണം എന്ന് ആരെങ്കിലും ആവശ്യപ്പെട്ടിരിക്കാം. എന്നാൽ അത്തരം സംശയങ്ങൾ അവർ തങ്ങളുടെ വീടുകളിൽവച്ച് ഭർത്താക്കന്മാരോട് ചോദിച്ചു മനസ്സിലാക്കേണ്ടതാണ്. അവർ മുമ്പുതന്നെ വചനം പഠിച്ചിട്ടുള്ളതിനാൽ അവർക്കതിനു കഴിയും എന്നാണ് പൗലോസ് പറയുന്നത്. ഈ നിലപാടിന് നിയമത്തിന്റെ പിൻബലവും ഒരു റബ്ബിയെപ്പോലെ പൗലോസ് നൽകുന്നു. പൗലോസ് നേരിട്ട് പറയാതെ കത്തിലൂടെ നൽകുന്ന തിരുത്തൽ ആയതിനാൽ ഈ വ്യാഖ്യാനവും സ്വീകാര്യമല്ല.

എല്ലാ സഭകളിലും പതിവുള്ളതുപോലെ എന്നു തുടങ്ങുന്ന 34,35 വാക്യങ്ങൾ പൗലോസിന്റെതല്ല, കോറിന്തോസുകാരുടെ കത്തിൽ നിന്നുള്ള അവരുടെ നിലപാട് അപ്പസ്തോലൻ എടുത്തുചേർക്കുന്നതാണ് എന്ന വ്യാഖ്യാനമാണിവിടെ സ്വീകരിക്കുന്നത്. കോറിന്തോസിലെ സഭയിലും (മറ്റുസഭകളിൽ നിലനിൽക്കുന്നതുപോലെ!) സ്ത്രീകൾക്കു ചില നിയന്ത്രണങ്ങൾ സഭാസമ്മേളനങ്ങളിൽ ഏർപ്പെടുത്തേണ്ടതുണ്ട് എന്ന് കോറിന്തോസിൽ ചിലർക്കെങ്കിലും അഭിപ്രായമുണ്ടായിരുന്നിരിക്കണം. ഇക്കാര്യത്തിൽ പൗലോസിൽനിന്ന് ഒരു തീരുമാനം ലഭിക്കാൻ അവർക്കു താൽപര്യവുമുണ്ടായിരുന്നു. ഇത് കത്തിലൂടെ ചോദിക്കുകയും പൗലോസ് സഭാസമ്മേളനങ്ങളെക്കുറിച്ചുള്ള വിഷയങ്ങൾ സമാപിപ്പിക്കുന്നതിന് തൊട്ടുമുമ്പായി മറുപടി പറയുകയും ചെയ്യുന്നു.

ഇത്തരത്തിൽ കണക്കാക്കുന്ന പക്ഷം 34:35 വാക്യങ്ങൾ പൗലോസിന്റേതല്ല, കോറിന്തോസുകാരുടേതാണ്. 'സ്ത്രീക്ക് ഉചിതമല്ല' എന്ന നിലപാട് നീണ്ട മുടിയുടെ കാര്യത്തിലും അവർ സ്വീകരിച്ചതാണ്. അതേ വാക്കുതന്നെ ഇക്കാര്യത്തിലും അവർ ഉപയോഗിക്കുന്നു. 'നിയമം അനുശാസിക്കുന്നതുപോലെ' എന്ന പരാമർശം യഹൂദ ചിന്തയുടെ സ്വാധീനമുള്ള ചിലരാണ് ഈ നിലപാടുമായി പൗലോസിനെ സമീപിക്കുന്നത് എന്നതിലേക്കാണ് വിരൽ ചൂണ്ടുന്നത്. യഹൂദമതസമ്മേളനങ്ങളിൽ സ്ത്രീകൾക്ക് കുറഞ്ഞ സ്വാതന്ത്ര്യമേ ഉണ്ടായിരുന്നുള്ളൂ. മാത്രവുമല്ല, നിയമത്തിന്റെ ആധികാരികത എടുത്തുകാട്ടി തങ്ങളുടെ നിലപാട് ഉറപ്പിക്കാൻ ശ്രമിക്കുന്നത് പൗലോസെന്നതിനേക്കാൾ മറ്റാരെങ്കിലുമാകാനാണ് സാധ്യത.

യേശുക്രിസ്തുവിന്റെ നിയമം ആഗതമായതോടെ 'യഹൂദനിയമങ്ങൾ' അപ്രസക്തമായി എന്ന നിലപാടാണ് അപ്പസ്തോലൻ തന്റെ പഠനങ്ങളിൽ പൊതുവായി സ്വീകരിച്ചിട്ടുള്ളതും.

എന്താണ് ഇക്കാര്യത്തിൽ പൗലോസ് കൊടുത്ത മറുപടി എന്നത് കൂടുതൽ ശ്രദ്ധേയമാണ്. കോറിന്തോസുകാരുടെ നിലപാടിനെ പിന്താങ്ങുന്നതായി ഇവിടെ കാണുന്നില്ല. നേരിട്ട് ഒരു ഉത്തരം നൽകുന്നുമില്ല. മറിച്ച് തികച്ചും പ്രഭാഷണശൈലിയിൽ രണ്ടു മറു ചോദ്യങ്ങൾ അവരോട് ചോദിക്കുകയാണ് (36). ഈ ചോദ്യങ്ങളുടെ രണ്ടിന്റെയും ഉത്തരം "അല്ല" എന്നാണ്.

ഈ ചോദ്യങ്ങൾ കോറിന്തോസിൽ തങ്ങളുടെ അവകാശം (പ്രവചിക്കാനും പഠിപ്പിക്കാനും) സ്ഥാപിക്കാൻ ആഗ്രഹിച്ച സ്ത്രീകളോടാണ് എന്നാണ് പൊതുവേ മനസ്സിലാക്കിവച്ചിട്ടുള്ളത്. എന്നാൽ സ്ത്രീകൾ സഭയിൽ ഇത്തരം ഒരു അവകാശമുന്നയിച്ചിരുന്നു എന്നു കരുതേണ്ടതില്ല. കാരണം, പ്രവചനവും പ്രബോധനവും ഭാഷാവരവുമെല്ലാം പുരുഷന്മാർക്കു മാത്രമുള്ളതായി പൗലോസ് ഒരിടത്തും പഠിപ്പിക്കുന്നില്ല. എല്ലാ സഭാംഗങ്ങൾക്കും ഇതിനെല്ലാം അവകാശം ഉണ്ടായിരുന്നു. ഈ ചോദ്യത്തിലെ വാക്കുകൾ പരിശോധിക്കുമ്പോൾ സ്ത്രീകളോടല്ല, പുരുഷന്മാരോടാണ് ഈ ചോദ്യങ്ങൾ. ഗ്രീക്കിൽ 'നിങ്ങൾക്കു മാത്രമാണോ (14:36) എന്നത് പുല്ലിംഗമാണ്. അങ്ങനെയെങ്കിൽ ഈ വാക്യങ്ങളെ താഴെപറയുന്നതുപോലെ വേണം മനസ്സിലാക്കാൻ "(നിങ്ങൾ പുരുഷന്മാർ പറയുന്നു:) വിശുദ്ധരുടെ എല്ലാ സഭകളിലും...എന്ത്! നിങ്ങളിൽ (പുരുഷന്മാരിൽ) നിന്നാണോ ദൈവവചനത്തിന്റെ ഉത്ഭവം. അതോ ദൈവവചനം സ്വീകരിക്കാൻ സാധിച്ചത് നിങ്ങൾക്കു (പുരുഷന്മാർക്ക്) മാത്രമാണോ? *എന്ത്* എന്നു ചോദിച്ചാണ് ഈ വാക്കുകൾ ആരംഭിക്കുന്നത്. കോറിന്തോസുകാരുടെ നിലപാട് തനിക്ക് സ്വീകാര്യമല്ല എന്നാണ് ഇവിടെ "എന്ത്" എന്നതിൽനിന്നുള്ള സൂചന. ഈ രണ്ടു ചോദ്യത്തിലും "അല്ല" എന്നുതന്നെ പുരുഷന്മാർ മറുപടി പറയണം. എങ്കിൽ, ദൈവവചനത്തിന്റെ കുത്തകാവകാശമോ, സഭയിൽ എന്തെങ്കിലും പ്രത്യേക സ്ഥാനമോ നിങ്ങൾക്കില്ല. സ്ത്രീകൾക്കും നിങ്ങളെപ്പോലെതന്നെ സഭയിൽ സംസാരിക്കാനും പ്രവചിക്കാനും പഠിപ്പിക്കാനും അവകാശമുണ്ട്. അവരെ തടയേണ്ടതില്ല എന്നാണ് അപ്പസ്തോലന്റെ നിലപാട്.

സ്ത്രീകൾക്ക് സഭയുടെ ജീവിതത്തിലും സഭാഭരണത്തിലും ഭാഗഭാഗിത്വം നൽകാതിരിക്കുന്നതിനും അവരുടെ വസ്ത്രധാരണം, ആഭരണാലങ്കാരങ്ങൾ ഇവയെ അവമതിക്കുന്നതിനും പല പ്രസംഗകരും





സഭാനേതാക്കന്മാർതന്നെയും, പൗലോസ് അപ്പസ്തോലൻ കോറിന്തോസുകാർക്ക് ഇപ്രകാരം കൽപന കൊടുത്തിരിക്കുന്നു എന്നു പറഞ്ഞാണ് തങ്ങളുടെ നിലപാടുകൾ സമർത്ഥിക്കുന്നത്. എന്നാൽ ഇതൊന്നുംതന്നെ പൗലോസിന്റെ നിലപാടായിരുന്നില്ല, മറിച്ച് പാരമ്പര്യവാദികളും കപടനാട്യക്കാരുമായ കോറിന്തോസിലെ ചിലരുടെ നിലപാടുകളായിരുന്നു എന്ന് തിരിച്ചറിയുന്നത് നല്ലതാണ്. സ്ത്രീകളുടെ തുല്യതയ്ക്കുവേണ്ടിയാണ് പൗലോസ് എപ്പോഴും നിലകൊണ്ടിട്ടുള്ളത്.

**ദൈവകൽപനയായി അംഗീകരിച്ചേ പറ്റൂ (14:37-40):** ഭാഷാവരത്തോട് കോറിന്തോസുകാർക്കുണ്ടായിരുന്ന അമിതാഭിമുഖ്യത്തിനും അതുമൂലം സഭാസമ്മേളനങ്ങളിൽ രൂപപ്പെട്ട അരക്ഷിതാവസ്ഥയ്ക്കും ക്രമമില്ലായ്മയ്ക്കും എതിരേ പൗലോസ് തന്റെ വ്യക്തവും സുചിന്തിതവുമായ നിലപാടു വ്യക്തമാക്കുകയും പ്രായോഗിക നിർദ്ദേശങ്ങളും ക്രമീകരണങ്ങളും നൽകുകയും ചെയ്തു. ആത്മീയരാകുക എന്നാൽ എന്താണ് എന്നതിലായിരുന്നു കോറിന്തോസുകാരുടെ പ്രധാന തെറ്റിദ്ധാരണ എന്ന് ലേഖനത്തിലുടനീളം പൗലോസിന്റെ ശ്രദ്ധാപൂർവ്വമായ പ്രബോധനങ്ങളിൽനിന്ന് വ്യക്തമാകും.

ഭാഷാവരത്തിൽ സംസാരിക്കുന്നതാണ് തങ്ങൾ ആത്മീയതലത്തിലാണ് വ്യാപരിക്കുന്നത് എന്നതിന്റെ വ്യക്തമായ ലക്ഷണം എന്ന് കോറിന്തോസുകാർ കരുതി. അക്കാരണത്താൽതന്നെ ഈ വരം ലഭിക്കാനും ഉപയോഗിക്കാനും അവർ വലിയ തീക്ഷ്ണത കാണിച്ചു. തങ്ങൾ പൗലോസിനോട് എഴുതിച്ചോദിച്ച കാര്യങ്ങളിൽ അവരുടെ ഈ നിലപാട് സ്ഥാപിക്കാൻ ശ്രമിക്കുകയും പൗലോസിന് ആത്മീയത കുറവാണ് എന്ന മട്ടിൽ കാണുകയും ചെയ്തു. പൗലോസ് തന്നെ ന്യായീകരിച്ചു മറുപടി നൽകുന്നതിൽനിന്ന് (14:6 ;15:18) ഈ ആരോപണത്തിന്റെ സാധ്യത കണ്ടെത്താവുന്നതാണ്.

പൗലോസ് ഈ സാഹചര്യങ്ങൾ എല്ലാം പരിഗണിച്ച് മറുപടി നല്കുന്നു. രണ്ടു കാര്യങ്ങളാണ് അദ്ദേഹം അടിവരയിട്ട് പഠിപ്പിക്കുന്നത് : ഒന്നാമതായി കോറിന്തോസിലെ സഭാസമൂഹം ആത്മാവിന്റെ വിവിധങ്ങളായ വരങ്ങളാൽ സമ്പന്നമാണ്. ആത്മാവിന്റെ വെളിപ്പെടുത്തലാണതു വ്യക്തമാക്കുന്നത്. എല്ലാവർക്കും നൽകപ്പെടുന്ന ഇത്തരം ആത്മീയദാനങ്ങൾ പൊതുനന്മയ്ക്കായി ഉപയോഗപ്പെടുത്തണം. രണ്ടാമതായി, സഭയുടെ ഉത്ക്കർഷം പ്രധാന ലക്ഷ്യമായിരിക്കേ പ്രവചനമാണ് കൂടുതലായി പരിപോഷിപ്പിക്കപ്പെടേണ്ടത്. സഭാംഗങ്ങൾക്ക് മനസ്സിലാകുന്നതും ക്രമമായി സഭാസമ്മേളനം

നടത്താൻ കഴിയുന്നതുമായ വിധത്തിലാണ് ഓരോ ആത്മീയദാനവും ഉപയോഗപ്പെടുത്തേണ്ടത്. എല്ലാ പ്രവർത്തനങ്ങളുടെയും പിന്നിൽ സ്നേഹമുള്ള സഭാംഗമായിരിക്കുക എന്നതാണ് സുപ്രധാനം.

"ആരെങ്കിലും...കരുതുന്നെങ്കിൽ" എന്നത് എതിർത്തു നിൽക്കുന്നവർക്കു നേരേ നേരിട്ടുള്ള പ്രതിരോധമാണ് (3:18; 8:2). പ്രവാചകർ എന്നു കരുതിയിരുന്നവർക്കും ഭാഷാവരം ഉള്ളതിനാൽ ആത്മീയരാണ് തങ്ങൾ എന്ന് കരുതിയിരുന്നവർക്കും ഒരുപോലെയുള്ള മറുപടിയാണിത്. ഇരുകൂട്ടരും തന്റെ പ്രബോധനത്തെ കർത്താവിന്റെ കൽപനയായി അംഗീകരിക്കണം. അപ്പസ്തോലൻ എന്ന തന്റെ അധികാരമാണ് പൗലോസ് ഇവിടെ പ്രയോഗിക്കുന്നത്. കർത്താവിന്റെ നാമത്തിലും അവിടുത്തെ അധികാരത്തിലുമാണ് അപ്പസ്തോലന്മാർ പ്രബോധനങ്ങൾ നല്കുന്നത്. ഇത് അംഗീകരിക്കാത്തവർ 'അംഗീകരിക്കപ്പെടില്ല' എന്നതു സഭ അവരെ അംഗീകരിക്കില്ല എന്നോ ദൈവത്തിന്റെ മുമ്പിൽ അംഗീകരിക്കപ്പെടില്ല എന്നോ അർത്ഥമാകാം. രണ്ടാമത്തെ അർത്ഥമാകാനാണ് കൂടുതൽ സാധ്യത.

സുദീർഘമായ ചർച്ച പൗലോസ് അവസാനിപ്പിച്ചത് കൃത്യമായ രണ്ടു നിർദ്ദേശങ്ങളോടെയാണ് (14:39). പ്രവചനവരത്തിന്റെ പ്രാധാന്യം നിലനിർത്തിക്കൊണ്ട് (14:1-5) അതിനായി തീക്ഷ്ണമായി അഭിലഷിക്കാൻ ആഹ്വാനം ചെയ്യുന്നു. ഭാഷാവരത്തോടെ സംസാരിക്കുന്നവരെ 'തടയേണ്ട' എന്നത് ഭാഷാവരം സഹിഷ്ണുതാപൂർവ്വം കാണുന്നു എന്നാണ് വ്യക്തമാക്കുന്നത്. അത് പ്രോത്സാഹിപ്പിക്കേണ്ട കാര്യമല്ല. എങ്കിലും അതുള്ളവരോട് സഭ സഹിഷ്ണുതാപൂർവ്വം പെരുമാറണം. "എല്ലാം ഉചിതമായും ക്രമമായും ചെയ്യുക" എന്നത് എല്ലാക്കാലത്തേക്കും എല്ലാക്കാര്യത്തിലുമുള്ള നിയമമാണ്. ഇവിടുത്തെ ചർച്ചാവിഷയത്തിന്റെ പശ്ചാത്തലത്തിൽ ആരാധനക്രമസംബന്ധിയായ കാര്യങ്ങളിൽ പാലിക്കപ്പെടേണ്ട സുവർണ്ണനിയമമിതാണ്.



# 14

## മരണാനന്തര ജീവിതം - അജപാലന നിർദ്ദേശങ്ങൾ

മരണാനന്തര ജീവിതത്തെക്കുറിച്ചാണ് വിശ്വാസികൾക്കിടയിൽ ഏറ്റവും അധികം സംശയങ്ങൾ നിലവിലുള്ളത്. യുഗാന്ത്യപരമായ ആശങ്കകൾക്ക് കൃത്യവും വ്യക്തവുമായ ഉത്തരം നൽകാൻ അജപാലകരെ പ്രാപ്തരാക്കുന്നതാണ് 1 കോറി 15:1-58 ലെ വിവരണം.

ഉയിർപ്പിനെ സംബന്ധിച്ച ആധികാരിക പഠനം ഉൾക്കൊള്ളുന്ന ഈ അധ്യായത്തോടെ ഒന്നാം കോറിന്തോസ് ലേഖനത്തിലെ പ്രധാനചർച്ചകൾ അതിന്റെ പരിസമാപ്തിയിലെത്തുന്നു. ചില കോറിന്തോസുകാർ 'മരിച്ചവരുടെ പുനരുത്ഥാനം ഇല്ല' എന്നു പഠിപ്പിച്ചിരുന്നു എന്ന് പൗലോസിന്റെ വാക്കുകളിൽനിന്നുതന്നെ മനസ്സിലാക്കാം (15:12). അത്തരം ഒരു നിലപാട് ഒരു നിമിഷത്തേക്കുപോലും വച്ചുപൊറുപ്പിക്കാൻ കഴിയില്ല എന്നു പൗലോസ് തറപ്പിച്ചു പറയുന്നു. കാരണം, ഉയിർപ്പ് ക്രിസ്തീയജീവിതത്തിന്റെ അടിത്തറതന്നെയാണ്. ക്രിസ്ത്യാനി മരിച്ചവരിൽനിന്ന് ഉയിർപ്പിക്കപ്പെടുന്നില്ലെങ്കിൽ *അവർ എല്ലാ മനുഷ്യരേയുംകാൾ നിർഭാഗ്യരാണ്* (15:19).

അടിസ്ഥാനത്തിൽനിന്നുതന്നെ പൗലോസ് തന്റെ വാദഗതികൾ ആരംഭിക്കുന്നു. ക്രിസ്തുവിന്റെ ഉയിർപ്പ് സുവിശേഷത്തിന്റെതന്നെ അടിത്തറയാണെങ്കിൽ, ക്രിസ്തു ഉയിർത്തതുപോലെ ക്രിസ്ത്യാനിയും

ഉയിർക്കും. തന്റെ വാദഗതിക്കെതിരേയുള്ള ഓരോ നിലപാടുകളേയും ഒന്നൊന്നായി അപഗ്രഥിച്ച് അവയോരോന്നും അടിസ്ഥാനരഹിതമാണെന്ന് തെളിയിച്ചുകൊണ്ടാണ് പൗലോസ് ക്രിസ്തീയ വിശ്വാസത്തിന്റെ ഈ അടിസ്ഥാനനിലപാട് ഉറപ്പിക്കുന്നത്. ഉയിർപ്പിനെ സംബന്ധിച്ച എക്കാലത്തെയും ഏറ്റവും നിർണ്ണായകമായ ദൈവശാസ്ത്രചർച്ചയാണ് ഈ അദ്ധ്യായം.

എന്തുകൊണ്ടാണ് ചില കോറിന്തോസുകാർ പുനരുത്ഥാനം ഇല്ല എന്ന നിലപാടെടുത്തത് എന്നു വ്യക്തമല്ല. ചില സാധ്യതകൾ വ്യാഖ്യാതാക്കൾ ചൂണ്ടിക്കാണിക്കാറുണ്ട്. 1. ഗ്രീക്കു തത്ത്വചിന്തയുടെ അടിസ്ഥാനത്തിൽ, ആത്മാവ് അനശ്വരമാണെന്നും ശരീരം മരണത്തോടെ നശിക്കുമെന്നും ചിലർ വാദിച്ചിരിക്കാം. 2. ജ്ഞാനവാദത്തിന്റെ സ്വാധീനം കോറിന്തോസിൽ ഉണ്ടാകാൻ സാധ്യതയുണ്ട്. ജ്ഞാനവാദികൾ ആത്മീയമായ ഉത്ഥാനം മാത്രമേ അംഗീകരിക്കുന്നുള്ളൂ. 3. കോറിന്തോസിലെ ക്രിസ്ത്യാനികൾ, പൗലോസിന്റെതന്നെ പഠനത്തിന്റെ തെറ്റായ വ്യാഖ്യാനംവഴി, തങ്ങൾ ക്രിസ്തുവിനോടുകൂടി മരിച്ച് ഉയിർത്തുകഴിഞ്ഞിരിക്കുന്നെന്നും മാമ്മോദീസ സ്വീകരിച്ചപ്പോൾ പുതിയ ജീവിതത്തിലേക്ക് കടന്നിരിക്കുന്നെന്നും കരുതിയിരിക്കാം. ആത്മീയദാനങ്ങളും 'മാലാഖമാരുടെ' ജീവിതശൈലികളും സ്വീകരിക്കാൻ അവരെ പ്രേരിപ്പിച്ചതും ഈ വ്യാഖ്യാനമാകാം. 4. കർത്താവിന്റെ ആഗമനം തങ്ങളുടെ മരണത്തിന്മുമ്പ് സംഭവിക്കും എന്ന വിശ്വാസത്തിൽ തങ്ങൾക്ക് മരണമോ ഉയിർപ്പോ ഉണ്ടാകില്ല എന്ന് ചിലർ കരുതിയിരിക്കാം. മേൽപറഞ്ഞ ഏതു കാഴ്ചപ്പാടാണ് ഉയിർപ്പില്ല എന്ന നിലപാടെടുക്കാൻ ചില കോറിന്തോസുകാരെ പ്രേരിപ്പിച്ചത് എന്ന് വ്യക്തമായി പറയാൻ സാധിക്കില്ല.

മൂന്നു ഭാഗമായാണ് പൗലോസ് തന്റെ പഠനം അവതരിപ്പിക്കുന്നത്. ക്രിസ്തു മരിച്ചവരിൽനിന്ന് ഉയിർത്തു എന്ന അടിസ്ഥാനകാര്യമാണ് അദ്ദേഹം ആദ്യമായി സ്ഥാപിക്കുന്നത്. ക്രിസ്തുവിന്റെ മരണവും ഉയിർപ്പും സംശയലേശമെന്യേ വ്യക്തമാക്കിക്കൊണ്ടാണ് മരിച്ചവർ ഉയിർക്കും എന്ന് പൗലോസ് അവകാശപ്പെടുന്നത് (15:1–11). രണ്ടാമത്തെ ഭാഗത്ത് (15:12–34), ക്രിസ്തു ഉയിർത്തിട്ടില്ല എന്നും അതിനാൽ ക്രിസ്ത്യാനിക്കും ഉയിർപ്പുണ്ടാകില്ല എന്നുള്ള നിലപാടെടുത്താൽ സംഭവിക്കാവുന്ന പ്രത്യാഘാതങ്ങളെ അവതരിപ്പിച്ച് ഇതിനെതിരായ സാധ്യത ഉറപ്പിക്കുന്നു. ഉയിർപ്പില്ല എന്ന നിലപാട് എടുത്താൽ എന്തു സംഭവിക്കുമെന്നും (12:19) ക്രിസ്തു ഉയിർത്തെങ്കിൽ വിശ്വാസികൾക്കും ഉയിർപ്പുണ്ടെന്നും (20:28) അവരുടെ നിലപാടെടുത്താൻ താനും അവരും ചെയ്തുകൊണ്ടിരിക്കുന്ന കാര്യങ്ങൾ എത്രമാത്രം അർത്ഥശൂന്യമാണെന്നും (29:34) വ്യക്ത





മാക്കിക്കൊണ്ടാണ് ഉയിർപ്പുണ്ടെന്നു വാദിക്കുന്നത്. മൂന്നാമതായി, മരിച്ചവർ എങ്ങനെയാണ് ഉയിർക്കുക, അവരുടെ ഉത്ഥാനശരീരം എങ്ങനെയായിരിക്കും തുടങ്ങിയ കാര്യങ്ങൾ സവിസ്തരം ചർച്ച ചെയ്യുന്നു (35:58).

**ക്രിസ്തുവിന്റെ ഉത്ഥാനം (15:1–11)**

കോറിന്തോസുകാർ ക്രിസ്ത്യാനികൾ ആയപ്പോൾ താൻ അവരോട് പ്രസംഗിച്ചതും അവർ ഹൃദയപൂർവ്വം സ്വീകരിച്ചതുമായ സുവിശേഷത്തിന്റെ ഉള്ളടക്കം അവരെ അനുസ്മരിപ്പിച്ചുകൊണ്ടാണ് പൗലോസ് ചർച്ച ആരംഭിക്കുന്നത്. ഈ സുവിശേഷം പാരമ്പര്യത്തിൽനിന്ന് കിട്ടിയതും താനും അപ്പസ്തോലന്മാരും പ്രഘോഷിച്ചതുമാണ്. ഇതിന്റെ ഉള്ളടക്കം വ്യക്തമാണ്. 'ക്രിസ്തു നമ്മുടെ പാപങ്ങൾക്കായി മരിച്ചു സംസ്കരിക്കപ്പെട്ടു. മൂന്നാം ദിവസം ഉയിർത്തെഴുന്നേറ്റു. കേപ്പായ്ക്കും പിന്നീട് പന്ത്രണ്ടുപേർക്കും പ്രത്യക്ഷനായി. അതിനുശേഷം യാക്കോബിനും എല്ലാ അപ്പസ്തോലന്മാർക്കും കാണപ്പെട്ടു' (15:3–7). *എനിക്കു ലഭിച്ചതു സർവ്വപ്രധാനമായി കരുതി ഞാൻ നിങ്ങൾക്ക് ഏൽപ്പിച്ചു തന്നു* (15:3) എന്നത് പാരമ്പര്യത്തെയാണ് അർത്ഥമാക്കുന്നത്. വിശുദ്ധകുർബ്ബാനയെ സംബന്ധിച്ച പ്രബോധനത്തിലും സമാനമായ വാക്കുകൾ കാണാം (1 കോറി 11:23).

പൗലോസ് എന്തെങ്കിലും പുതിയ ഒരു കാര്യം നൽകുകയല്ല ചെയ്യുന്നത്; തനിക്കു കിട്ടിയത്, തന്നോട് പറയപ്പെട്ടത് കൈമാറുക മാത്രമാണിവിടെ. ഇതാണ് ആദിമസഭ പ്രഘോഷിച്ച സുവിശേഷം. ഇതിനെ സർവ്വപ്രധാനം എന്നു കണക്കാക്കി എന്ന പ്രസ്താവം ശ്രദ്ധേയമാണ്. ഉയിർപ്പാണ് ക്രിസ്തീയവിശ്വാസത്തിന്റെ ഏറ്റവും പ്രധാന അടിത്തറ. ക്രിസ്തു *നമ്മുടെ പാപങ്ങൾക്കുവേണ്ടി മരിച്ചു;* ഇത് എഴുതപ്പെട്ടിരുന്നവയുടെ പൂർത്തീകരണമാണ്; അവൻ *അടക്കപ്പെട്ടു.* ഇതു രണ്ടും ഉയിർപ്പിന്റെ മുന്നോടിയാണ്.

ക്രിസ്തു നമ്മുടെ *പാപങ്ങൾക്കുവേണ്ടി* മരിച്ചു എന്നത് ക്രിസ്തുവിന്റെ മരണത്തെ രക്ഷാകരമാക്കുന്നു. എശയ്യാ 53 ന്റെ പ്രതിധ്വനികൾ ഇവിടെ കാണാം. ആദിമസഭ യേശുവിനെ ക്രിസ്തുവായി കരുതി എന്നത് *ക്രിസ്തു മരിച്ചു* എന്നതിൽ വ്യക്തമാണ്. യേശുവാണ് ക്രിസ്തുവെന്നും യേശുവിന്റെ മരണം പാപങ്ങൾക്കുവേണ്ടിയാണെന്നും പ്രഖ്യാപിക്കുന്നിടത്താണ് ക്രിസ്തുമതം തുടങ്ങുന്നത്. യേശുതന്നെയാണ് തന്റെ മരണത്തെ ഇത്തരത്തിൽ അവതരിപ്പിച്ചത് (1കോറി 11:23–25). *എഴുതപ്പെട്ടിരുന്നതുപോലെ* എന്ന പ്രസ്താവന വിവിധ സൂചനകൾ വിശുദ്ധ ഗ്രന്ഥത്തിൽനിന്ന് സ്വീകരിക്കുന്നു എന്ന് കരുതാം. പാപപരിഹാരബലിയുടെയും സഹനദാസന്റെയും

തിരുവചനസൂചനകളാണ് ഇവയിൽ പ്രധാനം. ക്രിസ്തുവിന്റെ രക്ഷാകരമരണം വളരെ മുമ്പുതന്നെ തിരുവചനങ്ങളിൽ പ്രവചനമെന്നോണം നൽകപ്പെട്ടിരുന്നു. ക്രിസ്തുവിന്റെ കേവലമരണമല്ല രക്ഷാകരമായ ബലിയർപ്പണമാണ് സുവിശേഷപ്രഘോഷണത്തിന്റെ കാതൽ.

മിശിഹായെ സംബന്ധിച്ച് അനേകം പ്രവചനങ്ങൾ പഴയനിയമത്തിലുണ്ട്. ഉദാഹരണത്തിന്, സങ്കീ 16:8-11 "കർത്താവിന്റെ പരിശുദ്ധൻ ജീർണ്ണിക്കുവാൻ അനുവദിക്കുകയില്ല" എന്ന പ്രത്യാശ നൽകുന്നു. മിശിഹാ തന്റെ ജനത്തെ സ്വീകരിക്കുന്നതു വിശദീകരിച്ചുകൊണ്ട് "രണ്ടു ദിവസത്തിനുശേഷം അവിടുന്ന് നമുക്ക് ജീവൻ തിരിച്ചുതരും; മൂന്നാം ദിവസം അവിടുന്ന് നമ്മെ ഉയിർപ്പിക്കും" എന്ന് ഹോസിയാ പ്രഖ്യാപിക്കുന്നു (ഹോസി 6:2). ഏശയ്യായുടെ പ്രവചനങ്ങളും (ഏശ 52:13-53:12) സഹനദാസന്റെ മരണശേഷം അവൻ "തന്റെ സന്തതിപരമ്പരയെ കാണുകയും ദീർഘായുസു പ്രാപിക്കുകയും ചെയ്യും" (53:10) എന്ന് പ്രവചിച്ചിരിക്കുന്നു.

'സംസ്കരിക്കപ്പെട്ടു' എന്നത് മരണത്തെ ഉറപ്പിക്കുന്ന കാര്യമാണ്. അതുപോലെതന്നെ ശൂന്യമായ കല്ലറ ഉയിർപ്പിനെയും. ആദിമസഭയ്ക്ക് യേശുവിന്റെ മരണത്തെ സംബന്ധിച്ച് യാതൊരു സംശയവും ഇല്ലായിരുന്നു. സംസ്കരിക്കപ്പെട്ടു എന്നത് ആദിമവിശ്വാസപ്രമാണത്തിന്റെ ഭാഗമായത് ഇക്കാരണത്താലാണ്. ശൂന്യമായ കല്ലറ, യേശു ഉത്ഥാനം ചെയ്തു എന്നതിന്റെ ആദ്യ തെളിവായിരുന്നു (യോഹ 20:8).

ക്രിസ്തുവിന്റെ രക്ഷാകരമായ ബലിയർപ്പണവും ഉയിർപ്പും ദൈവപദ്ധതിയും നൂറ്റാണ്ടുകൾക്കുമുമ്പ് വെളിപ്പെടുത്തപ്പെട്ട രഹസ്യമാണ്. എന്നാൽ ഈ ദൈവിക വെളിപാടുകൾ മാത്രമല്ല ഉയിർപ്പിന്റെ തെളിവുകൾ. വിവിധ സ്ഥലങ്ങളിലും സമയങ്ങളിലുമായി നൂറുകണക്കിനാളുകൾ ഉത്ഥിതനായ ക്രിസ്തുവിനെ കണ്ടു എന്ന സാക്ഷ്യം ഉയിർപ്പിനെ നിസ്തർക്കമായ കാര്യമാക്കിത്തീർക്കുന്നു. ഉത്ഥിതനായ യേശുവിന്റെ ആറു പ്രത്യക്ഷങ്ങളുടെ വിവരണം പൗലോസ് നൽകുന്നു (1 കോറി 15:5-7). കോറിന്തോസുകാർക്ക് ഇക്കാര്യത്തെക്കുറിച്ച് കൂടുതലായി അറിയണമെങ്കിൽ ഇത്തരത്തിൽ ഉത്ഥിതന്റെ ദർശനം കിട്ടിയവരിൽ ആരോടെങ്കിലും ചോദിച്ചു ബോധ്യപ്പെടാവുന്നതാണ് (15:6).

തനിക്കും ഉത്ഥിതനായ കർത്താവിനെ കാണാൻ സാധിച്ചു എന്നത് പൗലോസ് ഏറെ അഭിമാനത്തോടെയാണ് അനുസ്മരിക്കുന്നത് (1 കോറി 15:8). അനേക വർഷങ്ങൾക്കുശേഷമാണ് ഈ ദർശനം. ആദിമശിഷ്യരുടെ നിരാശയിലും ദു:ഖത്തിലും രൂപപ്പെട്ട





വെറും കെട്ടുകഥയല്ല യേശുവിന്റെ ഉയിർപ്പ് എന്നുകൂടി പറയാനാവണം ഏറെ നാളുകൾക്കുശേഷമുള്ള ഈ പ്രത്യക്ഷപ്പെടൽ എടുത്തുപറഞ്ഞിരിക്കുന്നത് "അകാലജാതന് എന്നതുപോലെ" എന്ന വിശേഷണംകൊണ്ട് പൗലോസ് എന്താണ് ഉദ്ദേശിക്കുന്നത് എന്നു വ്യക്തമല്ല. മറ്റ് അപ്പസ്തോലന്മാരേക്കാൾ അനേക നാളുകൾക്കു ശേഷം എന്നോ, അവരെപ്പോലെ ശിഷ്യത്വത്തിൽ പരിചയവും വളർച്ചയും ഇല്ലാതെ എന്നോ ഇതർത്ഥമാക്കാം. ദൈവം തന്നോടു കാണിച്ച വലിയ കൃപയെ ഓർത്തുകൊണ്ടും തന്റെ നിസ്സാരതയും അയോഗ്യതയും എടുത്തുപറഞ്ഞുകൊണ്ടും താൻ പ്രഘോഷിക്കുന്ന 'സുവിശേഷ' ത്തിന്റെ ശ്രേഷ്ഠതയും മഹത്വവും കോറിന്തോസുകാരുടെ മുമ്പിൽ ഒരിക്കൽക്കൂടി ഉറപ്പിക്കുകയാണിവിടെ (1 കോറി 15:10-11). കോറിന്തോസുകാരുടെ ദുരഭിമാനത്തെ പരോക്ഷമായി അപലപിച്ചുകൊണ്ടും തന്റെ അപ്പസ്തോലസ്ഥാനം പ്രഖ്യാപിച്ചുകൊണ്ടും അപ്പസ്തോലന്മാരിൽ ഏറ്റവും നിസ്സാരനായ താൻവഴിയാണ് അവർ വിശ്വാസത്തിലേക്കുവന്നത് എന്ന് പൗലോസ് അനുസ്മരിക്കുന്നു (1 കോറി 1:26-31; 2:1-5; 4:8-13). രണ്ടാം ലേഖനത്തിൽ അവകാശവാദം കൂടുതൽ ആഴത്തിൽ വീണ്ടും പ്രത്യക്ഷപ്പെടുന്നു. ദൈവത്തിന്റെ രക്ഷാകരശക്തി ബലഹീനതയിലാണ് കൂടുതൽ പ്രശോഭിക്കുന്നതെന്ന യാഥാർത്ഥ്യം സ്വന്തം അനുഭവത്തിലൂടെ വ്യക്തമാക്കുകയും ചെയ്യുന്നു.

### മരിച്ചവരുടെ ഉയിർപ്പ് ഇല്ലെങ്കിൽ (15:12-19)

ഉയിർപ്പ് ഉണ്ട് എന്ന ഉറപ്പാണ് തന്റെയും കോറിന്തോസുകാരുടെയും ജീവിതത്തിന് അർത്ഥം നൽകുന്നത് (15:12-34). ഉയിർപ്പില്ലെങ്കിൽ എന്തെല്ലാം പ്രത്യാഘാതങ്ങളാണുണ്ടാകുക എന്നാണ് ആദ്യഭാഗത്ത് അപ്പസ്തോലൻ ഓർമ്മിപ്പിക്കുന്നത്. പുനരുത്ഥാനം ഇല്ല എന്ന് ചില കോറിന്തോസുകാർ വാദിച്ചിരുന്നു എന്നു കരുതാവുന്നതാണ് (15:12). ക്രിസ്തു ഉയിർപ്പിക്കപ്പെട്ടു എന്നതാണ് മരിച്ചവരുടെ ഉയിർപ്പ് ഉണ്ടെന്നതിന്റെ ഉറപ്പ്. ക്രിസ്തുവിന്റെ ഉയിർപ്പ് ദൈവത്തിന്റെ രക്ഷാകരപദ്ധതിക്ക് ഏറ്റവും വലിയ അടയാളമാണ്. അത് ക്രിസ്തുവിലുള്ളവർക്ക് തങ്ങളുടെയും ഉയിർപ്പിന്റെ പ്രത്യാശനൽകുന്നു. ഉയിർപ്പിന്റെ പ്രത്യാശയില്ലെങ്കിൽ ക്രിസ്തീയ സന്ദേശം ശൂന്യമാണ്. ക്രിസ്തീയ വിശ്വാസത്തിന്റെയും പ്രത്യാശയുടെയും നിഷേധം വരുത്താവുന്ന പ്രതിസന്ധികൾ പൗലോസ് അക്കമിട്ടു നിരത്തുന്നു. 1. ഞങ്ങളുടെ പ്രസംഗം വ്യർത്ഥമാകുന്നു (15:14). 2. നിങ്ങളുടെ വിശ്വാസം അർത്ഥശൂന്യമാകുന്നു (15:14). 3. അപ്പസ്തോലന്മാർ ദൈവത്തിനുവേണ്ടി കപടസാക്ഷ്യം വഹിക്കുന്നവരായിത്തീരുന്നു (15:15). 4. നിങ്ങൾ ഇപ്പോഴും പാപത്തിൽ തുടരുന്നു (15:17). 5. ക്രിസ്തുവിൽ നിദ്രപ്രാപിച്ചവർ നശിച്ചുപോയിരി

ക്കുന്നു (15:18). 6. നമ്മൾ എല്ലാമനുഷ്യരെയുംകാൾ നിർഭാഗ്യരായി ത്തീരുന്നു (15:19). ഉയിർപ്പില്ല എന്നു കരുതുന്നവർ ക്രിസ്തീയവി ശ്വാസത്തെ ശൂന്യവും നിരർത്ഥകവുമാക്കുന്നു.

സംശയാലുക്കൾ ഉയിർപ്പെന്ന സത്യത്തെ ചർച്ചാവിഷയമാക്കു മ്പോൾ അതുവഴി സുവിശേഷം മനുഷ്യർക്കു കൂടുതൽ സ്വീകാര്യ മാക്കാമെന്നാണ് വിചാരിക്കുന്നത്. എന്നാൽ ഉയിർപ്പ് നിഷേധിക്കു മ്പോൾ സുവിശേഷം അർത്ഥപൂർണ്ണവും പ്രസക്തവുമാവുകയല്ല ചെയ്യുന്നത്. നേരേമറിച്ച് അത്തരം ചർച്ചകൾ ക്രിസ്തീയവിശ്വാ സത്തെ പിന്തുടരുന്നവരെ അവഹേളിക്കുകയും എല്ലാവരുടെയും കാഴ്ചവസ്തുക്കളാക്കുകയുമാണ്. അവർ ക്രിസ്തീയ വിശ്വാസത്തെ ഉപയോഗശൂന്യവും പൊള്ളയായതും ആക്കിത്തീർക്കുന്നു.

ഉയിർപ്പു നിഷേധിക്കുന്നവർ നമ്മെ പാപികളായിത്തന്നെ നില നിർത്തുന്നു. നമ്മുടെ പാപത്തിനും കുറ്റങ്ങൾക്കുമായി നാം ശിക്ഷി ക്കപ്പെടും. കാരണം, നമുക്കുവേണ്ടി ആരും ജീവൻ ബലിയായി അർപ്പിച്ച് തിന്മയെ വിജയിച്ചിട്ടില്ല എന്നാണവർ സ്ഥാപിക്കാൻ ശ്രമി ക്കുന്നത്. ക്രിസ്ത്യാനിയായി ജീവിക്കുക വിഡ്ഢിത്തമാണെന്ന വർ പഠിപ്പിക്കുന്നു. മനുഷ്യനെ ചതിക്കുന്നവനാണ് ദൈവമെന്ന വർ പറഞ്ഞുപരത്തുന്നു.

**ക്രിസ്തു ഉയിർത്തു വന്നതുകൊണ്ട് (15:20-28)**

ഉയിർപ്പിനെക്കുറിച്ച് ഉറപ്പില്ലാതിരുന്നാൽ സംഭവിക്കുന്ന പ്രത്യാ ശയറ്റ ജീവിതത്തിനു വിപരീതമായി (15:12-19) ക്രിസ്തുവിന്റെ ഉയിർപ്പ് മനുഷ്യവർഗ്ഗത്തിനു നേടിത്തന്ന മഹത്വപൂർണ്ണമായ സാധ്യ തകളെ പൗലോസ് വിവരിക്കുന്നു. യുഗാന്ത്യോന്മുഖകാഴ്ചപ്പാടോ ടെ, പ്രതീകഭാഷയിലാണ് ഇക്കാര്യങ്ങൾ പൗലോസ് വ്യക്തമാക്കു ന്നത്. ക്രിസ്തു മരിച്ചവരുടെയെല്ലാം (മരിക്കാനുള്ളവരുടെയും) "ആദ്യഫല" മായി മഹത്വപൂർണ്ണനായി ഉയിർത്തെഴുന്നേറ്റിരിക്കുന്നു (15:20). ആദ്യഫലം എന്നത് പ്രതീകാത്മകമാണ്. ആദ്യഫലത്തിന് ലഭിച്ച നേട്ടം മുഴുവൻ ഫലത്തിനും ലഭിക്കും. ആദത്തിന്റെ പ്രതീകം ഉപയോഗിച്ചാണ് മരണം ഭരണം നടത്തിയിരുന്ന പോയകാല ത്തെയും ക്രിസ്തു ഭരണം നടത്തുന്ന ജീവന്റെ സമൃദ്ധിയുടെ പുതിയ കാലത്തെയും അവതരിപ്പിക്കുന്നത്.

തുടർന്നുവരുന്ന വാക്യങ്ങൾ (13:28) യുഗോന്ത്യോന്മുഖ വിജയ ത്തിന്റെ ചിത്രം അവതരിപ്പിക്കുന്നു. യേശുവിന്റെ ഉയിർപ്പ് യുഗാ ന്ത്യത്തിന്റെ ആരംഭം കുറിച്ചിരിക്കുന്നു. തിന്മയുടെ എല്ലാ ശക്തി കൾക്കുംമേൽ ഉത്ഥിതനായ ക്രിസ്തു ഭരണം നടത്തുന്നു. പിതാവ് തന്നെ ഏൽപിച്ച രക്ഷാകരപദ്ധതി പൂർത്തീകരിച്ചുകൊണ്ട്, സക ലതിന്മകളെയും വിജയിച്ച് സകല സൃഷ്ടിയെയും ദൈവത്തിന്റെ





ഭരണത്തിൻ കീഴിലാക്കുന്ന അന്ത്യദിനത്തിന്റെ മഹത്വപൂർണ്ണമായ ഉദയമാണ് ക്രിസ്തുവിന്റെ ഉയിർപ്പിലൂടെ സാധിതമായത്.

ഉയിർപ്പിലൂടെ ക്രിസ്തു നേടിയ വിജയത്തെ സങ്കീർത്തനം 110, 1 ന്റെ പശ്ചാത്തലത്തിലാണ് പൗലോസ് കാണുന്നത് (15:25). തിന്മ യുടെ ശക്തികൾക്കുമേലുള്ള നിർണ്ണായകവിജയത്തിന്റെ ആരംഭ മാണ് യേശുവിന്റെ ഉയിർപ്പ്. ക്രിസ്തു തിന്മയുടെമേൽ നിർണാ യക വിജയം വരിച്ചുവെങ്കിലും ഇതിന്റെ പൂർത്തീകരണം ഇനിയും വരാനിരിക്കുന്നു. സകലരുടെയും ഉയിർപ്പിന്റെ അന്ത്യദിനത്തെക്കു റിച്ചാണ് ഇവിടെ സൂചന (25:28).

ക്രിസ്തു ഉയിർത്തിട്ടില്ലെങ്കിൽ എന്താകുമായിരുന്നു എന്നു വ്യക്ത മാക്കിയതുപോലെ (15:12-19) ക്രിസ്തുവിന്റെ ഉയിർപ്പിലൂടെ സംഭ വിച്ചവയും പൗലോസ് സശ്രദ്ധം കോറിന്തോസുകാരെ അനുസ്മ രിപ്പിക്കുന്നു: 1. ക്രിസ്തുവിന്റെ ഉത്ഥാനത്തോടെ മരിച്ചവരുടെ ഉയിർപ്പ് യാഥാർത്ഥ്യമായിരിക്കുന്നു (15:21). 2. എല്ലാമനുഷ്യരും ക്രിസ്തുവിൽ പുനർജീവിക്കും (15:22). 3. ക്രിസ്തു എല്ലാ ഭരണവും അധികാരവും ശക്തിയും നിർമ്മാർജ്ജനം ചെയ്തു രാജ്യം പിതാ വായ ദൈവത്തിനു സമർപ്പിക്കും. അതോടെ അവസാനമാകും (15:24). 4. അവസാനത്തെ ശത്രുവായ മരണവും നശിപ്പിക്കപ്പെട്ടിരി ക്കുന്നു (15:26). 5. ക്രിസ്തുതന്നെ പിതാവിന് അധീനനാകും. സമ സ്തവും തനിക്ക് അധീനമാക്കിയശേഷം ക്രിസ്തു പിതാവിന് സ്വയം അർപ്പിക്കുമ്പോൾ രക്ഷാകരപദ്ധതി പൂർത്തിയാകും. അങ്ങനെ ദൈവം സർവ്വസ്വവുമാകും (15:28).

ദൈവം സർവ്വസ്വവുമാകുന്ന പുതുയുഗം ക്രിസ്തുവിന്റെ ഉയിർപ്പോടുകൂടി ആരംഭിച്ചുകഴിഞ്ഞു. ക്രിസ്തുവിന്റെ രക്ഷാകര ദൗത്യം പിതാവിന് സമർപ്പിക്കുന്ന പൂർത്തീകരണ നിമിഷമാണ് ക്രിസ്തുവും പിതാവിന് അധീനനാകും എന്നതുകൊണ്ടർത്ഥമാക്കു ന്നത്. സത്തയിലുള്ള അധീനനാകലല്ല, ദൗത്യപൂർത്തീകരണമാണ് യുഗാന്ത്യത്തിൽ നടക്കാനിരിക്കുന്ന ദൈവം സർവ്വസ്വവുമാകുന്ന മഹാനിമിഷം.

**വിചിന്തനം:** ഉയിർപ്പിന്റെ അർത്ഥത്തെ മനോഹരമായി അവതരി പ്പിച്ചിരിക്കുന്ന ഈ വചനഭാഗം ഏറെ പ്രാധാന്യത്തോടെ കാണേ ണ്ടതാണ്. ഉയിർപ്പ് അവിശ്വാസികളെ പഠിപ്പിക്കാനുള്ള വിഷയമല്ല; മറിച്ച് ക്രിസ്ത്യാനിക്ക് പ്രതീക്ഷയോടെ അനുദിനം ജീവിക്കാനു ള്ളതാണ്. ഉയിർപ്പ് എന്നും ആഘോഷിക്കേണ്ട യാഥാർത്ഥ്യമാണ്. ലോകാന്ത്യത്തിൽ സംഭവിക്കുമെന്നു കാത്തിരിക്കേണ്ട കാര്യം മാത്ര മല്ല. ക്രിസ്തുവിന്റെ ഉയിർപ്പ് നമ്മുടെ ജീവിതത്തിന്റെ കാഴ്ചപ്പാടു കളെ മാത്രമല്ല അസ്തിത്വത്തെത്തന്നെ മാറ്റിമറിച്ചിരിക്കുന്നു.

ക്രിസ്തുവിനോടൊത്ത് ഉയിർത്തു നിത്യമായി ജീവിക്കേണ്ടവരാണ് നാമോരോരുത്തരും എന്നത് എപ്പോഴും ആഹ്ലാദകരവും ജീവിതത്തിന് വ്യക്തമായ ദിശാബോധവും നല്കേണ്ടതാണ്. സഭാസമൂഹം ഒരുമിച്ചുചേരുന്ന ഓരോ ആരാധനാവേളകളും ഈ നവജീവിതത്തിന്റെ അനുഭവത്തിലേക്കുള്ള ചുവടുവയ്പ്പുകളാണ്. ക്രിസ്തുവിനുള്ളവർ ക്രിസ്തുവിനോടുകൂടിയായിരിക്കും എന്നത് എപ്പോഴും ക്രിസ്തുവിനോടൊത്തായിരിക്കാൻ നാമോരോരുത്തരേയും ക്ഷണിക്കുന്നു.

**മരിച്ചവർക്കുവേണ്ടി സ്നാനം (15:29-34)**

ഉയിർപ്പിന്റെ തെളിവുകൾ സഭയുടെ അനുഭവങ്ങളിൽ നിന്നു തന്നെ കണ്ടെത്തുകയാണിവിടെ. കോറിന്തോസിലെ സഭയിൽ നിലനിന്ന ഒരു ആചാരത്തിന്റെയും പൗലോസിന്റെയും മറ്റു വിശ്വാസികളുടെ ജീവിതത്തിന്റെയും വെളിച്ചത്തിൽ ശരീരങ്ങളുടെ ഉയിർപ്പിനെ സംബന്ധിച്ച് ചില ബോധ്യങ്ങൾ പങ്കുവയ്ക്കുന്നു.

“മരിച്ചവർ ഉയിർക്കുന്നില്ലെങ്കിൽ എന്തിന് മരിച്ചവർക്കുവേണ്ടി ജ്ഞാനസ്നാനം സ്വീകരിക്കണം?” (15:29). എന്താണ് മരിച്ചവർക്കുവേണ്ടിയുള്ള ജ്ഞാനസ്നാനം? ജ്ഞാനസ്നാനത്തെയും നിത്യരക്ഷയെയും സംബന്ധിച്ച പുതിയനിയമ പഠനത്തോട് അതിന് എന്തു ബന്ധമുണ്ട്? പൗലോസ് ഇത് അംഗീകരിച്ചിരുന്നോ? കോറിന്തോസുകാരോട് പൗലോസ് ചോദിക്കുന്ന ചോദ്യം ഇത്തരത്തിൽ പല ചോദ്യങ്ങൾ നമ്മുടെ മുമ്പിൽ വയ്ക്കുന്നു. ബൈബിളിൽ മറ്റൊരിടത്തും ഇത്തരം ഒരു പതിവിനെക്കുറിച്ച് പ്രതിപാദിക്കുന്നില്ല. ഇവിടെത്തന്നെ (15:29) സാന്ദർഭികമായി പരാമർശിക്കുക മാത്രമേ ചെയ്യുന്നുള്ളൂ എന്നതും ശ്രദ്ധേയമാണ്. എങ്ങനെയാണ് ഇത് നടത്തിയിരുന്നത്? എന്തായിരുന്നു ഇതിലൂടെ സാധിച്ചിരുന്നത് തുടങ്ങിയ കാര്യങ്ങളിൽ ഊഹാപോഹങ്ങളും ഭാവനാസൃഷ്ടികളും മാത്രമേ സാധിക്കൂ. പിൽക്കാലങ്ങളിൽ സഭയിൽ ഒരിടത്തും ഈ സമ്പ്രദായം നിലനിന്നതായും അറിവില്ല.

സ്വാഭാവികമായ ഒരു സാധ്യത, കോറിന്തോസിൽ വിശ്വാസം സ്വീകരിച്ചെങ്കിലും ജ്ഞാനസ്നാനം സ്വീകരിക്കാൻ സാധിക്കാതെ മരണമടഞ്ഞവർക്കായി അവർക്കു പകരമെന്നോണം ബന്ധുക്കളോ മറ്റാരെങ്കിലുമോ പ്രതീകാത്മകമായി ജ്ഞാനസ്നാനം സ്വീകരിക്കുന്ന രീതി ഉണ്ടായിരുന്നു എന്നതാണ്. തങ്ങളുടെ മരിച്ചുപോയ ബന്ധുക്കളും സുഹൃത്തുക്കളും രക്ഷയ്ക്കർഹരാകണമെന്ന ആഗ്രഹത്താൽ അവർക്കായി ബന്ധുക്കൾ പിന്നീട് സ്നാനം സ്വീകരിക്കുന്ന പതിവായിരിക്കാമത്. അവിശ്വാസികളായിരിക്കുന്നവർക്കുവേണ്ടി ഇത്തരത്തിൽ സ്നാനം സ്വീകരിക്കാമെന്നും അവർ മരണശേഷം തങ്ങളോടു ചേരാൻ അത് ഇടവരുത്തുമെന്നും ചിലർ കരുതി എന്നു ചിന്തിക്കുന്ന വ്യാഖ്യാതാക്കളുമുണ്ട്. ‘മരിച്ചവർ’ എന്നത് ‘മരണവിധേയമായ ശരീരത്തെ’ (എന്തിന് സ്നാനപ്പെടുത്തണം) എന്നാണ് മനസ്സിലാക്കേണ്ടത് എന്ന് ചില വ്യാഖ്യാതാക്കൾ പറയുന്നു. മേൽപറഞ്ഞ വ്യാഖ്യാനങ്ങളെല്ലാം ഈ വാക്യങ്ങൾ മനസ്സിലാക്കാനുള്ള ശ്രമങ്ങളാണ്. പൗലോസ് ഇത്തരത്തിലുള്ള ഒരു പതിവിനെ തള്ളിപ്പറയുകയോ അംഗീകരിക്കുകയോ ചെയ്യുന്നതായി കാണുന്നില്ല. കോറിന്തോസിൽ ചിലർ ചെയ്തിരുന്നതും സഭാസമൂഹം അംഗീകരിച്ചിരുന്നതുമായ ഒരു കാര്യം എടുത്തുകാണിക്കുകയാണിവിടെ. ‘മരിച്ചവർക്കായുള്ള ജ്ഞാനസ്നാനം’ ശരീരങ്ങളുടെ ഉയിർപ്പുണ്ട് എന്ന ഉറപ്പിന്റെ അടിസ്ഥാനത്തിലാണ്. ശരീരത്തിന്റെ ഉയിർപ്പില്ലെങ്കിൽ പ്രതീകാത്മകമായ ഒരു ‘സ്നാനം’ അനാവശ്യമാണ്; അർത്ഥശൂന്യവുമാണ്.

തുടർന്നുള്ള വാക്യങ്ങളിൽ അപ്പസ്തോലൻ സഭാംഗങ്ങളുടെയും തന്റെ തന്നെയും സുവിശേഷ ശുശ്രൂഷകളെ ആധാരമാക്കിയാണ് ഉയിർപ്പുണ്ട് എന്ന് വാദിക്കുന്നത്. മരണത്തോടെ എല്ലാം അവസാനിക്കുമായിരുന്നെങ്കിൽ, നിത്യമായി ജീവിക്കുന്നതിനായി ഉയിർപ്പില്ലെങ്കിൽ, എന്തിന് മരണകരമായ സഹനങ്ങൾ ഏറ്റുവാങ്ങിയും സുവിശേഷ ശുശ്രൂഷ ചെയ്യണം? മരണശേഷം ഒരു ജീവിതമില്ലെങ്കിൽ, മരണംകൊണ്ട് എല്ലാം അവസാനിക്കുമെങ്കിൽ ‘തിന്നുകുടിച്ച്’ ജീവിച്ചുകൂടെ? (15:32). ഏശയ്യായുടെ ഒരു വാക്യമാകാം ഇവിടെ അപ്പസ്തോലൻ ഉദ്ധരിക്കുന്നത് (ഏശ 22:13). ഗ്രീക്കു സംസ്കാരത്തിൽ അഗാധമായി സ്വാധീനം പുലർത്തിയിരുന്ന എപ്പിക്യൂരിയൻ താത്ത്വികദർശനവും പൗലോസ് ഇവിടെ പരാമർശിക്കുകയാണ്. ഭൗതികതയിലൂന്നിയ അത്തരം ദർശനമല്ല ക്രൈസ്തവവിശ്വാസം. മരണത്തിനർത്ഥമുണ്ടെന്നും മരണശേഷമുള്ള ജീവിതമാണ് ഈ ലോകജീവിതത്തിന് പ്രസക്തി നൽകുന്നതെന്നും അപ്പസ്തോലൻ വ്യക്തമാക്കുന്നു. മറ്റുള്ളവർക്കുവേണ്ടി ജീവിക്കുന്നതിന്റെയും സ്വയം ആത്മാർപ്പണം ചെയ്യുന്നതിന്റെയും പ്രചോദനം ഈ ജീവിതത്തിലെ നേട്ടങ്ങളല്ല, ക്രിസ്തുവിനോടൊത്തു നിത്യകാലം ആയിരിക്കാമെന്നുള്ള ഉറപ്പാണ്.

ഉയിർപ്പില്ല എന്ന പഠനം ഈ ജീവിതത്തിലെ അധാർമ്മിക സ്വഭാവങ്ങളെ നിശ്ചയിക്കാൻ കഴിയുന്നതാണ്. തിന്മയിലേക്ക് നയിക്കാൻ ഇത് ഇടയാക്കാം. അതിനാൽ അത്തരം പഠനങ്ങൾ വച്ചുപുലർത്തുന്നവരിൽനിന്ന് അകന്നുനിൽക്കാൻ പൗലോസ് ഉപദേശിക്കുന്നു (15:33-34). തെറ്റായ പഠനങ്ങളുള്ളവരോട് ബന്ധമുണ്ടായാൽ അത് ഒരാളെ വഴിതെറ്റിക്കാം. ദൈവത്തിന്റെ പദ്ധതികളെ വിവേചിച്ചറിഞ്ഞ് ആത്മാവിനാൽ നയിക്കപ്പെടുന്ന യഥാർത്ഥ

ജ്ഞാനമാണ് ജീവിതത്തെ നയിക്കേണ്ടത്. ആത്മാവിനാൽ നയിക്കപ്പെടാതെ സ്വാർത്ഥതാൽപര്യങ്ങൾക്കു പിന്നാലെ പോകാൻ താൽപര്യം കാണിക്കുന്ന, ഭൗതികരായി കോറിന്തോസുകാർ തരംതാണിരിക്കുന്നു. 'നിങ്ങളെ ലജ്ജിപ്പിക്കാനാണ് ഞാനിതു പറയുന്നത്' (15:34; 6:5) എന്ന പ്രസ്താവന ഇതിലേക്കാണ് വിരൽചൂണ്ടുന്നത്.

**ശരീരത്തിന്റെ ഉയിർപ്പ് (15:35-49)**

മരിച്ചവരുടെ ശരീരങ്ങൾ പുനരുത്ഥാനം ചെയ്യില്ല എന്ന നിലപാടെടുത്ത ചില കോറിന്തോസുകാരുടെ വാദഗതികളെ ഖണ്ഡിക്കുകയാണ് ഇതുവരെ പൗലോസ് ചെയ്തത് (15:1-34). മരിച്ചവർക്കു പുനരുത്ഥാനമില്ല എന്നു വാദിച്ചവർ (15:12) അത്തരം ഒരു നിലപാടെടുക്കാൻ കാരണമായേക്കാവുന്ന ചില അടിസ്ഥാന താത്ത്വികപ്രശ്നങ്ങളിലേക്കാണ് പൗലോസ് തുടർന്നു ചർച്ച തിരിച്ചുവിടുന്നത്. ജീവനറ്റ ശരീരത്തിന്, അഴുകി മണ്ണോടുമണ്ണായിത്തീരുന്ന ഭൗതികഗാത്രത്തിന് എങ്ങനെ വീണ്ടും ജീവനുണ്ടാകും. അതിന് ജീവൻ ഉണ്ടാകുന്നില്ലെങ്കിൽ എങ്ങനെ ഇപ്പോഴത്തെ വ്യക്തിയും ഉത്ഥാനം ചെയ്ത വ്യക്തിയും തമ്മിൽ അസ്തിത്വത്തുടർച്ചയുണ്ടാകും. ഇവയായിരുന്നു ഉത്ഥാനത്തോടു ബന്ധപ്പെട്ട താത്ത്വിക പ്രശ്നങ്ങൾ. ക്രിസ്തു മരിച്ചു, സംസ്കരിക്കപ്പെട്ടു, ഉയിർത്തു. അനേകം പേർ ഉത്ഥിതനെ കണ്ടു. സ്വാഭാവികമായും തുടർച്ചയെ നിഷേധിക്കാൻ കഴിയാത്ത ശക്തമായ യാഥാർത്ഥ്യമാണിത്. ക്രിസ്തുവിന്റെ ഉത്ഥാനം മരിച്ച ശരീരത്തിന് വീണ്ടും ജീവൻ വച്ചതല്ല, മരിച്ച ശരീരം മഹത്വമുള്ള ശരീരമായി രൂപാന്തരപ്പെട്ടതാണ് (ഫിലി 3:21). സ്വർഗ്ഗീയമായ അസ്തിത്വത്തിനനുയോജ്യമായി നിന്നുകൊണ്ടാണ് ഉത്ഥിത ശരീരം എന്ന സത്യത്തിന്റെ മർമ്മം കണ്ടെത്താൻ അപ്പസ്തോലൻ കോറിന്തോസുകാരെ ക്ഷണിക്കുന്നത്.

രണ്ടു ചോദ്യങ്ങളോടെയാണ് ഈ ഭാഗം ആരംഭിക്കുന്നത്. 'മരിച്ചവർ എങ്ങനെയാണ് ഉയിർപ്പിക്കപ്പെടുക. ഏതുതരം ശരീരത്തോടുകൂടിയായിരിക്കും അവർ കാണപ്പെടുക' (15:36). ചോദ്യോത്തര ശൈലിയിൽ പൗലോസു തന്നെ ചോദിക്കുന്ന ചോദ്യങ്ങളാണിവ എന്നു കരുതാനാവില്ല. 'വിഡ്ഢി' എന്നു വിളിച്ചുള്ള മറുപടി അതാണ് സൂചിപ്പിക്കുന്നത്. ഇത്തരം ചോദ്യങ്ങൾ ഉയർത്തിയ ചിലർ കോറിന്തോസിൽ ഉണ്ടായിരുന്നു എന്ന് അനുമാനിക്കാം. പ്രസംഗ ശൈലിയിൽ, ഇവരോടു മറുപടി പറയുകയാണിവിടെ.

ശരീരത്തിന് ഉത്ഥാനം സംഭവിക്കുമ്പോൾ സമൂല അവസ്ഥാന്തരീകരണം സംഭവിക്കും എന്ന് പൗലോസ് വ്യക്തമാക്കുന്നു. ഇതു വ്യക്തമാക്കാൻ മൂന്നു രൂപകങ്ങൾ വിശദീകരിക്കുന്നു; വിത്തുകൾ.





മൃഗങ്ങൾ, നക്ഷത്രങ്ങൾ. ഇവയെ നിരീക്ഷിച്ചുകൊണ്ടാണ് ഉത്ഥാനശരീരത്തിന്റെ അവസ്ഥാന്തരീകരണത്തെ വിശദീകരിക്കുന്നത്. യേശുവിന്റെ പഠനങ്ങളിലും ഇത്തരം രൂപകങ്ങൾ പുതുജീവനെ കാണിക്കാൻ ഉപയോഗിച്ചിട്ടുണ്ട് (യോഹ 12:24). ഗോതമ്പുമണി നിലത്തുവീണ് അഴിഞ്ഞ് സമൃദ്ധമായി ഫലം ഉളവാക്കുന്നതുപോലെയാണ് ദൈവപുത്രന്റെ മരണംവഴി സംഭവിക്കുന്നത് എന്ന് യേശു പഠിപ്പിച്ചു. വിത്തും അതിൽനിന്ന് മുളയെടുത്തുവരുന്ന ചെടിയും തമ്മിലുള്ള അവസ്ഥാന്തരവും രൂപവ്യത്യാസവുമാണ് പൗലോസ് ഊന്നിപ്പറയുന്നത്.

വെറുമൊരു വിത്തിനോടാണ് മരണത്തിനു മുമ്പുള്ള ശരീരത്തെ അപ്പസ്തോലൻ താരതമ്യപ്പെടുത്തുന്നത് (15:37). അത് മണ്ണിൽ വിതക്കപ്പെട്ടുകഴിയുമ്പോൾ 'ദൈവം തന്റെ ഇഷ്ടമനുസരിച്ച് ഓരോ വിത്തിനും അതതിന്റേതായ ശരീരം നൽകുന്നു' (15:38). വിത്തിൽനിന്ന് തികച്ചും വിഭിന്നമാണ് അതിൽ നിന്നുത്ഭവിച്ച ചെടി/മരം. പൗലോസ് നേരിട്ട് പറയുന്നില്ലെങ്കിൽത്തന്നെ 'ഓരോ വിത്തിനും അതതിന്റേതായ ശരീരം' എന്നത് അത്തരത്തിൽ മനസ്സിലാക്കാവുന്നതാണ്.

ഭൗതികശരീരങ്ങൾ ഓരോ ജീവജാലങ്ങളുടെയും ഒന്ന് ഒന്നിൽനിന്ന് ഭിന്നമായിരിക്കുന്നതുപോലെ മരണത്തിനു മുമ്പുള്ള ശരീരവും ഉത്ഥാനശരീരവും തമ്മിലും വ്യത്യാസമുണ്ട്. ഓരോ ശരീരത്തിനും അതതിന്റെ പരിസ്ഥിതിക്കനുസൃതമായ സ്വഭാവവും 'മഹിമ' യുമുണ്ട്. ദൈവം ഓരോന്നും അപ്രകാരമാണ് സംവിധാനം ചെയ്തിട്ടുള്ളത്. ഒരേ പരിസ്ഥിതിയിൽപോലും വ്യത്യാസങ്ങളുണ്ടാകാം. വിവിധ നക്ഷത്രങ്ങളും സൂര്യനും ചന്ദ്രനുമെല്ലാം ആകാശത്തിലാണെങ്കിലും അവയുടെ തേജസിൽ വ്യത്യാസമുണ്ട്. ഭൂമിയിലുള്ള ശരീരങ്ങൾക്കും ആകാശശരീരങ്ങൾക്കും തേജസ് ഒരുപോലെയല്ല.

തേജസിനെ പരാമർശിച്ചുകൊണ്ട് മരണവിധേയമായ ശരീരത്തിന്റെ പരിമിതികളും ഉത്ഥാനശരീരത്തിന്റെ 'മഹിമ' യും തുടർന്ന് ചർച്ച ചെയ്യുന്നു. മരിച്ച് സംസ്കരിക്കപ്പെടുന്ന ശരീരം നശ്വരവും, അവമതിക്കപ്പെടുന്നതും, ബലഹീനവും, ഭൗതികവുമാണ്. ഉത്ഥാനശരീരമാകട്ടെ അനശ്വരവും മഹത്വമുള്ളതും, ശക്തിയുള്ളതും ആത്മീകവുമാണ് (15:42-44). വളരെ പ്രത്യേകമായി ഉത്ഥാനശരീരത്തിന്റെ അനശ്വരസ്വഭാവം പൗലോസ് ഊന്നിപ്പറയുന്നു (15:42; 50:54). ഭൗതികശരീരം ഉള്ളതുപോലെ ആത്മീകശരീരവുമുണ്ട് (15:44), ഭൗതികശരീരത്തെ തള്ളിപ്പറയുകയല്ല പൗലോസിവിടെ. ഭൗതികശരീരം ആത്മികശരീരമായി അവസ്ഥാന്തരീകരണം സംഭവിക്കുന്നു എന്നതാണ് അപ്പസ്തോലന്റെ പഠനം.

ഭൗമികമായിരിക്കുന്നത് ആത്മികമാകും; എങ്കിലും ശരീരം എന്നതു നിലനില്ക്കും. ഉത്ഥിതശരീരത്തെ ആത്മികശരീരം എന്നു വിളിക്കുമ്പോൾ അത് 'ആത്മീയ' മായി മാറി എന്നല്ല പൗലോസ് അർത്ഥമാക്കുന്നത്. (ഇവിടെ ആത്മികവും ആത്മീയവും രണ്ടായി കാണേണ്ടതുണ്ട്.) മറിച്ച്, ഉത്ഥാനശരീരം ഭൗതികശരീരത്തിന്റെ പ്രകൃതിയെ അതിജീവിച്ച് പുതിയ അവസ്ഥാവിശേഷം ഉൾക്കൊണ്ടിരിക്കുന്നു എന്നാണ്. അനശ്വരമായ ആത്മികതലത്തിനിണങ്ങുന്ന, പ്രകൃത്യാതീതമായ ശരീരമാണത്.

ഭൗതികവും ആത്മികവുമായ ജീവൻ എപ്രകാരം ബന്ധപ്പെട്ടിരിക്കുന്നു എന്ന് വ്യക്തമാക്കാൻ ആദവും ക്രിസ്തുവും തമ്മിലുള്ള സമാന്തരത പൗലോസ് വിശദീകരിക്കുന്നു (15:45-49). യഹൂദ റബ്ബിമാരുടെ വ്യാഖ്യാനശൈലിയിൽ ഉത്പത്തി പുസ്തകത്തിലെ ഒരു വാക്യം (ഉത് 2:7) ഉദ്ധരിച്ച് വ്യാഖ്യാനം നൽകിയാണ് ആദവും ക്രിസ്തുവും തമ്മിലുള്ള സാധർമ്മ്യം വ്യക്തമാക്കുന്നത്. "ആദ്യമനുഷ്യനായ ആദം ജീവനുള്ളവനായിത്തീർന്നു.... അവസാനത്തെ ആദം ജീവദാതാവായ ആത്മാവായിത്തീർന്നു" (15:45). ആദ്യ ആദം മണ്ണിൽനിന്നായിരുന്നതുപോലെ നമ്മുടെ ജീവനും ഈ ഭൂമിയിൽ ആരംഭിക്കുന്നു. എന്നിരിക്കിലും 'ക്രിസ്തുവിലുള്ളവർ' ഒരു സ്വർഗ്ഗീയമായ അസ്തിത്വം അനുഭവിക്കും. ക്രിസ്തീയവിശ്വാസികൾ ഇപ്പോൾത്തന്നെ 'സ്വർഗ്ഗത്തിന്റേ' താണെന്നും അതേസമയം അവരുടെ ആത്മികജീവൻ പൂർണതയിലെത്താനിരിക്കുന്നതേയുള്ളൂവെന്നുമാണ് പൗലോസ് അർത്ഥമാക്കുന്നത് (15:47-48).

ഭൂമിയിലായിരിക്കുന്നിടത്തോളം നാം ഭൗമിക ആദത്തിന്റെ സവിശേഷതകൾ ധരിക്കുന്നു. മരണാനന്തരം സ്വർഗ്ഗീയ ആദത്തിന്റെ, ഉത്ഥാനം ചെയ്ത ക്രിസ്തുവിന്റെ പ്രത്യേകതകൾ ധരിക്കുന്നു. ആദവും ക്രിസ്തുവും മനുഷ്യത്വത്തിന്റെ വിശാല സാധ്യതയെയാണ് പ്രതിനിധാനം ചെയ്യുന്നത്. എല്ലാവർക്കും ഈ സാധ്യതകൾ - ആദം എന്തായിരുന്നോ അതും ക്രിസ്തു എന്തായിരിക്കുന്നുവോ അതും - യാഥാർത്ഥ്യമാണ്; ഇന്ന് ഉള്ളതും നാളെ ആയിത്തീരേണ്ടതുമായ യാഥാർത്ഥ്യമാണത് (15:49).

പൗലോസിന്റെയോ കോറിന്തോസുകാരുടെയോ മനസിൽ എല്ലാ മനുഷ്യരും കേവലം 'ഭൗമിക'രാണ് എന്ന ചിന്തയില്ല. നമ്മുടെ ശരീരങ്ങൾ ഭൗമികശരീരങ്ങളാണ്. ഭൗമികവസ്തുക്കളുടെയെല്ലാം സ്വാഭാവിക പ്രകൃതിയായ നാശോന്മുഖത അവയ്ക്കുമുണ്ട്. എന്നാൽ ക്രിസ്ത്യാനികൾ വെറും ഭൗമികർ മാത്രമല്ല. ക്രിസ്തുവിനോടുള്ള അവരുടെ ബന്ധം വഴി, ഉത്ഥിതനായ ക്രിസ്തുവിനോടുകൂടി മരിച്ച് അവനോടുകൂടി ഉയിർത്തെഴുന്നേറ്റ് അവനുവേണ്ടി ഏകശരീരമാകുന്ന ജ്ഞാനസ്നാനം സ്വീകരിക്കുകവഴി, അവർ ക്രിസ്തുവിനോടു ചേർന്ന് ആത്മികരും ആയിത്തീർന്നിരിക്കുന്നു. ക്രിസ്തുവിനുള്ളവരും അവനെപ്പോലെ ആകും എന്നാണിതിനർത്ഥം (1 യോഹ 3:2). ക്രിസ്തുവിന്റെ ഉത്ഥാനശരീരം, വിശ്വാസികൾ തങ്ങളുടെ ഉയിർപ്പിലൂടെ ഏതുതരത്തിലുള്ള ജീവിതത്തിലേക്കു പ്രവേശിക്കുമെന്ന് വ്യക്തമാക്കിത്തരുന്നു. അപ്പോൾ അവിടുന്ന് അവരുടെ 'ദുർബല ശരീരത്തെ തന്റെ മഹത്ത്വമുള്ള ശരീരംപോലെ രൂപാന്തരപ്പെടുത്തും" (ഫിലി 3:21).





ഈ ഭാഗത്തിന്റെ അവസാന വാക്യം (15:49) 'നമുക്ക് സ്വർഗ്ഗീയന്റെ സാദൃശ്യം ധരിക്കാം" എന്ന ഉപദേശമായാണ് പല വ്യാഖ്യാതാക്കളും കാണുന്നത്. 15:34 വാക്യമെന്നപോലെ ഇവിടെയും ക്രിസ്തീയ ജീവിതത്തെ സ്വാധീനിക്കേണ്ട അടിസ്ഥാന ദൈവശാസ്ത്ര വിചിന്തനങ്ങൾക്കുശേഷം പ്രായോഗിക ഉപദേശം നൽകുന്നതായി കണക്കാക്കുന്നത് ന്യായീകരിക്കാവുന്നതാണ്. അതുപോലെതന്നെ പഠനം അവസാനിപ്പിക്കുന്ന ഒരു പ്രഖ്യാപനമായി കാണുന്നതും അസ്വീകാര്യമല്ല. രണ്ടിനും സാധ്യത മൂലപാഠങ്ങളുടെ അടിസ്ഥാനത്തിൽ കണ്ടെത്താം. വ്യാകരണപരമായി എങ്ങനെ പരിഗണിച്ചാലും, ഉത്ഥാനജീവിതം ക്രിസ്ത്യാനിയുടെ ഭൗമികജീവിതത്തിൽ നവ്യമായ ദർശനം നൽകണം എന്നതിനു രണ്ടു പക്ഷമില്ല.

**മരണത്തിനുമേൽ വിജയം (15:50-58)**

ഒരിക്കൽക്കൂടി യുഗാന്ത്യോന്മുഖചിത്രം അവതരിപ്പിച്ചുകൊണ്ടാണ് പൗലോസ് 'മരിച്ചവർ എങ്ങനെയാണ് ഉയിർക്കുക' 'അവരുടെ ശരീരം എങ്ങനെയായിരിക്കും' എന്നീ വിഷയങ്ങളെ സംബന്ധിച്ച (15:35) ചർച്ചയ്ക്കു അന്ത്യം കുറിക്കുന്നത്. പൗലോസിന്റെ കാഴ്ചപ്പാടിൽ ആദത്തിന്റെ സൃഷ്ടി പഴയ മാനവകുലത്തിന് പ്രാരംഭമിട്ടതുപോലെ യേശുവിന്റെ ഉത്ഥാനം പുതിയ മാനവകുലത്തിന്റെ ആരംഭം കുറിച്ചിരിക്കുന്നു. വിവിധ രൂപകങ്ങളിലൂടെ ഉത്ഥാനശരീരത്തിന്റെ യുക്തിപരതയും (15:36-44) ക്രിസ്തുവിന്റെ ഉത്ഥാനശരീരമെന്ന യാഥാർത്ഥ്യത്തിലൂടെ അതിന്റെ ഉറച്ച അടിസ്ഥാനവും (15:45-44) സ്ഥാപിച്ചശേഷം മൂന്നുകാര്യങ്ങൾ ഊന്നിപ്പറഞ്ഞുകൊണ്ട് പൗലോസ് സുപ്രധാനമായ ഈ വിഷയത്തിന്റെ പഠനം അവസാനിപ്പിക്കുന്നു. 1. സ്വർഗ്ഗീയതലത്തിലുള്ള അസ്തിത്വത്തിലേക്കു പ്രവേശിക്കാൻ സർവ്വസൃഷ്ടികളും ഒരു അവസ്ഥാന്തരത്തിനു വിധേയപ്പെട്ടേ പറ്റൂ (15:50-53). 2. മരിച്ചവരും ജീവിച്ചിരിക്കുന്നവരും ഈ അവസ്ഥാന്തരത്തിനു വിധേയമാകും (51:52). 3. ഈ അവസ്ഥാന്തരം/ഉത്ഥാനം കർത്താവിന്റെ രണ്ടാമത്തെ ആഗമനത്തിലാണ് സംഭവിക്കുന്നത് (52). ഇത് മരണം അന്തിമമായി പരാജയപ്പെട്ടതിന്റെ മണിമുഴക്കമായിരിക്കും (54:55). ക്രിസ്തു പാപത്തിന്റെയും നിയമത്തിന്റെയും മരണത്തിന്റെയുംമേൽ വിജയിച്ചിരിക്കുന്നു എന്ന് പ്രഖ്യാ

പിച്ചുകൊണ്ട് (56:57), കർത്താവിന്റെ ജോലിയിൽ അചഞ്ചലരായി മുമ്പോട്ടു പോകുവാൻ കോറിന്തോസുകാരെ ഉപദേശിച്ചുകൊണ്ടാണ് പൗലോസ് തന്റെ വാക്കുകൾ ഉപസംഹരിക്കുന്നത്. ക്രിസ്തുവിന്റെ ഉത്ഥാനത്തോടെ അന്ത്യം ആരംഭിച്ചിരിക്കുന്നു. എങ്കിലും വിശ്വാസികൾ (കോറിന്തോസുകാർ) ഇനിയും ആ നിർണ്ണായക നിമിഷത്തിൽ എത്തിച്ചേരുന്നതേയുള്ളൂ. ആയതിനാൽ അവർ അഹങ്കാരത്തിലും ലക്ഷ്യത്തിലെത്തിയവരെപ്പോലെയും ജീവിക്കാതെ ഉറപ്പുള്ള പ്രത്യാശയിൽ മുന്നേറണം.

*'ശരീരത്തിനോ രക്തത്തിനോ'* (15:50) എന്നത് നശിച്ചുപോകുന്നത് എന്ന അർത്ഥത്തിലാണ് മനസ്സിലാക്കേണ്ടത് (ഗലാ 1:16; ഹെബ്രാ 2:14). ഇപ്പോഴുള്ള ഭൗതികശരീരം നശിച്ചുപോകുന്നതാണ്, അഴുകിദ്രവിച്ച് മണ്ണിലേക്കു മടങ്ങേണ്ടതാണ്. വരാനിരിക്കുന്ന ലോകത്തിൽ നശ്വരമായ ഈ ശരീരമല്ല. 'നശ്വരമായത് അനശ്വരമായതിനെ അവകാശപ്പെടുത്തുകയില്ല' (15:50). നശ്വരമായ ശരീരം അനശ്വരതയിലേക്ക് അവസ്ഥാന്തരീകരണം നടത്തുന്ന ദൈവികപ്രവൃത്തിയാണ് ഉത്ഥാനം. ഉത്ഥാനശരീരത്തിനേ അനശ്വരതയിൽ ക്രിസ്തുവിനോടൊത്ത് ആയിരിക്കാൻ കഴിയൂ.

നശ്വരമായ 'ശരീരരക്തങ്ങൾക്ക്' അത് ജീവിച്ചിരിക്കുന്നവരുടേതായാലും മരണമടഞ്ഞവരുടേതായാലും രൂപാന്തരീകരണം/ അവസ്ഥാന്തരീകരണം സംഭവിക്കും. 'ഒരു രഹസ്യം' വെളിപ്പെടുത്തുകയാണിവിടെ അപ്പസ്തോലൻ. ഇപ്പോൾ നിഗൂഢമായിരിക്കുന്ന ഒന്നല്ല രഹസ്യം എന്നതുകൊണ്ട് അർത്ഥമാക്കുന്നത്. ഇതുവരെ വെളിപ്പെടാതിരുന്നതും ഇപ്പോൾ ക്രിസ്തുവിൽ വെളിപ്പെട്ടതുമായ കാര്യമാണ് (തെസ 4:13-18). തങ്ങളുടെ മരിച്ചവർക്ക് എന്തുസംഭവിക്കുമെന്നോർത്തു വിഷമിച്ചിരിക്കുന്ന ഒരു സഭയോടാണ് മുമ്പ് പൗലോസ് ഈ രഹസ്യം വെളിപ്പെടുത്തിയതെങ്കിൽ തങ്ങളിൽ ജീവിച്ചിരിക്കുന്നവർക്ക് ഒന്നും സംഭവിക്കില്ല എന്നോർത്തു ദുരഭിമാനത്തിലും അഹങ്കാരത്തിലും കഴിയുന്നവരോടാണ് ഇപ്പോൾ ഇതു വ്യക്തമാക്കുന്നത്.

യുഗാന്ത്യമായി എന്ന കോറിന്തോസുകാരുടെ നിലപാടിനെ തിരുത്തുകയെന്ന ലക്ഷ്യത്തോടെയാണ് സമയത്തെക്കുറിച്ചുള്ള പൗലോസിന്റെ കണക്കുകൂട്ടൽ. യുഗാന്ത്യത്തിന്റെ പരിപൂർത്തി ഇനിയും വരാനിരിക്കുന്നതേയുള്ളൂ. ക്രിസ്തുവിന്റെ ഉത്ഥാനവും ദൈവാത്മാവിന്റെ വെളിപ്പെടുത്തലും ആത്മീയദാനങ്ങളുമെല്ലാം അതിന്റെ പ്രാരംഭം കുറിച്ച ചരിത്രനിമിഷങ്ങളാണ്. ചരിത്രം അവസാനിക്കുന്ന യുഗാന്ത്യത്തിൽ മരണംതന്നെ ഇല്ലാതാകും. ക്രിസ്തു മരണത്തിനുമേൽ പൂർണ്ണ വിജയം കൈവരിക്കും. തിരുവചനത്തിലെ രണ്ടു വാക്യഭാഗങ്ങൾ കടമെടുത്തുകൊണ്ട് അപ്പസ്തോലൻ മരണത്തി





ന്മേലുള്ള ക്രിസ്തുവിന്റെ വിജയത്തിന്റെ ആഘോഷംതന്നെ നടത്തുന്നു. 'മരണത്തെ വിജയം ഗ്രസിച്ചു' (15:54; ഏശ 25:8). മരണം തോൽപ്പിക്കപ്പെട്ടിരിക്കുന്നു എന്ന് ഉദ്ഘോഷിച്ചുകൊണ്ടും (15:55; ഹോസി 13:4) ക്രിസ്തുവഴി മരണത്തിന്മേൽ നമുക്ക് വിജയം തന്ന ദൈവത്തെ സ്തുതിച്ചുകൊണ്ടുമാണ് ഈ വിജയഗീതം അവസാനിപ്പിക്കുന്നത്. കർത്താവിന്റെ വരവോടെ മരണത്തിന് അതിന്റെ ശക്തി നഷ്ടപ്പെട്ടിരിക്കുന്നു. അതിനെ ഭയപ്പെടേണ്ടതില്ല, അതോടെ ജീവിതം തീരുന്നില്ല; അത് അനിവാര്യമായ കാര്യം പോലുമല്ല!

"മരണത്തിന്റെ ദംശനം പാപവും പാപത്തിന്റെ ശക്തി നിയമവുമാണ്" എന്ന വാക്കുകൾ (15:56) മരണത്തിന്റെ തുടക്കത്തെക്കുറിച്ചുള്ള വെളിപാടിന്റെ കാഴ്ചപ്പാട് വ്യക്തമാക്കുന്നു. പാപമാണ് മരണത്തിനിടയാക്കിയത്. ആദത്തിന്റെ പാപം മരണത്തെ ലോകത്തിനു സമ്മാനിച്ചു. ക്രിസ്തുവിന്റെ ഉയിർപ്പിലൂടെ മരണത്തിനുമേൽ വരിച്ച വിജയം മരണത്തെ മാത്രമല്ല, മരണകാരണത്തെയും പിഴുതെറിയുന്നു. ഈലോക ജീവിതത്തിൽനിന്ന് ദൈവത്തിന്റെ അനശ്വരസാന്നിദ്ധ്യത്തിലേക്കുള്ള കടന്നുപോകലായി മരണം മാറുന്നതോടെ മരണം ഒരു നേട്ടമായിത്തീരുന്നു (ഫിലി 1:21-23). പാപം ക്ഷമിക്കപ്പെട്ടിടത്ത്, പാപപരിഹാരം നടത്തിയിടത്ത് മരണത്തിന് വിഷമില്ല. 'പാപത്തിന്റെ ശക്തി നിയമമാണ്' എന്ന പ്രസ്താവന മോശയുടെ നിയമത്തെ തിന്മയായി കണക്കാക്കുകയില്ല. നിയമം വിശുദ്ധവും ന്യായവും നല്ലതുമാണ് (റോമ 7:12) എന്ന് പൗലോസ് സാക്ഷ്യപ്പെടുത്തുന്നുണ്ട്. രക്ഷയിലേക്കു വരാൻ നിയമം നിശ്ചയിച്ച പരിധികൾ ബലഹീനനായ മനുഷ്യന് പരാജയമാണ് എപ്പോഴും സമ്മാനിച്ചത്. പാപവും പാപംവഴി മരണവും വിജയം കൈവരിക്കാൻ ഇടയാക്കിയത് ഈ സാഹചര്യമാണ്. ദൈവം മനുഷ്യനായി, മനുഷ്യന്റെ എല്ലാ ബലഹീനതകളും സ്വന്തമാക്കി. മനുഷ്യനായ ദൈവം സകല മനുഷ്യർക്കുംവേണ്ടി ദൈവത്തിന്റെ ഇഷ്ടം ഏറ്റുവാങ്ങി ബലിയായി കുരിശിൽ മരിച്ചപ്പോൾ എല്ലാ നിയമങ്ങളെയും അവൻ കുരിശിൽ പൂർത്തീകരിച്ച് നിയമത്തിന്മേൽ വിജയം വരിച്ചു. അതോടെ കൃപയുടെ പുതിയ യുഗം ഉത്ഥിതനായ ക്രിസ്തുവിൽ സമാരംഭിച്ചു. ഈ കൃപാനുഭവത്തിന്റെ നിറവിൽ നിന്നുകൊണ്ടാണ് പൗലോസ് ദൈവത്തിന് സ്തുതികളർപ്പിക്കുന്നത്.

ഉത്ഥാനത്തെ സംബന്ധിച്ച തന്റെ പ്രബോധനം ഉൾക്കൊണ്ട് ക്രിസ്തീയമായ ജീവിതശൈലി കൈവരിക്കാൻ കോറിന്തോസുകാരെ ഉപദേശിച്ചുകൊണ്ടാണ് പൗലോസ് ഈ പ്രബോധനം അവസാനിപ്പിക്കുന്നത് (15:58). ഓരോരുത്തർക്കും തങ്ങൾ എപ്രകാരം ജീവിക്കണം എന്ന് നിശ്ചയിക്കാം. ഒന്നുകിൽ ജീവിതം അർത്ഥമില്ലാത്തതാണ് എന്ന് ചിന്തിച്ച് നിരാശരായിക്കഴിയാം. ലക്ഷ്യമില്ലാതെ

എല്ലാക്കാര്യങ്ങളിലും ഇടപെട്ട് സ്വാർത്ഥതയിലും സുഖലോലുപതയിലും മുഴുകാം. അതല്ലെങ്കിൽ 'കർത്താവിൽ' ജീവിച്ചുകൊണ്ട്, തങ്ങളുടെ ജോലികളും പ്രവർത്തനങ്ങളും അർത്ഥപൂർണ്ണങ്ങളാണെന്നും പ്രതിഫലം ലഭിക്കുന്നവയെന്നും തിരിച്ചറിഞ്ഞ് അവിടുത്തെ ജോലിയിൽ സദാ അഭിവൃദ്ധി പ്രാപിച്ച് സ്ഥിരചിത്തരും അചഞ്ചലരുമായിരിക്കാം (5:58). ഉയിർപ്പിൽ പ്രത്യാശയർപ്പിക്കാത്ത ക്രിസ്തീയ വിശ്വാസം പൊള്ളയാണ്. ഉയിർപ്പിൽ പ്രത്യാശയർപ്പിച്ചുള്ള ജീവിതമാകട്ടെ, നമ്മുടെ ഇപ്പോഴത്തെ ജീവിതത്തിന് വ്യക്തമായ ലക്ഷ്യബോധവും മരണത്തിനപ്പുറത്ത് ക്രിസ്തുവിനോടും സകല വിശുദ്ധരോടുമൊത്തു 'ശാരീരികമായി' ജീവിക്കേണ്ടവരാണ് നാം എന്ന വാഗ്ദാനവും ഉറപ്പിക്കുന്നതാണ്.

**വിചിന്തനം:** യേശുവിന്റെ ഉയിർപ്പ് ഉയിർപ്പുഞായറാഴ്ചയുടെ ആരാധനക്രമത്തിൽ മാത്രം ഒതുക്കേണ്ട ഒന്നല്ല. ക്രിസ്തീയ ജീവിതത്തിന്റെ മുഴുവൻ അടിത്തറ ഉയിർപ്പ് എന്ന സത്യമാണ്. ചരിത്രത്തിൽ ആരും നേരിൽ കാണാത്ത ഒരു യാഥാർത്ഥ്യമാണത്. ഉയിർപ്പ് ആരും കണ്ടില്ല എന്നതിലല്ല, ഉയിർത്തവനെ അനേകർ കണ്ടു എന്നതിനാലാണ് ഈ സത്യത്തിന്റെ ചുരുളഴിയുന്നത്. കർത്താവിന്റെ ദർശനമുണ്ടായവർക്കെല്ലാം സുവിശേഷപ്രഘോഷകരാകാനുള്ള ആഹ്വാനമാണ് ലഭിച്ചത്. ദൈവവചനത്തിലും വിശുദ്ധകുർബാനയിലും സഭയുടെ അജപാലനശുശ്രൂഷകളിലും, എല്ലാറ്റിനുമുപരിയായി നിരാശരായി കണ്ണുനീരോടെ ജീവിതത്തിൽ വഴിമുട്ടിനിൽക്കുന്ന നിമിഷങ്ങളിലും ഇന്നും കർത്താവ് പ്രത്യക്ഷപ്പെടുന്നു. അവിടുത്തെ സ്വരം കേട്ട് അവിടുത്തോടുകൂടി നടന്ന് അവിടുത്തെ ജോലികൾ ചെയ്യുന്നതാണ് ക്രിസ്തീയജീവിതം.

കർത്താവ് ഉയിർത്തെഴുന്നേറ്റത് എല്ലാമനുഷ്യരുടെയും ഉയിർപ്പിന്റെ അച്ചാരമാണ്. ഉയിർത്തെഴുന്നേൽക്കേണ്ടവരാണ് എല്ലാമനുഷ്യരും. ഉയിർത്തെഴുന്നേൽക്കേണ്ട ശരീരമാണ് നാമോരോരുത്തരുടെയും. കർത്താവിന്റെ കാര്യത്തിലെന്നതുപോലെ ജീവിച്ചിരിക്കുമ്പോഴത്തെ ശരീരത്തിനും ഉയിർക്കുന്ന ശരീരത്തിനും തമ്മിൽ അതിസ്വാഭാവികമായ ഒരു തുടർച്ചയുണ്ട്. ഈ തുടർച്ചയുടെ സ്വഭാവമെന്തെന്ന് നമുക്ക് വ്യക്തമല്ലെങ്കിലും ഇതൊരു യാഥാർത്ഥ്യമാണെന്ന് തിരുവചനം നമ്മെ പഠിപ്പിക്കുന്നു. നമ്മുടെ ജീവിതസാഹചര്യങ്ങളെയും നമ്മുടെയും മറ്റുള്ളവരുടേയും ശാരീരികസാന്നിദ്ധ്യത്തെയും വിശുദ്ധമായി കാത്തുസൂക്ഷിക്കാനും അതുവഴി നാമെല്ലാം നിത്യതയുടെ മഹത്വത്തിൽ എത്തിച്ചേരാനും 'കർത്താവിന്റെ ജോലിയിൽ' തീക്ഷ്ണതാപൂർവ്വം വ്യാപൃതരാകാം.



# 15

## ഇടയനും ആടുകളും തമ്മിലുള്ള ആത്മബന്ധം (16:1– 24)

അജഗണങ്ങളും അജപാലകരും തമ്മിൽ അവശ്യം വേണ്ട ആത്മബന്ധത്തെക്കുറിച്ചാണ് അവസാന അധ്യായത്തിൽ അപ്പസ്തോലൻ പ്രതിപാദിക്കുന്നത്. ജറുസലേമിലെ അവശരായ സഹോദരങ്ങളെ സഹായിക്കേണ്ടതിന്റെ ആവശ്യകത പങ്കുവയ്ക്കുന്നതിനോടൊപ്പം തന്റെ ഭാവികർമ്മപദ്ധതികളും ശ്ലീഹാ ദൈവജനത്തോട് തുറന്നു പറയുന്നുണ്ട്. തന്റെ സഹപ്രവർത്തകരെ പുകഴ്ത്തിയും കോറിന്തോസിലെ സഭാമക്കളോടുള്ള തന്റെ പൈതൃകസ്നേഹം വെളിപ്പെടുത്തിയും പൗലോസ് ശ്ലീഹാ അജപാലനത്തിന്റെ അതുല്യമാതൃക നൽകുന്നു.

കേട്ടറിവുവഴിയും കത്തിലൂടെയും അറിഞ്ഞ കാര്യങ്ങളുടെ വെളിച്ചത്തിൽ വളരെ പ്രധാനപ്പെട്ട പല വിഷയങ്ങളും ചർച്ച ചെയ്യുകയും എല്ലാ കാര്യങ്ങളിലും വ്യക്തമായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകുകയും ചെയ്തശേഷം അവശേഷിക്കുന്ന രണ്ടു ചെറിയ കാര്യങ്ങളുടെ മറുപടി പറയുകയും തന്റെയും സഹപ്രവർത്തകരുടെയും തുടർയാത്രകളെക്കുറിച്ച് കോറിന്തോസിലെ സഹോദരങ്ങളെ അറിയിക്കുകയുമാണിവിടെ. ഇരുഭാഗത്തിന്റെയും സുഹൃത്തുക്കളായിട്ടുള്ളവരുടെ ആശംസകൾ, ചില ഉപദേശങ്ങൾ, പ്രാർത്ഥന എന്നിവയും സമാപനാശംസയും ഉൾപ്പെടുത്തി കത്ത് അവസാനിപ്പിക്കുന്നു.

**ധർമ്മശേഖരണം (16:1-4)**

പൗലോസിൽനിന്ന് തീരുമാനങ്ങൾ അറിയാൻവേണ്ടി കോറിന്തോസുകാർ എഴുതിച്ചോദിച്ച രണ്ടുകാര്യങ്ങളിൽ ആദ്യത്തേതാണ് ജറുസലേമിലെ സാധുക്കളായ വിശ്വാസികൾക്കുവേണ്ടിയുള്ള സഹായശേഖരണം (16:1). പൗലോസ് ജറുസലേം സന്ദർശിച്ച് വിജാതീയക്രിസ്ത്യാനികളെ അപ്പസ്തോലന്മാർക്ക് പരിചയപ്പെടുത്തിയ അവസരത്തിൽ രൂപപ്പെട്ട പദ്ധതിയാണിത് എന്നുവേണം കരുതാൻ. സഹായശേഖരണം സംബന്ധിച്ച് കോറിന്തോസുകാർ എന്താണ് ചോദിച്ചത് എന്നു വ്യക്തമല്ല.

ജറുസലേമിൽ ഉണ്ടായ കൊടിയ ക്ഷാമത്തിന്റെ ഫലമായി (അപ്പ 11:28-30) അവിടുള്ള വിശ്വാസികൾ സാമ്പത്തിക ഞെരുക്കത്തിലായിരുന്നു എന്നു കരുതാൻ ന്യായമുണ്ട്. ക്രിസ്ത്യാനികൾക്കെതിരായുള്ള പീഡനങ്ങളും ആദിമകാലത്തെ പൊതുവായ ജീവിതരീതിയുമെല്ലാം ഇതിന്റെ ആക്കം വർദ്ധിപ്പിച്ചിരിക്കാം. പൗലോസിന്റെ പ്രേഷിതപ്രവർത്തനങ്ങളും വിജാതീയക്രിസ്ത്യാനികളുടെ നിലപാടുകളും ജറുസലേം ക്രിസ്ത്യാനികൾ സംശയത്തോടെയാണ് വീക്ഷിച്ചിരുന്നത്. ഈ സാഹചര്യത്തിൽ ഇരുസഭകളും തമ്മിലുള്ള ഐക്യവും സ്നേഹവും വർദ്ധിപ്പിക്കാൻ ഇതു വഴിതെളിക്കും എന്ന് പൗലോസ് കരുതിയിരിക്കാം. യൂദയായിലായിരുന്ന സമയത്തു സാധുക്കളായ ജറുസലേം സഹോദരങ്ങളെ സഹായിക്കാൻ ഏഷ്യയിലെയും ഗ്രീസിലെയും സഭകളിൽനിന്ന് പണം സ്വരൂപിക്കാം എന്ന് പൗലോസ് സമ്മതിച്ചിരുന്നു.

തന്റെ ആദ്യകത്തിൽ (5:9) ഇത്തരം ഒരു പണസമാഹരണത്തിന്റെ കാര്യം കോറിന്തോസുകാരെ അറിയിച്ചിരുന്നിരിക്കാം. ഇതിന്റെ അടിസ്ഥാനത്തിൽ തങ്ങൾ എങ്ങനെയാണ് ഇതുനടത്തേണ്ടത് എന്നതു സംബന്ധിച്ചും അതു ജറുസലേമിൽ എത്തിക്കേണ്ട ക്രമീകരണം സംബന്ധിച്ചുമാകാം കോറിന്തോസുകാർക്കു വ്യക്തത ഇല്ലാതിരുന്നത്. കോറിന്തോസുകാർക്കുള്ള രണ്ടാംലേഖനം 8,9 അധ്യായങ്ങൾ എഴുതുമ്പോഴും ഈ പണപ്പിരിവ് നടക്കാനിരിക്കുന്നതേയുള്ളൂ!

പൗലോസ് വളരെ തന്മയത്വത്തോടെയാണ് ഈ വിഷയം കൈകാര്യം ചെയ്തിരിക്കുന്നത്. പൂർണ്ണഉത്തരവാദിത്വം കോറിന്തോസുകാർക്ക് നൽകുന്നു. ഗലാത്തിയായിലെ സഭകളും ഇതേ വിധത്തിൽ ചെയ്യുന്നുണ്ട് എന്ന പരാമർശം കോറിന്തോസുകാർ മാത്രമല്ല ഇക്കാര്യത്തിൽ തന്നോട് സഹകരിക്കുന്നത് എന്ന് സൂചിപ്പിക്കുന്നു (16:2). ഞായറാഴ്ചകളിൽ സഭാംഗങ്ങൾ ഓരോരുത്തർക്കും കഴിയുന്ന ഒരു തുക ഇതിനായി നീക്കിവയ്ക്കണം. അങ്ങനെയായാൽ കോറിന്തോസിൽ വരുമ്പോൾ തുക സമാഹരിച്ചുകഴിഞ്ഞിരിക്കും. ജറുസലേമിലേക്ക് അതു കൊണ്ടുപോകാൻ വേണ്ട ക്രമീകരണങ്ങളും നിർദ്ദേശിക്കുന്നു.





**യാത്രാപദ്ധതികൾ (16:5-9)**

തുക കൊണ്ടുപോകാൻ ആവശ്യമെങ്കിൽ താനും പോകാം എന്ന് പറയുന്നതുകൊണ്ടാകാം തന്റെ യാത്രയുടെ കാര്യങ്ങളും പൗലോസ് ഉടനടി ചർച്ച ചെയ്യുന്നത്. താൻ കോറിന്തോസിലേക്കു വരുന്നതിനെക്കുറിച്ച് മുമ്പ് ഭീഷണിയുടെയും അധികാരത്തിന്റെയും സ്വരത്തിൽ പറഞ്ഞ പൗലോസ് (4:18-21) ഇപ്പോൾ വളരെ സൗഹൃദത്തിലാണ് കാര്യങ്ങൾ അവതരിപ്പിക്കുന്നത്. എന്തുകൊണ്ടാണ് തനിക്ക് ഉടൻ വരാൻ സാധിക്കാത്തത് എന്നും വിശദീകരിക്കുന്നു (16:7-9).

കോറിന്തോസിൽ കുറച്ചേറെക്കാലം താമസിക്കാൻ താൻ ആഗ്രഹിക്കുന്നെന്നും അതിനുശേഷം അവർ തന്നെ യാത്രയാക്കണമെന്നും സൂചിപ്പിച്ചിരിക്കുന്നത് ശ്രദ്ധേയമാണ്. തന്റെ സന്ദർശനം പ്രധാനമാണ് എന്ന് പൗലോസ് മനസ്സിലാക്കിയിരിക്കുന്നു. 'എന്നെ യാത്രയാക്കണം' എന്നതിന്റെ ധ്വനി തന്റെ യാത്രാച്ചിലവുകൾ അവർ വഹിക്കണം എന്നാണ്. ഇത് സുവിശേഷപ്രഘോഷകരെ സംബന്ധിച്ച് സാധാരണ കാര്യമായിരുന്നിരിക്കണം (1 കോറി 16:6; അപ്പ 15:3; റോമാ 15:24; 1 കോറി 16:11; 2 കോറി 1:16; തീത്തോ 3:13, 3 യോഹ 6). ലേഖനത്തിൽ മുമ്പ് എഴുതിയതിന്റെ വെളിച്ചത്തിൽ നോക്കിയാൽ (9:4-18) ആദ്യമായാണ് പൗലോസ് കോറിന്തോസിൽനിന്ന് സാമ്പത്തിക പിന്തുണ ആവശ്യപ്പെടുന്നത്.

**തിമോത്തേയോസും അപ്പോളോസും (16:10-12)**

തിമോത്തേയോസിനെ കോറിന്തോസിലേക്കു പറഞ്ഞയക്കുന്നുണ്ട് എന്ന് പൗലോസ് മുമ്പ് എഴുതിയിരുന്നു (4:17). പൗലോസിന്റെ ഒരു ഔദ്യോഗിക പ്രതിനിധിയായി അദ്ദേഹത്തെ സ്വീകരിക്കണമെന്നും അദ്ദേഹം കോറിന്തോസിലെ യഥാർത്ഥ വിവരങ്ങൾ തന്നെ വന്നു ധരിപ്പിക്കുമെന്നും ലേഖനാവസരത്തിൽ ഒരിക്കൽക്കൂടി അനുസ്മരിപ്പിക്കുന്നു. തിമോത്തേയോസിനെ കോറിന്തോസുകാർ എപ്രകാരം സ്വീകരിക്കും എന്നതിനെ സംബന്ധിച്ച് പൗലോസിന് ആശങ്കയുണ്ട് എന്ന് ഇതു വ്യക്തമാക്കുന്നു.

പൗലോസിന്റെ പ്രതിനിധിയായി കോറിന്തോസുകാർ സ്വീകരിക്കാൻ ആഗ്രഹിക്കുന്നത് അപ്പോളോസിനെയാണ്. അതിനാലാണ് അദ്ദേഹം കോറിന്തോസ് സന്ദർശിക്കുന്നതു സംബന്ധിച്ച് അവർ പൗലോസിനോട് ആരാഞ്ഞത് (16:12). അപ്പോളോസിൽ പൂർണ്ണവിശ്വാസമുണ്ടായിരുന്നതിനാലാവാം പൗലോസ് അയാളെ കോറിന്തോസിലേക്കു പോകാൻ നിർബന്ധിച്ചത്. എങ്കിലും സാഹചര്യങ്ങൾ

പരിഗണിച്ച് അയാൾ അതിനു വഴങ്ങാതെ തന്റെ യാത്ര പിന്നീട് ഒരിക്കലേക്കു മാറ്റിവയ്ക്കുകയായിരുന്നു.

തിമോത്തേയോസിന്റെയും അപ്പോളോസിന്റെയും യാത്രാപദ്ധതികളെ സംബന്ധിച്ച പരാമർശങ്ങൾ കേവലം യാത്രാപദ്ധതികൾക്കപ്പുറം അനേകകാര്യങ്ങൾ സൂചിപ്പിക്കുന്നു. തിമോത്തേയോസ് പൗലോസിന്റെ വിശ്വസ്ത ശിഷ്യനാണ്. അയാളെക്കുറിച്ച് പൗലോസ് പറയുന്ന വിശേഷണം ശ്രദ്ധേയമാണ്. 'അവനും എന്നെപ്പോലെ കർത്താവിന്റെ ജോലിയിൽ വ്യാപൃതനാണല്ലോ' എന്നത് പ്രധാനപ്പെട്ടതാണ്. സുവിശേഷത്തിനായുള്ള ശുശ്രൂഷ ആരുടെയും സ്വന്തം ജോലിയല്ല. അതു കർത്താവിന്റെ ജോലിയാണ്. പൗലോസ് ഇക്കാര്യത്തിൽ പ്രത്യേക അവകാശങ്ങളൊന്നും ഉന്നയിക്കുന്നില്ല. കോറിന്തോസുകാരുടെ ഇടയിൽ 'നിർഭയനായി കഴിയാൻ' സാഹചര്യം സൃഷ്ടിക്കണം എന്ന പരാമർശത്തിൽനിന്ന് ആ സഭയിലെ സാഹചര്യം എത്രമാത്രം വഷളായിരിക്കുന്നു എന്നു കാണാം. ജീവനുവരെ ഭീഷണി വരുന്ന സാഹചര്യത്തിലേക്കും സ്വതന്ത്രമായി കർത്താവിന്റെ ജോലി ചെയ്യാൻ കഴിയാത്ത വിധത്തിലേക്കും സഭയിലെ അന്തരീക്ഷം മാറിയിരിക്കുന്നു എന്നതിന്റെ സൂചനയാണിത്. സഭയിലെ അനൈക്യവും കക്ഷി വഴക്കും നേതാക്കളുടെ പക്ഷം പിടിച്ചുള്ള നിലപാടുകളുമാണ് പ്രധാനമായും സഭയിലെ അന്തരീക്ഷം ഇത്തരത്തിലാക്കിയിട്ടുള്ളത്. സഭ നാശത്തിന്റെ വക്കിലാണ് എന്ന സൂചനയാണിതു നൽകുന്നത്. 'ആരും അവനെ നിന്ദിക്കാൻ ഇടയാകരുത്' എന്ന് പൗലോസ് എഴുതുമ്പോൾ ഒരു പിതാവിന്റെ സ്ഥാനത്തുനിന്നുകൊണ്ട് അപ്പസ്തോലൻ തന്റെ പ്രതിനിധിയ്ക്കുവേണ്ടി നടത്തുന്ന കരുതലിന്റെ വാക്കുകളാണത്. അയാളെ നിന്ദിക്കുന്നത് തന്നെയും നിന്ദിക്കുന്നതുപോലെയും അതുപോലെ കർത്താവിനെ നിന്ദിക്കുന്നതുപോലെയുമാണ്. സമാധാനത്തോടെ യാത്രയാക്കണം എന്നത് നേരത്തെ തന്നെക്കുറിച്ചു പറഞ്ഞ കാര്യംതന്നെയാണ് (16:6). സഹോദരങ്ങളോടൊപ്പം (16:11) എന്നതിൽ ആരെയാണുദ്ദേശിക്കുന്നത് എന്നുവ്യക്തമല്ല. തിമോത്തേയോസിന്റെകൂടെ കോറിന്തോസിൽനിന്ന് ചിലർകൂടി തന്റെയടുക്കൽ വരും എന്നു പൗലോസ് പ്രതീക്ഷിച്ചിരിക്കാം. അവനെ ഞാൻ പ്രതീക്ഷിക്കുന്നു എന്ന പ്രസ്താവനയും പൗലോസിന്റെ കരുതലും അയാളുടെ ദൗത്യത്തിലുള്ള ശുഭാപ്തിവിശ്വാസവുമാണ്.

അപ്പോളോസിനെ സംബന്ധിച്ച പരാമർശങ്ങൾ ആനുഷംഗികമാണ് എന്ന് തോന്നാമെങ്കിലും ഇവിടെയും പൗലോസിന്റെയും അപ്പോളോസിന്റെയും വ്യക്തിത്വങ്ങളുടെ പ്രത്യേകതകൾ കാണാം. സഭയിലെ കക്ഷിസമവാക്യങ്ങളിൽ പൗലോസ് ഒന്നിലേറെ തവണ അപ്പോളോസിന്റെ പേര് പറഞ്ഞിരുന്നു (1 കോറി 1:12; 3:5). രണ്ടുപേരുടെയും ശുശ്രൂഷയും സ്വഭാവവും ഇവിടെ വ്യക്തമാക്കുന്നുണ്ട്. 'ഞാൻ നട്ടു, അപ്പോളോസ് നനച്ചു' (3:6). പൗലോസും അപ്പോളോസും തമ്മിലുള്ള ആത്മബന്ധവും കൂട്ടായ്മയും വ്യക്തമാക്കുന്ന പ്രതികരണങ്ങളാണ് അപ്പോളോസിന്റെ യാത്രയോടു ബന്ധപ്പെട്ട പരാമർശം. പൗലോസ് അദ്ദേഹത്തെ കോറിന്തോസിലേക്കു പോകാനായി വളരെ നിർബന്ധിച്ചു. അപ്പോളോസിനോട് താൽപര്യമുള്ളവരും തന്റെ എതിർപക്ഷക്കാരും കോറിന്തോസിലുണ്ടെന്നറിയുമ്പോഴും കർത്താവിന്റെ ശുശ്രൂഷയിൽ വ്യക്തിപരമായ നേട്ടങ്ങൾ അപ്പസ്തോലനെ സ്വാധീനിക്കുന്നില്ല. തന്നെ തള്ളിപ്പറയുന്നവർ അപ്പോളോസിന്റെ പക്ഷം ചേരുമെന്നോ, അപ്പോളോസ് തന്റെ അണികൾക്കൊപ്പംചേർന്ന് തനിക്കെതിരേ ശക്തിപ്രാപിക്കുമെന്നോ ഒന്നും പൗലോസ് വിചാരിക്കുന്നില്ല.

അപ്പോളോസിന്റെ പ്രതികരണവും ഈ പശ്ചാത്തലത്തിൽത്തന്നെ മനസ്സിലാക്കേണ്ടതാണ്. പൗലോസ് നിർബന്ധിച്ചിട്ടുപോലും അയാൾ പിന്നീട് പൊയ്ക്കൊള്ളാം എന്നു പറയുകയാണ് ചെയ്തത്. അപ്പസ്തോലന്റെ സ്വാധീനത്തിന് യാതൊരു കുറവും ഉണ്ടാകാതിരിക്കാൻ അപ്പോളോസ് ശ്രദ്ധിക്കുന്നു. ചിലർ തന്നെ അങ്ങോട്ടു ക്ഷണിക്കുന്നുണ്ടെങ്കിലും അത് കർത്താവിന്റെ നിശ്ചയപ്രകാരമുള്ള സമയത്താകാം എന്ന് അയാൾ തീരുമാനിക്കുകയാണ്. സ്വന്തം നേട്ടങ്ങളോ സമാനചിന്തക്കാരുടെ ശക്തിപ്രകടനമോ സഭയെ വളർത്തില്ല. ദൈവപദ്ധതി വിവേചിച്ചറിയുകയാണ് പ്രധാനം. പൗലോസിന്റെയും അപ്പോളോസിന്റെയും മഹത്വവും കർത്താവിന്റെ സഭയെക്കുറിച്ചു അപ്പസ്തോലന്റെ കരുതലും പരസ്പരവിശ്വാസവും കൂട്ടായ പരിശ്രമവുമെല്ലാം കാണിക്കുന്നതാണ് ഈ പ്രതികരണങ്ങൾ.

**അഭ്യർത്ഥന, അഭിവാദനം (16:13-24)**

ഔദ്യോഗിക വിഷയങ്ങൾ യഥാവിധി ചർച്ച ചെയ്തശേഷം പരമ്പരാഗത ശൈലിയിൽ പൗലോസ് തന്റെ എഴുത്ത് അവസാനിപ്പിക്കുന്നു. ചില അവസാന അഭ്യർത്ഥനകൾ (16:13-18), ആശംസകൾ (19:20) സ്വന്തം കൈപ്പടയിൽ ഒരു വാക്ക് (21), മുന്നറിയിപ്പ് (22), അനുഗ്രഹവചനം (23), വ്യക്തിപരമായ സ്നേഹാശംസ (24) എന്നിവയോടുകൂടിയാണ് കോറിന്തോസ് ലേഖനം പൂർത്തിയാകുന്നത്.

കോറിന്തോസിലെ പ്രതിസന്ധികൾക്കും കക്ഷി മത്സരങ്ങൾക്കുമിടയിലും സ്തേഫാനോസും കൂട്ടുകാരും വിശ്വസ്തരായി പൗലോസിനോടൊപ്പമായിരുന്നു എന്ന് വ്യക്തമാണ് (16:15-18). സ്തേഫാനോസിനെ നേതാവായി കണക്കാക്കുകയും അയാളെ സഭ തദനുസാരം പരിഗണിക്കണം എന്ന് നിർദ്ദേശിക്കുകയും ചെയ്യുന്നു.

സ്തേഫാനോസിന്റെ കൂടെയുള്ളവരെക്കുറിച്ച് കാര്യമായ അറിവുകൾ നമുക്ക് ലഭ്യമല്ല. ഫോർത്തുനാത്തൂസ് റോമാക്കാരനായിരുന്നെന്നും അക്കായിക്കോസ് എന്നതിന്റെ അർത്ഥം അക്കായിക്കാരൻ എന്നാണെന്നതിനാൽ തെക്കൻ ഗ്രീസിൽ നിന്നുള്ളയാൾ ആയിരിക്കാമെന്നും കരുതുന്നു. അവർ തന്റെയടുക്കൽ വന്നതിലുള്ള സന്തോഷം പൗലോസ് മറച്ചുവയ്ക്കുന്നില്ല (16:17) അവർ സഭയിൽനിന്ന് ഔദ്യോഗികമായി അയയ്ക്കപ്പെട്ടവരായിരുന്നോ എന്നു വ്യക്തമല്ല. എങ്കിലും സഭയുടെ പ്രതിനിധികളായി പൗലോസ് അവരെ കണക്കാക്കുന്നു. പൗലോസിന്റെ കത്ത് ഈ മൂവർ സംഘമാണ് കോറിന്തോസിലേക്ക് കൊണ്ടുപോകുന്നത് എന്ന് കരുതപ്പെടുന്നു.

കോറിന്തോസുകാരെല്ലാവരോടുമായി നടത്തുന്ന അവസാന അഭ്യർത്ഥന (16:13-14) ശ്രദ്ധേയമാണ്. പ്രധാനമായും നാലുകാര്യങ്ങളാണിവിടെ എടുത്തുപറയുന്നത്. *'ജാഗരൂകരായിരിക്കുവിൻ'* എന്നത് 'വിളക്കു തെളിച്ച് കാത്തിരിക്കുന്ന'കന്യകമാരുടെ ഭാവമായിക്കാണാം. ശത്രുക്കൾക്കെതിരേ 'ജാഗ്രത' പുലർത്തി ശ്രദ്ധിക്കുന്നതും (1 പത്രോ 5:4) തെറ്റായ പഠനങ്ങൾ നൽകുന്നവർക്കെതിരേയുള്ള 'ജാഗ്രതയും (അപ്പ 20:31) കേവലം ഉറക്കമൊഴിച്ചിരിക്കൽ മാത്രമല്ല ജാഗരണം എന്ന് വ്യക്തമാക്കുന്നു. കർത്താവിന്റെ രണ്ടാമത്തെ ആഗമനം പ്രതീക്ഷിച്ചുള്ള കാത്തിരിപ്പും ഇത്തരത്തിലുള്ളതാണ് (മത്താ 24:42, 25:13; മർക്കോ 13:34).

'*വിശ്വാസത്തിൽ ഉറച്ചുനിൽക്കുവിൻ*' എന്നതു ക്രിസ്തുവിൽ അടിസ്ഥാനമിട്ട ജീവിതശൈലിയാണ്. 1 കോറി 15, 1 ലും 58 ലും സൂചിപ്പിച്ചകാര്യം കൂടുതൽ വ്യക്തമാക്കുകയാണിവിടെ. ക്രിസ്തുവിൽ 'നിൽക്കുക' എന്നത് വീണുപോകാതിരിക്കുക (10:12) എന്ന മുന്നറിയിപ്പു തന്നെയാണ്. സുവിശേഷത്തിൽ എന്നതിനു പകരം 'വിശ്വാസത്തിൽ' എന്നതു ശ്രദ്ധേയമാണ്. വിശ്വാസത്തിന്റെ ഉള്ളടക്കവും ജീവിതശൈലിയും ഇവിടെ അർത്ഥമാക്കുന്നു എന്ന് കരുതാവുന്നതാണ്.

'പൗരുഷവും കരുത്തും ഉള്ളവരാകുവിൻ' എന്ന ആഹ്വാനം ബാലിശമായ വാഗ്ദാനങ്ങളിലും തർക്കങ്ങളിലും വിഭാഗീയതകളിലുംനിന്ന് മാറാനുള്ള ആഹ്വാനമാണ്. ഭിന്നതകൾ, അവർ ഇനിയും വളർന്നിട്ടില്ല എന്നതിന്റെ സൂചനയാണ്. ധൈര്യത്തോടെ പെരുമാറുക, യാതൊന്നിനെയും ഭയപ്പെടാതിരിക്കുക എന്നത് വിശ്വാസത്തിനായുള്ള പോരാട്ടത്തിൽ പ്രധാനമാണ്. ദൈവത്തിൽനിന്നാണ് ക്രിസ്തീയ സാക്ഷ്യത്തിനാവശ്യമായ കരുത്തു ലഭിക്കുന്നത് (സങ്കീ 30:25).





അവസാനമായി പറഞ്ഞിരിക്കുന്ന കാര്യം കോറിന്തോസിലെ പ്രത്യേകസാഹചര്യത്തിൽ ഏറ്റവും പ്രാധാന്യമർഹിക്കുന്നു. 'സ്നേഹത്തോടുകൂടി' എന്നതിനേക്കാൾ 'സ്നേഹത്തിൽ' എന്ന് പറഞ്ഞിരിക്കുന്നത് അർത്ഥവത്താണ്. പൗരുഷവും കരുത്തും സ്വാർത്ഥലാഭത്തിനും നേട്ടങ്ങൾ ഉണ്ടാക്കുന്നതിനുമല്ല; സ്നേഹത്തിന്റെ കരുത്താണത്. സ്നേഹം ക്രിസ്തീയജീവിതത്തിൽ 'വേണ്ട' ഒരു കാര്യമല്ല. ക്രിസ്ത്യാനി ജീവിക്കുകയും പ്രവർത്തിക്കുകയും ആയിരിക്കുകയും ചെയ്യുന്ന സ്ഥായിഭാവം തന്നെയാണ്.

പരസ്പരം ആശംസകൾ നേർന്നുകൊണ്ട് കത്തുകൾ അവസാനിപ്പിക്കുക സ്വാഭാവികമാണ്. 'ഏഷ്യയിലെ സഭകൾ' എന്നതും (19) സകല സഹോദരരും (20) എന്നതും സഭകൾ തമ്മിലുള്ള സാഹോദര്യത്തെയും ഒരുമയെയും വ്യക്തമാക്കുന്നു. ഒരു പ്രദേശത്തെ സഭകളെല്ലാം ആശംസകൾ അയക്കുന്നു എന്നത് ഈ ലേഖന ഭാഗത്തുമാത്രമേ കാണുന്നുള്ളൂ. കോറിന്തോസിലെ സഭ ഒരു വലിയ കൂട്ടായ്മയുടെ, ആഗോളസഭയുടെ ഭാഗമാണെന്ന ഓർമ്മപ്പെടുത്തൽ കൂടിയാകാമത്.

അക്വീലായും പ്രിസ്ക്കായും പൗലോസിന്റെ പഴയകാലസുഹൃത്തുക്കളാണ്. കോറിന്തോസിലെ സഭയുടെ ആരംഭത്തിൽ പൗലോസിനോടൊപ്പം അവരുമുണ്ടായിരുന്നു (അപ്പ 18:1-3). എഫേസോസിൽ തങ്ങളുടെ ഭവനത്തിൽ ഒരു സഭയ്ക്ക് ആതിഥ്യം കൊടുക്കാൻ കഴിയുംവിധം സ്വാധീനവും സമ്പത്തും അവർക്കുണ്ടായിരുന്നു എന്നു വിചാരിക്കാൻ ന്യായമുണ്ട്. എഫേസോസിൽനിന്നാണ് പൗലോസ് ഈ ലേഖനം എഴുതുന്നത്. പൗലോസ് അവരോടൊത്തായിരിക്കണം താമസിച്ചിരുന്നത്.

വിശുദ്ധ ചുംബനത്താൽ അന്യോന്യം അഭിവാദനം ചെയ്യുവിൻ എന്നത് ഒരു ആഹ്വാനം എന്നതിനേക്കാൾ സാംസ്കാരികമായ ഒരു പതിവ് സൂചിപ്പിക്കുന്നതാവാം. യഹൂദാചാരത്തിൽ നിന്നാകാം ഇത് വന്നത് (1 തെസ 5:26; 2 കോറി 13:12; റോമ 16:16; പത്രോ 5:14). സമാധാനചുംബനം എന്ന നിലയിൽ ആരാധനയുടെ ഭാഗമായി വിശ്വാസികൾ പരസ്പരം ആശംസകൾ അർപ്പിക്കുന്ന പതിവ് പിന്നീട് ചില സഭകളിൽ കാണുന്നു. അനുരഞ്ജനത്തിന്റെ ആശംസയുമാണിത്. കുടുംബബന്ധത്തെയും സൂചിപ്പിക്കുന്നു (ഉത്പ 27:26, ലൂക്കാ 15:20 ; 1 സമൂ 20:41; ഉത്പ 33:4). വിശ്വാസികൾ ദൈവത്തിന്റെ കുടുംബത്തിലെ അംഗങ്ങളും പരസ്പരം സഹോദങ്ങളുമാണ് എന്ന് വിശുദ്ധചുംബനം ഓർമ്മപ്പെടുത്തുന്നു.

തുടർന്നുവരുന്ന വാക്യം (16:21) ലേഖനം പൗലോസിന്റെ സഹായികളാരെങ്കിലും അദ്ദേഹത്തിൽനിന്ന് കേട്ടെഴുതിയതാകാം എന്ന സൂചന നൽകുന്നു. സമാപനാശംസ സ്വന്തം കൈപ്പടയിൽ എഴു

തുന്ന പതിവ് അദ്ദേഹത്തിനുണ്ടായിരുന്നു. ഇത് കത്തിന്റെ ആധികാരികതയുടെ അടയാളമായി അദ്ദേഹംതന്നെ എടുത്തുപറയുകയും ചെയ്യുന്നു (2 തെസ 3:17; ഗലാ 6:11; കൊളോ 4:18; 2 തെസ 3:17; ഫിലെ 19) ആരാണ് പൗലോസിന്റെ എഴുത്തുകാരൻ എന്നതിന് തെളിവുകളില്ല. ലേഖനാരംഭത്തിൽ പേരുപറഞ്ഞിരിക്കുന്ന സൊസ്തേനെസ്സ് ആയിരിക്കാം എന്ന് ചില വ്യാഖ്യാതാക്കൾ കണക്കാക്കുന്നു.

'കർത്താവിനെ സ്നേഹിക്കാത്തവൻ ശപിക്കപ്പെട്ടവനാകട്ടെ' എന്നത് ക്രിസ്തീയവിശ്വാസം സ്വീകരിക്കാത്തവരെ ഉദ്ദേശിച്ചാകാമെങ്കിലും കോറിന്തോസിൽ സുവിശേഷത്തിന് വിരുദ്ധമായി പെരുമാറുന്നവരെയാകാനാണ് കൂടുതൽ സാധ്യത. സമാനമായ വാക്യങ്ങൾ ഇതരലേഖനങ്ങളിലും കാണാം (ഗലാ 1:8-9, 2 തെസ 3:14-15). ഈ വാക്യഭാഗങ്ങളിൽ സുവിശേഷത്തിൽനിന്നു വ്യതിചലിച്ചവരെയും ലേഖനത്തിലെ നിർദ്ദേശങ്ങൾ പാലിക്കാത്തവരെയുമാണ് ഉദ്ദേശിച്ചിട്ടുള്ളത്.

"ഞങ്ങളുടെ കർത്താവേ വന്നാലും" എന്നത് പരമ്പരാഗതമായ ഒരു പ്രാർത്ഥനയായിരുന്നു എന്നു കണക്കാക്കപ്പെടുന്നു. അറമായ ഭാഷയിലാണിത്. *മാറാനാ-താ* എന്നോ (=ഞങ്ങളുടെ കർത്താവേ വന്നാലും) *മാറാൻ-അത്താ* (= നമ്മുടെ കർത്താവ് വന്നിരിക്കുന്നു) എന്നോ ഇത് മനസ്സിലാക്കാം. വെളിപാട് 22:20 ലും ഡിഡാക്കേ 10:6 ലും ഈ പ്രാർത്ഥന കാണാം. മേൽപ്രസ്താവിച്ച ഏത് അർത്ഥത്തിൽ മനസ്സിലാക്കിയാലും ഒരുകാര്യം ഇത് വ്യക്തമാക്കുന്നു. അറമായ ഭാഷയിൽ സംസാരിച്ചിരുന്ന ആദിമസഭാസമൂഹവും അവരുടെ ആരാധനയും വിശുദ്ധകുർബ്ബാനയർപ്പണവും യേശുവിനെ കർത്താവ് എന്ന് അഭിസംബോധന ചെയ്തിരുന്നു. യേശുവിന്റെ ദൈവത്വം ആദിമസഭയുടെ ആരാധനയിലും പ്രഘോഷണത്തിലും വ്യക്തമായിരുന്നു.

എല്ലാ ലേഖനങ്ങളും പൗലോസ് അവസാനിപ്പിച്ചിരിക്കുന്നത് കർത്താവിന്റെ കൃപ ആശംസിച്ചുകൊണ്ടാണ് (16:23). യേശുക്രിസ്തുവിലൂടെ സമൃദ്ധമായി നൽകപ്പെട്ട കൃപയാണ് പൗലോസിന് നൽകാനുള്ള ഏറ്റവും വലിയ ആശംസ. അതോടൊപ്പം തന്റെ സ്നേഹവും അപ്പസ്തോലൻ എല്ലാവർക്കും ആശംസിക്കുന്നു. ലേഖനാരംഭംപോലെതന്നെ ലേഖനാവസാനവും ക്രിസ്തുവിലുള്ള കൃപയിലും സ്നേഹത്തിലും നിറഞ്ഞു നില്ക്കുന്നു. ലേഖനത്തിൽ പരാമർശിച്ചിട്ടുള്ള എല്ലാ വിഷയങ്ങളും ഈ കൃപയുടെയും ക്രിസ്തുവിലുള്ള ആഴമായ സ്നേഹത്തിന്റെയും പിതാവിനടുത്ത കരുതലിന്റെയും പ്രകടനമാണ് എന്ന ചിന്തയുണർത്തിക്കൊണ്ട് മനോഹരമായ ഈ ലേഖനം അവസാനിക്കുന്നു.